Date of publication : 1 ഡിസംബർ 21
വോള്യം 18/ലക്കം 19
ISSN 2319-9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



സംഘടിത
12-ാം
വർഷത്തിലേക്ക്

# പ്രസാധനം

# സംഘടിത

സംഘടിത/ഡിസംബർ 2021/ വോള്യം 18/ലക്കം 19






**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ജ്യോതി നാരായണൻ
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഡോ.ഷർമ്മിള ആർ.
ഗാർഗി ഹരിതകം
ഡോ.മുത്തുലക്ഷ്മി കെ.
ശ്രീജിത
**ഉപദേശകസമിതി** :
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ** :
സുവിജ കെ.
**വെബ്സൈറ്റ്** :
വസന്ത പി.



**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4



സംഘടിത എന്ന പ്രസാധന ഇടം
*ഗാർഗി ഹരിതകം* 5

‘എനിക്ക് പറയാനുള്ളത് കേൾക്കൂ’
*വിവർത്തനം : ഉർവ്വശി ബൂട്ടാലിയ / അശ്വനി ആർ. ജീവൻ* 7

സ്ത്രീ പ്രസാധനത്തിലെ ‘താര’സാന്നിദ്ധ്യം
*അഭിമുഖം : വി.ഗീത/സുജ സവിധം* 17

ഫെമിനിസ്റ്റ് പുസ്തകപ്രസാധന അനുഭവങ്ങൾ : വിമൻസ് ഇംപ്രിന്റ്
*മിനി സുകുമാർ* 25

എ പബ്ലിഷർ ഓഫ് വൺസ് ഓൺ
*അമീറ വി.യു.* 30

സംയുക്ത : എ ജേണൽ ഒഫ് വിമൺ സ്റ്റഡീസ് പ്രസാധകമേഖലയുടെ ജനാധിപത്യവൽക്കരണം
*ഡോ.ദിവ്യ കെ.* 32

സ്ത്രീകൾ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ
*വഴിത്താരകൾ/ജാനകി* 36

ഇന്ദിര ടീച്ചറെ ഓർക്കുമ്പോൾ
*ഉപ്പും മുളകും /ഗീത* 40

പ്രസാധകരംഗത്തെ നവ സ്ത്രീമുന്നേറ്റങ്ങൾ
*സംഗീത ദാമോദരൻ* 42

‘മൈത്രി’ക്കായൊരു പ്രസാധനം
*അഭിമുഖം : പ്രേമ രേവതി / മിന, കൃഷ്ണ* 46

കർഷകസമരത്തിന്റെ വിജയം ഒരു ചരിത്രസംഭവം
*പെൺപക്ഷം/അജിത കെ.* 47

പെണ്ണ് ജീവിക്കട്ടെ
*വാസ്തവം/ഡോ.ജാൻസി ജോസ്* 51

വിമൻപോയിന്റ് : ഒരു ബദൽ പരീക്ഷണം
*ആർ.പാർവതി ദേവി* 52

ഗൂസ്ബെറി : ചവർപ്പിൽ നിന്ന് മാധുര്യത്തിലേക്കുള്ള പ്രസാധകയാത്ര
*അഭിമുഖം : സതി അങ്കമാലി /ഷബാന നസ്റിൻ* 53

ആദ്യ ഫെമിനിസ്റ്റുകളെത്തേടി സ്വാതന്ത്ര്യവാദിനി
*സരസ്വതി നാഗരാജൻ, വിവർത്തനം : ഗാർഗി* 57

സമത : ലിംഗനീതിക്കായുള്ള പ്രസാധന കൂട്ടായ്മ
*സൗമ്യ മോഹൻ* 59

ബഹിരാകാശസ്വപ്നങ്ങൾ കൈയെത്തിപ്പിടിച്ച യാപിങ്
*ശാസ്ത്രം/സീമ ശ്രീലയം* 62



# മുഖവുര



ഷീബ കെ.എം.

കേന്ദ്രസർക്കാരിന്റെ പ്രതിലോമകരമായ കാർഷിക ബില്ലുകൾക്കെതിരെ ദീർഘനാൾ നീണ്ടുനിന്ന കർഷകരുടെ സമരം പിൻവലിച്ചിരിക്കുന്നു. നമ്മുടെ നിലനിൽപ്പിന്നാധാരമായ ഭക്ഷണം ഉൽപാദിപ്പിക്കുന്നവരായിരുന്നിട്ടു കൂടിയും ഈ ഉജ്ജ്വല വിജയം നേടിയെടുക്കാൻ എഴുന്നൂറിൽ പരം രക്തസാക്ഷികളുടെ ജീവന്റെ വിലയാണ് കർഷകർ നൽകേണ്ടി വന്നത്. ഭരണകൂടനയങ്ങളുടെ ഭീകരവാഴ്ചയ്ക്കിടയിലും സമരവീര്യത്തിന്റെയും ശുഭപ്രതീക്ഷയുടെയും പാത വെട്ടിത്തെളിച്ച് ആൺ/പെൺ/പ്രായ ഭേദമില്ലാതെ തളരാത്ത സമരവീര്യത്തോടെ പൊരുതിയ പോരാളികൾക്ക് വീരാഭിവാദ്യങ്ങൾ!

തന്റെ കുഞ്ഞിനെ സ്വന്തം അച്ഛനുമമ്മയും മറ്റാർക്കോ ദത്ത് കൊടുത്തതിൽ നിന്നും വിട്ടുകിട്ടാൻ അനുപമ എന്ന യുവതി നടത്തിയ സമരം ഒടുവിൽ ഫലം കണ്ടെത്തിയിരിക്കുന്നു.ഈ സമരം മാതൃത്വത്തെക്കുറിച്ചുള്ള മാനകവ്യവഹാരങ്ങൾക്കൊപ്പം അത്യന്തം സ്ത്രീവിരുദ്ധ സദാചാരനിലപാടുകളും പൊതുമണ്ഡലത്തിലേക്ക് പ്രസരിപ്പിച്ചു. കുഞ്ഞുങ്ങളെ പരിചരിക്കാൻ കുറവു വരുത്തുന്നു എന്നാരോപിച്ച് അമ്മമാരെ പ്രതിക്കൂട്ടിലാക്കാൻ മടിക്കാത്ത സമൂഹം സ്വന്തം കുഞ്ഞിന് മേലുള്ള ഒരു സ്ത്രീയുടെ അവകാശം സ്ഥാപിച്ചെടുക്കുന്നതിന് ഇത്രമേൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നു എന്നത് തികഞ്ഞ വിരോധാഭാസം തന്നെ. പ്രബുദ്ധ കേരളത്തിൽ ഇനിയും പൊളിച്ചെഴുത്തുകൾ അനിവാര്യം!

അധ്യാപികമാരുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്ന വസ്ത്രധാരണ നിർബന്ധങ്ങളും സ്കൂൾ യൂണിഫോം രീതികളുടെ ലിംഗഭേദ വേർതിരിവുകളും സംബന്ധിച്ച് സർക്കാർ തലത്തിൽ നിന്നും ധനാത്മക ഇടപെടലുകൾ ഉണ്ടായതിനെ സ്വാഗതം ചെയ്യുന്നു. വർഷങ്ങൾക്ക് മുമ്പ് കോടതി ഉത്തരവ് പ്രകാരം അധ്യാപികമാർക്ക് ഇഷ്ടവസ്ത്രം ധരിച്ച് ജോലി ചെയ്യാനുള്ള അനുവാദം ലഭിച്ചിരുന്നതാണ്. പ്രായോഗികമായി ഫലം കാണാതെ പോയ ഒരു വിധിന്യായം ആയിരുന്നു അത്. സ്വന്തം ശരീരത്തിനു മേലുള്ള കർതൃത്വാവകാശം തന്നെയാണ് വസ്ത്രധാരണത്തിന്റെ കാര്യത്തിലുള്ള തെരഞ്ഞെടുപ്പും എന്ന് ഇനിയും കാണാതിരുന്നു കൂടാ. ഉന്നതവിദ്യാഭ്യാസ മന്ത്രിയടെ പ്രഖ്യാപനത്തിൽ ഇഷ്ടമുള്ള എന്നാൽ മാന്യമായ വസ്ത്രം ധരിക്കാം എന്ന പരാമർശം മാന്യതയുടെ നിർവചനങ്ങളെ തീർത്തും തള്ളിക്കളയാനാവാത്ത ഒരവസ്ഥ ഇനിയും തുടരുന്നുവെന്ന് സൂചിപ്പിക്കുന്നുണ്ടിപ്പോഴും.

ഡേറ്റിങ്ങ് സൈറ്റിലെ സാന്നിധ്യം സ്ത്രീയുടെ സദാചാരത്തിന്റെ അളവുകോൽ അല്ലെന്ന് ചൂണ്ടിക്കാണിച്ചിരിക്കുകയാണ് അലഹബാദ് ഹൈക്കോടതി. ലൈംഗിക ബലാൽക്കാര കുറ്റത്തിന് പ്രതിചേർക്കപ്പെട്ട വ്യക്തിയുടെ ജാമ്യാപേക്ഷയിൽ വാദം കേൾക്കവേ പരസ്പര അനുവാദത്തിലധിഷ്ഠിതമായ ലൈംഗിക ബന്ധം നടന്നതായി സ്ഥാപിക്കാൻ പ്രതിഭാഗം അഭിഭാഷകൻ നടത്തിയ സ്ത്രീവിരുദ്ധ വാദത്തിന് മേലായിരുന്നു ഈ വിധി. പിന്തിരിപ്പൻ വാദങ്ങളിലൂടെ ആൺകോയ്മയുടെ പുന:സ്ഥാപനം നടത്താനുള്ള ശ്രമങ്ങളെ ഇത്തരം ആശാവഹമായ വിധിന്യായങ്ങളിലൂടെ ചെറുത്ത് തോൽപ്പിക്കുക തന്നെ വേണം.

ഭർത്താവിൽ നിന്നോ മാതാപിതാക്കളിൽ നിന്നോ അകന്നു കഴിയുന്ന സ്ത്രീകളെ കുടുംബമെന്ന പരിഗണനയിൽ ഉൾപ്പെടുത്തി അവർക്ക് റേഷൻ കാർഡും മറ്റും നൽകാനുള്ള തമിഴ്നാട് സർക്കാറിന്റെ തീരുമാനം അഭിനന്ദനം അർഹിക്കുന്നു. നിയമപരമായി ബന്ധം വേർപ്പെടുത്താത്തതിനാൽ റേഷൻ കാർഡുകളിൽ നിന്ന് സ്ത്രീകളുടെ പേരുകൾ നീക്കം ചെയ്യപ്പെടാത്ത സാഹചര്യത്തിൽ അവരുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ വേണ്ടിയായിരുന്നു ഈ ശ്ലാഘനീയമായ നീക്കം.

സ്ത്രീകൾക്ക് എഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമായി ഒരു ഇടം എന്ന ലക്ഷ്യത്തിൽ 'സംഘടിത' പ്രസിദ്ധീകരണം ആരംഭിച്ചിട്ട് പതിനൊന്ന് വർഷം തികയുകയാണ്. സ്ത്രീകൾ എന്ന കൂട്ടത്തിൽ നിന്നും സ്ത്രീകളും പല ലിംഗലൈംഗിക സ്വത്വങ്ങളും എന്നുള്ള വിശാല അരികുവൽകൃത സഖ്യങ്ങളിലേക്കും ഐക്യപ്പെടലുകളിലേക്കും വളരാൻ ഈ കാലം കൊണ്ട് 'സംഘടിത' ശ്രമിച്ചു. ബഹുസ്വത്വസ്ഥാനങ്ങളിലെ ജീവിതങ്ങളെ അടയാളപ്പെടുത്തുകയും അറിവുൽപാദിപ്പിക്കുകയും ചെയ്യുക എന്നതു തന്നെയായിരുന്നു പ്രസിദ്ധീകരണ ലക്ഷ്യം. കീഴ്മേൽ ഘടനയുടെ അധികാരശ്രേണികളെ ഉപേക്ഷിച്ച് തിരശ്ചീന സംഘാടനത്തിലൂന്നിയ സ്ത്രീവാദ കൂട്ടായ്മയുടെ സാധ്യതയും സാന്നിദ്ധ്യവമാണത് മുന്നോട്ടു വെച്ചത്. കടുത്ത മൂലധന പ്രതിസന്ധിഘട്ടങ്ങളിലും ഈ കൂട്ടായ്മയിലുള്ളവരുടെ രാഷ്ട്രീയപ്രതിബദ്ധതയും അർപ്പണമനോഭാവവും പ്രിയപ്പെട്ട വായനക്കാരുടെ നിരന്തര പ്രോത്സാഹനവും പിന്തുണയും മാത്രമാണ് 'സംഘടിത'യുടെ പ്രസിദ്ധീകരണ പരിശ്രമങ്ങളെ നിലനിർത്തിയത്. സ്ത്രീ പ്രസാധനത്തെക്കുറിച്ചുള്ള ഡിസംബർ ലക്കം 'സംഘടിത'യുടെ പതിനൊന്നാം പിറന്നാളിന്റെ സന്തോഷം പങ്കിട്ടുകൊണ്ട് സ്ത്രീപ്രസാധനത്തെക്കുറിച്ചുള്ള ഡിസംബർ ലക്കം സമർപ്പിക്കട്ടെ.

■



**ഗാർഗി ഹരിതകം**
പൊളിറ്റിക്കൽ ആക്ടിവിസ്റ്റ്
എഴുത്തുകാരി

# സംഘടിത
## എന്ന പ്രസാധന ഇടം



2010 ഡിസംബറിൽ തമിഴ്കവി സൽമ ഡോ.കെ.ശാരദാമണിക്ക് നൽകിക്കൊണ്ട് സംഘടിതയുടെ ആദ്യലക്കം പ്രകാശനം ചെയ്യുന്നു.


**നൂറ്റാണ്ടുകളായി നിശബ്ദതയിലേക്ക് തള്ളപ്പെട്ടവർക്ക് തങ്ങളുടെ ജീവിതങ്ങളെക്കുറിച്ച്, വിഷയങ്ങളെക്കുറിച്ച് തുറന്നെഴുതാൻ ഒരു വേദി - കേരളത്തിലെ മറ്റൊരു പ്രസിദ്ധീകരണത്തിനും സ്വപ്നം കാണാൻ കഴിയാത്തതാണത്.**

ചരിത്രം നോക്കുമ്പോൾ, ചെറുതായി, എളിയതെന്ന് സ്വയം വിശ്വസിച്ച് തുടങ്ങിയ പലതും പിന്നീട് പ്രധാനപ്പെട്ട മാറ്റങ്ങളുണ്ടാക്കിയതായി കാണാം. സംഘടിത എന്ന അന്വേഷിയുടെ പ്രസിദ്ധീകരണത്തെക്കുറിച്ച് പറയുമ്പോൾ ഒട്ടും അതിശയോക്തി ഇല്ലാതെതന്നെ ഇത് പറയാനാവും.

**എന്തുകൊണ്ട് സ്ത്രീ, പല ലിംഗ-ലൈംഗിക സ്വത്വങ്ങൾ?**

മുഖ്യധാരയിലും ബദലിടങ്ങളിലും ആൺശബ്ദങ്ങളുടെ കോലാഹലമാണ് 'സംഘടിത'ക്ക് മുന്നെ പ്രസാധന സംസ്കാരത്തിൽ ഉണ്ടായിരുന്നത്. അവയിൽ സുപ്രധാനമായ പലതും, പലരും ഉണ്ടായിരുന്നില്ലെന്നല്ല - അപരവൽക്കരിക്കപ്പെട്ടവരുടെ ശബ്ദങ്ങൾ വളരെ കുറവായിരുന്നു എന്നാണ്. 'വനിത' 'ഗൃഹലക്ഷ്മി' തുടങ്ങി സ്ത്രീകളെ ലക്ഷ്യം വെച്ചുള്ള പ്രസിദ്ധീകരണങ്ങളിലാണെങ്കിൽ ഭക്ഷണം, വസ്ത്രം, മേക്കപ്പ് എന്നു തുടങ്ങി മധ്യവർഗ്ഗ ക്ലാസ് ആയ, വലിയ വീടുകളിൽ ഒറ്റയ്ക്ക് സമയം ചിലവഴിക്കുന്ന സ്ത്രീകൾക്കായുള്ള ആണുങ്ങൾ തീരുമാനിക്കുന്ന എഴുത്തുകൾ മാത്രം.


പലതരം സ്ത്രീത്വങ്ങൾ, ലൈംഗിക/ലിംഗത്വാനുഭവങ്ങൾ നിലനിൽക്കുമ്പോൾ, ഞങ്ങളുടെ ജീവിതാനുഭവങ്ങൾ വീണ്ടും പാർശ്വവൽകൃതമായി, പറയപ്പെടേണ്ടതില്ലാത്തതോ പറയാൻ പാടില്ലാത്തതോ ഒക്കെയായി തുടരേണ്ടത് നിലവിലെ അധികാരവ്യവസ്ഥയുടെ ആവശ്യമാണ്. സംഘടിത കടന്നുവരുന്നതും നിലനിൽക്കുന്നതും ഈ ഇടത്തിൽ ഇടപെട്ടുകൊണ്ടാണ്. ഇവിടെനിന്ന് എഴുതിത്തുടങ്ങിയവരുണ്ട്. സംഘടിതയിൽ പ്രസിദ്ധീകരിച്ചത് പിന്നീട് പുസ്തകമാക്കിയവരുണ്ട്. സ്ത്രീ/പല ലിംഗ-ലൈംഗിക സ്വത്വങ്ങൾ എന്ന ഇടത്തിൽ നിന്ന് കഴിഞ്ഞ പത്തു വർഷത്തിൽ ആയിരത്തോളം എഴുത്തുകാർ - അതൊരു ചരിത്രപരമായ നേട്ടമാണ്. നൂറ്റാണ്ടുകളായി നിശബ്ദതയിലേക്ക് തളളപ്പെട്ടവർക്ക് തങ്ങളുടെ ജീവിതങ്ങളെക്കുറിച്ച്, വി





ഷയങ്ങളെക്കുറിച്ച് തുറന്നെഴുതാൻ ഒരു വേദി – കേരളത്തിലെ മറ്റൊരു പ്രസിദ്ധീകരണത്തിനും സ്വപ്നം കാണാൻ കഴിയാത്തതാണത്.

**സംഘടിതയെ വ്യത്യസ്ഥമാക്കുന്നത്**

സംഘടിത എന്ന മാസികയെ വ്യത്യസ്ഥമാക്കിയ രണ്ടു തീരുമാനങ്ങളെക്കുറിച്ച് പറയേണ്ടതുണ്ടെന്ന് കരുതുന്നു. ഒന്ന്, സമകാലിക വിഷയങ്ങളിൽ ലേഖനങ്ങളെഴുതുക എന്ന സാമ്പ്രദായിക മാതൃകയിൽ നിന്ന് മാറി വിഷയാധിഷ്ഠിതമായി ലക്കങ്ങളിറക്കുക എന്നത്. ഇത്, മാസികകളിൽ നിന്ന് പൊതുവെ തിരസ്കരിക്കപ്പെടുന്ന വിഷയങ്ങൾ പ്രസിദ്ധീകൃതമാകുന്നതിൽ ഗൗരവമായ പങ്കുവഹിച്ചു. സ്ത്രീകളുടെ, പല ലിംഗ-ലൈംഗിക സ്വത്വങ്ങളുടെ ജീവിതങ്ങളെക്കുറിച്ച് എഴുതിത്തുടങ്ങുന്ന ചരിത്രപരമായ ഉത്തരവാദിത്വം നിറവേറ്റാൻ ഈ തീരുമാനം സുപ്രധാനമായി. ഓരോ ലക്കങ്ങളിൽ നിന്നും പഠനങ്ങളും ഗവേഷണ പ്രബന്ധങ്ങളും ഉണ്ടായി എന്നതിൽ അത്ഭുതമേയില്ല. ഇന്നും ആളുകൾ വായിക്കുന്ന, പഠിക്കുന്ന ലക്കങ്ങൾ ഉണ്ടാക്കാനാവുക എന്നത് ചരിത്രപരമായ നേട്ടമാണ്.








ഓരോ ലക്കത്തിലും വ്യത്യസ്ത അതിഥിപത്രാധിപരമാണ് ചുമതല ഏൽക്കുന്നത്. ഓരോ അതിഥിപത്രാധിപരും അവർക്ക് പരിചിതരായവരെ കൂടെ നിർത്തി ചർച്ചകളിലൂടെ അഭിപ്രായ സമന്വയം നടത്തുകയും വിവിധ വശങ്ങളിൽ നിന്ന് വിഷയത്തെ സമീപിക്കുകയും ചെയ്തുകൊണ്ട് എഴുതുന്നു. ലക്കങ്ങൾ വികസിപ്പിച്ച് ചർച്ചകൾ മുതൽ പുസ്തകങ്ങൾ വരെ ഉരുത്തിരിയാൻ ഇത് വഴിയൊരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഓരോ ലക്കവും പ്രസിദ്ധീകരിക്കപ്പെടുമ്പോൾ ഉണ്ടായിവരുന്നത് അറിവിന്റെ പുതിയ തലങ്ങളിലേക്കുള്ള തുറസ്സായ കാഴ്ചകളാണ്.


**സംഘടിതയുടെ പ്രാധാന്യം**

മാസികകളുടെ ഇടങ്ങളെ അപരവൽകൃതരുടെ അറിവുത്പാദന വേദിയാക്കാമെന്ന് തെളിയിച്ചിരിക്കുകയാണ് സംഘടിത. അക്കാദമിക ഇടങ്ങളിലും പൊതുഇടങ്ങളിലും ഒരുപോലെ ഇടപെടൽ സാദ്ധ്യമാവുമെന്ന് സംഘടിത സാധിച്ചെടുത്തിരിക്കുന്നു. പല മേഖലകളിൽ നിന്നുള്ള സ്ത്രീകൾക്കും വായിക്കാൻ പാകത്തിൽ ഏതെങ്കിലും ഒരു പ്രത്യേക സാഹിത്യശാഖയിൽ ഊന്നിയല്ല മറിച്ച് കഥയൊ, കവിതയൊ, ഓർമ്മക്കുറിപ്പൊ, അക്കാദമികപഠനങ്ങളൊ, ശാസ്ത്ര ചർച്ചകളൊ, ആനുകാലിക സംഭവങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങളൊ ഒക്കെയായാണ് ഓരോ ലക്കവും പുറത്തിറങ്ങുന്നത്. വളരെ ചെറിയ ഒരു സംരംഭം തന്നെയായി, നിരന്തരം വിപണിയോടിടഞ്ഞും ചിലയിടങ്ങളിൽ കൂടെ നിർത്തിയുമൊക്കെ കഴിഞ്ഞ പതിനൊന്നു വർഷക്കാലം നിലനിന്ന സംഘടിത ഇന്ന് കേരളത്തിലെ സാംസ്കാരിക രംഗത്ത് ഒഴിച്ചുകൂടാനാവാത്ത സാന്നിദ്ധ്യമാണ്, പിതൃമേധാവിത്തത്തിന് വഴങ്ങാത്ത അപരവൽകൃതരുടെ വേദിയാണ്.



സംഘടിതയുടെ ലക്കം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചത്





**ഉർവ്വശി ബൂട്ടാലിയ**
ഫെമിനിസ്റ്റ് പ്രവർത്തക, പ്രസാധക, കാളി ഫോർ വിമൻ എന്ന ഫെമിനിസ്റ്റ് പ്രസാധക സ്ഥാപനത്തിന്റെ സ്ഥാപക



വിവർത്തനം:
**അശ്വനി ആർ. ജീവൻ**
എഡിറ്റർ, പരിഭാഷക

# ‘എനിക്ക് പറയാനുള്ളത് കേൾക്കൂ’



ഈ ലേഖനത്തിന്റെ തലക്കെട്ടിനായി, മുക്ത സാൽവെയുടെ രചനയിൽ നിന്ന് ഞാൻ ഒരു വാചകം എടുത്തിട്ടുണ്ട്. അധികാരത്തോടുള്ള സത്യത്തിന്റെ ഈ ശബ്ദം നിങ്ങൾ എല്ലാവരും തിരിച്ചറിയും. ഒന്നര നൂറ്റാണ്ട് മുമ്പാണ്, മുക്ത സാൽവെ എന്ന പതിന്നാല് വയസ്സുള്ള പെൺകുട്ടി തുറന്ന കത്ത് പോലെ ഒന്ന്, അറിവിനെ നിയന്ത്രിക്കുകയും അധികാരം കൈവശപ്പെടുത്തിയിരിക്കുകയും ചെയ്തിരുന്ന ബ്രാഹ്മണർക്ക് എഴുതിയത്. ഈ അറിവിലുള്ള അവരുടെ സ്വാധീനത്തെ ചോദ്യം ചെയ്തുകൊണ്ട് അവൾ എഴുതിയതിൽ, തന്നെപ്പോലുള്ള താഴ്ന്നവരിൽ താഴ്ന്നവർക്കും മാംഗുകൾക്കും, മഹർമാർക്കും എന്തുകൊണ്ടാണ് അറിവിലേക്ക് പ്രവേശനം അനുവദിക്കാത്തത് എന്ന ചോദ്യവും ഉണ്ടായിരുന്നു. ഈ ചോദ്യമാണ് ഞാൻ സംസാരിക്കാൻ ശ്രമിക്കുന്നതിന്റെ കാതൽ.

മുക്ത സാൽവെ പണ്ഡിറ്റുകളെ ദേഷ്യത്തോടെയും വേദനയോടെയും അഭിസംബോധന ചെയ്തുകൊണ്ട് ചോദിച്ചു: ‘ബാജിറാവുവിന്റെ ഭരണത്തിൻ കീഴിൽ, ഒരു മാംഗോ മഹറോ ഒരു അഖാരയുടെ മുന്നിലൂടെ കടന്നുപോകുകയാണെങ്കിൽ, അക്കാരണം കൊണ്ട് മാത്രം അവർ കൊല്ലപ്പെടും. അതിന്റെ വാതിലിലൂടെ കടന്നുപോകുന്നത് പോലും ഞങ്ങൾക്ക് ശിക്ഷാർഹമായ കുറ്റമാകുമ്പോൾ , വിദ്യാഭ്യാസം നേടുക, പഠിക്കാനുള്ള സ്വാതന്ത്ര്യം നേടുക എന്ന ചോദ്യം തന്നെ ഉണ്ടായിരുന്നോ? ഏതെങ്കിലും മാംഗോ മഹറോ എങ്ങനെയെങ്കിലും വായിക്കാനും എഴുതാനും പഠിക്കുമ്പോൾ ഭരണാധികാരി ചോദിക്കും ‘എന്ത് ധൈര്യത്തിലാണ് അവർ വിദ്യാഭ്യാസം സിദ്ധിച്ചത്? തങ്ങളുടെ ഔദ്യോഗിക ചുമതലകൾ അസ്പൃശ്യരെ ഏൽപ്പിച്ച് വിധവകളുടെ തല മൊട്ടയടിക്കാൻ ബ്രാഹ്മണർ തല വടിക്കുന്ന സാമഗ്രികളുമായി ഇറങ്ങുമെന്ന് ഈ തൊട്ടുകൂടാത്തവർ പ്രതീക്ഷിക്കുന്നുണ്ടോ?”. ഇത്തരം പരാമർശങ്ങൾ ‘താഴ്ന്ന’ ജാതിക്കാരെ അപമാനിക്കുന്നതാണെന്നും മുക്തബായി കൂട്ടിച്ചേർത്തു. തുടർന്ന്, വിജ്ഞാനത്തിന്റെ ഉടമകളായ ഈ ബ്രാഹ്മണരോട് ‘നിങ്ങളുടെ സ്വാർത്ഥ വൈദികവിദ്യയെ’ മടക്കി വച്ച് താൻ പറയുന്നത് ശ്രദ്ധിക്കാൻ അവർ ഉദ്ബോധിപ്പിച്ചു. എഴുത്തിനെക്കുറിച്ചും അറിവ് സൃഷ്ടിക്കലിനെക്കുറിച്ചും ആ അറിവ് ലോകത്തിലേക്ക് എത്തിക്കുന്നതിനെക്കുറിച്ചും; മറ്റൊരു വിധത്തിൽ പറഞ്ഞാൽ പ്രസിദ്ധീകരണ പ്രവർത്തനത്തെക്കുറിച്ച് സംസാരിക്കുന്നതിനുള്ള അടയാള വാക്യങ്ങളായി ഈ പരാമർശങ്ങളെ ഞാൻ കണക്കാക്കുന്നു.

ഫെമിനിസ്റ്റ് പ്രസാധകരെന്ന നിലയിലുള്ള ഞങ്ങളുടെ യാത്രയിലൂടെയും പഠിച്ച പാഠങ്ങളിലൂടെയും നിങ്ങളെ കൂട്ടിക്കൊണ്ടു പോകാൻ ഞാൻ ആഗ്രഹിക്കുന്നു. മുപ്പത്തിയേഴു വർഷങ്ങൾക്ക് മുമ്പ്, ഇന്ത്യയിലെ ആദ്യത്തെ ഫെമിനിസ്റ്റ് പ്രസിദ്ധീകരണശാലയായ ‘കാളി ഫോർ വിമൻ’ ആരംഭിച്ചപ്പോൾ, മുക്താബായി സൂചിപ്പിക്കുന്ന അറിവിന്റെ ഉടമസ്ഥാവകാശത്തെ ചോദ്യം ചെയ്യുക എന്നുള്ളതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. സ്ത്രീകളുടെ ശബ്ദത്തെ ബോധപൂർവവും വ്യവസ്ഥാപിതവുമായി നിശ്ശബ്ദമാക്കപ്പെടുന്നതിന്മേലാണ് ഞങ്ങൾ ശ്ര

ദ്ധ കേന്ദ്രീകരിക്കാൻ തീരുമാനിച്ചത്. എഴുത്തിന്റേയും പ്രസിദ്ധീകരണത്തിന്റേയും ലോകത്ത് പുരുഷന്മാരും സവർണ്ണരും ഉയർന്ന ജാതിക്കാരും ആധിപത്യം പുലർത്തിയിരുന്നു. അവർ പ്രധാനമായും സ്വന്തം വർഗത്തിലെ പുരുഷന്മാർക്ക് വേണ്ടി സ്വന്തം വർഗത്തിലെ പുരുഷന്മാരുടെ കൃതികൾ പ്രസിദ്ധീകരിച്ചു. അറിവ് സൃഷ്ടിക്കാൻ കഴിയുന്നവരോ അത് വിനിയോഗിക്കാൻ കഴിയുന്നവരോ അല്ലെങ്കിൽ അത് പുറം ലോകത്തേക്ക് കൊണ്ടുപോകാൻ യത്നിക്കുന്നവരോ ആയ സ്ത്രീകളുടെ വിവരങ്ങൾ പുറത്തേക്ക് വന്നിട്ടില്ല. ഇത് അറിവിന്റെ നിയന്ത്രണം മാത്രമല്ല അറിവ് എന്ന് നിർവചിക്കപ്പെട്ടതിന്റെ മേലുള്ള നിയന്ത്രണം കൂടിയായിരുന്നു. അതിനാൽ, ഉദാഹരണത്തിന്, സ്ത്രീകളുടെ ആശങ്കകൾ അറിവിന്റെ ലോകത്തേക്ക് കൂട്ടിച്ചേർക്കാനും സ്വാധീനിക്കാനും അല്ലെങ്കിൽ അതിനെ ചോദ്യം ചെയ്യാനും വിപുലീകരിക്കാനും കഴിയുന്ന ഒന്നായി കണക്കാക്കാൻ തക്ക 'ഗൗരവ'മുള്ളതായി അംഗീകരിക്കപ്പെട്ടിരുന്നില്ല.

ഫെമിനിസ്റ്റുകൾ എന്ന നിലയിൽ ഞങ്ങൾക്ക് ഇതിൽ വേദനയും അമർഷവും ഉണ്ടായിരുന്നു. ഈ അഭാവവും നിഷേധവും അർത്ഥമാക്കുന്നത് നമ്മൾ ഉൾപ്പെട്ടിരിക്കുന്ന വിഷയങ്ങളെക്കുറിച്ചുള്ള നമ്മുടെ ധാരണകൾ പ്രയോജനപ്പെടുത്തുന്നില്ല എന്നു മാത്രമല്ല അറിവിലേക്കുള്ള പ്രവേശന തടസം അർത്ഥമാക്കുന്നത്, നമ്മൾ ഒരുതരം അർദ്ധ-അജ്ഞതയിൽ ജീവിച്ചു എന്നതും കൂടിയാണ്. ഇത് അറിവിന്റെ സൃഷ്ടിയും ഉപഭോഗവുമായി മാത്രം ബന്ധപ്പെട്ട ഒന്നല്ല. സ്ത്രീകൾക്ക് അറിവിന്റെ നിർമ്മിതിയിൽ പ്രവേശനമില്ലാത്തതിന്റെ മറ്റൊരു ശക്തമായ കാരണം, അവർ മിക്കവാറും വീടിനുള്ളിൽ മാത്രം ഒതുങ്ങിപ്പോയി എന്നതും അറിവ് നിർമ്മിക്കുന്ന പൊതു ഇടങ്ങളിൽ പ്രവേശനമില്ലായിരുന്നു എന്നതുമാണ്. അതിനാൽ, ധർമ്മ സിദ്ധാന്തങ്ങൾ സൃഷ്ടിക്കുന്ന പ്രക്രിയകളെ പ്രതിരോധിക്കാൻ ശ്രമിച്ചുകൊണ്ട്, അത്തരം നിർമ്മാണത്തെ ചെറുക്കുന്ന പലരെയും പോലെ ഞങ്ങളും ഈ ചുമതല സ്വയം ഏറ്റെടുക്കാൻ തീരുമാനിച്ചു.

കാളി പോലെയുള്ള ഒന്ന് ആരംഭിക്കാനുള്ള ഞങ്ങളുടെ പ്രേരണ സ്ത്രീകളെഴുതിയതും സ്ത്രീകളെക്കുറിച്ചുള്ളതുമായ അറിവ് സൃഷ്ടിക്കുകയും ഉത്പാദിപ്പിക്കുകയും ചെയ്യുക, സ്ത്രീകളുടെ പ്രശ്നങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുക, ഈ അറിവുകൾ ലോകത്തിന്റെ മുന്നിലേക്ക് എത്തിക്കുക എന്നിവയായിരുന്നു. മറ്റൊരു പ്രചോദനം പ്രാതിനിധ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആർക്ക് വേണ്ടി സംസാരിക്കണം എന്നുള്ളത് സ്ത്രീപക്ഷ പ്രസ്ഥാനത്തെയും ഫെമിനിസത്തെയും അതിന്റെ തുടക്കം മുതൽ തന്നെ അലട്ടുന്ന ഒരു ചോദ്യമാണ്. മറ്റാരെങ്കിലും അത് ചെയ്യുന്നതിനുപകരം നമ്മളെക്കുറിച്ചുള്ള അറിവ് ഉല്പാദിപ്പിക്കാൻ നമ്മൾ ആഗ്രഹിക്കുന്നുവെന്നും കൂടുതൽ ശക്തരായ രാജ്യങ്ങളിൽ നിന്ന് ശക്തി കുറഞ്ഞവരിലേക്കോ കൂടുതൽ ശക്തരായ ആളുകളിൽ നിന്ന് അശക്തരായ ആളുകളിലേക്കോ വിവരങ്ങളുടെ ഒഴുക്കിന്റെ ഗതി മാറ്റാൻ ആഗ്രഹിക്കുന്നുവെന്ന് ഞങ്ങൾ അക്കാലത്ത് പറഞ്ഞിരുന്നു. സത്യത്തിൽ, ഇന്ത്യയിലെത്തി കുറച്ച് മാസങ്ങൾ ഇവിടെ ചിലവഴിച്ച് വികസിത രാജ്യങ്ങളിൽ നിന്നുള്ള സ്ത്രീകൾ, അന്ന് ഞങ്ങൾ മൂന്നാം ലോക സ്ത്രീകൾ എന്ന് വിളിക്കുന്ന (ഇന്ന് ഞങ്ങൾ ഈ വിഭജന പദം ഉപയോഗിക്കില്ല) നമ്മൾ ഉൾപ്പെട്ട ജനവിഭാഗത്തെക്കുറിച്ച് നടത്തിയ ഗവേഷണം പിന്നീട് നമ്മൾ അവരിൽ നിന്നും വില കൊടുത്ത് വാങ്ങി വായിക്കേണ്ടി വരുന്നു എന്ന വസ്തുതയെ പ്രതിരോധിക്കുകയായിരുന്നു. എന്നാൽ 'നമ്മൾ' ആരായിരുന്നു, നമ്മൾ സംസാരിച്ച സ്ത്രീകൾ ആരായിരുന്നു? നിങ്ങൾ വിശാലമായ അർത്ഥത്തിൽ സംസാരിക്കുമ്പോൾ, സൂക്ഷ്മമായ വ്യത്യാസങ്ങളും, വിശാലമായ യാഥാർത്ഥ്യങ്ങളെ യഥാർത്ഥത്തിൽ സൂക്ഷ്മമായി ബാധിക്കുന്ന പാളികളും തുടച്ചുനീക്കപ്പെടുന്നു. പുരുഷമേ




ധാവിത്വത്തിലൂന്നിയ അറിവിനെ എതിർക്കുന്നവരും ചോദ്യം ചെയ്യുന്നവരും അട്ടിമറിക്കുന്നവരുമായി ഞങ്ങൾ സ്വയം വിലയിരുത്തി. മുഖ്യധാരാ വിജ്ഞാന സൃഷ്ടിക്കെതിരെ പ്രവർത്തിക്കുന്നവരായി ഞങ്ങൾ ഞങ്ങളെ തന്നെ കണ്ടു. അതിനാൽ ഞങ്ങൾ ഏർപ്പെട്ടിരിക്കുന്ന സംരംഭം തീർച്ചയായും ഒരു 'ബദൽ' ആയിരുന്നു. എന്നാൽ പ്രവർത്തന പരിധി ഇതിൽ മാത്രം ഒതുങ്ങിക്കൂടാ എന്നതായിരുന്നു ഞങ്ങൾ പഠിച്ച ആദ്യത്തെ പ്രധാന പാഠം.

ഡൽഹിയിൽ നിന്നും ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിനാൽ സവർണ്ണരും ഉന്നതകുലജാതരുമായ സ്ത്രീകൾ, വിദ്യാഭ്യാസം നേടിയവർ, എഴുതാനും സംസാരിക്കാനും കഴിയുന്നവർ എന്നിങ്ങനെയുള്ള അതിരുകൾക്കുള്ളിൽ സ്വയം പരിമിതപ്പെട്ട്

പോയിരിക്കുന്നുവെന്ന് ഞങ്ങൾ ആത്മവിമർശ

നം നടത്തി. ഇത് അപ്രധാനമായിരുന്നില്ലെങ്കിലും, അത് പര്യാപ്തമായിരുന്നില്ല. ഞങ്ങൾക്ക് മുൻപിലുള്ള മറ്റൊരു പ്രധാനപ്പെട്ട ചോദ്യം ഇതായിരുന്നു: 'പുരുഷന്മാരെ മാറ്റി പകരം സ്ത്രീകളാക്കുന്നതിലൂടെ, പല കാര്യങ്ങളിലും നാം പുരുഷ ഉടമസ്ഥതയുടെ മാതൃകകൾ ആവർത്തിക്കുകയും അവരുടെ വർഗ-ജാതി പക്ഷപാതങ്ങൾ നിലനിർത്തുകയും ചെയ്യുകയായിരുന്നില്ലേ?'. ഇതിനപ്പുറം ഇന്ത്യയുടെയും ഇന്ത്യൻ സ്ത്രീകളുടെയും വിശാലവും വൈവിധ്യപൂർണ്ണവുമായ യാഥാർത്ഥ്യത്തിലേക്ക് എങ്ങനെ നീങ്ങാൻ കഴിയുമെന്ന് ഞങ്ങൾ സ്വയം ചോദിച്ചു. ഭാഷയുടേയും സ്ഥലത്തിന്റേയും അതിരുകൾക്കപ്പുറത്തേക്ക് എത്താൻ കഴിയുക എന്നത് ഓരോ ഫെമിനിസ്റ്റ് പ്രസാധകരുടേയും സ്വപ്നമാണ്. എന്നാൽ അത്തരമൊരു സ്വപ്നം അത്ര എളുപ്പത്തിൽ സാക്ഷാത്കരിക്കപ്പെടുന്നില്ല.





ഒരു ദിവസം ഇതിന് ഒരു വഴിത്തിരിവ് സംഭവിച്ചു. സുഖകരമായ ഒരു ശൈത്യകാലത്ത് ഉച്ചതിരിഞ്ഞ് രാജസ്ഥാനിൽ നിന്നുള്ള ഒരു കൂട്ടം സ്ത്രീകൾ ഞങ്ങളെ കാണാൻ വന്നു. കൈകൊണ്ട് ഉണ്ടാക്കിയ ഒരു പുസ്തകം അവർ കൊണ്ടുവന്നു. അത് ഞങ്ങൾ പ്രസിദ്ധീകരിക്കണമെന്ന് അവർ ആഗ്രഹിച്ചു. അടിസ്ഥാനപരമായി ഈ പുസ്തകത്തിന്റെ കഥ നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം ഇത് എനിക്ക് ഇഷ്ടപ്പെട്ട ഒരു കഥയാണ്. സ്ത്രീകളുടെ വികസന പരിപാടി എന്ന പേരിൽ ഒരു സർക്കാർ വികസന പരിപാടിയിൽ പ്രവർത്തകരായ ഒരു കൂട്ടം ഗ്രാമീണ സ്ത്രീകളായിരുന്നു അവർ. ഈ പ്രോഗ്രാമിലെ ഒരു കൂട്ടം വർക്ക് ഷോപ്പുകളിൽ അവർ സ്ത്രീകളുടെ ശരീരത്തെക്കുറിച്ച് 'ശരീർ കി ജാൻകാരി' എന്ന ഒരു പുസ്തകം സൃഷ്ടിച്ചു. പുസ്തകം, ഹിന്ദിയിൽ, നിരക്ഷരരായ സ്ത്രീകൾക്കും അക്ഷരജ്ഞാനമുള്ളവർക്കും ഉപയോഗിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. എഴുത്തും വാക്കുകളും വെവ്വേറെയും ഒരുമിച്ചും പ്രവർത്തിക്കുന്നു. ഒരുപാട് ചർച്ചകൾക്ക് ശേഷം അവർ എങ്ങനെയാണ് പുസ്തകം സൃഷ്ടിച്ചത് എന്നതിന്റെ ഒരു അത്ഭുതകരമായ കഥ ഞങ്ങളോട് പറഞ്ഞു. സ്ത്രീശരീരത്തെക്കുറിച്ചുള്ള പുസ്തകമായതിനാൽ അവർ നഗ്നശരീരം കാണിക്കുകയും അതിന്റെ വിവിധ ഭാഗങ്ങൾ അടയാളപ്പെടുത്തുകയും ചെയ്തു. എന്നാൽ അവർ ഗ്രാമത്തിൽ പുസ്തകം പരീക്ഷിച്ചപ്പോൾ എല്ലാവരും അവരെ നോക്കി ചിരിച്ചു. ഗ്രാമത്തിൽ നഗ്നമായ സ്ത്രീശരീരം വരച്ചത് യാഥാർത്ഥമല്ലെന്ന് അവർ അവരോട് പറഞ്ഞു! സ്ത്രീകൾ ഈ വിമർശനം ഏറ്റെടുത്തു, അവർ ഡ്രോയിംഗ് ബോർഡിലേക്ക് മടങ്ങി, സമർത്ഥമായ പരിഹാരവുമായി തിരിച്ചു വന്നു.

ഞങ്ങൾ ഈ പുസ്തകം പ്രസിദ്ധീകരിക്കുമോ എന്ന് അവർ ചോദിച്ചു. അത് ചെയ്യാൻ ഞങ്ങൾ ശരിക്കും ആവേശഭരിതരായിരുന്നു. ഒരു നിമിഷം മുമ്പ് ഞാൻ പറഞ്ഞതുപോലെ, സമൂഹത്തിന്റേയും പ്രദേശത്തിന്റേയും അതിരുകൾ മറികടക്കാൻ കഴിയുക എന്നത് ഓരോ ഫെമിനിസ്റ്റ് പ്രസാധകരുടെയും സ്വപ്നമാണ്. ഞങ്ങൾക്ക് വേണ്ടി ഗ്രാമീണ സ്ത്രീകളിൽ നിന്ന് വന്ന ഒരു പുസ്തകം അക്കാര്യം കൃത്യമായി ചെയ്തു. എന്നിരുന്നാലും, സ്ത്രീകൾ ഞങ്ങൾക്ക് മുൻപിൽ രണ്ട് നിബന്ധനകൾ വെച്ചു: പുസ്തകത്തിന്റെ ഓരോ കോപ്പിയും വിലയ്ക്ക് വിൽക്കുമെന്ന് ഞങ്ങൾ സമ്മതിക്കണമെന്നും എഴുപത്തഞ്ച് സ്ത്രീകൾ കൂട്ടായി പുസ്തകം നിർമ്മിച്ചിട്ടുണ്ടെന്നും കവറിൽ എഴുപത്തഞ്ച് പേരുകളും വേണമെന്നും അവർ ആവശ്യപ്പെട്ടു. കാരണം അവരെല്ലാം ഈ കൃതിയുടെ രചയിതാക്കളായിരുന്നു. ദരിദ്രരായ ഗ്രാമീണസ്ത്രീകൾ കർത്തൃത്വത്തെക്കുറിച്ച് ഞങ്ങൾ ഇതുവരെ പഠിച്ച പാഠങ്ങൾ പുനർവിചിന്തനം ചെയ്യാൻ ഞങ്ങളെ പ്രേരിപ്പിച്ചത് എങ്ങനെയെന്ന് കാണിക്കാനാണ് ഞാൻ ഈ സംഭവം പ്രത്യേകം പരാമർശിച്ചത്. സാധാരണയായി പ്രസിദ്ധീകരണത്തിൽ കർത്തൃത്വം എല്ലായ്പ്പോഴും ഏകവചനമാണ്, ഒരു പുസ്തകത്തിന് ഒന്നോ രണ്ടോ ഒരു പക്ഷെ മൂന്നോ രചയിതാക്കൾ വരെ ഉണ്ടാകും. എന്നാൽ എഴുപത്തഞ്ച്? അത് എങ്ങനെ കൈകാര്യം ചെയ്യും? പക്ഷെ, ആ സ്ത്രീകൾ ഊന്നിപ്പറഞ്ഞതുപോലെ, അവർക്ക് അറിവ് സൃഷ്ടിക്കുന്ന പ്രക്രിയ ഒരു കൂട്ടായ പ്രയത്നമായിരുന്നു. അത് പുസ്തകത്തിൽ പ്രതിഫലിപ്പിക്കേണ്ടതുണ്ടായിരുന്നു. അവസാനം ഞങ്ങൾ അങ്ങനെ ചെയ്യാമെന്ന തീരുമാനത്തിലെത്തി. കർത്തൃത്വത്തെക്കുറിച്ചുള്ള വിലപ്പെട്ട ഒരു പാഠം ഇതിലൂടെ ഞങ്ങൾ പഠിച്ചു.

പിന്നീട് ഈ പുസ്തകം ലോകത്തിന്റെ മുൻപിലേക്ക് എത്തിയപ്പോൾ അത് നമ്മെ മറ്റ് പാഠങ്ങൾ പഠിപ്പിച്ചു. മറ്റൊന്ന് അറിവിന്റെ ഉടമസ്ഥതയെക്കുറിച്ചാണ് അതിലൊന്ന്. ഒപ്പം അറിവ് പങ്കുവെക്കേണ്ടതിന്റെ ആവശ്യകതയും. പ്രസാധകരെന്ന നിലയിൽ സ്വന്തം പുസ്തകത്തിന്മേൽ ഒരു എഴുത്തുകാരിക്ക് പരമാവകാശം നൽകി പകർപ്പവകാശത്തോടെ പ്രവർത്തിക്കാൻ ഞങ്ങൾ പഠിപ്പി

ക്കപ്പെട്ടപ്പോൾ, രാജസ്ഥാൻ സ്ത്രീകൾ ആഗ്രഹിച്ചത് പുസ്തകത്തിന് പ്രചാരം ലഭിക്കണം എന്നതായിരുന്നു. അതിനാൽ അത് നിരവധി ഇന്ത്യൻ ഭാഷകളിലേക്ക് സഞ്ചരിച്ചു. ആ യാത്രകളിൽ ചിലത്, തുറന്നു പറയുകയാണെങ്കിൽ, പ്രസിദ്ധീകരണ നിയമങ്ങൾ ചെറുതായെങ്കിലും ലംഘിച്ചിട്ടുണ്ട്. അതിനാൽ ആ പുസ്തകം രാജ്യമെമ്പാടും യാത്ര ചെയ്തതിൽ സന്തോഷിക്കണോ അതോ നിയമവിരുദ്ധമായി യാത്ര ചെയ്തതിൽ ദേഷ്യപ്പെടണോ എന്ന് എനിക്കറിയില്ല. ഞാൻ ഒരു കാര്യം വിശദീകരിക്കാൻ ആഗ്രഹിക്കുന്നു. പലരും അനുമതിയില്ലാതെ പുസ്തകം വീണ്ടും അച്ചടിക്കുകയോ വിവർത്തനം ചെയ്യുകയോ ചെയ്തു. പുസ്തകം പ്രചരിക്കുന്നതിന്റെ സന്തോഷത്തിലായിരുന്നു ഗ്രാമീണസ്ത്രീകൾ. ഞങ്ങളെ സംബന്ധിച്ചിടത്തോളം, അതിന്റെ സ്വതന്ത്രമായ പ്രചാരം ഒരു നല്ല കാര്യമായിരുന്നെങ്കിലും, സ്ത്രീകൾക്ക് അവർ സൃഷ്ടിച്ച അറിവിൽ വരുമാനം ലഭിക്കുന്ന അവകാശം നിഷേധിക്കപ്പെട്ടു എന്നത് ഒരു പ്രശ്നമായിരുന്നു. മാത്രമല്ല അവർ പാവപ്പെട്ട സ്ത്രീകളായതിനാൽ മറ്റുള്ളവർക്ക് ഗ്രാമീണരായ ആ സ്ത്രീകളുടെ അവകാശങ്ങൾ നിഷ്പ്രയാസം ലംഘിക്കാൻ കഴിയുന്നുണ്ടെന്ന് ഞങ്ങൾ നിരീക്ഷിച്ചു. വരേണ്യവർഗം എഴുതിയ പുസ്തകങ്ങളിൽ സമാനമായ സ്വാതന്ത്ര്യം എടുക്കാനുള്ള സാധ്യത വളരെ കുറവായിരിക്കും.





കുറച്ച് വർഷങ്ങൾക്ക് ശേഷം ഞങ്ങൾ മറ്റൊരു പുസ്തകം പ്രസിദ്ധീകരിച്ചു. അത് തികച്ചും ഒരു നാഴികക്കല്ല് ആയിരുന്നു. വീട്ടുജോലിക്കാരിയായ ബേബി ഹാൽഡറിന്റെ ആത്മകഥയായ 'എ ലൈഫ് ലെസ് ഓർഡിനറി' എന്ന പുസ്തകമായിരുന്നു ഇത്. ബേബിയുടെ കഥ നിങ്ങൾക്ക് പരിചിതമായി തോന്നും. അത് ഞാൻ നിങ്ങളോട് ചുരുക്കി പറയാം. ഞങ്ങൾ അവളെ കണ്ടുമുട്ടിയപ്പോൾ, അവൾ ഒരു റിട്ടയേർഡ് പ്രൊഫസറുടെ വീട്ടിൽ വീട്ടുജോലിക്കാരിയായി ജോലി ചെയ്യുകയായിരുന്നു. അദ്ദേഹം വളരെ പ്രശസ്തനായ സാഹിത്യകാരനും ഹിന്ദിയിലെ അറിയപ്പെടുന്ന എഴുത്തുകാരിലൊരാളായ പ്രേംചന്ദിന്റെ ചെറുമകനുമാണ്. ആയിരക്കണക്കിന് പാവപ്പെട്ട സ്ത്രീകളെപ്പോലെ, ബേബിയും അതിക്രമങ്ങളാൽ ദുരിതപൂർണ്ണമായ ഒരു വീട്ടിലാണ് വളർന്നത്. അവൾക്ക് പന്ത്രണ്ട് വയസ്സുള്ളപ്പോൾ തന്റെ ഇരട്ടി പ്രായമുള്ള ഒരു പുരുഷനെ വിവാഹം കഴിക്കേണ്ടി വന്നു. പതിമൂന്നാം വയസ്സിൽ ഒരു അമ്മയായി. അവളുടെ ജീവിതത്തിൽ അതിക്രമങ്ങൾ തുടർന്നു കൊണ്ടേയിരുന്നു. കുറച്ച് വർഷങ്ങൾക്ക് ശേഷം അവൾക്ക് കുഞ്ഞുങ്ങൾ മൂന്നായി. അങ്ങനെയിരിക്കെ, ഒരു ദിവസം ബേബി പെട്ടെന്ന് ഒരു ട്രെയിനിൽ കയറി ഡൽഹിയിൽ എത്തി. ജോലിയില്ലാതെ, പണമില്ലാതെ, മൂന്ന് കുട്ടികളുമായി. ഒരുപാട് കഷ്ടപ്പാടുകൾക്ക് ശേഷം അവൾ ഞാൻ പറഞ്ഞ പ്രൊഫസറുടെ വീട്ടിൽ ജോലി കണ്ടെത്തി. അദ്ദേഹം അവളോട് വളരെ മാന്യമായി പെരുമാറി. അദ്ദേഹത്തിന്റെ വീട് പൊടിതട്ടി വൃത്തിയാക്കുമ്പോൾ, അവൾ അവിടുത്തെ ലൈബ്രറിയെക്കുറിച്ച് പ്രത്യേകം ശ്രദ്ധാലുവായി. ഒരു ദിവസം വൃത്തിയാക്കുന്നതിനിടയിൽ പ്രൊഫസർ, ബേബിയോട് അവൾ കയ്യിൽ പിടിച്ചിരുന്ന പുസ്തകത്തിന്റെ തലക്കെട്ട് വായിക്കാൻ ആവശ്യപ്പെട്ടു. കൂടാതെ, അവൾ പഠിക്കാൻ എത്രമാത്രം ആഗ്രഹിച്ചിരുന്നുവെന്നും അവളുടെ വിവാഹം അത് എങ്ങനെ ഇല്ലാതാക്കി എന്നും അദ്ദേഹം മനസ്സിലാക്കി. തുടർന്ന് അദ്ദേഹം അവളെ വായിക്കാൻ പ്രേരിപ്പിച്ചു. അവൾക്ക് ഒഴിവു സമയം നൽകി. പുസ്തകങ്ങൾ കടം നൽകി. താമസിയാതെ, അവളുടെ ജീവിതം എഴുതാനായി ഒരു ഡയറിയും പേനയും നൽകി. അവളുടെ 'എ ലൈഫ് ലെസ് ഓർഡിനറി' എന്ന പുസ്തകം ഞങ്ങൾ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുകയും അത് അന്താരാഷ്ട്ര തലത്തിൽ ബെസ്റ്റ് സെല്ലറായി മാറുകയും ചെയ്തു. ഇത് ബേബിയുടെ ജീവിതത്തെ മാറ്റിമറിച്ചു. തുടർന്ന്, ദാരിദ്ര്യത്തിൽ നിന്ന് കരകയറാനും ഒരു വീട് പണിയാനും അവളുടെ കുട്ടികളെ നോക്കാനും അവൾക്ക് സാധിച്ചു. അത് ഞങ്ങൾക്കും ജനശ്രദ്ധ നേടിത്തന്നു. ഞങ്ങൾക്ക് ലഭ്യമായ ഏറ്റവും പ്രധാനപ്പെട്ട പുസ്തകങ്ങൾ അരികുവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ പുസ്തകങ്ങളാണെന്നത് എനിക്ക് എല്ലായ്പ്പോഴും അഭിമാനകരമായി തോന്നാറുണ്ട്.

അരികുവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ എഴുത്ത് പ്രസിദ്ധീകരിക്കേണ്ടതിന്റെ പ്രാധാന്യത്തെയും ആവശ്യകതയെയും കുറിച്ച് ബേബിയുടെ കഥ ഞങ്ങൾക്ക് ജാഗ്രത നൽകി. ദരിദ്രരും താഴ്ന്ന ജാതിക്കാരുമായ സ്ത്രീകൾക്ക് പ്രധാനപ്പെട്ട കാര്യങ്ങൾ പറയാനുണ്ടെങ്കിലും ചിലപ്പോൾ പറയാൻ വാക്കുകളില്ലാതെ വരികയോ അല്ലെങ്കിൽ അവരുടെ കൃതികൾ പ്രസിദ്ധീകരിക്കാനുള്ള അവസരമില്ലാതിരിക്കുകയോ ചെയ്യുന്നു. ബേബിയുടെ പുസ്തക

ത്തിന് മുമ്പ്, തമിഴ്നാട്ടിൽ നിന്നുള്ള ഫൗസ്റ്റീന ബാമ എന്ന ദലിത് സ്ത്രീ തന്റെ ആത്മകഥ എഴുതിയിരുന്നു. ഇത് ആത്മകഥയെയും ഓർമ്മക്കുറിപ്പിനെയും നോക്കിക്കാണുന്നതിനുള്ള വ്യത്യസ്ത വീക്ഷണ കോണുകളെക്കുറിച്ച് ഞങ്ങളെ ഓർമിപ്പിച്ചു. ദരിദ്രരായ ഈ സ്ത്രീകൾ, പലപ്പോഴും സാക്ഷരതയില്ലാത്തവർ ആയിരുന്നെങ്കിലും (ബാമയടക്കം) എഴുതാനുള്ള പ്രതിബന്ധങ്ങൾക്കെതിരെ അവർ പോരാടിയിരുന്നു. ഏറ്റവും പ്രധാനമായി, അവരുടെ രചനകൾ എഴുത്തിന്റെ ലോകത്തെ തന്നെ സമൂലമായി മാറ്റുന്നതിന് കാരണമായി. ബാമയുടെ ജീവിതകഥ ഒരു നോവൽ പോലെ പതുക്കെ വേഷം മാറി. അത് അവരുടെ ഗ്രാമത്തിലെ ദലിത് സ്ത്രീകളുടെ കൂടി കഥയായിരുന്നു. ജാതിപരമായ അടിച്ചമർത്തലുകളിലൂന്നിയ ദൈനംദിനാനുഭവങ്ങളും അതിൽ നിന്നും രക്ഷപ്പെടാനുള്ള ഏറ്റവും എളുപ്പവഴിയായ മതപരിവർത്തനവും ഈ കഥ ആലേഖനം ചെയ്യുന്നു. ക്രിസ്തുമതം സ്വീകരിക്കാനും, ബഹുമാനവും സമത്വവും ഉണ്ടാകുമെന്ന് വിശ്വസിച്ച് പള്ളിയുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ബാമ തയ്യാറായി. രക്ഷപ്പെടാൻ ശ്രമിച്ച യാഥാർത്ഥ്യം പോലെ തന്നെ സഭയും ജാതി നിറഞ്ഞതാണെന്ന് തിരിച്ചറിഞ്ഞതിനെ തുടർന്ന് അവർ പള്ളിയിൽ നിന്നും പുറത്ത് വരാനുള്ള ധീരത കാണിച്ചു. ആ അനുഭവങ്ങളെക്കുറിച്ച് എഴുതി. സ്ത്രീകൾ സംസാരിക്കുമ്പോൾ പലപ്പോഴും സംഭവിക്കുന്നത് പോലെ, സ്ത്രീകളുടെ ജീവിതത്തിന്റെ ദുഷ്കരവും 'വൃത്തികെട്ടതുമായ' യാഥാർത്ഥ്യങ്ങൾ പൊതുശ്രദ്ധയിൽ കൊണ്ടുവന്നതിന് ബാമ ആക്രമിക്കപ്പെട്ടു. സ്വന്തം വിഭാഗങ്ങളിൽ നിന്നു പോലും അക്രമങ്ങൾ നേരിട്ടു. പിന്നീടാണ് അവർ താൻ അർഹിച്ച ബഹുമാനം നേടിയെടുത്തത്.

ഞങ്ങളെ സംബന്ധിച്ചിടത്തോളം, 'മുഖ്യധാര' എന്ന് വിളിക്കപ്പെടുന്ന പ്രസിദ്ധീകരണം (ഉദ്ധാരണ ചിഹ്നങ്ങളിൽ ഞാൻ ഈ വാക്ക് ഉപയോഗിക്കുന്നു, കാരണം ഫെമിനിസ്റ്റുകൾ എല്ലായ്പ്പോഴും ചെയ്തിട്ടുള്ള ഒരു കാര്യമാണ് മുഖ്യധാരയെക്കുറിച്ചുള്ള സങ്കൽപ്പത്തെ ചോദ്യം ചെയ്യുക എന്നത്) പ്രസിദ്ധീകരണം തുടർന്നപ്പോൾ, ഈ ശബ്ദങ്ങൾ കൂടുതൽ പ്രധാനപ്പെട്ടതായി. തമിഴ്നാട്ടിലെ യാഥാസ്ഥിതിക മുസ്‌ലിം സമുദായത്തിൽ നിന്നുള്ള സൽമ എന്ന സ്ത്രീയെ പന്ത്രണ്ടാം വയസ്സിൽ സ്കൂളിൽ നിന്ന് പുറത്താക്കുകയും ഇരുപതാമത്തെ വയസ്സിൽ അടുത്ത ഗ്രാമത്തിലെ ഒരാളെ വിഹം ചെയ്യുന്നതു വരെ വീട്ടു തടങ്കലിലെന്ന പോലെ താമസിപ്പിക്കുകയും ചെയ്തു. എഴുതാൻ അവൾ അതിയായി ആഗ്രഹിച്ചു. അവളുടെ എഴുത്ത് നിർത്തിക്കാൻ അയാൾ അവളെ അടിക്കുകയും കൈയെഴുത്തു പ്രതി കത്തിക്കുകയും അവളുടെ മുഖത്ത് ആസിഡ് ഒഴിക്കാൻ ശ്രമിക്കുകയുമടക്കം സാധ്യമായതെല്ലാം ചെയ്തു. പക്ഷേ, തന്റെ അമ്മയുടെ സഹായത്തോടെ, തമിഴ്നാട്ടിലെ മുസ്ലീം സ്ത്രീകളുടെ ജീവിതത്തെക്കുറിച്ചുള്ള ഒരു നോവൽ പൂർത്തിയാക്കുന്നതിൽ അവർ വിജയിക്കുകയും അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. അതോടൊപ്പം, അവളുടെ ജീവിതത്തെ മാറ്റിമറിക്കുന്ന ഒരു മുന്നേറ്റം കൂടി നടന്നു. ഭരണഘടനയിലെ 73, 74 ഭേദഗതികൾ നിലവിൽ വരികയും സൽമ താമസിച്ചിരുന്ന മണ്ഡലം സ്ത്രീ സംവരണ മണ്ഡലമായി മാറുകയും ചെയ്തു. സാധാരണഗതിയിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഭർത്താവിന് ഇനി അതിന് കഴിയാതെ വന്നതോടെ സൽമയുടെ പേര് ഉയർന്നു. ആദ്യം സംഭവിച്ചത്, മുഖമില്ലാതെ തിരഞ്ഞെടുപ്പ് പ്രചാരണം നടത്താൻ കഴിയില്ല എന്നതിനാൽ ബുർക്കഊരി മാറ്റപ്പെട്ടു എന്നുള്ളതാണ്. അവൾ മത്സരിച്ചു വിജയിച്ചു. ഇന്ന് അവർ തമിഴ്നാട് രാഷ്ട്രീയത്തിലെ അറിയപ്പെടുന്ന എഴുത്തുകാരിയും രാഷ്ട്രീയ പ്രവർത്തകയുമാണ്.





എനിക്ക് നിങ്ങളോട് പറയാൻ കഴിയുന്ന മറ്റ് നിരവധി കഥകളുണ്ട്. ദലിത് ആക്റ്റിവിസ്റ്റായ രേവതി ഒരു ട്രാൻസ്ജെൻഡർ വ്യക്തിത്വമാണ്. ഒരു സ്ത്രീയായി മാറുന്നതിന് അവർക്ക് തന്റെ കുടുംബത്തോട് തന്നെ പൊരുതേണ്ടി വന്നു. താൻ ആഗ്രഹിച്ച വ്യക്തിയാകുന്നതിൽ വിജയിച്ചാൽ മറ്റുള്ളവരെ – പ്രത്യേകിച്ച് പുരുഷന്മാർ ആകാൻ ആഗ്രഹിക്കുന്ന സ്ത്രീകളെ– സഹായിക്കാൻ കഠിനമായി പ്രയത്നിക്കുമെന്ന് അവർ തീരുമാനിച്ചു. സംഘർഷാത്മകവും വൈരുദ്ധ്യാത്മകവുമായ സ്വത്വ ബോധങ്ങൾക്കിടയിൽ ഏറ്റവുമധികം ഒറ്റപ്പെടൽ നേരിടുന്നത് തങ്ങളാണെന്ന് അവർ വിശ്വസിച്ചു. ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള താഴ്ന്ന ജാതിക്കാരായ വനിതാ ടാക്സി ഡ്രൈവർമാർ തങ്ങളുടെ ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്ന് രക്ഷപ്പെടാൻ പോരാടി, ഡ്രൈവിംഗ് പഠിച്ച് റോഡിലിറങ്ങി ടാക്സി ഡ്രൈവർമാരായി തങ്ങൾക്കും കുടുംബത്തിനും വരുമാ

നം നേടിയതിന്റെ കഥകളുണ്ട്. ഇനിയുമേറെ എനിക്ക് പറയാൻ കഴിയും.

അത്തരത്തിലുള്ള ഓരോ പുസ്തകത്തിൽ നിന്നും ഞങ്ങൾ എന്തെങ്കിലുമൊക്കെ പഠിച്ചു. 'സ്ത്രീ' എന്ന വിഭാഗം എല്ലായ്പ്പോഴും ചുമടുതാങ്ങേണ്ടതില്ലെന്നും സൂക്ഷ്മമായിരിക്കേണ്ടത് ആവശ്യമാണെന്നും ഞങ്ങൾ നന്നായി മനസ്സിലാക്കി. ഞങ്ങൾ പ്രസിദ്ധീകരിക്കാൻ തുടങ്ങിയപ്പോൾ ഞങ്ങളുടെ പുസ്തകങ്ങളുടെ രചയിതാക്കൾ ശരിക്കും വളരെ ചെറിയ വിഭാഗം മാത്രമായിരുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഒരു വലിയ ചിത്രത്തിലെ ഒരു കുഞ്ഞു ഭാഗം. പാവപ്പെട്ടവരും അധഃസ്ഥിതരും സാക്ഷരതയും വിദ്യാഭ്യാസവും ഇല്ലാത്തവരും ഒക്കെയായ അവരിൽ നിന്നാണ് ഞങ്ങൾ പഠിച്ചത് ആരെയാണ് അഭിസംബോധന ചെയ്യേണ്ടത് എന്ന് മനസ്സിലാക്കിയതും. ആദ്യമായി ഇത് അർത്ഥമാക്കുന്നത്, അറിവിനെ വ്യത്യസ്തമായി സമീപിക്കുക എന്നുള്ളതാണ്. അറിവ് അധികാരത്തിലുള്ളവർ സൃഷ്ടിച്ചത് മാത്രമാണെന്ന് വിശ്വസിക്കാൻ കഴിയില്ല. ബേബിയുടെ കഥയും സൽമയുടെ കഥയും ബാമയുടെ കഥയുമൊക്കെ അല്ലേ ജാതി, ലിംഗഭേദം, ദാരിദ്ര്യം, അധികാരം, രാഷ്ട്രീയം, വ്യക്തിജീവിതം എന്നിവയെ കുറിച്ചുള്ള നമ്മുടെ അറിവ് വർധിപ്പിക്കാൻ ഇടയാക്കിയത്? സാഹിത്യം എന്നത് വിദ്യാഭ്യാസമുള്ളവരുടെയും ക്ലാസിക്കൽ കൃതികളായി മാറിയത് എഴുതാൻ കഴിയുന്നവരുടെയും മാത്രം സംരക്ഷണത്തിലാണെന്ന് ഇനി വിശ്വസിക്കാൻ കഴിയില്ല, പകരം ഈ എഴുത്തുകാരുടെ സർഗ്ഗാത്മക സൃഷ്ടികൾ, ജീവിത കഥകളോ അല്ലെങ്കിൽ യാഥാർത്ഥ്യത്തിന്റെയോ ഭാവനയുടെയോ മിശ്ര രൂപമോ ആകട്ടെ സാഹിത്യത്തിലെ അധികാരവർഗം സൃഷ്ടിച്ച രീതികളോട് പോരാടുന്ന കൃതികളായിരുന്നു. ഇവ സാഹിത്യത്തിന്റെ നിർവചനം മാറ്റുക മാത്രമല്ല, അതിനെ ജനാധിപത്യവൽക്കരിക്കുക കൂടിയാണ് ചെയ്തത്. തിരഞ്ഞെടുത്ത ചിലരുടെ പ്രത്യേക ഭൂപ്രദേശമാക്കി മാറ്റുന്നതിനു പകരം പലരുടെയും കൈകളിലേക്ക് അതിനെ ലഭ്യമാക്കി. പലപ്പോഴും അത്തരം സൃഷ്ടികൾ കൂട്ടായി സൃഷ്ടിക്കപ്പെട്ടതിനാൽ, സൃഷ്ടിപരമായ പ്രക്രിയയെ വ്യത്യസ്തമായി സമീപിക്കുക വഴി ക്രിയേറ്റീവ് ഉൽപ്പന്നങ്ങൾ എന്ന് വിളിക്കപ്പെടുന്നവയുടെ വ്യാപനത്തെയും സാധ്യമാക്കി. അങ്ങനെയെങ്കിൽ, മൊത്തവ്യാപാര കേന്ദ്രങ്ങൾ മാത്രമാണോ വിപണി കണ്ടെത്താനുള്ള മാർഗം? പുസ്തകങ്ങൾ പുറംലോകത്ത് എത്തിച്ചേരാനുള്ള പുതിയ സാധ്യതകളെക്കുറിച്ച് നമ്മൾ ചിന്തിക്കണം. അത്തരമൊരു ഇടം ഇന്റർനെറ്റ്

വാഗ്ദാനം ചെയ്തു. ഇന്റർനെറ്റിന്റെ പരിധി പരിമിതമാണ് എന്നതിൽ സംശയമില്ല. എന്നാൽ അതിന് വലിയൊരു സാധ്യതയുണ്ട്. പാവപ്പെട്ട സ്ത്രീകളെ എഴുത്ത് എന്ന പ്രവർത്തനം അവരെ പല തരത്തിൽ ശാക്തീകരിക്കുന്നതിനോടൊപ്പം തങ്ങളുടെ ചുറ്റുപാടിൽ നിന്ന് മാറ്റി നിർത്തുന്നുമുണ്ട്. അഭിനന്ദിക്കപ്പെടേണ്ട സ്ത്രീകളെ പോലും മറ്റുള്ളവർ അവഗണിച്ച നിലയിൽ ഞങ്ങൾ കണ്ടെത്തി. പലരും ഒറ്റയ്ക്കും ദുർബ്ബലരുമായിരുന്നു. ഇത് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഫെമിനിസ്റ്റ് പ്രസിദ്ധീകരണ സംരംഭത്തെ പുനർവിചിന്തനം ചെയ്യുക മാത്രമല്ല പുസ്തകങ്ങൾ നിർമ്മിക്കുക എന്നതിലുപരിയായി ഐക്യദാർഢ്യത്തിന്റെയും പിന്തുണയുടെയും ഒരു പ്രവൃത്തി കൂടിയായി അതിനെ കാണുന്നതിനും സ്ത്രീകൾക്ക് ആവശ്യമുള്ളപ്പോഴെല്ലാം അവർക്കൊപ്പം ഉണ്ടായിരിക്കുന്നതിനുമുള്ള പ്രവർത്തനമായി മാറി. ഞങ്ങളുടെ പ്രസിദ്ധീകരണത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, ആദ്യകാലങ്ങളിൽ അക്കങ്ങളുടെ ഒരു വലിയ സംഭരണം ഉണ്ടാക്കിയതായി ഞങ്ങൾ മനസ്സിലാക്കി. സ്ത്രീകൾ എഴുതിയതും സ്ത്രീകളെ കുറിച്ചുള്ളതുമായ അറിവുകൾ ഞങ്ങൾ കെട്ടിപ്പടുക്കാൻ ആഗ്രഹിച്ചു. അതിനാൽ കൂടുതൽ പുസ്തകങ്ങൾ ഞങ്ങളുടെ പക്കലുണ്ടായാൽ അത്രയും നല്ലത് എന്ന് ഞങ്ങൾ ചിന്തിച്ചു. ദൃശ്യത കൈവരിക്കാൻ സംഖ്യകൾ പ്രധാനമാണെങ്കിലും, അവ മാത്രമല്ല കഥ. ഞങ്ങളെ സംബന്ധിച്ചിടത്തോളം, 'സ്ത്രീ' എന്ന വർഗ്ഗ വിഭജനത്തിന് പുറത്ത്, ജാതി, മതം, പദവി, അധികാരം തുടങ്ങിയ ലിംഗഭേദങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങിയപ്പോൾ, വൈവിധ്യമാർന്ന ശബ്ദങ്ങൾ പ്രസിദ്ധീകരിക്കേണ്ടതിന്റേയും അരികുവൽക്കരിക്കപ്പെട്ടവരിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റേയും ആവശ്യകത കൂടുതൽ മനസ്സിലായി.




ദലിത് എഴുത്തുകാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് ഞാൻ മുൻപ് നേരിട്ട് സംസാരിച്ചിട്ടില്ല. ആ ചോദ്യം ഇപ്പോൾ അഭിസംബോധന ചെയ്യാനും, പ്രസാധകർ എന്ന നിലയിൽ ഞങ്ങൾക്ക് നേരിടേണ്ടി വന്നിട്ടുള്ള ചില പ്രശ്നങ്ങ

ളിലേക്ക് ശ്രദ്ധ ക്ഷണിക്കാനും ഞാൻ ആഗ്രഹിക്കുന്നു, അത് മറ്റ് കൃതികളുമായി ബന്ധപ്പെട്ടും ഉയർന്നു വരുമെന്നതിൽ എനിക്ക് സംശയമില്ല. ദലിത് എഴുത്തുകാരായ ഊർമിള പവാർ, മീനാക്ഷി മൂൺ, രാധാബെൻ ഗർവ, റോജ സിംഗ്, കല്യാണി താക്കൂർ ചരൽ തുടങ്ങിയവരുടെ നിരവധി പുസ്തകങ്ങൾ ഞങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്, ബംഗാളിൽ നിന്നുള്ള ദലിത് എഴുത്തുകാരുടെ കഥകളുടെ ഒരു പുസ്തകം ഞങ്ങൾ തയ്യാറാക്കുകയാണ്. മഹാരാഷ്ട്രയിലെ ദളിത് സ്ത്രീ പ്രസ്ഥാനത്തെക്കുറിച്ചുള്ള ഊർമിള പവാറിന്റെയും മീനാക്ഷി മൂണിന്റെയും പുസ്തകം, വന്ദന സോണാൽക്കറുടെ ആമുഖത്തോടെ ഞങ്ങൾ ഇംഗ്ലീഷ് വിവർത്തനത്തിൽ പ്രസിദ്ധീകരിച്ചത് ഞങ്ങൾ പ്രാധാന്യത്തോടെ കാണുന്നു. കാരണം അത് അതിന്റെ യഥാർത്ഥ ഭാഷയായ മറാത്തിയിലെ ഒരു ക്ലാസിക് മാത്രമല്ല, അത് ഞങ്ങളുടെ വിവർത്തന സൃഷ്ടികളുടെ നെടുംതൂൺ ആയി വർത്തിക്കുന്നതിനാലുമാണ്. ഞങ്ങൾ ആരംഭിച്ചത് മുതൽ, വിവർത്തനം ഞങ്ങൾക്ക് പ്രധാനമാണ്, കേവലം ഒരു സാങ്കേതിക കാര്യം എന്ന നിലയിൽ മാത്രമല്ല, നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ഫെമിനിസ്റ്റ് ഗ്രാഹ്യത്തിന് സംഭാവന നൽകുന്ന നിരവധി കൃതികൾ ഇന്ത്യൻ ഭാഷകളിൽ ഉണ്ടെന്നും അവ വിവർത്തനം ചെയ്യേണ്ടത് പ്രധാനമാണെന്ന തിരിച്ചറിവിൽ നിന്നുമാണ്. കൂടാതെ ഇത് വിദ്യാഭ്യാസ ആവശ്യത്തിനായി ഇംഗ്ലീഷ് സംസാരിക്കുന്ന ജനവിഭാഗങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക. ഇന്ത്യൻ ഭാഷകളിലെ കൃതികൾ ഇംഗ്ലീഷിന്റെ 'സ്വീകാര്യത' മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടാത്തതിനാലും അരികുകളിൽ നിന്നുള്ള സ്ത്രീകളുടെ സൃഷ്ടികൾ പോലെ, ഈ കൃതികൾ അവ നിർമ്മിക്കുന്ന ഉള്ളടക്കത്തിലൂടെ സാഹിത്യ മേഖലയെ വികസിപ്പിക്കാനും പരിവർത്തനം ചെയ്യാനും നമ്മെ സഹായിക്കുന്നതിനാലും ഇത് പ്രാധാന്യമർഹിക്കുന്നതാണ്. ഇംഗ്ലീഷിൽ നിന്ന് ഇന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുക എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട സമയമാണിതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു, എന്നാൽ ന്യായമായും മതിയായ പ്രതിഫലവും വിവർത്തകർക്ക് അംഗീകാരവും നൽകണം. അവരില്ലെങ്കിൽ ഒരിക്കലും വിവിധ ഭാഷകളിലെ സാഹിത്യ സ്രോതസ്സുകൾ നമുക്ക് പ്രാപ്യമാകില്ലായിരുന്നു.

പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ കഥകൾ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ചുള്ള ചോദ്യത്തെ അഭിസംബോധന ചെയ്യുമ്പോൾ, മറ്റൊരു പ്രധാന പ്രശ്നം ഞങ്ങൾക്ക് നേരിടേണ്ടി വന്നു. ഞങ്ങൾ സ്വയം വനിതാ പ്രസാധകരായി കാണുന്നു; എന്നാൽ ഞാൻ മുകളിൽ പറഞ്ഞതുപോലെ, ഞങ്ങളുടെ സാമൂഹികമായ സ്ഥാനം, പദവി എന്നിവയൊക്കെ ആസ്പദമാക്കി 'പ്രിവിലേജുകളുള്ള സ്ത്രീകൾ' എന്ന രക്ഷപ്പെടൽ സാധ്യമല്ല. ഈ സ്ത്രീകളെ പ്രതിനിധീകരിക്കാനും അവരുടെ ശബ്ദം പൊതുശ്രദ്ധയിൽ കൊണ്ടുവരാനും ഞങ്ങൾക്ക് അവകാശമുണ്ടോ അതോ അതേ കമ്മ്യൂണിറ്റിയിൽ നിന്നുമുള്ള ആരുടെയെങ്കിലും ചുമതലയാണോ? ഞാനിങ്ങനെ പറയട്ടെ, ഞങ്ങൾ സ്ത്രീകളുടെ രചനകളുടെ പ്രസാധകരായി പ്രവർത്തനം തുടങ്ങിയപ്പോൾ, ഞങ്ങൾ അറിവിന്റെ പുരുഷ മേധാവിത്വത്തിനെതിരെ സ്വയം നിലയുറപ്പിച്ചവരാണ്. ഈ അറിവ് ഞങ്ങൾ രൂപാന്തരപ്പെടുത്തുകയും ജനാധിപത്യവൽക്കരിക്കുകയും ചെയ്യും. പുരുഷന്മാരോ പുരുഷാധിപത്യ സമൂഹമോ ഇതിനെ ചെറുത്തു നിൽക്കുന്നതിനാൽ ഞങ്ങൾ ഇത് സ്വയം നിർമ്മിക്കുമെന്ന് പ്രസ്താവിച്ചു. അക്കാലത്ത് ചില പുരുഷന്മാർ വന്ന് സ്ത്രീകളുടെ രചനകൾ ഉദ്പാദിപ്പിക്കാൻ തുടങ്ങിയിരുന്നെങ്കിൽ, അവരെ 'നമ്മുടെ' ഇടം കൈക്കലാക്കുന്ന നുഴഞ്ഞുകയറ്റക്കാരായി നാം കാണുമായിരുന്നു. ഇന്ന്, താരതമ്യേന 'വിജയകരമായ' പ്രസാധകർ എന്ന നിലയിൽ ഞങ്ങൾ സുബാനിലെ അതേ സ്ഥാനത്താണെന്ന് ഞാൻ ചിലപ്പോൾ കരുതുന്നു; അത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നമ്മൾ പഠിക്കേണ്ടതുണ്ടെന്ന് ഞാൻ കരുതുന്നു. ഞാനൊരു ഉദാഹരണം പറയാം. ഈയിടെ ഒരു ആദിവാസി യുവതി ആദിവാസി ശബ്ദങ്ങൾ പ്രസിദ്ധീകരിക്കാൻ ഒരു പ്രസിദ്ധീകരണശാല സ്ഥാപിച്ചു. അവളുടെ വാദം മൂന്ന് പതിറ്റാണ്ട് മുമ്പ് ഞങ്ങളുടേത് പോലെയായിരുന്നു – ആരും ഗോത്രശബ്ദങ്ങൾ പ്രസിദ്ധീകരിക്കുന്നില്ല. അതിനാൽ ഒരു ഗോത്രവർഗക്കാരിയായ അവൾ ഈ വഴി സ്വീകരിച്ചു. ഗോത്ര വർഗ്ഗത്തിലെ രചയിതാക്കൾ 'ഉയർന്ന' വർഗ-നഗര പ്രസാധകരെ പ്രസിദ്ധീകരിക്കാൻ തിരഞ്ഞെടുക്കരുത്, പകരം അവരുടേതായ രീതിയിൽ തന്നെ തുടരണം എന്നത് അവളുടെ വികാരമായിരുന്നു. സമീപകാല ദലിത് വെബ്സൈറ്റുകളും പ്രസാധകരും ഇതേ അഭിപ്രായം പ്രകടിപ്പിക്കുന്നു.മാത്രമല്ല അത് തികച്ചും ന്യായവുമാണ്. അപ്പോൾ നമ്മളെപ്പോലുള്ളവർക്ക് ശരിയായ കാര്യം എന്തായിരിക്കണം? അത്തരം പ്രസിദ്ധീകരണം അവർക്ക് വിട്ടുകൊടുക്കണോ അതോ ഞങ്ങളും ഈ രംഗത്ത് തുടരണോ? പല തരത്തിൽ, ഞങ്ങളെപ്പോലുള്ള പ്രസാധകർ ഇപ്പോൾ, ഞങ്ങൾ തുടങ്ങിയപ്പോൾ വലിയ മുഖ്യധാരാ പ്രസാധകരുമായി ഉണ്ടായിരുന്നതു പോലെ ചെറിയ, പുതിയ പ്രസാധകരുമായി സമാനമായ ബന്ധത്തിലാണ്. ഇവിടെ നമ്മുടെ റോൾ എന്തായിരിക്കണം? നമ്മൾ ഇത് ചിന്തിക്കേണ്ടതുണ്ടെന്ന് ഞാൻ കരുതുന്നു.

പ്രാതിനിധ്യത്തെക്കുറിച്ചുള്ള ചോദ്യം, ഈ പ്രശ്നത്തിന്റെ കുറച്ച് വ്യത്യസ്തമായ ഒരു വശം എടുത്തുകാണിക്കുന്ന മറ്റൊരു കഥയിലേക്ക് എന്നെ എത്തിക്കുന്നു. കുറച്ചു കാലം മുമ്പ് ഞങ്ങൾ ഗുജറാത്തിൽ നിന്നുള്ള ഒരു ദലിത് സ്ത്രീയുടെ ചിത്രങ്ങളുടെ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. അവർ ഭാഗമായ സ്ത്രീകളുടെ സംഘടനയിൽ നിന്ന് നോക്കുമ്പോൾ ദൈനംദിന ജീവിതത്തിന്റെ മനോഹരമായ ചിത്രീകരണങ്ങളാണ് ആ പെയിന്റിംഗുകൾ. എന്നിരുന്നാലും, ഒരു ദലിത് എന്ന നിലയിൽ അവളുടെ സ്ഥാനം അവൾ ലോകത്തെ കാണുകയും അവതരിപ്പിക്കുകയും ചെയ്യുന്ന രീതിയെ സ്വാധീനിച്ചിട്ടുണ്ടെങ്കിലും, അവളും അവൾ പ്രവർത്തിക്കുന്ന സംഘടനയും അവളുടെ ദലിത് ഐഡന്റിറ്റിയെ പ്രാധാന്യത്തോടെ അവതരിപ്പിക്കാൻ ആഗ്രഹിച്ചില്ല. അവൾ 'മുഖ്യധാര'യായി അംഗീകരിക്കപ്പെടാൻ ആഗ്രഹിച്ചു. അല്ലെങ്കിൽ സവർണ്ണ/വർഗ സ്വത്വങ്ങൾ ചെയ്യുന്നതുപോലെ തന്റെ സ്വത്വം 'അടയാളപ്പെടാതെ' തുടരണമെന്ന് അവൾ ആഗ്രഹിച്ചു. കൂടാതെ, അവൾ പ്രവർത്തിക്കുന്ന വനിതാ സംഘം, ജാതി തിരിച്ചറിഞ്ഞപ്പോൾ, അത് പ്രദർശിപ്പിക്കാൻ ആഗ്രഹിച്ചില്ല. പ്രസാധകരെന്ന നിലയിൽ ഞങ്ങൾ എന്തുചെയ്യണം? ദലിത് എഴുത്തുകൾ ഈയിടെയായി ഏറെക്കുറെ 'സെക്സി' സ്റ്റാറ്റസ് നേടിയെടുത്ത് കഴിഞ്ഞു. എഴുത്തുകാരന്റെ ഐഡന്റിറ്റി പ്രദർശിപ്പിക്കാൻ പല പ്രസാധകർക്കും ഇത് ഒരു മാർക്കറ്റിംഗ് പോയിന്റാണ്. എന്നാൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം വിപണികളെക്കുറിച്ചുള്ള ചോദ്യം പ്രാഥമികമായ ഒന്നല്ല, മറിച്ച് അത് ഫെമിനിസത്തിന്റെ നൈതികതയെ കുറിച്ചുള്ള ചോദ്യമാണ്. അധികാരത്തിന്റെ ചോദ്യങ്ങളെ സത്യസന്ധതയോടും സ്വയം പ്രതിഫലനത്തോടും കൂടി ഫെമിനിസം എങ്ങനെ അഭിമുഖീകരിക്കേണ്ടതുണ്ട് എന്ന ചോദ്യമാണ്.



അറിവിന്റെ ഉൽപ്പാദനം, വിതരണം, ഉപഭോഗം എന്നിവയിൽ പ്രസാധകർ ഇടപെടുന്ന മറ്റൊന്നാണ് ഭാഷയെക്കുറിച്ചുള്ള ചോദ്യം. മറ്റ് ഭാഷകളേക്കാൾ ഇംഗ്ലീഷിനെ പ്രതിഷ്ഠിക്കുന്ന വിജ്ഞാനത്തിന്റെ ഒരു ശ്രേണിയുണ്ട്. ഇംഗ്ലീഷിന് കൂടുതൽ ശക്തിയുണ്ടെങ്കിലും ഇന്ത്യൻ ഭാഷകൾക്ക് കൂടുതൽ ആധികാരികത ഉണ്ടെന്നാണ് അനുമാനം. ഇത് എളുപ്പത്തിൽ കാണാൻ കഴിയും. ഉദാഹരണത്തിന് മഹാരാഷ്ട്രയിൽ മറാത്തിയിൽ, രാഷ്ട്രീയ സമരങ്ങളിൽ നിന്ന് പ്രത്യേകിച്ച് ജാതി വിരുദ്ധ സമരങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ കഥകൾ, ലഘുലേഖകൾ, പുസ്തകങ്ങൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുന്ന ഊർജ്ജസ്വലമായ ഒരു സംസ്കാരമുണ്ട്. ഇവ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെടുമ്പോൾ, അത് പലപ്പോഴും മറ്റൊരു രൂപത്തിലേക്ക് മാറ്റപ്പെടുന്നു; ആ ഭാഷയിലെ അറിവ് നിർമ്മിതിയുടെ രീതികൾക്കും പ്രതീക്ഷകൾക്കും അനുയോജ്യമാക്കുന്നു. അതേ സമയം, ഇംഗ്ലീഷിന്റെ പദവി കാരണം, അത്തരം മെറ്റീരിയലുകൾ എങ്ങനെയോ 'മുഖ്യധാര' എന്ന് വിളിക്കപ്പെടുന്നവയിൽ കൂടുതൽ നിയമസാധുത കൈവരിക്കുകയും സ്വന്തം ഭാഷാ മേഖലയിലുള്ളതിനേക്കാൾ കൂടുതലായി വ്യാപനം കൈവരിക്കുകയും ചെയ്യുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം, പ്രസാധകരെന്ന നിലയിൽ, ഭാഷയെക്കുറിച്ചുള്ള ചോദ്യം ഞങ്ങൾ രണ്ട് തരത്തിൽ നോക്കി കാണുന്ന ഒന്നായിരുന്നു. ഇന്ത്യൻ ഭാഷകളിൽ നിന്നുള്ള മെറ്റീരിയലുകൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുന്നുണ്ടെങ്കിൽ തിരിച്ചും സംഭവിക്കണം. കൂടാതെ, ഫെമിനിസ്റ്റ് പഠനങ്ങൾ സൃഷ്ടിച്ച അക്കാദമിക് മെറ്റീരിയലുകളിൽ ഭൂരിഭാഗവും ഇംഗ്ലീഷിലാണ്. അത് ഇന്ത്യൻ ഭാഷകളിലേക്ക് എത്തേണ്ടതുണ്ടെന്ന് ഞങ്ങൾക്ക് തോന്നി. ഇന്ത്യൻ ഭാഷാ പ്രസാധകരുമായി സഹകരിച്ച് പ്രവർത്തിക്കുകയും ഞങ്ങളുടെ പുസ്തകങ്ങൾ അവർക്ക് സൗജന്യമായി നൽകുകയും അവരുടെ വലിയ ലിസ്റ്റുകൾക്കുള്ളിൽ ഇന്ത്യൻ ഭാഷകളിൽ ഒരു ചെറിയ ഫെമിനിസ്റ്റ് ലിസ്റ്റ് കണ്ടെത്താൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് ഞങ്ങൾ ഇപ്പോൾ ഇതിനു വേണ്ടി ശ്രമിക്കുന്നു. ഈ രീതിയിൽ, വിവർത്തനം രണ്ട് വഴികളിലും പ്രവർത്തിക്കുന്നു. ഇന്ത്യൻ ഭാഷാ കൃതികളെ ഇംഗ്ലീഷിലേക്കും ഇംഗ്ലീഷ് ഭാഷാ കൃതികളെ ഇന്ത്യൻ ഭാഷകളിലേക്കും കൊണ്ടുവരുന്നു.

അറിവിന്റെ സൃഷ്ടി ഒരു നിരന്തരമായ പഠന പ്രക്രിയയാണെന്നും അത് ഒരു വർഗ്ഗത്തിന്റെയോ ഒ

രു ലിംഗത്തിന്റെയോ കുത്തകയാകാൻ കഴിയില്ലെന്നും ഞാൻ വിശ്വസിക്കുന്നു. അറിവിലേക്കും എഴുത്തിലേക്കും പ്രസിദ്ധീകരണത്തിലേക്കും ജനാധിപത്യപരമായ പ്രവേശനം ഉള്ളതിനാൽ, നാം സൃഷ്ടിക്കുന്ന അറിവിന്റെ സ്വഭാവം വളരെ വ്യത്യസ്തവും വളരെ വൈവിധ്യപൂർണ്ണവും കൂടുതൽ സമത്വപരവുമാണെന്ന് ഞങ്ങൾ കണ്ടെത്തിയേക്കും. ഇത് സംഭവിക്കാൻ തുടങ്ങുമ്പോൾ, കൂടുതൽ ആളുകൾക്ക് പ്രവേശനം നൽകുന്നതിന് അത്തരം അറിവുകൾ കൂടുതൽ സമത്വപരമായ രീതികളിൽ വിതരണം ചെയ്യുന്നതിനുള്ള വഴികളെക്കുറിച്ച് ചിന്തിക്കാൻ ഞങ്ങൾ നിർബന്ധിതരാകും.

ജാതി വിഷയങ്ങളിൽ ഗവേഷണങ്ങൾ നടത്തുന്ന ഷർമിള റെഗെ ഒരിക്കൽ സ്ത്രീ പഠനത്തെ പരാമർശിച്ച് പറഞ്ഞതുപോലെ, 'കൂടുതൽ ഉൾക്കൊള്ളുന്ന ജനാധിപത്യത്തിലേക്കുള്ള മുന്നേറ്റം അറിവിനെ ജനാധിപത്യവൽക്കരിക്കുന്നതിനുള്ള ഒരു നീക്കം ആവശ്യപ്പെടുന്നു. സ്ത്രീകളുടെ പഠനങ്ങൾ ഒഴിവാക്കപ്പെട്ടവയെ ഉൾക്കൊള്ളിക്കുന്നതിനും അപ്പുറത്തേക്ക് നീങ്ങേണ്ടതുണ്ട്. ഇത് സാമൂഹികവും സുസ്ഥാപിതവും വൈജ്ഞാനികവും എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള ആശയക്കുഴപ്പമുണ്ടാക്കുന്നതും വ്യത്യസ്തങ്ങളും വൈവിധ്യമാർന്നതുമായ അറിവിന്റെ സ്രോതസ്സുകളെ അഭിമുഖീകരിക്കാൻ ആവശ്യപ്പെടുന്നു'. ഇത് പുസ്തകം എന്ന രൂപത്തിനും അപ്പുറത്തുള്ള കാര്യങ്ങളെ സൂചിപ്പിക്കുന്നു.

ഗ്രന്ഥരചനയിൽ പ്രവേശനം നിഷേധിക്കപ്പെട്ടവർക്കും അതുവഴി സ്വന്തം അറിവ് സൃഷ്ടിക്കുന്നവർക്കും അറിവ് പല രൂപത്തിലുള്ളതാണ്. അതിനാൽ പ്രസാധകരെന്ന നിലയിൽ ഞങ്ങൾക്കുള്ള വെല്ലുവിളി, ഉൾപ്പെടുത്തലുകൾക്കും യഥാർത്ഥത്തിലുള്ള പ്രതിനിധാനങ്ങൾക്കും തിരഞ്ഞെടുപ്പുകളെ പുനർവിചിന്തനം ചെയ്യണം എന്നുള്ളതാണ്. സാഹിത്യത്തെക്കുറിച്ചും കർതൃത്വത്തെക്കുറിച്ചും പുസ്തകങ്ങളെക്കുറിച്ചും പുനർവിചിന്തനം നടത്തണം.

ഞങ്ങളുടെ യാത്രയിൽ ഞങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വന്ന മറ്റ് പ്രധാനപ്പെട്ട ചോദ്യങ്ങളുണ്ട്. പ്രസാധകർ എന്ന നിലയിൽ നമ്മുടെ ഫെമിനിസം വിവിധ തരത്തിലുള്ള അറിവുകളുടെ ഉൽപ്പാദനത്തിൽ മാത്രം ഒതുക്കാൻ കഴിയുമോ അതോ, ആ അറിവ് എങ്ങനെ ക്യൂറേറ്റ് ചെയ്യപ്പെടുന്നു, ഉൽപ്പാദിപ്പിക്കപ്പെടുന്നു, പങ്കുവയ്ക്കപ്പെടുന്നു, ആരാണ് അതിനെ പരിപാലിക്കുന്നത്, ഏതുതരം പങ്ക് വഹിക്കുന്നു എന്ന് ചോദിക്കേണ്ടതില്ലേ.

ഈ പ്രക്രിയകളിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെയും സമൂഹങ്ങളുടെയും സ്ഥാനമെന്താണ്? സ്ത്രീ പ്രസ്ഥാനത്തിന് നേരെ ഈ ഒരു വെല്ലുവിളി ഉയർത്തിയത് ദലിത് സ്ത്രീകളാണ് - ഉദാഹരണത്തിന്, സുബാനിനുള്ളിൽ . പ്രസിദ്ധീകരണത്തിനായി പുസ്തകങ്ങൾ കമ്മീഷൻ ചെയ്യുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നവർ സവർണ്ണരും ഉയർന്ന വർഗക്കാരുമായി തുടരുകയാണെങ്കിൽ, സംഘടന ഈ ചോദ്യത്തെ ആഴത്തിൽ അഭിസംബോധന ചെയ്യുന്നു എന്ന് പറയാമോ? നമ്മുടെ രാഷ്ട്രീയം അർത്ഥമാക്കുന്നത് യഥാർത്ഥത്തിൽ വൈവിധ്യവും പ്രാതിനിധ്യവുമുള്ള ഒരു തൊഴിൽ ശക്തിയെ സ്ഥാപിക്കാൻ നാം കഠിനാദ്ധ്വാനം ചെയ്യുകയും സമത്വപരവും ന്യായയുക്തവുമായ തൊഴിൽ സമ്പ്രദായങ്ങൾ സ്ഥാപിക്കുകയും ചെയ്യണമെന്നല്ലേ? ഞങ്ങൾ ഈ പ്രശ്നം 'പരിഹരിച്ചു' എന്ന് സത്യസന്ധമായി പറയാൻ കഴിയില്ല, പക്ഷേ അതിന്റെ സൂക്ഷ്മതകൾ മനസിലാക്കാനും ഞങ്ങളുടെ സ്വന്തം പ്രവർത്തനങ്ങളെ ആത്മവിമർശനം ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാനും ഞങ്ങൾ നിതാന്തമായി പരിശ്രമിക്കുന്നു.

അവസാനമായി, ഫെമിനിസ്റ്റ് പ്രസിദ്ധീകരണത്തിന് ജന്മം നൽകാനും വളരാനും സാധ്യമായ സന്ദർഭത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ആകർഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സന്ദർഭം ഇപ്പോൾ എങ്ങനെ മാറിയെന്നും അത് നമുക്ക് എന്താണ് സാധ്യമാക്കുന്നത് എന്നതിനെക്കുറിച്ചും കുറച്ച് സംസാരിക്കാൻ ഞാൻ വിചാരിക്കുന്നു. ഒരു ഫെമിനിസ്റ്റ് പ്രസിദ്ധീകരണശാല സ്ഥാപിക്കുക എന്ന സ്വപ്നം ശൂന്യതയിൽ നിന്നും ഉടലെടുത്തതല്ല. ഇന്ത്യയിലെ എഴുപതുകളും എൺപതുകളും സ്ത്രീകളുടെ പ്രസ്ഥാനം രാജ്യത്തുടനീളം സജീവവും ശക്തവുമായ രൂപം പ്രാപിച്ച നിമിഷങ്ങളായിരുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ ജനകീയ പ്രസ്ഥാനങ്ങൾ ധാരാളം സ്ത്രീകളെ ആകർഷിച്ചു, ചിലത്, ഗാർഹിക തൊഴിലാളി പ്രസ്ഥാനങ്ങൾ അല്ലെങ്കിൽ പരിസ്ഥിതി പ്രസ്ഥാനങ്ങൾ പോലെ, സ്ത്രീകൾ നയിക്കുകയും ആധിപത്യം പുലർത്തുകയും ചെയ്തു, മറ്റുള്ളവ തൊഴിലാളികളും കർഷക പ്രസ്ഥാനങ്ങളും, വിദ്യാർത്ഥി പ്രസ്ഥാനങ്ങളും, ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും. സ്ത്രീകൾ ധാരാളമായി പങ്കെടുത്തിടത്ത്, പുരോഗമന പ്രസ്ഥാനങ്ങൾക്കിടയിൽ പോലും വേരൂന്നിയ പുരുഷാധിപത്യങ്ങളെ നേരിടുമ്പോൾ അവർ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. സ്ത്രീകളുടെ പ്രശ്നങ്ങൾ എന്ന് ഞങ്ങൾ നിർവചിച്ചതിൽ ബോധപൂർവം ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങിയ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളിലേക്ക് ആകർഷിക്കപ്പെട്ടത് ഇവരാണ്. ഇന്ത്യൻ വനിതാ പ്രസ്ഥാനത്തിന്റെ ഒരു പ്രത്യേക സവിശേഷത, അതിന്റെ ആക്ടിവിസവും അതിന്റെ അക്കാദമിക് ഗവേഷണവും അടുത്തടുത്തായി വളർന്നു എന്നതാണ്. പ്രവർത്തകർ ഗവേഷകരായി മാറി, തിരിച്ചും. അതിനാൽ, ഗവേ

ഷണം തുടരുകയും കാമ്പെയ്നുകളിൽ പങ്കെടുക്കുകയും ചെയ്യുന്ന സ്ത്രീകളാൽ ഇന്നും വനിതാ പഠന സ്ഥാപനങ്ങൾ നിറഞ്ഞിരിക്കുന്നു. പ്രസ്ഥാനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ എന്ന നിലയിൽ ഞങ്ങൾക്ക്, ഫെമിനിസ്റ്റ്, ലിംഗവിജ്ഞാനത്തിന്റെ അഭാവത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉയർന്നുവന്നത് ഗ്രൗണ്ട് ലെവൽ ആക്ടിവിസത്തിൽ നിന്നുമാണ്. നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവരുടെ രാഷ്ട്രീയ വേരുകൾ, സാമ്പത്തിക, സാംസ്കാരിക അടിത്തറകൾ തുടങ്ങിയവ വായിക്കാൻ മെറ്റീരിയലുകളൊന്നുമില്ലാതെ, ഗവേഷണ പ്രവർത്തനങ്ങളൊന്നുമില്ലാതെ ഞങ്ങൾ എങ്ങനെ മനസ്സിലാക്കും? വനിതാ ഗവേഷകർക്ക് ജോലിയില്ലാതെ എങ്ങനെയാണ് വനിതാ പഠന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്? അതിനാൽ കാളിയുടെ ജനനം പ്രസ്ഥാനത്തിനുള്ളിലെ ഒരു യഥാർത്ഥ ആവശ്യത്തോടുള്ള പ്രതികരണമായ സ്വയം പ്രസ്ഥാനത്തിന്റെ ഭാഗമായി കണ്ടു. ഞങ്ങളുടേത് പോലുള്ള രാഷ്ട്രീയ സംഘടനകളുടെ പിറവിയും വളർച്ചയും ഒരു പ്രത്യേക സന്ദർഭവുമായി അന്തർലീനമായി ബന്ധപ്പെട്ടിരിക്കുന്നതിനാലാണ് ഞാൻ ഇത് പരാമർശിക്കുന്നത്. മറ്റൊരിക്കൽ, മറ്റൊരു ചരിത്ര നിമിഷത്തിൽ, ഇത് സാധ്യമായേക്കില്ല.

ഇന്ന്, മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം, കാര്യങ്ങൾ വളരെയധികം മാറിയിരിക്കുന്നു. ലിംഗഭേദവും ഫെമിനിസവും, അതുവരെ ആരും നോക്കാത്ത ഒരു വിഷയമായിരുന്നു. ഇന്ന്, ചെറുതോ വലുതോ ആയ എല്ലാ പ്രസാധകരും ഒരു ലിംഗ പട്ടികയുണ്ട്. ഇത് അവരുടെ മറ്റ് കൂടുതൽ മുഖ്യധാരാ പ്രസിദ്ധീകരണങ്ങളാൽ നിലനിർത്തപ്പെടുന്നു, അതിനാൽ ഗവേഷകർക്കും എഴുത്തുകാർക്കും എവിടെ പ്രസിദ്ധീകരിക്കണം എന്നതിന്റെ വൈവിധ്യവും തിരഞ്ഞെടുപ്പും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുന്നു. എന്നാൽ ലിംഗഭേദത്തിലും ഫെമിനിസത്തിലും മാത്രം പ്രവർത്തിക്കുന്നവർക്ക്,ഞങ്ങളെപ്പോലുള്ളവർക്ക്, ചോദ്യങ്ങൾ കൂടുതൽ ആയാസകരവും കൂടുതൽ ബുദ്ധിമുട്ടുള്ളതുമായി മാറുന്നു. വളരെയധികം മത്സരങ്ങളും വിഭവങ്ങൾ അസമമായി വിതരണം ചെയ്യപ്പെടുന്നതുമായ ഒരു പരിതസ്ഥിതിയിൽ നാം എങ്ങനെയാണ് നമ്മെത്തന്നെ നിലനിറുത്തുന്നത്, എങ്ങനെയാണ് നാം നമ്മെത്തന്നെ പുനർനിർമ്മിക്കുകയും നമ്മുടെ ആദർശങ്ങളിൽ സത്യമായി നിലകൊള്ളുകയും ചെയ്യുന്നത്? ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കാൻ തിരഞ്ഞെടുത്ത വിഷയം 'സെക്സി' ആയി കണക്കാക്കപ്പെടുന്നു. ചരിത്രകാരനായ ഷാഹിദ് അമിൻ ഒരിക്കൽ തമാശയായി പറഞ്ഞതുപോലെ, 'നിങ്ങൾ ഒരു സ്ത്രീയോ മരമോ ആണെങ്കിൽ മാത്രമേ നിങ്ങൾക്ക് ഇന്ന് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിയൂ'. തീർച്ചയായും പൂർണ്ണമായും ശരിയല്ല, പക്ഷേ അദ്ദേഹം പറയുന്നതിന്റെ വ്യംഗ്യാർത്ഥം നിങ്ങൾക്കെല്ലാവർക്കും മനസ്സിലാകുമെന്ന് ഞാൻ കരുതുന്നു. സ്ത്രീകളുടെ പുസ്തകങ്ങൾ ഇപ്പോൾ അവിഭാജ്യമല്ല, അല്ലെങ്കിൽ ഇനി അങ്ങനെയൊന്നും ഇല്ല. ഞങ്ങളെപ്പോലുള്ള പ്രസാധകർക്ക് അത് എന്താണ് അർത്ഥമാക്കുന്നത്? നമുക്ക് പടിയിറങ്ങാൻ സമയമായോ?

മുപ്പത്തിയേഴ് വർഷം മുമ്പ് ഞങ്ങൾ ഫെമിനിസ്റ്റ് പ്രസിദ്ധീകരണ സംരംഭം ആരംഭിച്ചപ്പോൾ, ഞങ്ങൾ മുഖ്യധാരയായി കണ്ടതിന് ഒരു ബദൽ സ്ഥാപിക്കുകയായിരുന്നു. ഇന്ന്, വിവിധ തരത്തിലുള്ള ഫെമിനിസങ്ങളുടെ വ്യാപനം, പെഡഗോഗിയിലെ ഫെമിനിസങ്ങളുടെ സാന്നിധ്യം, ഫെമിനിസത്തിലെ സംവാദങ്ങൾ, ദലിത് സ്ത്രീകൾ, വ്യത്യസ്ത ലൈംഗികതയുള്ള സ്ത്രീകൾ, ദരിദ്രരായ സ്ത്രീകൾ, ട്രാൻസ് സ്ത്രീകൾ, ഫെമിനിസത്തിന് ഉള്ളിൽ നിന്ന് ഉയർത്തുന്ന വെല്ലുവിളികൾ. ഫെമിനിസം എങ്ങനെ സ്വയം മനസ്സിലാക്കി, മറ്റ് ഫെമിനിസങ്ങളുമായി എങ്ങനെ ഇടപഴകുന്നു, മുഖ്യധാര എന്ന് വിളിക്കപ്പെടുന്നതിന്റെ പുനർനിർവചനം ഒക്കെ ഫെമിനിസത്തിന്റെ ചിന്താവിഷയങ്ങളാണ്. ഫെമിനിസ്റ്റ് പ്രസാധകർ എന്ന നിലയിൽ ഞങ്ങൾക്കും ഇവ വെല്ലുവിളികളായി തുടരുന്നു. ഞാൻ ചിലപ്പോൾ തമാശയായി പറയാറുണ്ട്, നമ്മൾ തുടങ്ങിയപ്പോൾ മുഖ്യധാരയാകാൻ പോരാടുന്ന ബദലായിട്ടാണ് നമ്മൾ കണ്ടിരുന്നത്, ഇപ്പോൾ നമ്മൾ ബദലായി തുടരാൻ പാടുപെടുന്ന ഒരുതരം മുഖ്യധാരയാണ്. എന്നാൽ അതല്ല, മുഖ്യധാര എങ്ങനെ പുനർനിർവചിക്കപ്പെടുന്നു, ചോദ്യം ചെയ്യപ്പെടുന്നു, അത് വരേണ്യവർഗത്തിന്റെ സംരക്ഷണമല്ലാതാകുന്നത് എങ്ങനെയാണെയെന്നും പുതിയ പ്രസ്ഥാനങ്ങൾ അതിന് വലിയ വെല്ലുവിളികൾ ഉയർത്തുന്നതും നാം ഇപ്പോൾ കാണുന്നു. ഈ വെല്ലുവിളിക്ക് നമ്മൾ തുല്യരാകുമോ ഇല്ലയോ എന്നതാണ് നമ്മുടെ മുന്നിലുള്ള പ്രശ്നം.

മുക്ത സാൽവെ ബ്രാഹ്മണരെയും പണ്ഡിതന്മാരെയും താൻ പറയുന്നത് കേൾക്കാൻ ഉദ്ബോധിപ്പിച്ചപ്പോൾ, അവർ സംസാരിച്ചത് അറിവും പഠനവും നിഷേധിക്കപ്പെട്ടവർക്കുവേണ്ടിയാണ്. ഫെമിനിസ്റ്റ് പബ്ലിഷിംഗ് എന്ന സംരംഭത്തെ അതിന്റെ യഥാർത്ഥ സ്പിരിറ്റിൽ ഭാവിയിലേക്ക് കൊണ്ടുപോകണമെങ്കിൽ, മുക്ത സാൽവെയുടെ വെല്ലുവിളിയെ നിരന്തരമായ വെല്ലുവിളിയായി നാം ഏറ്റെടുക്കേണ്ടതുണ്ട്, കൂടാതെ നമ്മൾ എതിർക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന അധികാരത്തിലുള്ളവരുടെ കണ്ണാടി ബിംബങ്ങളായി മാറാൻ നമ്മളെ അനുവദിക്കരുത്.



**സുജ സവിധം**
മലയാളം വിഭാഗം
മദ്രാസ് സർവ്വകലാശാല
ചെന്നൈ

# സ്ത്രീ പ്രസാധനത്തിലെ 'താര'സാന്നിദ്ധ്യം



വി. ഗീത

*എഴുത്തുകാരി, വിവർത്തക, ദലിത്-ഫെമിനിസ്റ്റ് ആക്റ്റിവിസ്റ്റ്, പ്രസാധക എന്നീ നിലകളിൽ പ്രശസ്തയായ വി. ഗീതയുമായി സുജ സവിധം നടത്തിയ അഭിമുഖത്തിന്റെ മലയാള പരിഭാഷ.*

പ്രസാധനം എന്നത് ഏറെ ആകർഷണീയമായ മേഖലയാണ്. ഇംഗ്ലീഷിൽ നമുക്ക് ധാരാളം സ്ത്രീ പ്രസാധകരെ കാണാൻ സാധിക്കും. ഏറെ ഭാഗ്യകരമെന്നോ അവിചാരിതമെന്നോ വിശേഷിപ്പിക്കാവുന്ന വസ്തുത എനിക്ക് ആദ്യംതന്നെ പ്രവർത്തിക്കാൻ അവസരം ലഭിച്ചത് പത്രപ്രവർത്തന മേഖലയിലായിരുന്നു എന്നതാണ്. ഞാനപ്പോൾ മദ്രാസ് ക്രിസ്റ്റ്യൻ കോളേജിൽ എം. എ. വിദ്യാർഥിയാണ്. അന്നവിടുത്തെ അദ്ധ്യാപകനായിരുന്ന ജോർജ് മാത്യൂസ് ഒരിക്കൽ എന്നോട് പറഞ്ഞു, നമ്മുടെ പൂർവ്വ വിദ്യാർഥികളിലൊരാൾ വാരപത്രമിറക്കുന്നു, അതിനായി വാർത്താറിപ്പോർട്ടർമാരെ ആവശ്യമുണ്ട് എന്ന്. ചെന്നൈ മലയാളി ശ്രീകുമാർ വർമ്മ എന്നയാളായിരുന്നു പത്രത്തിനുവേണ്ടി പ്രവർത്തിച്ചത്. ട്രൈഡെൻറ് എന്ന പേരിൽ ദ്വൈവാരികയായിട്ടായിരുന്നു പത്രം ഇറങ്ങിയിരുന്നത്. പത്രത്തിനുണ്ടായിരുന്ന ഒരേയൊരു റിപ്പോർട്ടർ പിന്നീട് ഞാനായി എന്നുവേണം പറയാൻ. അദ്ദേഹം നിരവധി ആൾക്കാരെ ഇതിനായി സമീപിച്ചിരുന്നു , മറ്റാരും പക്ഷേ തയ്യാറായില്ല. 1985കളിലാണ് ഇത്. അധികം പ്രവർത്തകരില്ലാത്ത, വളരെ ചെറിയ ഒരു പത്രം, അപ്പോൾ സ്വാഭാവികമായും നമ്മൾ പത്രത്തിന്റെ എല്ലാ മേഖലയിലും പ്രവർത്തിക്കേണ്ടി വരും. അങ്ങനെ വാർത്തകൾ റിപ്പോർട്ട് ചെയ്യുക എന്നതിൽ തുടങ്ങി എഴുതി തയ്യാറാക്കി അത് വിപണനത്തിന് അയക്കുന്നതുവരെയുള്ള ജോലികൾ ചെയ്യേണ്ടിവന്നു. ഏറെ രസകരവും അതേസമയം പലരീതിയിൽ വിജ്ഞാനപ്രദവുമായ അനുഭവമായിരുന്നു അത്. മദ്രാസിൽ അന്ന് ധാരാളം കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരുന്ന സമയമാണ്. എം. ജി. ആറായിരുന്നു അന്ന് മുഖ്യമന്ത്രി. ചെന്നൈ സൗന്ദര്യവത്കരണ ക്യാമ്പയിൻ പദ്ധതിയുടെ ഭാഗമായി മറീനയുടെ കടൽത്തീരമേഖലയിൽ മാറ്റങ്ങൾ വരുത്തുകയും മത്സ്യത്തൊഴിലാളികളുടെ ഭാഗത്തുനിന്നും പ്രതിഷേധങ്ങൾ ഉണ്ടാവുകയും പോലീസ് വെടിവെപ്പും നിയന്ത്രണങ്ങൾ വരികയും എല്ലാമുണ്ടായതാണ് അതിൽ ചിലത്. ബീഹാർ പ്രസ്സ് ആക്ട് നിലനിൽക്കുന്നതിനാൽ പത്രസ്വാതന്ത്ര്യത്തിൽ നിയന്ത്രണങ്ങളുണ്ട്. ആ ഒരു അന്തരീക്ഷത്തിലാണ് ഇൻഡ്യൻ എക്സ്പ്രസ്സ്, ഡെക്കാൻ ഹെറാൾഡ് എന്നിങ്ങനെ അന്നത്തെ മുൻനിര മാധ്യമപ്രവർത്തകരെയും തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികളെയുമെല്ലാം നേരിട്ടുകണ്ട് അവരുടെ അഭിപ്രായങ്ങൾ അന്വേഷിച്ചു റിപ്പോർട്ടിങ് നടത്തിയത്. പ്രായത്തിന്റെ ചെറുപ്പം കാരണം

പ്രത്യാഘാതങ്ങളെക്കുറിച്ചൊന്നും ഭയമില്ലാതെ അന്ന് വളരെ സ്വതന്ത്രമായി പ്രവർത്തിക്കുകയായിരുന്നു. വലിയ അനുഭവമായിരുന്നു അത്. പത്രപ്രവർത്തന മേഖലയിലെ ഇത്തരം വിശാലവും ധീരവും എന്നാൽ പൂർണ്ണമായും അപ്രതീക്ഷിതവുമായ അനുഭവങ്ങളായിരിക്കണം പ്രസാധനമേഖലയിൽ പ്രവർത്തിക്കാൻ എനിക്ക് ശക്തമായ അടിത്തറ ഉണ്ടാക്കിത്തന്നത്.

*ഈ പത്രം പൊതുജനങ്ങൾക്ക് ലഭ്യമായിരുന്നോ?*

ആയിരുന്നു. സബ്സ്ക്രിപ്ഷൻ വഴിയും പോസ്റ്റൽ മാർഗ്ഗവും മറ്റ് കടകളിൽ നിന്നുമെല്ലാം വാങ്ങാൻ ലഭിക്കുമായിരുന്നു. പക്ഷേ പിന്നീട് അധികകാലം ഇത് തുടർന്നുപ്രവർത്തിച്ചില്ല. ആറ് മാസക്കാലമേ ചുരുങ്ങിയത് ഉണ്ടായുള്ളൂ. ആദ്യം സൂചിപ്പിച്ചല്ലോ ഞങ്ങൾ രണ്ടുപേരാണ് ആകെ ഇതിന്റെ എല്ലാ പ്രവർത്തനങ്ങൾക്കുമായി ഉണ്ടായിരുന്നത്. റിപ്പോർട്ടർ ആയി ഞാൻ ഒരാൾ മാത്രം. കല, രാഷ്ട്രീയം, സാഹിത്യം എന്നിങ്ങനെ എല്ലാ മേഖലയിലും ഒറ്റയ്ക്ക് റിപ്പോർട്ടിങ് നടത്തി. ഈയൊരു മേഖലയിൽ ഉള്ള താല്പര്യവും ഇച്ഛാശക്തിയും മൂലമാണ് അത്രയെങ്കിലും കാലം പത്രം നിലനിന്നത്.



ഗീത വുൾഫ്

പി. ജി. പൂർത്തിയാക്കിയതിനുശേഷം ഒരു വർഷം ഓറിയന്റ് ലോങ്ങ്മാനിൽ പ്രവർത്തിക്കാൻ അവസരം ലഭിക്കുകയും ചെയ്തു. ഇപ്പോഴത് ഓറിയൻറൽ ബ്ലാക്സ്വാൻ എന്ന പേരിലാണ് പ്രവർത്തിക്കുന്നത്. അതിലെ ശ്രദ്ധേയമായ ഒരു കാര്യം പറയട്ടെ, അതിൽ എഡിറ്റോറിയൽ വിഭാഗം പൂർണ്ണമായും കൈകാര്യം ചെയ്തിരുന്നത് സ്ത്രീകളായിരുന്നു. ഓറിയന്റ് ലോങ്ങ്മാൻ , ഓക്സ്ഫോർഡ് എന്നിങ്ങനെ അന്നത്തെ ഒരുവിധം പ്രസാധനമേഖലയിലെല്ലാം നമുക്ക് ഈ ഒരു നേതൃത്വമികവ് കാണാൻ സാധിക്കുമായിരുന്നു. പ്രധാന എഡിറ്റോറിയൽ വിഭാഗം കൈകാര്യം ചെയ്തിരുന്നത് കൂടുതലായും സ്ത്രീകളായിരുന്നു. രോഹിണി ഹെർബെർട് എന്ന മിടുക്കിയായ എഡിറ്ററിൽ നിന്നും സീനിയർ എഡിറ്ററായ ഗീത നാരായണനിൽ നിന്നുമെല്ലാം എഡിറ്റിങ് മേഖലയെക്കുറിച്ചു ധാരാളം പഠിക്കാനായി സാധിച്ചു. അങ്ങനെയാണ് പ്രസാധന രംഗത്തെ ബാലപാഠങ്ങൾ ലഭിക്കുന്നത്. സ്ത്രീകളുടെ നേതൃമികവിലുള്ള ഒരു പ്രസാധനലോകമാണ് എനിക്കുലഭിച്ചത്. 1985–86 കാലമാണ് അത്. അതിനുശേഷമാണ് യുണൈറ്റഡ് സ്റ്റേറ്റ്സിലേക്ക് തുടർപഠനത്തിനായി ഞാൻ പോകുന്നത്. തിരിച്ചെത്തിയതിന് ശേഷം ലോങ്ങ്മാനിൽ ഫ്രീലാൻസറാവാനും ഒരു ശാസ്ത്രജേർണലിൽ ലേഖികയാവാനും സാധിച്ചു. പാട്രിയോടിക് ആന്റ് പീപ്പിൾ ഓറിയന്റഡ് സയൻസ് ആൻഡ് ടെക്നോളജി എന്ന ഒരു വിഭാഗം ആൾക്കാരാണ് ഈ ശാസ്ത്രജേർണലിന് നേതൃത്വം വഹിച്ചത്. കേരളത്തിലെ ശാസ്ത്ര സാഹിത്യ പരിഷത്തിൻറെ പ്രവർത്തനങ്ങൾ ആണ് ഇവർക്ക് പ്രചോദനമായിരുന്നത്. ശാസ്ത്രസാഹിത്യ മേഖലയിൽ ഇങ്ങനെ ധാരാളം പ്രവർത്തനങ്ങൾക്ക് ശാസ്ത്രസാഹിത്യപരിഷത്ത് സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഐ ഐ ടി മുതലായ ഉയർന്ന ടെക്നിക്കൽ സ്ഥാപനങ്ങളിലും വിദേശരാജ്യങ്ങളിലും പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്തവരാണ് ജേർണലിന് പിന്നിൽ പ്രവർത്തിച്ചത്. പാശ്ചാത്യരാജ്യങ്ങളിലെ ശാസ്ത്രനേട്ടങ്ങൾ പിന്തുടരുക മാത്രമാണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നതിനാൽ നമ്മുടെ നാട്ടിലെ ശാസ്ത്രപാരമ്പര്യത്തെ, നേട്ടങ്ങളെ, പരീക്ഷണങ്ങളെ കൂടുതൽ സാർവത്രികമാക്കി ജനകീയ സാഹിത്യമേഖലയാക്കുക എന്നതായിരുന്നു ഇവരുടെ പ്രവർത്തനോദ്ദേശ്യം. അതിൽ എഡിറ്റർ ആയാണ് ഞാൻ തിരഞ്ഞെടുക്കപ്പെട്ടത്. ഏറെ ജനോപകാരപ്രദമായ പഠനങ്ങൾക്ക് നേതൃത്വം വഹിക്കാൻ അന്ന് സാധിച്ചിരുന്നു. അതിവർഷത്തിന്റെ സമയത്ത് അന്ന് ചെന്നൈയിലെ കുടിവെള്ള സംഭരണത്തെക്കുറിച്ച് നടത്തിയ ശ്രദ്ധേയവും പ്രധാനപ്പെട്ടതുമായ ഗവേഷണസ്വഭാവത്തിലുള്ള ഒരു പഠനം നടത്തിയത് ഓർക്കുകയാണ്. പിന്നീട് നമ്മുടെ രാഷ്ട്രീയത്തിൽ വന്ന മാറ്റങ്ങൾ, ബിജെപിയുടെ പ്രവേശം, ബാബറി മസ്ജിദ് തകർക്കപ്പെട്ടത് തുടങ്ങിയവയെല്ലാം ന്യായീകരിക്കുന്നവർ സ്ഥാപനത്തിൽ വന്നപ്പോൾ അതിൽ എതിർപ്പ് രേഖപ്പെടുത്തുകയും എന്റെ ശക്തമായ നിലപാടിൽ വിശ്വസിച്ചുകൊണ്ടു അവിടെനിന്നും പിരിഞ്ഞുപോവുകയുമായിരുന്നു.

ആ സമയത്ത് മറ്റനേകം പ്രവർത്തനങ്ങളിൽ ഞാൻ വ്യാപൃതയായിരുന്നു. 'സ്നേഹിതി' എന്ന പേരിൽ ഒരു വനിതാകൂട്ടായ്മ രൂപീകരിച്ച് അതിനുവേണ്ടി സജീവമായി പ്രവർത്തിക്കുകയായിരുന്നു. ഗാർഹിക പീഡനം അനുഭവിക്കേണ്ടി വന്ന സ്ത്രീകളുടെ പുനരുദ്ധാരണത്തിനും അവകാശങ്ങൾക്കും വേണ്ടിയാണ് സ്നേഹിതി നിലകൊള്ളുന്നത്. സ്നേഹിതിയിലെ പ്രവർത്തക ഗീതാവുൾഫ് ആണ് പബ്ലിഷിങ് ഹൗസ് എന്ന ആശയത്തിലേക്ക് നയിക്കുന്നത്. ഗീതാ വുൾഫിന്റെ മകൻ അന്ന് ചെറുതായിരുന്നു. അവനു വായിക്കാൻ പുസ്തകങ്ങൾ തിരഞ്ഞപ്പോഴാണ് കുട്ടികൾക്കായി

ബാലപ്രസിദ്ധീകരണങ്ങൾ കുറവാണെന്നും വർഷങ്ങളായി മാറ്റമൊന്നും വരാതെ ഒരേ കാര്യങ്ങളാണ് കുറച്ചെങ്കിലും ഉള്ള ബാലപ്രസിദ്ധീകരണങ്ങളിൽ അച്ചടിച്ചുവരുന്നത് എന്നതും ശ്രദ്ധയിൽപ്പെടുന്നത്. ഗീതാ വുൾഫ് എന്നോട് ഈ കാര്യം സംസാരിക്കുകയും കുട്ടികൾക്കായി ഒരു പബ്ലിഷിങ് ഹൗസ് എന്ന ആശയത്തിൽ ഞങ്ങൾ ക്രമേണ എത്തിച്ചേരുകയും ചെയ്തു.

*ഏതു വർഷമാണ് ഇത്തരത്തിൽ താരാബുക്സ് പ്രവർത്തനം ആരംഭിക്കുന്നത്? ആദ്യകാല പ്രവർത്തന രീതി എങ്ങനെയെല്ലാമായിരുന്നു ?*

1994–95 കാലഘട്ടത്തിലാണ് ആരംഭം. ആ സമയത്ത് സ്നേഹിതിയുടെ കൂട്ടായ്മകൾ, പ്രതിഷേധ പരിപാടികൾ എല്ലാമായി സജീവപ്രവർത്തനങ്ങൾ നടക്കുന്ന സമയമാണ്. എങ്കിൽ പോലും ബാലപ്രസിദ്ധീകരണം എന്ന ആശയത്തിനുവേണ്ടി അൽപമെങ്കിലും സമയം നീക്കിവെയ്ക്കാൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു.

*ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ വിശ്വസിച്ചുകൊണ്ട് ബാലപ്രസിദ്ധീകരണം ആരംഭിക്കുമ്പോൾ സ്വീകരിച്ച പ്രധാനനടപടികൾ എന്തെല്ലാമാണ് ? അത്തരത്തിൽ മാറ്റങ്ങൾ ഉള്ളടക്കത്തിന്റെ തിരഞ്ഞെടുപ്പിനെ സ്വാധീനിച്ചിരുന്നോ ?*

തീർച്ചയായും. ബാലപ്രസിദ്ധീകരണത്തിലെ ഫെമിനിസ്റ്റ് സമീപനം എങ്ങനെയായിരിക്കണം, അതിനായി പെൺകുട്ടികളെ കേന്ദ്രകഥാപാത്രങ്ങളാക്കിയുള്ള കഥകൾ മാത്രം സ്വീകരിച്ചാൽ മതിയോ, അതോ നിലവിൽ പ്രസിദ്ധിയാർജിച്ച ബാലകഥകളുടെ നവീകരിക്കപ്പെട്ട സ്ത്രീകേന്ദ്രീകൃത ശൈലിയിലുള്ളവ അവതരിപ്പിക്കണമോ, ഭാഷ, ചുറ്റുപാട് എങ്ങനെയുള്ളതായിരിക്കണം, എന്നതാണ് ആദ്യം ഞങ്ങൾക്ക് മുന്നിലുണ്ടായിരുന്ന വെല്ലുവിളികൾ.

*എങ്ങനെയാണ് ഈ ചോദ്യങ്ങളെ അഭിമുഖീകരിച്ചത് ? എത്തരത്തിലുള്ള കഥകളാണ് പ്രസിദ്ധീകരണത്തിനായി സ്വീകരിച്ചത് ?*

സാഹിത്യത്തെപ്പോലെ തന്നെ കലയേയും ഇഷ്ടപ്പെടുന്നവരും അതിനെ പ്രോത്സാഹിപ്പിക്കണം എന്ന് ചിന്തിക്കുന്നവരുമായിരുന്നു ഞാനും ഗീതാ വുൾഫും. കഥകളിൽ അതിനാൽ ധാരാളമായി ചിത്രങ്ങൾ വേണമെന്നതിൽ ഞങ്ങൾക്ക് സംശയമില്ലായിരുന്നു. മാത്രമല്ല ,കുട്ടികളുടെ ഭാവനയെ വളർത്താനും വായനയെ ആകർഷകമാക്കാനും ഇത് സഹായിക്കുന്നു.

*ചെറിയ കുട്ടികളെ സംബന്ധിച്ചിടത്തോളം വായനയുടെ/ഭാഷയുടെ പരിമിതികളെ മറികടക്കാനും ഇതുസഹായിക്കും. അല്ലേ ?*

അതേ. എഴുത്തുകാരെപ്പോലെ തന്നെ ഇല്ല്യൂസ്ട്രേടർസിനും ഞങ്ങൾ തുല്യ പ്രാധാന്യം കൊടുത്തു. അങ്ങനെ കഥ വായിക്കുന്ന പോലെതന്നെ ഒപ്പം ചിത്രങ്ങൾ വായിച്ചും ഉള്ളടക്കം ആസ്വദിക്കാൻ സാധിക്കും. ഉള്ളടക്ക സ്വീകരണവും അതുപോലെ പ്രാധാന്യമുള്ളതായിരുന്നു. ദേശീയത, പൗരത്വം, മതവിശ്വാസം, തൊട്ടുകൂടായ്മ, സവർണ്ണത- അവർണ്ണത തുടങ്ങിയ ധാരാളം വാക്കുകൾ പുതിയ തലത്തിൽ ചർച്ചചെയ്യപ്പെട്ടുകൊണ്ടിരുന്ന സമൂഹത്തിലെ കുട്ടികളെയാണ് നമ്മൾ അഭിമുഖീകരിക്കേണ്ടത്. സാധാരണക്കാരിൽ സാധാരണക്കാരായ ജനങ്ങളുടെ കഥകൾ ഞങ്ങൾ പറഞ്ഞു. ധീരരായ, ചൊടിയുള്ള, കുറുമ്പുള്ള ആൺകുട്ടികളും പെൺകുട്ടികളും കഥാപാത്രങ്ങളായി.

*ഫെമിനിസം, തുല്യത എന്നിവയെല്ലാം പഠിപ്പിക്കുകയല്ല, മറിച്ച് അതിന്റെ ശരിയായ അർത്ഥം മനസ്സിലാക്കി കൊടുക്കുന്നു. അല്ലേ ? ബാല്യത്തിൽ പുരുഷകേന്ദ്രീകൃതമായ, രാജകുമാരന്മാരെ കാത്തിരിക്കുന്ന രാജകുമാരികളുടെ കഥ മാത്രം വായിച്ചുവളർന്ന കുട്ടികൾ വലുതായപ്പോഴാണ് നമുക്ക് ഫെമിനിസം ചർച്ച ചെയ്യപ്പെടേണ്ടി വന്നത്. പ്രസിദ്ധീകരണത്തിൽ ഇത്തരത്തിൽ പൂർവ്വ മാതൃകകൾ ഉണ്ടായിരുന്നോ ?*

അക്കാലത്ത് തമിഴിൽ കുട്ടികൾക്കായുള്ള പ്രസിദ്ധീകരണത്തെ ഗൗരവമായി കണ്ടിരുന്ന പ്രസിദ്ധീകരണങ്ങൾ കുറവായിരുന്നു. ഇല്ല എന്നുതന്നെ പറയാം. എന്നാൽ മലയാളത്തിൽ ഇതല്ല സ്ഥിതി. അമർ ചിത്രകഥ ഉണ്ടായിരുന്നു. നാഷണൽ ബുക്ക് ട്രസ്റ്റ്, ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ് എന്നിവയുടെ പ്രസിദ്ധീകരണങ്ങൾ ഉണ്ടായിരുന്നു. അന്ന് ഭാരതത്തിൽ തന്നെ രണ്ടേ രണ്ടു സംസ്ഥാനങ്ങളിൽ




മാത്രമേ ബാലപ്രസിദ്ധീകരണത്തെ ഗൗരവമായി കണ്ടിരുന്നുള്ളൂ. കേരളത്തിലും ബംഗാളിലും. ഹിന്ദിയിൽ കുറച്ചെല്ലാം പുസ്തകങ്ങൾ ഇറങ്ങിയിരുന്നു. എന്നാൽ അത്ര ഉണ്ടായിരുന്നില്ല. മറിച്ച് ബംഗാളിൽ ധാരാളമായി പുസ്തകങ്ങൾ ഇറങ്ങി. തമിഴിൽ അതുവരെ മലയാളത്തിന്റെ പരിഭാഷ അല്ലെങ്കിൽ അതേപടി പിന്തുടരുക എന്ന നിലയിലെ ഉണ്ടായിരുന്നുള്ളൂ. അതിനാൽ മുൻമാതൃക ഇല്ലായിരുന്നു. ഭാഷ വെറും വിവർത്തനം മാത്രമല്ല. ഓ

രോ ഭാഷക്കും അതിന്റേതായ ശൈലിയും സ്വഭാവും ഉണ്ട്. ഫെമിനിസ്റ്റ് ചിന്താധാരയിൽ സ്വതന്ത്രമായി ഞങ്ങൾ പ്രസിദ്ധീകരണം ആരംഭിച്ചു. തൂലിക ബുക്സും ഇത്തരത്തിൽ പ്രസിദ്ധീകരണ മാതൃക പിന്തുടർന്നു. തമിഴിലെ ശക്തവും ജനപ്രിയവുമായ ബാലപ്രസിദ്ധീകരണകേന്ദ്രമായി ഇവ രണ്ടും പിന്നീട് മാറുകയുണ്ടായി.

*പ്രസിദ്ധീകരണ രംഗത്തെ ആദ്യ സ്ത്രീസാന്നിധ്യം എന്ന രീതിയിൽ ഇതിനെ അവതരിപ്പിക്കാൻ സാധിക്കുമോ ?*

ഇല്ല. ആദ്യകാലങ്ങളിൽ സ്ത്രീകൾ ധാരാളമായി പ്രസിദ്ധീകരണ മേഖലയിൽ ഉണ്ടായിരുന്നു. 1980കളുടെ ആദ്യത്തിൽ ഉർവശി ഭൂട്ടാലിയ, ഋതു മേനോൻ എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ച കാളി ഫോർ വിമൺ ഫെമിനിസ്റ്റ് ചിന്താപദ്ധതിയിൽ ഉണ്ടായ ഭാരതത്തിലെ ശക്തവും പ്രധാനപ്പെട്ടതുമായ ഒരു സംരംഭമാണ്. കേരളത്തിലും സ്ത്രീകളുടെ നേതൃത്വത്തിൽ പ്രസിദ്ധീകരണങ്ങൾ ഉണ്ടായിരുന്നു. 1980– 85 കാലഘട്ടത്തിൽ അഞ്ചോ ആറോ മാഗസിനുകൾ സ്ത്രീകളുടെ നേതൃത്വത്തിൽ ഉണ്ടായിരുന്നു. സാമ്പത്തിക നേട്ടം കേന്ദ്രീകരിച്ചിട്ടുള്ള കച്ചവട മാഗസിനുകളായിരുന്നില്ല ഇവയൊന്നും. എന്നാൽ സ്ത്രീയുടെ ചിന്തകളെ അവ അടയാളപ്പെടുത്തി. എല്ലാ ഭാഷയിലും ഇത്തരം നേതൃമാറ്റങ്ങൾ ഉണ്ടായിരുന്നു. ദേശീയ തലത്തിൽ മാനുഷി അതിലൊന്നാണ്. 1979ലാണ് അത് നിലവിൽ വരുന്നത്. ഇംഗ്ലീഷിലും ഹിന്ദിയിലും അവർ പ്രസിദ്ധീകരിച്ചു. പിന്നീട് അവരുടെ രാഷ്ട്രീയ നിലപാടുകളിൽ മാറ്റം വന്നു. തമിഴിൽ അരക്കോണത്തുനിന്നും ദലിത് വുമൺ ആക്റ്റിവിസ്റ്റ് ആയിട്ടുള്ള ഫാത്തിമ ബെർണാട് ആരംഭിച്ച മഹിളർകുരൽ (സ്ത്രീ ശബ്ദം), ട്രിച്ചിയിൽ നിന്നും സുഭദ്ര ആരംഭിച്ച ഭാരതി സുട്ടുംവിഴി ചുട ( സുബ്രമണ്യ ഭാരതിയുടെ കൃതിയിൽ നിന്നും സ്വീകരിച്ച പേര്) സുഭദ്ര, സെൽവം, അരുണ എന്നിങ്ങനെ ഒരുപാട് സ്ത്രീകളുടെ നേതൃത്വത്തിലാണ് അവർ പ്രവർത്തിച്ചത്. 15 കൊല്ലത്തോളം തുടർച്ചയായി അവർ പ്രസിദ്ധീകരണ മേഖലയിൽ ഉണ്ടായിരുന്നു. എട്ട് പേജുകൾ മാത്രം ഉള്ളടക്കമുള്ള പുതിയ കുറൽ (പുതിയ ശബ്ദം) എന്ന മാഗസിൻ നാഗർകോവിലിൽ നിന്നും ഓവിയയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഫെമിനിസ്റ്റ്– റാഷണലിസ്റ്റ് ആദർശങ്ങൾ നിറഞ്ഞതായിരുന്നു പുതിയകുറൽ. ജയ് ഭീം ചിത്രത്തിലൂടെയെല്ലാം ജസ്റ്റിസ് ചന്ദ്രുവിനെക്കുറിച്ച് കേട്ടിട്ടുണ്ടാവുമല്ലോ, അദ്ദേഹത്തിൻറെ പത്നി ഭാരതി 'പെൺ'(സ്ത്രീ) എന്ന പേരിൽ ഒരു മാഗസിൻ നടത്തിയിട്ടുണ്ടായിരുന്നു. തമിൾനാട്ടിൽ നിന്നും അയിഡ്വയുടെ ( ഓൾ ഇന്ത്യ ഡെമോക്രാറ്റിക് വിമൺസ് അസോസിയേഷൻ) മാഗസിൻ, മഹിളർ സിന്തനൈ, സൂര്യോദയ, പെണ്ണൊരുമൈ എന്നിവ. സ്ത്രീകളുടെ നേതൃത്വത്തിൽ ഇങ്ങനെ നിരവധി മാഗസിനുകൾ അന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. ഇതൊന്നും വാണിജ്യാടിസ്ഥാനത്തിൽ ലാഭത്തിനുവേണ്ടി മാത്രം പ്രസിദ്ധീകരിക്കപ്പെട്ടവയല്ല. മറിച്ച് വ്യക്തമായ നിലപാടുകൾ ഇവർക്കെല്ലാം ഉണ്ടായിരുന്നു. ഫെമിനിസ്റ്റ് പ്രസ്സ് എന്ന ഒന്ന് ദക്ഷിണേന്ത്യയിൽ അന്നുണ്ടായില്ല, പക്ഷേ ആദ്യ ഫെമിനിസ്റ്റ് ബുക്ക് സ്റ്റോർ (സ്ത്രീലേഖ) ബാംഗ്ലൂർ ആണ് പ്രവർത്തിച്ചത്. തമിഴ്നാട് സ്വദേശി സെലിൻ ആണ് ഇതിന് നേതൃത്വം കൊടുത്തിരുന്നത്. 90 കൾക്ക് ശേഷം ഇത്തരം ശക്തമായ പ്രവർത്തനങ്ങളുടെ പ്രതിഫലനമെന്ന രീതിയിൽ എല്ലാ പ്രമുഖ പബ്ലിഷിങ് വിഭാഗത്തിനും ഒഴിവാക്കാനാവാത്ത ഘടകമായി ഫെമിനിസ്റ്റ് സാഹിത്യം വളർന്നു.




സ്ത്രീകളുടെ രചനകളെക്കുറിച്ച്, അതിന്റെ ഉള്ളടക്കത്തെക്കുറിച്ചെല്ലാം നാം ചർച്ചചെയ്യാറുണ്ട്. എന്നാൽ സ്വന്തം സാഹിത്യസൃഷ്ടിക്കപ്പുറം കല സാഹിത്യമേഖലയിലും രാഷ്ട്രീയത്തിലും ഇടപെടുകയും അതിലെ മാറ്റങ്ങളെക്കുറിച്ച് അവബോധരായി എഴുതാനും മറ്റുള്ളവരെ അതിനെക്കുറിച്ച് ചിന്തിപ്പിക്കാനും ശക്തരായ പബ്ലിഷിങ് വിഭാഗത്തിലെ സ്ത്രീകളെക്കുറിച്ച് നാം അതിന്റെ പ്രാധാന്യത്തിൽ പൊതുവേ ചർച്ച ചെയ്യപ്പെട്ടുകണ്ടിട്ടില്ല.

90കളുടെ അവസാനത്തിലും രണ്ടായിരത്തിന്റെ ആരംഭത്തിലുമായി പെണ്ണെഴുത്തിന്റെ ശക്തമായ ഒരു പുതുതലമുറ ഉയർന്നുവരികയുണ്ടായി. സൽമ, കുട്ടിരേവതി, സുകിർതറാണി, മാലതിമൈത്രി എന്നിങ്ങനെ നിരവധി ശക്തരായ എഴുത്തുകാർ. എന്നാൽ പബ്ലിഷിങ് എന്നത് വ്യത്യസ്തമായ മേഖലയാണ്. സ്വയം എഴുതുന്നതിനൊപ്പം മറ്റുള്ളവരെ ചിന്തിപ്പിക്കാനും എഴുതാനും പബ്ലിഷിങ് സഹായിക്കുന്നു. സ്വന്തം ചിന്തകൾ ചർച്ചചെയ്യപ്പെടുക, അച്ചടിക്കപ്പെടുക എന്നിവയെല്ലാം എഴുത്തുകാരിലുണ്ടാക്കുന്ന ആത്മവിശ്വാസം, അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന മാറ്റങ്ങൾ എല്ലാം വളരെ വലുതാണ്. സാഹിത്യപ്രവർത്തനവും പബ്ലിഷിങ്ങും വ്യത്യസ്തരീതിയിലാണ് സമൂഹത്തിൽ പ്രതിഫലനങ്ങൾ സൃഷ്ടിക്കുന്നത്. പ്രസാധനരംഗത്തെ സ്ത്രീമുന്നേറ്റങ്ങളുടെ തുടർച്ചയായി തങ്ങളെ വിലയിരുത്താനോ അവയുമായി ചേർന്നു

പ്രവർത്തിക്കാനോ പല എഴുത്തുകാരും ശ്രദ്ധിക്കാറില്ല. എന്നാൽ പ്രസാധകരും എഴുത്തുകാരും ചേർന്നുനിന്ന് പ്രവർത്തിച്ച സന്ദർഭങ്ങളുമുണ്ട്. ഒന്നിങ്ങനെയാണ്, വിശദമായ വിവരങ്ങൾ ഞാൻ ഓർക്കുന്നില്ല. ഒരിക്കൽ ഒരു പ്രമുഖ എഴുത്തുകാരൻ കുട്ടി രേവതിയുടെ കൃതിയെക്കുറിച്ചും പെണ്ണെഴുത്തിനെക്കുറിച്ചും എഴുത്തുകാരെക്കുറിച്ചും ചില തെറ്റായ വിമർശനങ്ങൾ നടത്തുകയുണ്ടായി. മുൻനിര എഴുത്തുകാരി കൃശാന്തിനി ഇത്തരം വിമർശനത്തെ എതിർക്കുകയും പെണ്ണെഴുത്തിനെ അടിസ്ഥാനമില്ലാതെ വിമർശിക്കുന്നതിനെ എതിർക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സംഘടിതരാവേണ്ടതിനെക്കുറിച്ചും ബോധവത്കരിച്ചു. ഇതിന്റെ ഭാഗമായി എഴുത്തുകാരും പ്രസാധകരും സംഘടിക്കുകയും ചെയ്തു. ശ്രീലങ്കയിലെ തമിഴ് പെണ്ണെഴുത്തുകാരും ഇതിൽ നമ്മളോടൊപ്പം ചേർന്നു. ചെറിയ മാഗസിനുകളിൽ എഴുതിയിരുന്നവർ മുതൽ മുൻനിര എഴുത്തുകാർ വരെ എല്ലാ പെണ്ണെഴുത്തുകാരും, പ്രസാധനരംഗത്തെ സ്ത്രീ എഴുത്തുകാരും അന്ന് ആദ്യമായി ചേർന്ന് രചനകൾ നിർവഹിക്കുകയും പൊതുസമ്മേളനങ്ങൾ കൂടുകയും ചെയ്തു. രണ്ടായിരുന്ന വലിയ സാഹിത്യധാരകൾ ഒരുമിച്ച് പ്രവർത്തിച്ച ആദ്യ സംഭവമാകാം ഇത്. ഇന്നൊന്നും ഈ ചരിത്രത്തെക്കുറിച്ച് ഓർക്കാനോ ചർച്ച ചെയ്യാനോ ദൗർഭാഗ്യകരമെന്നോണം ആരും തയ്യാറല്ല.



സാഹിത്യരചനയ്ക്കു വേണ്ടി പുരുഷകേന്ദ്രീകൃതമായ അതിരുകളെ എതിർക്കേണ്ടി വരുന്നതിന്റെ ബുദ്ധിമുട്ടുകളെക്കുറിച്ചാണ് നാം വാചാലരാകാറുള്ളത്. എന്നാൽ ഇതെല്ലാം നിലനിന്നപ്പോഴും ഇതിനെയെല്ലാം പ്രതിരോധിച്ച് സംഘടിതരാകാനും നേതൃനിരയിൽ നിന്ന് സമൂഹത്തിലും സാഹിത്യസൃഷ്ടിയിലും ചലനങ്ങൾ സൃഷ്ടിച്ച പ്രസാധനചരിത്രത്തിലെ സ്ത്രീകളെ നാം വായിക്കാതെ പോവുകയും ചെയ്യുന്നു.

തീർച്ചയായും എല്ലാ പ്രവർത്തനങ്ങളും പ്രതിരോധങ്ങളും അതിന്റേതായ രീതിയിൽ പ്രാധാന്യമർഹിക്കുന്നതാണ്. എന്നാൽ പ്രസാധനരംഗത്ത് പ്രവർത്തിക്കുമ്പോൾ സമൂഹത്തെ കൂടുതൽ അറിയാനും ഇഴചേർന്ന് പ്രവർത്തിക്കാനും ഒരുപാട് പേരെ സ്വാധീനിക്കാനും അവർക്ക് ഊർജം പകരാനും സാധിക്കുന്നു.കേവലം ഒരു വ്യക്തിയുടെ അതിരുകളല്ല കൂട്ടായ പ്രവർത്തനത്തിലൂടെ സമൂഹത്തിന്റെ അതിരുകളെ മായ്ക്കാൻ പ്രസാധനം സഹായിക്കുന്നു. മാത്രമല്ല, ഈ പ്രസാധകരെല്ലാം മത്സരബുദ്ധിയോടെയല്ലാതെ സഹകരണത്തോടെ പ്രവർത്തിച്ചിരുന്നു എന്നതും പ്രസാധനം എങ്ങനെ മനുഷ്യന്റെ ചിന്തകളെ സ്വാധീനിക്കുന്നു എന്നതിന്റെ വലിയ തെളിവാണ്.

കാലിക്കറ്റ് വിമൻസ് കോൺഫറൻസിന് ശേഷം 2020 ജനുവരിയിൽ തമിഴ്നാട് വിമൺസ് കോർഡിനേഷൻ കമ്മറ്റിയുടെ നേതൃത്വത്തിൽ വ്യത്യസ്ത തലമുറകളിലെ എഴുത്തിന്റെ മേഖലയിലെ സ്ത്രീകൾ ഒരുമിച്ച് സമ്മേളനവും ചർച്ചയും സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. 600പേരാണ് അന്ന് പങ്കെടുത്തത്. സ്ത്രീകളുടെ നേതൃത്വത്തിൽ 21ലധികം പബ്ലിഷിങ് ഹൗസുകൾ ഉണ്ടായിരുന്നതായി അന്ന് ചർച്ചയിൽ പറയുകയുണ്ടായി. സ്ത്രീകളുടെ ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ച് നമ്മളെങ്കിലും ഓർക്കുകയും അംഗീകരിക്കുകയും ചെയ്തില്ലെങ്കിൽ പിന്നെ ആരാണ് ചെയ്യുക? രണ്ടായിരത്തോളം പേർ പങ്കെടുത്ത കാലിക്കറ്റ് വിമൺസ് കോൺഫറൻസിലാണ് തമിഴ്നാട് വിമൺസ് കോർഡിനേഷൻ കമ്മറ്റി രൂപമെടുത്തത്. ജെ. ദേവിക അതിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. വരും കാലങ്ങളിൽ സ്ത്രീകളുടെ ശക്തി സ്വയം തിരിച്ചറിഞ്ഞു സമൂഹത്തിൽ ശക്തമായ സ്വാധീനമായ് മാറാൻ നമുക്ക് പ്രാപ്തിയുണ്ട്.

*താരാ പബ്ലിഷിങ്ങിലെ ആദ്യ പുസ്തകം ഏതായിരുന്നു. ? എങ്ങനെ ആണ് അത് തിരഞ്ഞെടുത്തത് ?*

മാല എന്നതാണ് ആദ്യം പ്രസിദ്ധീകരിച്ച കഥ. ഒരു നാടോടിക്കഥയെ ആസ്പദമാക്കി നിർമ്മിച്ച ചലച്ചിത്രത്തിന്റെ സ്വതന്ത്ര ആവിഷ്കാരമാണ് മാല. മഴയുടെ വിത്ത് തേടിപ്പോയ നിഷ്കളങ്കയായ പെൺകുട്ടിയുടെ കഥയാണ് മാല. ചോദ്യങ്ങൾ ചോദിക്കുന്ന, പ്രശ്നങ്ങൾക്ക് പരിഹാരം തേടി അലയുന്ന, പ്രശ്നങ്ങൾ പരിഹരിക്കുന്ന മിടുക്കിയാണ് മാല. ഇങ്ങനെ ധാരാളം പെൺകുട്ടികളും ആൺകുട്ടികളും നിറഞ്ഞവയാണ് ഞങ്ങളുടെ കഥകൾ.

ഇംഗ്ലീഷിൽ സാധാരണയായി പ്രിൻസസ്സ് കഥകളാണല്ലോ വായിക്കാൻ ലഭിക്കുക.

അതെയതേ, എന്നാൽ രാജകുമാരികളല്ല നമ്മുടെ കഥയിലുള്ളവർ, മറിച്ച് സമൂഹത്തിലെ തൊഴിലാളികളുടെ മക്കളുടെ അതിജീവനത്തിനായി പൊരുതുന്ന സാധാരണക്കാരുടെ മക്കളാണ് കഥാപാത്രങ്ങളാവുന്നത്. കൂടാതെ ഗോത്രവിഭാഗത്തിലെ ജനങ്ങളുടെ കഥകൾ, അവരുടെ ജീവിതം ക

ഥയായി അവതരിപ്പിക്കാറുണ്ട്. ഗുജറാത്തിലെ നാടോടിവിഭാഗത്തിലെ തേജൂഭായിയുടെ കഥ അത്തരത്തിൽ ഉള്ളതാണ്.

*കുട്ടികളോട് സമൂഹത്തെക്കുറിച്ച്, സാമൂഹിക നീതിയെക്കുറിച്ച്, തുല്യതയെക്കുറിച്ച് പഠിപ്പിക്കുകയല്ല മറിച്ച് കഥകളിലൂടെ ഏറ്റവും ലളിതവും സ്വാഭാവികവുമായി മനസ്സിലാക്കികൊടുക്കുന്നു, അല്ലേ ?*

എനിക്കു ഏറ്റവും പ്രിയപ്പെട്ടത് Mother Steals a Bicycle and Other Stories ആണ്. അമ്മ കുട്ടിക്കാലത്ത് ചെയ്ത കുറുമ്പുകളാണ് ഇതിൽ അവതരിപ്പിച്ചിരിക്കുന്നത്. വികൃതിയായ, സ്വപ്നങ്ങളും കുറുമ്പുകളും ഉള്ള അമ്മയെ നമുക്ക് കാണിച്ചുതരുന്നു.

ഹിസ് സ്റ്റോറീസ് ആണല്ലോ നമ്മൾ ഇതുവരെ പഠിച്ചിട്ടുള്ളത്. അവളുടെ കഥകളും സ്വപ്നങ്ങളും ഇനി വായിക്കപ്പെടട്ടെ. താരാ ബുക്സിനെക്കുറിച്ച് ആദ്യം വായിച്ചപ്പോൾ എന്റെ മനസ്സിൽ വന്ന ചിന്തയും അതുതന്നെ ആയിരുന്നു. ഫെമിനിസ്റ്റ് ആശയങ്ങളിൽ വിശ്വസിക്കുന്നവർ പ്രസാധനം നടത്തുമ്പോൾ ഉള്ളടക്കത്തിലും പ്രവർത്തനരീതിയിലും തന്നെ വലിയ മാറ്റങ്ങൾ അതിലുണ്ടാകുമല്ലോ എന്നത്. എങ്ങനെയാണ് ഈ ആശയത്തെ ബാലപ്രസാധനത്തിൽ സമന്വയിപ്പിക്കുന്നത്?

ഫെമിനിസം എന്നത് കേവലം ചിന്താധാരയല്ല. മറിച്ച് അതാണ് ചിന്തയുടെയും ലോകത്തെ മനസ്സിലാക്കുന്നതിൻറേയും പ്രവർത്തിയുടേയുമെല്ലാം അടിസ്ഥാനം. ഉള്ളടക്ക സ്വീകരണത്തിൽ മാത്രമല്ല എല്ലാ പ്രവൃത്തിയും ഈ ആശയത്തെ അടിസ്ഥാനമാക്കിയാണ്. ഉദാഹരണത്തിന് താരയിൽ വിവേചനത്തിന്റെ അധികാരശ്രേണി ഇല്ല. എല്ലാവരും തുല്യ പ്രാധാന്യമർഹിക്കുന്നവരാണ്. ജോലിപരിചയത്തിന്റെ അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യുന്ന ഉത്തരവാദിത്തങ്ങളിൽ വ്യത്യാസമുണ്ടാകും. പക്ഷേ എല്ലാവരുടെയും അഭിപ്രായത്തിനും തുല്യ പ്രധാന്യം കൊടുക്കുകയും ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് അത്തരത്തിൽ ചർച്ച സംഘടിപ്പിക്കുകയും ചെയ്യും. തുറന്നുസംസാരിക്കാനും എതിർക്കാനും ഉള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. ഇതാണ് ഫെമിനിസ്റ്റ് പ്രോസസ്സ് എന്നു ഞാൻ വിശ്വസിക്കുന്നു. സ്ഥാപനത്തിൽ പ്രവർത്തിക്കുന്നവർ സ്ത്രീകളാണ്. ഒരു പുരുഷനുണ്ട്, അദ്ദേഹവും ഫെമിനിസ്റ്റ് ആണ്.

ഞങ്ങൾ മറ്റൊരു വിഷയത്തിൽ കൂടുതലായും താല്പര്യപ്പെട്ടിരിക്കുന്നത് ഫെമിനിസ്റ്റ് കലയിലാണ്. കല എന്നുദ്ദേശിക്കുന്നത് സമകാലിക കലയെയാണ് . നമ്മൾ ഇന്ന് പിന്തുടരുന്ന കലയുടെ പല രൂപങ്ങളും സ്ത്രീകൾ പ്രയോഗത്തിൽ കൊണ്ടുവന്നതും രൂപപ്പെടുത്തിയതുമാണ്. അതിപ്പോൾ ഗോത്രകലകളോ, ഗ്രാമീണ കലകളോ ആയിക്കോട്ടെ അതിന്റെ ഉത്ഭവം സ്ത്രീകളിൽ നിന്നായിരുന്നു. അത്തരത്തിൽ കലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളെയും പുരുഷന്മാരെയും ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. ആ രീതിയിൽ ഞങ്ങൾ ഒരുമിച്ചു പ്രവർത്തിച്ച ആദിവാസി കലാകാരനാണ് ബജ്ജൂ ശ്യാം. തമിഴ്നാട്ടിൽ സ്ത്രീകൾ കോലം വരയ്ക്കുന്ന പോലെ മധ്യപ്രദേശിൽ നിലവിലുള്ള ഒന്നാണ് ദിഗ്ന. മണ്ണുകുഴച്ച് വീടിന്റെ മൺതറകളിൽ ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കുകയാണ് ഇതിൽ ചെയ്യുന്നത്. ബജ്ജൂശ്യാമിന്റെ വാക്കുകൾ ഇങ്ങനെയാണ് “കലയുടെ അക്ഷരങ്ങളാണ് സ്ത്രീകൾ. എന്നാൽ അവർ സ്വയം കലാകാരായി അംഗീകരിക്കുന്നില്ല. വീടിനെ പരിപാലിക്കുന്നതിന്റെ ഒരു ഭാഗം മാത്രമാണ് അവർക്ക് കലയും. എങ്ങനെയാണോ അവരുടെ വീട്ടുജോലികളെ അംഗീകരിക്കാതിരിക്കുന്നത് അതുപോലെ അവരുടെ കലയേയും അവഗണിക്കുന്നു.” ഇത്തരം പ്രശ്നങ്ങളെയാണ് ഞങ്ങൾ അഭിമുഖീകരിച്ച് പരിഹരിക്കാൻ ശ്രമിക്കുന്നത്. രാജസ്ഥാനിലെ മീനാ വിഭാഗത്തിലെ സ്ത്രീകൾ ചെയ്യുന്ന കലാപ്രവർത്തനമിങ്ങനെയാണ് അവർ വീടിന്റെ മൺചുമരുകൾ ആഘോഷവേളകളിൽ പെയിന്റ് ചെയ്യുന്നു. വലിയ കോണികൾ ഉപയോഗിച്ച് വീടിന്റെ ചുമരുകൾ അവർ അലങ്കരിക്കുന്നു. ഇത്തരത്തിലുള്ള സ്ത്രീകലാരൂപങ്ങളെയാണ് ഞങ്ങൾ വളർത്താൻ ശ്രമിക്കുന്നത്.

*അവർ പലപ്പോഴും ഇത് ഫെമിനിസമാണ്, കല അംഗീകരിക്കപ്പെടേണ്ടതാണ് എന്നൊന്നും തിരിച്ചറിയുന്നുണ്ടാവില്ല. അല്ലേ?*

അതേ. അവർ പ്രത്യക്ഷത്തിൽ അവരെത്തന്നെ കലാകാരികളായി അംഗീകരിക്കാതിരുന്നാൽ പോലും അവരുടെ കലയെ അംഗീകരിക്കുന്നതിലൂടെ അവരുടെ ആത്മാഭിമാനത്തിലും കാഴ്ചപ്പാടുകളിലും വ്യത്യാസം വരികയാണ്. ജീവിതരീതിയിൽ മാറ്റങ്ങൾ വരികയാണ്. നോക്കൂ സോഷ്യലിസം പ്രവർത്തിക്കുന്നത് ഇങ്ങനെയാണ്. അവരുടെ കലകൾ കൂടുതലായി തിരിച്ചറിയാനും അതു പുസ്തകങ്ങളിലൂടെ കുട്ടികളിലേക്കും പുതുതലമുറകളിലേക്കും പകരാനും ഞങ്ങൾ ശ്രമിക്കുന്നു. സമൂഹത്തിലെ ഇത്തരം കലകളെ തിരിച്ചറിയാനും അവർക്ക് പ്രാപ്തി നല്കുന്നു. പുസ്തകങ്ങളിലൂടെ ചെറിയൊരു വരുമാനം മാത്രമേ അവർക്ക് ലഭിക്കുന്നുള്ളൂ. നമ്മളുടെ ഒരു കാലഘട്ടം കഴിഞ്ഞാലും പുസ്തകത്തിലൂടെ അതുവായിക്കുന്നവരിലൂടെ കല തലമുറകളോളം നിലനിൽക്കുന്നു. പ്രസാധനം അത്തരത്തിൽ ഒരു സാമൂഹിക പ്രവർത്തനം കൂടിയാണ്. ഈ കലയ്ക്ക് ജനശ്രദ്ധ ലഭിക്കുമ്പോൾ മറ്റ് മാധ്യമങ്ങളിലൂടെ വിപണിമൂല്യം നേടാനും ആത്മാഭിമാനം കൈവരിക്കാനും അവർ പ്രാപ്തരാവുന്നു. കലയെ അതേപടി ചിലപ്പോൾ നമുക്ക് പ്രസാധനത്തിൽ ഉപയോഗിക്കാൻ സാധിക്കു

കയില്ല. ചിലപ്പോൾ അവരുടേതിൽ ഒരു നിറം മാത്രമേ ഉപയോഗിക്കുന്നുണ്ടാവുള്ളൂ, നമ്മൾ പ്രസാധനസാധ്യതകൾ വിവരിക്കുമ്പോൾ കമ്പ്യൂട്ടർ വഴി മാറ്റങ്ങൾ വരുത്താൻ നിറം പകരാൻ അവർ നമ്മളോട് പറയുന്നു. കലയെ പുനരുദ്ധാരണം ചെയ്യാനും പരസ്പരം പ്രോത്സാഹിപ്പിക്കുന്നു. ആദ്യം സൂചിപ്പിച്ചതുപോലെ പ്രസാധനം എന്നത് കൂട്ടായ ഒരു പ്രവർത്തനമാണ്. സ്വയം വളരുകയല്ല, ഒരുമിച്ച് വളരുകയാണ്, അതിനു പ്രോത്സാഹനമാവുകയാണ് ചെയ്യുന്നത്.

*മുൻപു കണ്ടിട്ടുള്ളവയിൽ നിന്നും വ്യതിരിക്തമായ അവതരണവും ഉള്ളടക്കവുമാണ് താര ബുക്സിനുള്ളത്. വായനക്കാരുടെ പ്രതികരണം എങ്ങനെയായിരുന്നു ?*

വായനക്കാരെക്കുറിച്ച് വളരെ തെറ്റിദ്ധാരണയാണ് സമൂഹത്തിൽ നിലനിൽക്കുന്നത്. വളരെ ഹൃദ്യമായ സ്വീകരണമാണ് വായനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായത്. വിപണനശൈലി പിന്തുടരുകയല്ല മറിച്ച് കുട്ടികൾക്ക് ഏറ്റവും നല്ലത് തിരഞ്ഞെടുത്ത് നൽകാൻ ശ്രമിക്കുന്ന വളരെ പുരോഗമന ചിന്താഗതിക്കാരായ വായനക്കാരാണ് നിലവിലുള്ളത്. ഞങ്ങൾ കുട്ടികൾക്ക് വേണ്ടി മാത്രമല്ല മുതിർന്നവർക്കുവേണ്ടിയും ചിത്രപുസ്തകങ്ങൾ തയ്യാറാക്കാറുണ്ട്. ചിലപ്പോൾ മുതിർന്നവർ കുട്ടികളുടെ പുസ്തകങ്ങൾ ധാരാളമായും തിരഞ്ഞെടുത്ത് കാണാറുണ്ട്. ഞങ്ങൾ ഇതിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ ഞങ്ങൾക്കും കുട്ടികളുടെ ലോകം, അവരുടെ വീക്ഷണങ്ങൾ ഇഷ്ടമാണ് എന്ന് അഭിപ്രായപ്പെടും. പുസ്തകത്തിൽ ഉപയോഗിച്ചിരുന്ന കലാരൂപത്തെക്കുറിച്ച്, അതിന്റെ ചരിത്രം എന്നിവ ഞങ്ങൾ പുസ്തകത്തിന്റെ അവസാനപേജുകളിൽ കൊടുക്കാൻ ശ്രദ്ധിക്കാറുണ്ട്. അത്തരത്തിൽ വായനയുടെ ഒഴുക്കിനെ തടസ്സപ്പെടുത്താതിരിക്കുകയും എന്നാൽ ആവശ്യമുള്ളവർക്ക് വിജ്ഞാനം പകരുകയും ചെയ്യുന്നു. ഇപ്പോൾ വെബ്സൈറ്റിൽ പുസ്തകത്തെ കൂടുതലറിയാം എന്ന പേരിൽ ഇത്തരം കുറിപ്പുകൾ സൗജന്യമായി ഡൗൺലോഡ് ചെയ്തു വായിക്കാൻ സൗകര്യം ഒരുക്കുകയും ചെയ്യുന്നുണ്ട്. കോവിഡ്കാലമായപ്പോൾ ഇത്തരം സാങ്കേതികത കൂടുതലായും സാർവത്രികമാക്കി. വെബ്– ഇൻസ്റ്റ– ഫേസ്ബുക്ക് പേജുകളിലായി താരയെ കൂടുതൽ അറിയാനും വാങ്ങാനും വായിക്കാനും പറ്റും,.

കലകളെ പ്രോത്സാഹിപ്പിക്കുന്നു എന്നുപറഞ്ഞല്ലോ ഞങ്ങൾ ഇതിനായി വർക്ഷോപ്പുകൾ കുട്ടികൾക്കായി കോവിഡിന്ന് മുൻപു ധാരാളം സംഘടിപ്പിക്കാറുണ്ട്. എങ്ങനെ വ്യത്യസ്ത രീതിയിൽ ആനയെ വരയ്ക്കാം, ചീങ്കണ്ണിയെ വരയ്ക്കാം എന്നിങ്ങനെ. കുട്ടികൾ വലിയ ആഘോഷത്തോടെയാണ് ഇത് സ്വീകരിച്ചത്. ഇതാണ് പിന്നീട് 8 Ways to Draw an Elephant, 8 Ways to Draw a Crocodile എന്നിങ്ങനെയുള്ള പുസ്തകങ്ങളായി മാറിയത്. ഇവിടെ കുട്ടികളാണ് പുസ്തകങ്ങളെ സ്വാധീനിച്ചത്. ഇപ്പോൾ എനിക്ക് ആ കുട്ടികളോട് വലിയ കുശുമ്പുതോന്നുണ്ട്. ഉറപ്പായും മനസ്സിൽ കുട്ടിത്തം ഉള്ളവരാണ് .

Mother Steals a Bicycle and Other Stories എന്ന പുസ്തകവുമായി ബന്ധപ്പെട്ട് ഞങ്ങൾ മാതാപിതാക്കളെയും ഉൾപ്പെടുത്തി വർക്ഷോപ്പ് നടത്തിയിരുന്നു. അമ്മയോട് ഇതുപോലുള്ള അനുഭവങ്ങൾ ചോദിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിച്ചു. വർക്ക്ഷോപ്പുകൾ പ്രധാനപ്പെട്ടതാണ്.

*പാരമ്പര്യകലകളെ എങ്ങനെയാണ് പുസ്തകങ്ങളിൽ ഉൾക്കൊള്ളിക്കുന്നത് ?*

ബംഗാളിൽ സ്ക്രോൾപെയിന്റിങ് എന്നൊന്നുണ്ട്. വർക്ഷോപ്പിലൂടെ അർജിത്ത് (aurujith) എന്ന കലാകാരനുമായി സംവദിക്കുകയും പുസ്തകത്തിൽ അത് എങ്ങനെ ചേർക്കാം എന്നു ചർച്ചചെയ്യുകയും ചെയ്തു. ചിലപ്പോൾ ഇങ്ങനെ സ്വാഭാവികമായി കലകളെ പുസ്തകത്തിന്റെ ഭാഗമാക്കുകയും ചിലപ്പോൾ കേവലം വർക്ഷോപ്പ് എന്ന രീതിയിൽ മാത്രം അവ അവസാനിക്കുകയും ചെയ്യും.

*ഭാരതത്തിലെ വ്യത്യസ്ത ഗോത്ര വിഭാഗത്തിന്റെ കലാരൂപങ്ങൾ താരയിൽ ഉൾപ്പെടുത്തിയതായി കണ്ടു. എങ്ങനെയാണ് ഇവ തിരഞ്ഞെടുക്കുന്നത് ?*

രാജ്യത്തിന്റെ പല ഭാഗത്തേയ്ക്കും താരയുടെ പലരും അന്വേഷിച്ചുചെന്നിട്ടുണ്ടായിരുന്നു. കൂടാതെ ഗവൺമെന്റിന്റെ പല മേളകൾ വഴിയും പലരേയും കണ്ടുമുട്ടി.

*വെബ്സൈറ്റിൽ മാതാനി പച്ചേനിയെക്കുറിച്ച് വായിച്ചു. അതിനെക്കുറിച്ചൊന്നു പറയാമോ ?*

ഗുജറാത്തിലെ ദലിത് വിഭാഗത്തിന്റെ കലാരൂപമാണ് മാതാനി പച്ചേനി. അവർ പുറത്തറിയപ്പെടാൻ ആഗ്രഹിച്ചിരുന്നില്ല. ജഗദീഷ് ആണ് അവരെ പരിചയപ്പെടുത്തിയത്. മാതാവിന്റെ വസ്ത്രം എന്നാണ് മാതാനി പച്ചേനി എന്ന പദത്തിന്റെ അർത്ഥം. ദലിത് വിഭാഗത്തിന് ക്ഷേത്ര പ്രവേശനം അനുവദനീയമല്ല. പകരം അമ്മ ദൈവത്തെ തുണിയിൽ പതിപ്പിച്ച് അതിനെ അവർ ആരാധിക്കുന്നു. പട്ടുതുണിയിൽ പ്രിന്റ് ചെയ്താണ് അതിലെ അവരുടെ വിശ്വാസത്തെ,കലാ ചരിത്രത്തെ അവതരിപ്പിക്കുന്നത്, പുറത്തിറക്കിയത്. ഗീതയുടെ ഭർത്താവ് ഫ്രാങ്ക്ഫെർട്ടിലെ ഒരു മേളയിൽ ഇത് പ്രദർശിപ്പിച്ചപ്പോൾ നമ്മുടെ അവിടെ പുസ്തകങ്ങൾ ഇത്തരത്തിൽ പട്ടിൽ ധാരളമിറങ്ങുന്നു എന്ന അത്ഭുതത്തോടെ എണ്ണായിരം കോപ്പികൾ ആവശ്യപ്പെടുകയും നമ്മൾ പരീക്ഷണാടിസ്ഥാനത്തിൽ ഒരെണ്ണം ഉണ്ടാക്കിയതിൽ നിന്ന് ഇത്രയും എണ്ണം ചെയ്തുതയ്യാറാക്കി നൽകുകയും ഉണ്ടായി. ലാഭ

ത്തേക്കാൾ അതിനു പിന്നിലെ ആശയമാണ് ഞങ്ങളെ പ്രസിദ്ധീകരണത്തിന് പ്രോത്സാഹിപ്പിക്കുന്നത്. ശ്രീലങ്കൻ വിഷയം, കാറൽ മാർക്സിന്റെ 200-ാം ജന്മശതാബ്ദിയോടനുബന്ധിച്ചുള്ളതും എല്ലാം ഇത്തരത്തിൽ ഉള്ളതാണ്.

*തമിഴ്നാട് ഗവർൺമെൻറിന് വേണ്ടി പ്രസിദ്ധീകരണപദ്ധതിയിൽ സഹായിച്ചിരുന്നോ ?*

ഉവ്വ്, അതിൽ ശ്രദ്ധേയമായ അനുഭവം 2007-2010 കാലഘട്ടത്തിൽ സർവ്വ ശിക്ഷാ അഭിയാനുവേണ്ടി വലിയ തോതിൽ ചിത്രപുസ്തകങ്ങൾ ചെയ്തു കൊടുക്കുകയുണ്ടായി. മികച്ച ഭരണകർത്താക്കളിലൊരാളായ വിജയകുമാറിന്റെ നിർദ്ദേശപ്രകാരം ആയിരുന്നു അത്. ഉള്ളടക്കം എന്തുമാകാം, പക്ഷേ എഴുത്തുകാർ അദ്ധ്യാപകർ ആവണം എന്നായിരുന്നു അദേഹത്തിന്റെ ആകെയുള്ള നിബന്ധന. എന്നാൽ അങ്ങനെ ചെയ്താൽ നാൽപ്പതിനായിരം പുസ്തകങ്ങൾ അച്ചടിക്കും. വലിയ ഉത്തരവാദിത്തമാണ് ഇത്. അദ്ധ്യാപകർ എങ്ങനെ എഴുതും എന്ന ആശങ്കകളെ അകറ്റി വളരെ മികച്ച രീതിയിൽ രചന നിർവഹിക്കുന്ന എഴുത്തുകാരെ നമുക്ക് സൃഷ്ടിക്കാനായി. ഗ്രാമത്തെ മുഴുവൻ വൃത്തിയാക്കുന്ന സുന്ദരമണ്ണ എന്ന കവറോടെ തന്നെ തൊട്ടിപ്പണി ചെയ്യുന്ന ആളെ പ്രധാനകഥാപാത്രമാക്കുന്ന കഥകൾ മുതൽ സാധാരണക്കാരിൽ സാധാരണക്കാരായ തൊഴിലാളികളെ കേന്ദ്രകഥാപാത്രമാക്കുന്ന കഥകളാണ് ഒരധ്യാപകൻ അവതരിപ്പിച്ചത്. തൊഴിലിന്റെ മഹത്വത്തെ ഇതിലും ലളിതമായി എങ്ങനെ കുട്ടികൾക്ക് പറഞ്ഞു കൊടുക്കും.



*കോവിഡ് സമയത്തെ പ്രതിസന്ധികളെ എങ്ങനെയാണ് നേരിട്ടത് ?*

സാമൂഹിക മാധ്യമങ്ങളെ, നവ മാധ്യമങ്ങളെ വിതരണത്തിനും വിൽപനയ്ക്കും ഉപയോഗിച്ചിരുന്നു. എന്നാൽ സാധാരണ വിൽപനയുടെ അത്രയും ഈ വിപണനം എത്തുകയില്ല. കോവിഡ് നിയന്ത്രണങ്ങൾ തുടർന്നാൽ സീനിയർ എഴുത്തുകാർ തങ്ങളുടെ കയ്യിൽ നിന്നും പണമെടുത്ത് മറ്റ് തൊഴിലാളികൾക്ക് വരുമാനം നൽകാൻ തീരുമാനിച്ചിരുന്നു. എന്നാൽ അപ്പോഴേക്കും നിയന്ത്രണങ്ങൾ കുറേയൊക്കെ പിൻവലിച്ചു.

*പഴഞ്ചൊല്ലുകളിൽ സ്ത്രീകൾ വഴക്കിന്റെ കാരണക്കാരായി ആണ് ചിത്രീകരിക്കുന്നത്. എന്നാൽ യഥാർത്ഥ്യത്തിൽ സ്ത്രീകൾ ഇവിടെ മറ്റുള്ളവർക്കായി കൈകോർക്കുന്നു. സ്ത്രീയാണ് എന്നത് രാജ്യാന്തര സമ്മേളനങ്ങളിൽ പങ്കെടുക്കുമ്പോൾ ഒരു വെല്ലുവിളിയായി അനുഭവപ്പെട്ടിട്ടുണ്ടോ ?*

ഒരിക്കലുമില്ല. സ്ത്രീകൾ പ്രസാധനരംഗത്ത് നമ്മൾ വിചാരിക്കുന്നതിലപ്പുറം പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇത്തരം മേളകളിൽ മറ്റ് രാജ്യങ്ങളിൽ നിന്നുള്ളവർ അവരുടെ പൊതു ലൈബ്രറിയുടെ ശേഖരണത്തിനായി പുസ്തകങ്ങൾ ആവശ്യപ്പെടുകയും അങ്ങനെ നമ്മുടെ പുസ്തകങ്ങൾ ഫ്രാൻസ്, ജർമ്മൻ തുടങ്ങിയ വിവിധ രാജ്യങ്ങളിൽ എത്തിയിട്ടുമുണ്ട്.

*അവസരങ്ങളില്ല എന്നു ചിന്തിക്കുന്ന എഴുത്തുകാരോട്, പ്രസാധകരോട് എന്താണ് പറയാനുള്ളത്? പ്രസാധനരംഗത്തേക്ക് വരാൻ ആഗ്രഹിക്കുന്നവരോടു എന്താണ് പറയാനുള്ളത്?*

പണത്തിനുവേണ്ടി രചിച്ചാൽ പലപ്പോഴും വിജയിക്കണമെന്നില്ല. എന്നാൽ രചന അതിനേക്കാൾ ഒരു ജോലി എന്നതിനപ്പുറം സമൂഹത്തെ അറിയുകയും സേവിക്കുകയും ചെയ്യുന്ന മേഖലയാണ്.വളരെയധികം വായനക്കാരുള്ള, ഉയർന്ന സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം. വായനയിൽ ഏറെ താൽപര്യം പ്രകടിപ്പിക്കുകയും ചെയ്യുന്ന സമൂഹമാണ് എന്നതിനാൽ പ്രസാധനത്തിന്റേതായ വെല്ലുവിളികൾക്കപ്പുറം എല്ലാ സാധ്യതകളും നിലനിൽക്കുന്നുണ്ട്.

*സംഘടിത പ്രസാധനത്തിന്റെ പന്ത്രണ്ടാം വർഷത്തിലേക്ക് കടക്കുകയാണ്. ഫെമിനിസ്റ്റ് മാസിക എന്ന നിലയിൽ ഈ വാർഷികത്തെ എങ്ങനെയാണ് കാണുന്നത്? ഈ അവസരത്തിൽ നമ്മുടെ വായനക്കാരുമായി എന്താണ് പങ്കുവെയ്ക്കാനുള്ളത്?*

ഫെമിനിസ്റ്റ് മാസിക എന്ന രീതിയിൽ ഇത്രയും കാലം നിലനിൽക്കുക എന്നാൽ ചെറിയ കാര്യമല്ല. പ്രാസാധനത്തിന്റെ ഒരു ദശകം പൂർത്തിയാക്കി അടുത്തതിലേക്ക് കടക്കുമ്പോൾ വളരെ ശക്തരായ ഒരു കൂട്ടം ഫെമിനിസ്റ്റുകളുടെ ഇച്ഛാശക്തിയും അർപ്പണബോധവും ഇതിനുപിന്നിലുണ്ടെന്ന് ഉറപ്പാണ്. ഒരു സംസ്ഥാനത്തിന്റെ അതിരിനപ്പുറം മറ്റ് സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾക്കും സാമൂഹിക മാറ്റങ്ങൾക്കും നേരെ വ്യക്തമായ ശ്രദ്ധയും അവലോകനവും നൽകാൻ സംഘടിത ശ്രമിക്കാറുണ്ട്. വിവർത്തനങ്ങൾക്കും പ്രധാന്യം നല്കുന്നു. ഇതെല്ലാം അഭിനന്ദനീയമായ നേട്ടങ്ങൾ തന്നെയാണ്. സ്ത്രീകളുടെ കലയ്ക്കും സാഹിത്യത്തിനും അവതരണത്തിനും കൂടുതൽ പ്രാധാന്യം നല്കി അവരുടെ ഉന്നമനത്തിനായി ഇനിയും സജീവമായി പ്രവർത്തിക്കാൻ സംഘടിതക്കാവട്ടെ എന്ന് ആശംസിക്കുന്നു.



മിനി സുകുമാർ
അസി.പ്രൊഫസർ , സ്ത്രീപഠനവിഭാഗം,
കോഴിക്കോട് സർവ്വകലാശാല

# ഫെമിനിസ്റ്റ് പുസ്തകപ്രസാധന അനുഭവങ്ങൾ : വിമൻസ് ഇംപ്രിന്റ്



**1990**കൾ കേരളത്തിൽ പെണ്ണെഴുത്തിനെക്കുറിച്ചുള്ള ചർച്ചകൾ സജീവമാക്കിയ കാലമാണ്. സ്ത്രീവിമോചനാശയങ്ങൾ പ്രചരിച്ചു തുടങ്ങിയ കാലമായിരുന്നു . എഴുത്തിൽ സ്ത്രീകളുടെ ഇടം പരിമിതവും അവളുടെ ശബ്ദം ദുർബലവും അവളുടെ ആവിഷ്കാരം നിയന്ത്രിതവും ആണെന്ന് എഴുത്തുകാരികളും സ്ത്രീപക്ഷ നിരൂപകരും ഉറക്കെ പറയാൻ തുടങ്ങി. സ്ത്രീകൾ തുറന്നെഴുതാൻ തുടങ്ങി . ഈ സമരങ്ങളുടെ ഫലമായി ക്രമേണ സ്ത്രീ രചനകൾ അംഗീകരിക്കപ്പെട്ടു തുടങ്ങി , അവയ്ക്ക് വായനക്കാരും , സാഹിത്യ വിപണിയിൽ ചരിക്കാനുള്ള കഴിവും ഉണ്ടെന്നു മുൻനിര പ്രസാധകരും മാധ്യമങ്ങളും തിരിച്ചറിഞ്ഞു. ഗൗരവമുള്ള വായനക്കാരികൾ , വാങ്ങൽ ശേഷിയുള്ള വായനക്കാരികൾ എന്നൊരു വിഭാഗവും ഉണ്ടെന്നു പ്രസാധകർക്കും ബോധ്യപ്പെട്ടു തുടങ്ങി. എന്നാൽ ഈ മാറ്റവും അംഗീകാരവും ഉണ്ടായത് കൂടുതലായും സാഹിത്യത്തിലാണെന്നു കാണാം . പ്രധാനമായും നോവൽ, ചെറുകഥ , കവിത എന്നീ വിഭാഗങ്ങളിലാണ് ഇത് കാര്യമായി ഉണ്ടായത്. ലോകത്തു പലയിടങ്ങളിലും ഇന്ത്യയിലെ ഇംഗ്ലീഷിലുള്ള പ്രസാധന രംഗത്തും സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെ ഒരു ഭാഗമായാണ് , അതിന്റെ ഒരു സമരമുഖമായാണ് ഫെമിനിസ്റ്റ് പ്രസാധക സംരംഭങ്ങൾ ഉണ്ടായിട്ടുള്ളത് . ഉർവശി ഭൂട്ടാലിയയും റിതു മേനോനും ചേർന്ന് ഇന്ത്യയിലെ ആദ്യ ഫെമിനിസ്റ്റ് പുസ്തക പ്രസാധക സംരംഭമായ 'കാളി ഫോർ വിമൻ ' ആരംഭിക്കുന്നതും എൺപതുകളിലെ ഡൽഹിയിലെ ഫെമിനിസ്റ്റ് ആക്ടിവിസത്തിന്റെ സ്വാധീനത്തിലാണ് . അത് കൊണ്ട് തന്നെ അവർ പ്രസിദ്ധീകരിച്ച (ഇപ്പോഴും പ്രസിദ്ധീകരിക്കുന്ന) പുസ്തകങ്ങൾ സ്ത്രീകളുടെ ഒറ്റക്കും കൂട്ടായുമുള്ള പോരാട്ടങ്ങളും ആവിഷ്കാരങ്ങളും ചരിത്രവും പലവിധ അന്വേഷണങ്ങളും എല്ലാം ചേർന്നതായി തുടരുന്നു. എന്നാൽ കേരളത്തിൽ വികസിച്ചു വന്നത് അങ്ങനെയൊരു രീതിയല്ല. പെണ്ണെഴുത്തിന്റെ സാഹിത്യത്തെ മുഖ്യധാരാ വിപണി ഏറ്റെടുത്തു. സാഹിത്യം എഴുതുന്ന എഴുത്തുകാരികളിൽ പലർക്കും പ്രസിദ്ധീകരണപ്രാധാന്യം കിട്ടി. എന്നാൽ വിമർശനാത്മ


**എന്തുകൊണ്ട് സാഹിത്യബാഹ്യമായ സ്ത്രീ രചനകൾ ഉണ്ടാകുന്നില്ല എന്ന കാര്യം എന്നെ പലപ്പോഴും അലട്ടിയിരുന്നു. പല സുഹൃത്തുക്കളോടും അത് സംസാരിക്കുകയും ഉണ്ടായിട്ടുണ്ട് .ഇന്ത്യയിലെ ഏറ്റവും ശക്തമായ പ്രസാധന മേഖലയാണ് മലയാളത്തിന്റേത് . വ്യാപ്തിയിലും എണ്ണത്തിലും വിറ്റുവരവിലും മലയാളമാണ് മുന്നിൽ. ലാഭകരമായ ഒരു അച്ചടി – പ്രസാധന വ്യവസായ മേഖലയാണിത്. പക്ഷെ ഈ മേഖലയിൽ സ്ത്രീ പങ്കാളിത്തം തീരെ കുറവാണ് .**

ക പഠനങ്ങൾ, സാമൂഹ്യ വിശകലനങ്ങൾ, ഗവേഷണങ്ങൾ, സാമൂഹ്യ -രാഷ്ട്രീയ വിമർശനങ്ങൾ തുടങ്ങിയ വിഭാഗങ്ങൾക്ക് യാതൊരു പ്രാധാന്യവും കിട്ടിയില്ല . അത്തരം എഴുത്തുകളോ എഴുത്തുകാരികളോ പ്രോത്സാഹിപ്പിക്കപ്പെട്ടില്ല , ഇപ്പോഴും ഇല്ല . മലയാളത്തിലെ പ്രമുഖമായ സ്ത്രീരചനകൾ മിക്കവാറും മുഖ്യധാരാ പ്രസാധകരിലൂടെയാണ് പ്രസിദ്ധീകരിക്കപ്പെടുന്നത് . അത് നിർണയിക്കപ്പെടുന്നത് അവയുടെ പ്രചാരമൂല്യവും വിപണിമൂല്യവും അടിസ്ഥാനമാക്കിയാണ് . എന്നിരിക്കിലും ഇത് സ്ത്രീകളുടെ ആവിഷ്കാരങ്ങളുടെ വിജയം കൂടിയാണ് .

എന്തുകൊണ്ട് സാഹിത്യബാഹ്യമായ സ്ത്രീ രചനകൾ ഉണ്ടാകുന്നില്ല എന്ന കാര്യം എന്നെ പലപ്പോഴും അലട്ടിയിരുന്നു. പല സുഹൃത്തുക്കളോടും അത് സംസാരിക്കുകയും ഉണ്ടായിട്ടുണ്ട് .ഇന്ത്യയിലെ ഏറ്റവും ശക്തമായ പ്രസാധന മേഖലയാണ് മലയാളത്തിന്റേത് . വ്യാപ്തിയിലും എണ്ണത്തിലും വിറ്റുവരവിലും മലയാളമാണ് മുന്നിൽ. ലാഭകരമായ ഒരു അച്ചടി – പ്രസാധന വ്യവസായ മേഖലയാണിത്. പക്ഷെ ഈ മേഖലയിൽ സ്ത്രീ പങ്കാളിത്തം തീരെ കുറവാണ് . പല കാലങ്ങളിൽ അപൂർവം സ്ത്രീകൾ ഈ മേഖലയിൽ കാലുറപ്പിക്കാൻ ശ്രമിച്ചു . അവരെല്ലാം അവരുടെ സാമൂഹ്യ – രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ ശ്രമങ്ങൾ നടത്തിയത് . ഒരു കച്ചവടം കൂടിയായ ഈ മേഖലയിലെ മൂലധനത്തിന്റെ സ്വഭാവവും, വിപണന രീതികളും വിതരണത്തിലെ പ്രശ്നങ്ങളും കോപ്പിറൈറ് മുതൽ എഴുത്തുകാരുടെ പ്രതിഫലം വരെയുള്ള കാര്യങ്ങൾ കൂടി കൈകാര്യം ചെയ്യാനായാലേ ഈ മേഖലയിൽ നില നിൽക്കാനാകൂ എന്ന ബോധ്യത്തോടെയാണ് ഞാൻ ഈ രംഗത്തേക്ക് വരുന്നത്. മറ്റെല്ലാ വാണിജ്യ മേഖലയിലും നിലനിൽക്കുന്ന പുരുഷൻമാരുടെ പ്രാമുഖ്യം ഇവിടെയും നിലനിൽക്കുന്നു. പണം മുടക്കാനും മൂലധനം സ്വരൂപിക്കാനും കച്ചവടം ചെയ്യാനും പുരുഷന് സ്വാഭാവികമായി കഴിയുന്ന നമ്മുടെ സമൂഹത്തിൽ, സ്വത്തും സ്വത്തിന്മേൽ നിയന്ത്രണവും ഇല്ലാത്ത സ്ത്രീക്ക് കടന്നു വരാൻ തന്നെ ബുദ്ധിമുട്ടാണ് . ഒരു പ്രസാധകയാകാനുള്ള സ്ത്രീയുടെ ഒന്നാമത്തെ കടമ്പ അതാണ് . കേരളത്തിലെ പ്രധാന പ്രസാധകശാലകൾ എല്ലാം എടുത്തു നോക്കുക. അവയിൽ സ്ത്രീകൾ നാമമാത്രമാണ് . എഡിറ്റർമാർ , പോളിസി തീരുമാനിക്കുന്നവർ, മാർക്കറ്റിങ് എക്സിക്യൂട്ടീവുമാർ , ഉടമസ്ഥർ , ഓഹരി ഉടമകൾ എന്നിങ്ങനെ തീരുമാനമെടുക്കൽ സ്ഥാനങ്ങളിൽ സ്ത്രീകൾ തീരെയില്ല എന്ന് പറയാം. എന്നാൽ ഇന്ത്യയിലെ സുപ്രധാനമായ പല ഇംഗ്ലീഷ് പ്രസാധക സ്ഥാപനങ്ങളിലും നിർണായക സ്ഥാനങ്ങളിൽ സ്ത്രീകളാണ് ഉള്ളത് . (അവരിൽ പലരും മലയാളികളുമാണ് !) ഈ അവസ്ഥ ഈ മേഖലയിലേക്ക് വരാനുള്ള നൈപുണികൾ ആർജിക്കാനുള്ള അവസരം പോലും ഒരുക്കുന്നില്ല . എഴുത്തുകാരി എന്ന നിലയിൽ തന്റെ ബൗദ്ധിക അവകാശത്തിന്റെ കാര്യങ്ങളിൽ സ്



ത്രീകൾ പലപ്പോഴും ഒത്തുതീർപ്പുകൾക്കു നിർബന്ധിതരാകുന്നു. രചനയുടെ മേലുള്ള ഉടമസ്ഥാവകാശം, ഉടമ്പടികൾ, റോയൽറ്റി തുടങ്ങി പല കാര്യങ്ങളിലുമുള്ള അറിവില്ലായ്മയും വിവരങ്ങൾ ലഭിക്കാനുള്ള ബുദ്ധിമുട്ടും എല്ലാം സ്ത്രീകൾക്ക് കടമ്പകൾ ആകുന്നു. സ്ത്രീകളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നത് അവർക്കു ഒരു സഹായം ചെയ്യുന്നതാണെന്ന ഭാവത്തിലാണ് ഇപ്പോഴും കാര്യ




ങ്ങൾ നടക്കുന്നത്. ഈ സാഹചര്യങ്ങളിൽ സാഹിത്യബാഹ്യമായ, ഗൗരവപൂർണമായ ഒരു രചന, ഒരു ആദ്യ രചന പ്രസിദ്ധീകരിക്കുക ഒരു സ്ത്രീക്ക് ഇപ്പോഴും ബുദ്ധിമുട്ടേറിയ കാര്യമാണ്.

ഈയൊരു ശൂന്യതയെ , വിടവിനെ പരിഹരിക്കാനുള്ള ശ്രമമായാണ് വിമൻസ് ഇമ്പ്രിന്റ് ഉണ്ടായി വരുന്നത്. വർഷങ്ങളായുള്ള ആഗ്രഹവും പ്രസാധന മേഖലയെ മനസിലാക്കാനുള്ള ശ്രമവും പ്രാവർത്തികമായതിനു പല സുഹൃത്തുക്കളുടേയും വീട്ടുകാരുടേയും പിന്തുണ ഉണ്ടായിരുന്നു. സാമ്പത്തികമായും പ്രായോഗിക സഹായങ്ങളായും സംഘാടനമായും എല്ലാം കൂട്ടായ ശ്രമമായിരുന്നു. 'സമീപനം ' എന്ന പേരിൽ രജിസ്റ്റർ ചെയ്ത ട്രസ്റ്റിന്റെ പ്രസാധനവിഭാഗമാണ് വിമൻസ് ഇമ്പ്രിന്റ് . ഞാൻ (മിനി സുകുമാർ) , എഴുത്തുകാരി അനിത തമ്പി , മീര സുകുമാർ (എന്റെ സഹോദരി) എന്നിവർ ട്രസ്റ്റ് അംഗങ്ങൾ. ആദ്യ പുസ്തകം ക്യാപ്റ്റൻ ലക്ഷ്മിയുടെ ഓർമക്കുറിപ്പുകളുടെ മലയാള പരിഭാഷയായിരുന്നു. കാളി ഫോർ വിമൻ പ്രസിദ്ധീകരിച്ച 'Revolutionary Days: Memoirs of a Political Activist' എന്ന പുസ്തകം കാൺപൂർ ഐ ഐ ടി യിലെ ഇംഗ്ലീഷ് അധ്യാപികയായ ഡോ . മിനി ചന്ദ്രനാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്. ആദ്യ പുസ്തകത്തിന്റെ ആമുഖമായി എഴുതിയ പ്രസാധകക്കുറിപ്പിൽ വ്യക്തമായും ഈ പ്രസാധകശാലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പറഞ്ഞിരുന്നു. ' സാമ്പ്രദായിക രീതിയിൽ ചരിത്രവും സമകാലിക സംഭവങ്ങളും അവയുടെ ആഖ്യാനങ്ങളും രേഖപ്പെടുത്തി പോകുമ്പോൾ അവയിൽ പരാമർശിക്കപ്പെടാതെ പോകുന്ന സ്ത്രീ ജീവിതങ്ങൾ നിരവധിയാണ്. മുൻപ് രേഖപ്പെടുത്താതെ പോയതും ഇന്ന് പുതുതായി രൂപമെടുക്കുന്നതുമായ ആ സാംസ്കാരിക – രാഷ്ട്രീയ അനുഭവങ്ങളുടെ പ്രസിദ്ധീകരണമാണ് വിമൻസ് ഇംപ്രിന്റ് ലക്ഷ്യമിടുന്നത് . അനുഭവക്കുറിപ്പുകൾ, ആത്മകഥകൾ, ജീവചരിത്രങ്ങൾ, പഠന ഗ്രന്ഥങ്ങൾ, ലേഖനങ്ങൾ എന്നിവയ്ക്കായിരിക്കും വിമൻസ് ഇംപ്രിന്റ് മുൻതൂക്കം നൽകുക'. ക്യാപ്റ്റൻ ലക്ഷ്മി കാൺപൂരിലാണ് ജീവിച്ചിരുന്നത് . മിനി ചന്ദ്ര



നും അവിടെയായിരുന്നത് വളരെ സൗകര്യമായി. അഭിമുഖം നടത്താനായി ഞാൻ ഒരിക്കൽ കാൺ പൂരിൽ ക്യാപ്റ്റൻ ലക്ഷ്മിയുടെ വീട്ടിൽ പോയി. സ്ത്രീകളുടെ പ്രസിദ്ധീകരണശാലയാണെന്നു അ റിഞ്ഞപ്പോൾ പുസ്തകത്തിന്റെ വിവർത്തന അവ കാശം സന്തോഷത്തോടെ നൽകാനും സമ്മത പ ത്രം ഒപ്പിട്ടു തരാനും തയ്യാറായ ക്യാപ്റ്റൻ ലക്ഷ് മി, പ്രസിദ്ധീകരണാനന്തരം അയച്ചു കൊടുത്ത റോയൽറ്റി തുക , അടുത്ത പുസ്തകത്തിനായി ഉ പയോഗിച്ചോളൂ എന്ന് പറഞ്ഞു തിരിച്ചയക്കുകയും ചെയ്തു.

രണ്ടാമത്തെ പുസ്തകം, നിലമ്പൂർ ആയിഷയു ടെ ആത്മകഥ, 'ജീവിതത്തിന്റെ അരങ്ങ്' ആയിരു ന്നു. ഭാഷാപോഷിണിയിൽ വന്ന ദീർഘമായ ഒരു അഭിമുഖത്തെ ആധാരമാക്കി നിരവധി അഭിമുഖ




ങ്ങളിലൂടെ ഞാൻ തന്നെ അത് തയ്യാറാക്കി. മൂ ന്നാമത്തെ പുസ്തകം 'ആണരശു നാട്ടിലെ കാഴ് ചകൾ : കേരളം സ്ത്രീപക്ഷ ഗവേഷണത്തിൽ' എന്ന പേരിൽ. സാമൂഹ്യവിമർശപഠനങ്ങളുടെ ഈ സമാഹാരം എഡിറ്റു ചെയ്തത് ഡോ. ജെ.ദേവിക യാണ്. നാലാമത്തെ പുസ്തകം 'മാ' എന്ന് സ്നേ ഹപൂർവ്വം എല്ലാവരും വിളിക്കുന്ന മന്ദാകിനി നാ രായണന്റെ ഓർമക്കുറിപ്പുകൾ, 'മറിക്കാത്ത താ ളുകൾ' ആയിരുന്നു. മായുടെ ഡയറി, നിരവധി ക ത്തുകൾ, പത്ര റിപ്പോർട്ടുകൾ, കേസുകളുടെ വി ശദാംശങ്ങൾ എന്നിങ്ങനെ പലതും പരിശോധിച്ചും പല തവണ സംസാരിച്ചും അതീവ ശ്രദ്ധയോടെ ആ പുസ്തകം തയ്യാറാക്കിയത് ഡോ. കെ.പി. ഗി രിജയാണ്. മായുടെ ആരോഗ്യാവസ്ഥ ആ സമയം വളരെ മോശമായിരുന്നു. മരണത്തിനു ശേഷമാ ണ് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത്. ഈ നാല് പു സ്തകങ്ങളും തയ്യാറാക്കുമ്പോൾ പലരുടെയും സ ഹായങ്ങൾ ലഭിച്ചു. പുസ്തകങ്ങളുടെ ഡി ടി പി വർക്ക് മീരയാണ് ചെയ്തിരുന്നത്. എല്ലാ പുസ്ത കങ്ങളുടേയും പ്രകാശനം നന്നായി സംഘടിപ്പിച്ചു. പുസ്തകങ്ങൾ പരിശോധിക്കാനും പ്രകാശനം സം ഘടിപ്പിക്കാനും അനിതയും ഞാനും അനേകം കൂ ട്ടുകാരും. എഴുത്തുകാരുമായും അവരുടെ ജീവി തം, കാലഘട്ടം എന്നിവയുമെല്ലാം പരമാവധി മന സിലാക്കാൻ ശ്രമിച്ചിരുന്നു. ഏറ്റവും പ്രധാനം, അ ച്ചടിയും വിതരണവും പൂർണമായും ചെയ്തു ത ന്നു സഹായിച്ചത് കോട്ടയം ഡി.സി.ബുക്ക് സാ ണ് എന്ന കാര്യമാണ്. മൂന്നു പുസ്തകങ്ങൾ മൂ ന്നു പതിപ്പുകൾ പ്രസിദ്ധീകരിക്കാനും നന്നായി വി തരണം ചെയ്യാനും അവർ സഹായിച്ചു. ഇതിനു ശേഷം പലതരം പ്രശ്നങ്ങൾ കൊണ്ട് പിന്നീട് പു സ്തകങ്ങൾ ഇറക്കാൻ കഴിഞ്ഞില്ല. ഒരുപാട് ആ ലോചനകൾ ബാക്കിയുണ്ടായിരുന്നു . വീണ്ടും തി രിച്ചു വരണമെന്ന് ആഗ്രഹമുണ്ട്, വരുമായിരിക്കും. സ്ത്രീപക്ഷ രാഷ്ട്രീയം ആയിരിക്കും കേന്ദ്ര പ്രമേ യം എന്നതിൽ മാറ്റമുണ്ടാകില്ല.

### പിൻ കുറിപ്പ്

സ്ത്രീ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അന വധി സമരമുഖങ്ങളിൽ ഒന്നാണ് ഫെമിനിസ്റ്റ്പുസ് തക പ്രസാധനവും. ആ വിശ്വാസമായിരുന്നു മല യാളത്തിലെ ആദ്യ ഫെമിനിസ്റ്റ് പുസ്തകപ്രസാ ധന സംരംഭമായ വിമൻസ് ഇംപ്രിന്റ് തുടങ്ങുവാ നുള്ള ശ്രമങ്ങൾ ആരംഭിക്കുമ്പോൾ ഉണ്ടായിരുന്ന മൂലധനം. എന്നാൽ വർഷങ്ങളോളം മനസ്സിലിട്ടു താലോചിച്ചു കൊണ്ടുനടന്ന ഒരു ആഗ്രഹമായിരു ന്നു അത്. പത്ര പ്രവർത്തനം, എഴുത്ത്, പുസ്ത കങ്ങൾ, പുസ്തകശാലകൾ ഇവയെല്ലാം ചെറുപ്പ കാലം മുതൽ എന്നെ ശക്തമായി ആകർഷിച്ചിരു ന്നു. വിജയിക്കാതെ പോയ ഒരു ദിനപത്ര പ്രസി ദ്ധീകരണത്തിന്റെ ചരിത്രമുണ്ടായിരുന്നു എന്റെ അ ച്ഛന് . മരിക്കും വരെ അതിന്റെ ആവേശവും ഓർമ കളും അച്ഛനുണ്ടായിരുന്നു. അതുകൊണ്ടു തന്നെ എന്റെ മറ്റെല്ലാ തന്നിഷ്ടങ്ങളും പോലെ ഈ ആഗ്ര ഹത്തിനും അച്ഛൻ കൂടെ നിന്നു. ഞാൻ ഡിഗ്രി പഠനം കഴിഞ്ഞു 1985 – 86 ൽ തിരുവനന്തപുരം പ്രസ്സ്ക്ലബ്ബിൽ ജേർണലിസം ഡിപ്ലോമ ഈവനിം ഗ് കോഴ്സായി പഠിച്ചു . ആ ഒരുവർഷം ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സംസ്ഥാന ഓഫീസി ലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും ചെറിയ പത്ര സ്ഥാ

**ഇടുക്കി ജില്ലയിലെ തങ്കമണിയിൽ പോലീസ് ക്രൂരമായ മർദ്ദനം നടത്തിയ സംഭവം . സ്ത്രീകളും വീടുകയറിയുള്ള ക്രൂരമായ മർദ്ദനത്തിനിരയായിരുന്നു. പത്രങ്ങൾക്കൊന്നും വിശദമായ വിവരങ്ങൾ കിട്ടിയിരുന്നില്ല . സംഭവം നടന്നു രണ്ടാം ദിവസം കോട്ടയത്തുനിന്ന് ഒരു സംഘം അവിടെ പോകുന്നു. അതിലെ ഏക പെൺതരിയായി ഞാനും. ഞങ്ങൾ എല്ലാ വീട്ടിലും കയറി ഇറങ്ങി സ്ത്രീകളെ നേരിൽ കണ്ടു. തിരികെ വന്നു വിശദമായ റിപ്പോർട്ടും വിശകലനവും തയ്യാറാക്കി. ആരും പ്രസിദ്ധീകരിക്കാനില്ലെന്ന തിരിച്ചറിവുണ്ടായതുകൊണ്ട് ലഘുലേഖയായി അച്ചടിച്ച് വിതരണം ചെയ്തു.**

പനങ്ങളിലുമൊക്കെ കയറിയിറങ്ങി നടന്ന് പലതരം പ്രസിദ്ധീകരണ രീതികൾ കണ്ടു കൊതിപൂണ്ടു. അക്കാലത്തു കേരളത്തിലെ പത്രസ്ഥാപനങ്ങളൊന്നും സ്ത്രീകളെ ജേർണലിസ്റ്റുകളായി ജോലിക്ക് എടുത്തിരുന്നില്ല . ഇംഗ്ലീഷ് പത്രപ്രവർത്തനത്തിന് ധാരാളം സാധ്യതകൾ ഉണ്ടായിരുന്നു എങ്കിലും അതിനുള്ള ഭാഷാസ്വാധീനമോ ആശയവിനിമയ ശേഷിയോ എനിക്ക് അന്നുണ്ടായിരുന്നില്ല . ഇക്കാലത്താണ് ഇടുക്കി ജില്ലയിലെ തങ്കമണിയിൽ പോലീസ് ക്രൂരമായ മർദ്ദനം നടത്തിയ സംഭവം. സ്ത്രീകളും വീടുകയറിയുള്ള ക്രൂരമായ മർദ്ദനത്തിനിരയായിരുന്നു. പത്രങ്ങൾക്കൊന്നും വിശദമായ വിവരങ്ങൾ കിട്ടിയിരുന്നില്ല . സംഭവം നടന്നു രണ്ടാം ദിവസം കോട്ടയത്തുനിന്ന് ഒരു സംഘം അവിടെ പോകുന്നു. അതിലെ ഏക പെൺതരിയായി ഞാനും. ഞങ്ങൾ എല്ലാ വീട്ടിലും കയറി ഇറങ്ങി സ്ത്രീകളെ നേരിൽ കണ്ടു. തിരികെ വന്നു വിശദമായ റിപ്പോർട്ടും വിശകലനവും തയ്യാറാക്കി. ആരും പ്രസിദ്ധീകരിക്കാനില്ലെന്ന തിരിച്ചറിവുണ്ടായതുകൊണ്ട് ലഘുലേഖയായി അച്ചടിച്ച് വിതരണം ചെയ്തു. 1984 -ൽ നടന്ന ലോകസഭാ ഇലക്ഷനിൽ കോട്ടയം മണ്ഡലത്തിലെ സ്ഥാനാർത്ഥിയായിരുന്ന സുരേഷ്കുറുപ്പിന്റെ ഇലക്ഷൻ പ്രചാരണത്തിനായി രാജ്യത്തിന്റെ പലഭാഗത്തുനിന്നുള്ള യുവാക്കളും കുറച്ചു യുവതികളും എത്തിയിരുന്നു. മുഴുവൻ സമയ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തകയായിരുന്ന ഞാനും ഇവരോടൊപ്പമായിരുന്നു . ഈ സ്ത്രീകൾ എന്റെ ഹോസ്റ്റലിലായിരുന്നു തങ്ങിയിരുന്നത് . ഫെമിനിസത്തിന്റെ ആദ്യ പാഠങ്ങൾ പഠിക്കുന്നത് ഇവരിൽ നിന്നുമാണ് . അന്ന് തിരുവനന്തപുരം സിഡി എസിൽ ഗവേഷകയായിരുന്ന നട ദുവ്വരി എനിക്ക് ഒരു സ്ത്രീ മാസികയുടെ രണ്ടു ലക്കങ്ങൾ കാണിച്ചു വിശദീകരിച്ചു തന്നു. ഡൽഹിയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഇന്ത്യയിലെ ആദ്യ ഫെമിനിസ്റ്റു പ്രസിദ്ധീകരണമായ 'മാനുഷി ' ആയിരുന്നു അത്. അടിമുടി ഞെട്ടിച്ചു കളഞ്ഞ ഒരു വായനയും പ്രസിദ്ധീകരണവുമായിരുന്നു അത്. പോകുമ്പോൾ അതിലൊന്ന് എനിക്ക് തന്നിരുന്നു. അതിലെ വിലാസത്തിൽ വരിസംഖ്യ അയച്ചു വരിക്കാരിയായി. ജേർണലിസം പഠിക്കുമ്പോഴെല്ലാം ഇതൊരു പ്രചോദനമായി മനസ്സിൽ കിടന്നു. പഠനം കഴിഞ്ഞ് വീട്ടിലെത്തി ഒരു മാസിക തുടങ്ങാൻ കുറെ ശ്രമങ്ങൾ; കൂടുതലും ആഗ്രഹങ്ങൾ, നടത്തിനോക്കി . സഹോദരൻ അയ്യപ്പന്റെ ജീവിതപങ്കാളി യായിരുന്ന പാർവതി അയ്യപ്പൻ വളരെക്കാലം മുൻപ് 'സ്ത്രീ' എന്ന പേരിൽ ഒരു മാസിക നടത്തിയിരുന്നു എന്നും ആ ടൈറ്റിൽ അപേക്ഷിച്ചാൽ കിട്ടുമെന്നും ശ്രീ . എം. കെ സാനു അച്ഛനോട് പറഞ്ഞു . ആ ടൈറ്റിൽ അപ്പോഴേക്കും പല കൈ മറിഞ്ഞു മറ്റൊരാളിൽ എത്തിയിരുന്നു. അത് കിട്ടുമോ എന്നറിയാൻ ഞാനും അച്ഛനും കൂടി ആ വീട് അന്വേഷിച്ചു കണ്ടു പിടിച്ചു അവരെ പോയി കണ്ടു. അവർ കുറച്ചധികം പണം ചോദിച്ചു. അങ്ങനെ അത് നടന്നില്ല. അധികം താമസിയാതെ എന്റെ കല്യാണം കഴിഞ്ഞു . ഗിരീഷിനും പ്രസിദ്ധീകരണ ആഗ്രഹങ്ങൾ കലശലായി ഉണ്ടായിരുന്നു. രണ്ടു തവണ കോട്ടയം കളക്ട്രേറ്റ് വഴി അപേക്ഷ സമർപ്പിച്ചു. ഡൽഹിയിലെ ഓഫീസിൽ നിന്ന് രണ്ടു ടൈറ്റിലുകൾ എന്റെ പേരിൽ രജിസ്റ്റർ ചെയ്തു കിട്ടി. പക്ഷെ രണ്ടും തുടങ്ങാൻ കഴിഞ്ഞില്ല. പിന്നീട് കാലങ്ങളോളം ജീവിതം രാഷ്ട്രീയ - സാമൂഹ്യ പ്രവത്തനങ്ങളിലൂടെയും നിരന്തരമായ ജീവിത പ്രതിസന്ധികളിലൂടെയും തുടർന്ന് പോയി . ഒരുപാട് കാലത്തിനു ശേഷം, അനേകം ഫെമിനിസ്റ്റ് പ്രസിദ്ധീകരണങ്ങൾ പരിചയമായതിനു ശേഷം 2005 - ലാണ് വിമൻസ് ഇമ്പ്രിന്റ് ആരംഭിക്കുന്നത്. നാല് പുസ്തകങ്ങൾ വിജയകരമായി ഉണ്ടാക്കിയെടുത്തു പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു. എന്നാൽ ഏതൊരു സ്ത്രീ സ്വാതന്ത്ര്യ പ്രസ്ഥാനത്തിനും അനിവാര്യമായും വേണ്ട പരസ്പര ബഹുമാനത്തിന്റേയും കരുതലിന്റേയും കുറവുകൾ വലിയ പ്രതിബന്ധങ്ങൾ ആയി.



**അമീറ വി.യു.**
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക
എം.ഇ.എസ്, കോളേജ്
പൊന്നാനി

# എ പബ്ലിഷർ ഓഫ് വൺസ് ഓൺ




വിർജീനിയ വുൾഫ്

ആംഗലേയ സാഹിത്യത്തിലും സ്ത്രീവാദ സാഹിത്യത്തിലും അദ്വിതീയ സ്ഥാനം അലങ്കരിക്കുന്ന എഴുത്തുകാരിയാണ് വിർജീനിയ വുൾഫ്. വിഖ്യാത എഴുത്തുകാരനായിരുന്ന ലെസ്ലി സ്റ്റീഫന്റെ മകളായിരുന്ന വിർജീനിയ ചരിത്രത്തിൽ ഇടം പിടിക്കുന്നത് തലമുറകളുടെ ചിന്തകളെ ഉദ്ദീപിപ്പിച്ച എഴുത്തുകാരിയായി മാത്രമല്ല പ്രസാധന ലോകത്ത് തന്റേതായ ഇടം കണ്ടെത്തിയ സ്ത്രീ എന്ന നിലയിൽ കൂടിയാണ്.

വിർജീനിയയുടെ സഹോദരന്മാർക്ക് സർവകലാശാല വിദ്യാഭ്യാസം നേടാനായപ്പോൾ വിർജീനിയയും സഹോദരിമാരും തങ്ങളുടെ വിദ്യാഭ്യാസം നേടിയെടുത്തത് വീട്ടകങ്ങളിൽ കിട്ടിയ സ്വകാര്യ ട്യൂഷനിലൂടെ ആയിരുന്നു. പതിനാലു വയസ്സ് മുതൽ എഴുത്തിന്റെ ലോകത്ത് വിരാജിക്കാൻ തുടങ്ങിയ വിർജീനിയയെ പിതാവ് സ്റ്റീഫനും ഏറെ പ്രോത്സാഹിപ്പിച്ചിരുന്നു എന്നാൽ പിതാവിന്റെ അപ്രതീക്ഷിത മരണം വിർജീനിയയെ കടുത്ത വിഷാദത്തിലേക്ക് തള്ളി വിട്ടു. എങ്കിലും അക്ഷരങ്ങളുടെ ലോകത്തു നിന്ന് മാറി പ്പോകാൻ വിർജീനിയക്ക് കഴിയുമായിരുന്നില്ല. ബ്ലൂംസ്ബറി എന്ന കലാ സാഹിത്യ കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ച് കൊണ്ട് വിർജീനിയ തന്റെ പ്രതിഭ പിന്നെയും ലോകത്തോട് വിളിച്ചോതി കൊണ്ടിരുന്നു.

ആദ്യ നോവലായ 'ദി വോയേജ് ഔട്ട്' ന്റെ പ്രസിദ്ധീകരണത്തിന് ശേഷം 1917 ൽ തന്റെ ഭർത്താവായ ലിയോണാർഡ് വുൾഫുമൊത്ത് വിർജീനിയ 'ഹൊഗർത്ത് ' എന്ന പേരിൽ ഒരു പ്രസ് ആരംഭിച്ചു. പിന്നീട് പ്രസാധക എന്ന നിലയിൽ കൂടി ശ്രദ്ധേയയായി മാറി വിർജീനിയ. അവരുടെ തന്നെ 'ജേക്കബ്സ് റൂം', 'ഒർലാണ്ടോ', 'ദി വേവ്സ്', 'മിസ്സിസ് ഡാല്ലോവേ' തുടങ്ങിയ കൃതികൾ ഹൊഗർത്ത് പ്രസ്സിലൂടെ വായനക്കാരിലേക്ക് എത്തി. പ്രശസ്തരായ അനേകം എഴുത്തുകാരുടെ കൃതികളും വിർജീനിയ വുൾഫ് പ്രസിദ്ധീകരിച്ചു. ദൊസ്തോവ്സ്കിയുടെ 'ദി ഡെവിൾസ്', ആഹ്മെദ് അലിയുടെ 'ട്വിലൈറ് ഇൻ ഡൽഹി' ഹെന്രി ഗ്രീനിന്റെ 'ലവിങ്' തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം.

ആധുനിക സാഹിത്യത്തിന് സവിശേഷ പ്രാധാന്യം നൽകിയ ഹൊഗർത്ത് പ്രസ്സ് ടി എസ് ഇലിയറ്റിന്റെ 'ദി വേസ്റ്റ് ലാൻഡ് ' എന്ന കൃതിയുടെ ആദ്യ ഇംഗ്ലീഷ് പതിപ്പ് പുറത്തിറക്കി. കൃതികളുടെ വാണിജ്യ മൂല്യത്തെ കുറിച്ച് അമിത ഉത്കണ്ഠ കാണിക്കാതെ അധികം ഒന്നും അറിയപ്പെടാത്ത എഴുത്തുകാരെയും അധികം സ്വീകാര്യമ




**ആധുനിക സാഹിത്യത്തിന് സവിശേഷ പ്രാധാന്യം നൽകിയ ഹൊഗർത്ത് പ്രസ്സ് ടി എസ് ഇലിയറ്റിന്റെ 'ദി വേസ്റ്റ് ലാൻഡ്' എന്ന കൃതിയുടെ ആദ്യ ഇംഗ്ലീഷ് പതിപ്പ് പുറത്തിറക്കി. കൃതികളുടെ വാണിജ്യ മൂല്യത്തെ കുറിച്ച് അമിത ഉത്കണ്ഠ കാണിക്കാതെ അധികം ഒന്നും അറിയപ്പെടാത്ത എഴുത്തുകാരെയും അധികം സ്വീകാര്യമല്ലാത്ത വിഷയങ്ങളെയും പ്രസിദ്ധീകരിക്കാൻ വിർജീനിയ വുൾഫ് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. സാഹിത്യ, രാഷ്ട്രീയ മേഖലകളെ സ്പർശിക്കുന്ന ലഘു ലേഖ പരമ്പരകളും ഹൊഗർത്ത് പ്രസ്സിലൂടെ പുറത്തു വന്നു.**

ല്ലാത്ത വിഷയങ്ങളെയും പ്രസിദ്ധീകരിക്കാൻ വിർജീനിയ വുൾഫ് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. സാഹിത്യ, രാഷ്ട്രീയ മേഖലകളെ സ്പർശിക്കുന്ന ലഘു ലേഖ പരമ്പരകളും ഹൊഗർത്ത് പ്രസ്സിലൂടെ പുറത്തു വന്നു.

റഷ്യൻ സാഹിത്യത്തിലെ പ്രശസ്ത കൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പുറത്തിറക്കിയ ഹൊഗർത്ത് പ്രസ് സിഗ്മണ്ട് ഫ്രോയിഡിന്റെ പൂർണ കൃതികളുടെ ആദ്യ വിവർത്തനവും പ്രസിദ്ധീകരിച്ചു.

വിർജീനിയയുടെ ആത്മഹത്യക്ക് ശേഷം വുൾഫ് കുടുംബം ഹൊഗർത്ത് പ്രസ്സ് കൈവിട്ട് കളഞ്ഞെങ്കിലും അതിനോടകം അഞ്ഞൂറ്റി ഇരുപത്തിയേഴ് ടൈറ്റിലുകൾ അവർ പുറത്തിറക്കിയിരുന്നു. പിൽക്കാലത്ത് റാൻഡം ഹൗസ് എന്ന പേരിൽ പ്രശസ്തിയാർജിച്ച പ്രസാധക സംരംഭമായി ഹൊഗർത്ത് പ്രസ് മാറുകയുണ്ടായി.


വിർജീനിയ വുൾഫിന്റെ വിഷാദാവസ്ഥയിൽ നിന്ന് മോചനം തേടി അവരുടെ ഡൈനിങ്ങ് റൂമിൽ പ്രവർത്തനമാരംഭിച്ച ഹോഗർത്ത് പ്രസ് സ്വതന്ത്ര ചിന്തകളുടെ പുറകെ സഞ്ചരിച്ച ഒരു സ്ത്രീയുടെ മുന്നിലുള്ള അനന്ത സാധ്യതകളെ കൂടിയാണ് അടിവരയിട്ട് കാണിച്ചത്. പുരുഷ പ്രസാധക ലോകത്തിന്റെ അനാവശ്യ വിമർശന ശരങ്ങൾ ഏറ്റു വാങ്ങാൻ താല്പര്യപ്പെടാതിരുന്ന വിർജീനിയ സാഹിത്യ ലോകത്ത് മാത്രമല്ല പ്രസാധക ലോകത്തും തന്റേതായ ഇടം കണ്ടെത്തുകയായിരുന്നു

തന്റെ വാക്കുകൾക്ക് മേൽ, സർഗാത്മകതക്കു മേൽ മറ്റൊരാൾ കത്രിക വെക്കുന്നത് ഇഷ്ടപ്പെടാതിരുന്ന വിർജീനിയ തന്റെ പരീക്ഷണ രീതികളുടെ സ്വതന്ത്ര ആവിഷ്കാരത്തിനായി പ്രസാധക ലോകത്തേക്ക് ചുവടു വെക്കുകയായിരുന്നു എന്ന് പറയാം.


ചർച്ചാവിഷയം

# സംയുക്ത : എ ജേണൽ ഒഫ് വിമൺ സ്റ്റഡീസ്

## പ്രസാധകമേഖലയുടെ ജനാധിപത്യവൽക്കരണം




**ഡോ.ദിവ്യ കെ.**
അദ്ധ്യാപിക
ഡിപാർട്ട്മെന്റ് ഓഫ് റഷ്യൻ &
കംപാരറ്റീവ് ലിറ്ററേച്ചർ
കോഴിക്കോട് സർവ്വകലാശാല

**ലോ**കത്തെല്ലായിടത്തുമെന്ന പോലെ ഇന്ത്യയിലും പ്രസാധക മേഖലയിൽ അധീശത്വം സ്ഥാപിച്ചുനിൽക്കുന്നത്. ആണധികാര – വരേണ്യ – കച്ചവടകേന്ദ്രിത താൽപര്യങ്ങളാണ്. ഉള്ളടക്ക നിർണയം മുതൽ വിതരണം വരെയുള്ള പ്രസാധനത്തിന്റെ മുഴുവൻ പ്രക്രിയകളും നിർണയിക്കപ്പെടുന്നത് ഈ താൽപര്യങ്ങൾക്കനുസരിച്ചാണ്. സ്ത്രീകളേയും മറ്റ് പാർശ്വൽകൃതവിഭാഗങ്ങളേയും പുറത്തുനിർത്തുന്ന ഒരു അദൃശ്യമായ അതിർത്തിരേഖ പ്രസാധകമേഖലയിൽ നിലനിൽക്കുന്നുണ്ട്. പ്രസാധകശാലകൾ സുഘടിതമായ കേന്ദ്രീകൃത അധികാരഘടന നിലനിൽക്കുന്ന സ്ഥാപനങ്ങളാണ്.

പ്രസാധകമേഖലയിലെ വമ്പൻ സംരംഭങ്ങളെല്ലാം തന്നെ പിതൃദായകസ്വഭാവത്തോടുകൂടിയതാണ്. അതുകൊണ്ടുതന്നെ പ്രസാധനത്തിന്റെ ഉയർന്ന പദവികളിൽ സ്ത്രീകളുടെ സാന്നിധ്യം തുലോം കുറവായിരുന്നു. 90കളിൽ ഇന്ത്യയിൽ നടപ്പിലാക്കപ്പെട്ട പുത്തൻ സാമ്പത്തികനയങ്ങൾ പ്രസാധകമേഖലയിൽ കോർപ്പറേറ്റുകളുടെ കുത്തകവൽക്കരണത്തിന് കാരണമായിട്ടുണ്ട്. ലാഭേച്ഛയല്ലാതെയതൊരുതരത്തിലുമുള്ള സാമൂഹ്യഉത്തരവാദിത്വ പാർശ്വവൽകൃതവിഭാഗങ്ങളുടെ എഴുത്തുകൾക്ക് ഇക്കാലത്ത് കൂടുതൽ ദൃശ്യത കൈവരുന്നുണ്ടെങ്കിലും വിപണനമൂല്യം തന്നെയാണ് അതിന്റെയും അടിസ്ഥാനമായി നിലനിൽക്കുന്നത് എന്ന് കാണാവുന്നതാണ്. ഈ അവസ്ഥയ്ക്ക് കാതലായ മാറ്റം വരുന്നത് സ്വതന്ത്ര പ്രസാധകസംരംഭകരുടെ ആവിർഭാവത്തോടെയാണ്. സ്വതന്ത്രപ്രസാധകരിൽ ഭൂരിഭാഗവും സ്ത്രീകളാണ് എന്നത് ശ്രദ്ധേയമാണ്. സ്ത്രീ പ്രസാധകസംരംഭകർക്ക് ഇന്ത്യൻ പ്രസാധകരംഗത്തെ മാത്രമല്ല, പ്രസാധനത്തെ സംബന്ധിക്കുന്ന കാഴ്ച്ചപ്പാടുതന്നെ മാറ്റിവരപ്പിക്കാൻ അവർക്ക് സാധിക്കുന്നുണ്ട്.

ഇന്ത്യൻസമൂഹത്തിലും, സവിശേഷമായി പറഞ്ഞാൽ, ഇന്ത്യയിലെ പ്രസാധകമേഖലയിലും ആധിപത്യം സ്ഥാപിച്ചുനിൽക്കുന്ന ആണധികാരഘടന, കുത്തകവൽക്കരണം, വരേണ്യത എന്നിവയോട് പ്രത്യക്ഷമായിത്തന്നെ സമരത്തിലേർപ്പെട്ടുകൊണ്ടാണ് സ്ത്രീപ്രസാധകർ തങ്ങളുടെ ഇടംകണ്ടെത്തുന്നത്. അക്കാദമികരംഗത്തും പൊതുയിടത്തിലും ഒരുപോലെ ഉയർത്തിപ്പിടിക്കുന്ന വ്യക്തമായ രാഷ്ട്രീയബോധമാണ് സ്ത്രീപ്രസാധകരെ നയിക്കുന്നത്. പ്രസാധനം അവരെ സംബന്ധിച്ചിടത്തോടും രാഷ്ട്രീയപ്രവർത്തനം തന്നെയാണ്. ഇന്ത്യയിലെ ആദ്യ ഫെമിനിസ്റ്റ് പ്രസാധകസംരംഭത്തിന് തുടക്കം കുറിക്കുന്നത് ഫെമിനിസ്റ്റ് സ്കോളേഴ്സ് ആയ ഉർവശി ഭൂട്ടാലിയും റിതുമേനോനുമാണ്. കാളി ഫോർ വിമൺ എന്ന സംരംഭമാണ് അവർ 1984 ൽ ആരംഭിക്കുന്നത്. വിപണികേന്ദ്രിതമായ പ്രസാധകരംഗത്തെ ഒരു ആക്ടിവിസ്റ്റിന്റെ റോളിൽ നിന്നുകൊണ്ട് മാറ്റങ്ങൾ കൊണ്ടുവരിക എ

ന്നതാണ് ഈ സംരഭത്തിലൂടെ അവർ ലക്ഷ്യമിട്ടത്. സ്ത്രീകളുടെ ശബ്ദത്തിന് സവിശേഷാധികാരം നൽകണമെന്ന് അവർ ഉറച്ചുവിശ്വസിച്ചിരുന്നു. അതിന്റെ ഭാഗമായാണ് നിശബ്ദരാക്കപ്പെട്ട, അദൃശ്യരാക്കപ്പെട്ട സ്ത്രീകളുടെ എഴുത്തുകൾ പ്രസിദ്ധീകരിക്കുവാനും അതിലൂടെ അവർക്ക് നിഷേധിക്കപ്പെട്ട പൊതുയിടത്തെ നേടിക്കൊടുക്കാനുമുള്ള ശ്രമങ്ങൾ കാളി ഫോർ വുമൺ ചെയ്യുന്നത്. ഇവരെ പിന്തുടർന്ന് സ്ത്രീ/സാമ്യ, തൂലിക, യോദ, സമത തുടങ്ങിയ പ്രസിദ്ധീകരണസംരംഭങ്ങൾ ഉണ്ടാകുന്നുണ്ട്.




**സംയുക്ത എ ജേണൽ ഓഫ് വുമൺസ്റ്റഡീസിന്റെ ബദലന്വേഷണങ്ങൾ**

കേരളത്തിൽ, പുസ്തകപ്രസാധകരംഗത്ത് സമതയിലൂടെ സ്ത്രീപ്രസാധകർ നിർണായകമായ ചുവടുവെപ്പുകൾ നടത്തിയിട്ടുണ്ട്. എന്നാൽ, പൂർണമായും അക്കാദമിക മേഖലകേന്ദ്രീകരിച്ചുകൊണ്ട് ജേണലുകളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്ന പ്രസാധകസംരംഭത്തിന് തുടക്കം കുറിക്കുന്നത് സംയുക്തയിലൂടെയാണ്. 2001 ലാണ് സംയുക്ത പ്രസിദ്ധീകരണം ആരംഭിക്കുന്നത്. അക്കാദമികരംഗത്ത് പ്രവർത്തിക്കുന്ന ഒരു കൂട്ടം സ്ത്രീകളുടെ പ്രയത്നഫലമായാണ് സംയുക്ത സാധ്യമാകുന്നത്. കേരള സർവകലാശാലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ ദീർഘകാലം അധ്യാപികയായിരുന്ന പ്രൊഫ.ജി.എസ്. ജയശ്രീയുടെ നേതൃത്വത്തിലാണ് സംയുക്ത ആരംഭിക്കുന്നത്. ഡോ.ജയശ്രീ രാമകൃഷ്ണൻ നായരെ സംയുക്തയുടെ കോ-ഫൗണ്ടർ എന്ന് വിശേഷിപ്പിക്കാവുന്നതാണ്. ഹേമ നായർ, രാധികാമേനോൽ, സുപ്രിയ നായർ,സുപ്രിയ കെ നായർ എന്നിവർ സംയുക്തയുടെ വളർച്ചയിൽ നിർണയാകമായ പങ്കുവഹിച്ചരാണ്. സംയുക്ത എന്ന പേര് തന്നെ കൂട്ടായ പരിശ്രമത്തെയും ഐക്യത്തേയും കുറിക്കുന്നതാണ്. സംഘാംഗങ്ങൾക്കിടയിലെ ചർച്ചകളിൽനിന്നാണ് ഈ പേര് ഉരുത്തിരിഞ്ഞുവരുന്നത്. എഡിറ്ററാകണമെന്ന ആഗ്രഹവും പ്രസാധകമേഖലയിൽ നിലനിൽക്കുന്ന അധികാരത്തിന്റെ എല്ലാരൂപങ്ങളെയും ചോദ്യം ചെയ്യുകയും കൂടുതൽ ജനാധിപത്യപരമായ ഒരു പ്രസാധകാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതായിരുന്നു പ്രസാധകരംഗത്തേക്ക് കടക്കാൻ പ്രേരിപ്പിച്ചഘടകമെന്ന് ജി.എസ്. ജയശ്രീ വ്യക്തമാക്കുന്നുണ്ട്. സ്ത്രീപ്രശ്നങ്ങളിൽ ഫോക്കസ് ചെയ്തുകൊണ്ടുള്ള പഠനവും ഗവേഷണവും നടത്തുന്നതിന് മാത്രമായി ഒരു സംഘടന ഉണ്ടാകണമെന്ന ആഗ്രഹമാണ്
വിമൺസ് ഇനിഷ്യേറ്റീവ് : എ കളക്ടീവ് ഓഫ് വിമൺ സ്റ്റഡീസ് സ്കോളേഴ്സി ന്റെ രൂപീകരണത്തിലേക്ക് (2000) നയിക്കുന്നത്. ഏഴ് സ്ഥാപകാംഗങ്ങളാണ് കളക്ടീവിന് ഉണ്ടായിരുന്നത്. അംഗങ്ങളുടെ വീടുകളിൽ നടന്ന എണ്ണമറ്റ മീറ്റിംഗുകളും അതിൽ നടന്ന ചൂടേറിയ ചർച്ചകളുമാണ് സംയുക്തയുടെ പിറവിയിലേക്ക് നയിക്കുന്നത്. ഒട്ടും അറിയപ്പെടാത്ത, എന്നാൽ അസാധാരണവും മാതൃകാപരവുമായ ജീവിതം നയിച്ച സ്ത്രീകളുടെ ആത്മകഥകൾ പ്രസിദ്ധീകരിച്ചുകൊണ്ട് ഈ രംഗത്തേക്ക് കടന്നുവരിക എന്ന തീരുമാനം ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്നു. അങ്ങനെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ ഒരു നമ്പൂതിരി അന്തർജനത്തിന്റെ ആത്മകഥ സംയുക്തയുടെ ആദ്യ പ്രസിദ്ധീകരണമായി 2001 ൽ പുറത്തിറങ്ങി. ജേണലിന്റെ ഫോർമാറ്റ് തീരുമാനിക്കുക എന്നത് താരതമ്യേന എളുപ്പമായിരുന്നു എന്നാൽ എഡിറ്റോറിയൽ പോളിസി നിശ്ചയിക്കുക, ഉള്ളടക്ക നിർണയനം എന്നിവ അത്ര എളുപ്പമുള്ള പണികളായിരുന്നില്ല.


2001- മുതൽ 2005 വരെ അഞ്ച് വർഷം ഒരു പോളിസി പിന്തുടരാനും അതിനുശേഷം റെവ്യൂ നടത്താനും തീരുമാനിച്ചു. 2006-ൽ റെവ്യൂ നടത്തുകയും ചിലമാറ്റങ്ങൾ വരുത്തുകയും ചെയ്തു. സംയുക്ത തുടക്കം മുതൽതന്നെ അതിന്റെ ആപ്തവാക്യമായി മുന്നോട്ട് വെക്കുന്നത് അറിവിന്റെ ജനാധിപത്യവൽകരണം എന്ന ആശയമാണ്. അധികാരവും അറിവും തമ്മിലുള്ള സന്ധിചെയ്യലുകൾ അറിവിന്റെ മണ്ഡലത്തിൽ ഉള്ളവരെയും ഇല്ലാത്തവരെയും സൃഷ്ടിക്കുന്നുണ്ട്.അനീതിയെ തിരിച്ചറിയലും വിമർശനവും സാധ്യമാക്കുന്ന തരത്തിൽ അറിവിന്റെ വ്യാപനം നടന്നാൽ അത് എല്ലാവരുടെയും മനസ്സിൽ ഒരു ശാക്തീകരണബോധം ജനിപ്പിക്കുന്നു. അതിലൂടെ ബൗദ്ധികമേഖലയിലെ അധികാരശ്രേണിയെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു. സ്ത്രീകളെ ബൗദ്ധികമേഖലയിൽ നിന്നും പുറത്തുനിറുത്തുകയും അറിവ് നേടാനുള്ള അവകാശം നിഷേധിക്കപ്പെടുകയും ചെയ്യുന്നുണ്ട്. അ

റിവിന്റെ വിതരണത്തിൽ നടക്കുന്ന വിവേചനമാണ് ഏറ്റവും വലിയ വിവേചനമെന്ന നിലപാടാണ് സംയുക്ത മുന്നോട്ട് വെക്കുന്നത്. സ്ത്രീകൾക്ക് എതിരെയുള്ള സെൻസർഷിപ്പ്, പ്രദേശികഭാഷകളിൽ നിന്നുള്ള കൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക  എന്നീ രണ്ട് പ്രധാനപ്പെട്ട വിഷയങ്ങൾ ജേണലിന്റെ ഫോക്കസ് ഏരിയയായി നിശ്ചയിക്കപ്പെട്ടു.

സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക-ഗാർഹിക മേഖലകളിലെല്ലാം നടക്കുന്ന സെൻസർഷിപ്പിനെ ചോദ്യം ചെയ്യുക എന്നതായിരുന്നു ജേണലിന്റെ ഒരു പോളിസി. വലതുപക്ഷഭരണകൂടങ്ങൾ, സങ്കുചിത മതസ്ഥാപനങ്ങൾ, ദാരിദ്ര്യം, നിരക്ഷരത, ആചാരങ്ങൾ, മുൻവിധികൾ, കുടുംബസമ്മർദ്ദങ്ങൾ, വിവേചനപരമായി പെരുമാറുന്ന പ്രസാധകർ, ആഗോളമാധ്യമങ്ങളുടെ അസന്തുലിതമായ വിതരണശൃംഖല തുടങ്ങി സ്ത്രീകളെ നിശബ്ദരാക്കുന്ന എല്ലാ ശക്തികളേയും പ്രതിരോധിക്കുക. സ്ത്രീകളുടെ പൊതുയിടത്തിലെ വർദ്ധിതമായ സാന്നിധ്യത്തിനായി നിലകൊള്ളുന്ന സംഘമായതുകൊണ്ടുതന്നെ കുടുംബത്തിനുള്ളിൽ നിലനിൽക്കുന്ന വളരെ സൂക്ഷ്മമായ നിയന്ത്രണത്തെപ്പോലും തിരിച്ചറിയുകയും അതിനെ പ്രതിരോധിക്കാനുള്ള വഴികൾ കണ്ടെത്തുകയും ചെയ്യുക. ആ നിലയ്ക്കുള്ള പഠനങ്ങളും എഴുത്തുകളും ധാരാളമായി സംയുക്തയിൽ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്.

മുഖ്യധാരാ പ്രസാധകർ പ്രസിദ്ധീകരിക്കാൻ മടിച്ചിരുന്ന അല്ലെങ്കിൽ വിസമ്മതിച്ചിരുന്ന പല എഴുത്തുകാരെയും വിഷയങ്ങളെയും ഏറ്റെടുക്കാൻ അവർ തയ്യാറാകുന്നുണ്ട്. ലൈംഗിക-മത-ഭാഷാവൈവിധ്യങ്ങളിലെയും ദളിത്-ആദിവാസി വിഭാഗങ്ങളിലേയും എഴുത്തുകാരുടെ കൃതികൾ പ്രസിദ്ധീകരിക്കുക എന്നത് സ്ത്രീപ്രസാധകരുടെ ഒരു നയം തന്നെയായി മാറുന്നുണ്ട്.

വിവർത്തനരംഗത്തെ ഭാഷാവരേണ്യതയെക്കൂടി അവർ ചോദ്യം ചെയ്യുന്നുണ്ട്. പ്രാദേശികഭാഷകളിലെ കൃതികളുടെ വിവർത്തനം ഒരു മുഖ്യഅജണ്ടതന്നെയായി മാറുന്നത് ഇതിന്റെ ഭാഗമായാണ്. ഇംഗ്ലീഷ് സാഹിത്യത്തിന്റെ ആധിപത്യം കാരണം അരികുവൽക്കരിക്കപ്പെട്ട പ്രാദേശികഭാഷകളോട് നീതികാണിക്കുകയാണ് പ്രാദേശികഭാഷകളിലെ കൃതികളുടെ വിവർത്തനത്തിലൂടെ ലക്ഷ്യം വെക്കുന്നത്. പ്രാദേശികഭാഷകളിലെ എഴുത്തുകാർക്ക് ദേശവ്യാപകമായി വായനക്കാർ ഉണ്ടാകണമെങ്കിൽ അവരുടെ കൃതികൾ ഒന്നുകിൽ ഇംഗ്ലീഷിലേക്കോ ഹിന്ദിയിലേക്കോ വിവർത്തനം ചെയ്യപ്പെടേണ്ടതുണ്ട്. അതിനേക്കാൾ ഉപരിയായി പ്രാദേശിക ഭാഷകളിലെ സ്ത്രീ എഴുത്തുകൾ കൂടുതൽ അരികുവൽക്കരിക്കപ്പെടുന്നുണ്ട്. ലിംഗാധിഷ്ഠിതമായി സ്ത്രീഎഴുത്തുകാർ അവരുടെ ഭാഷയിൽത്തന്നെ ഉച്ചനീചത്വം നേരിടുന്നുണ്ട്. ദേശീയ സാഹിത്യങ്ങളുടെ പരിധിയിൽ സ്ത്രീഎഴുത്തുകാർ വരുന്നില്ല. കഴിയുന്നത്ര ഇത്തരം വിവേചനങ്ങൾ ഇല്ലാതാക്കുകയാണ് ജേണൽ ലക്ഷ്യം വെക്കുന്നത്. ഈ ലക്ഷ്യം നേടുന്നതിനായി ഞങ്ങൾ ധാരാളം വ്യത്യസ്തമായ പരിപാടികൾ നടത്തുന്നുണ്ട് എന്ന് പ്രൊഫ.ജയശ്രീ പറയുന്നു:  സെൻസർഷിപ്പ് പ്രശ്നങ്ങൾ പ്രാധാന വിഷയമാക്കി കോൺഫറൻസ് സംഘടിപ്പിച്ചു. മുഖ്യധാരാ പ്രസാധകർക്ക് പെട്ടെന്ന് സ്വീകാര്യമാകാത്ത മെറ്റീരിയലുകൾ





പ്രസിദ്ധീകരിക്കുക, പ്രാദേശികഭാഷകളിൽ നിന്നും കഴിയുന്നത്ര വിവർത്തനം ചെയ്യുക, വിവർത്തനത്തിൽ പ്രത്യേക പതിപ്പുകൾ വിവർത്തകർക്ക് ശിൽപശാലകൾ എന്നിവ നടത്തി. 13 പ്രാദേശിക ഭാഷകളിലെ സ്ത്രീ എഴുത്തുകാരുടെ കഥകൾ 2003 ൽ പ്രസിദ്ധീകരിച്ചു. ഇത് ധാരാളം എഴുത്തുകാരെ ദേശീയശ്രദ്ധയിൽ കൊണ്ടുവരികയും വലിയ അംഗീകാരം നേടിക്കൊടുക്കുകയും ചെയ്തു. പി.വത്സലയുടെ Sleepless in Wayanad, കെ.ആർ മീരയുടെ The Vein of Memory, മൃദുല ഗാർഗിന്റെ A Woman is Born, മാനസിയുടെ The Bird in the Snow എന്നിവ സംയുക്ത പ്രസിദ്ധീകരിച്ചു.

ഉള്ളടക്കം അക്കാദമികരംഗത്തുള്ളവരെയും സാധാരണക്കാരെയും ഒരുപോലെ അഭിസംബോധന ചെയ്യുന്ന തരത്തിലാവണം ക്രമീകരിക്കേണ്ടത് എന്നത് തങ്ങൾ എടുത്ത മറ്റൊരു നിലപാടായിരുന്നുവെന്ന് ജയശ്രീ വിശദമാക്കുന്നുണ്ട്. ലേഖനങ്ങ

ളും പഠനങ്ങളും കൂടാതെ സാഹിത്യകൃതികളും ബുക്ക് റിവ്യൂവും ചെയ്യുന്നുണ്ട്.

ജേണലിന്റെ എല്ലാ ലക്കത്തിലും പ്രസിദ്ധരായ എഴുത്തുകാരുടെ അഭിമുഖം ഉൾപ്പെടുത്തിയിരുന്നു. വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീകളുടെ ആത്മകഥകൾ ജേണലിന്റെ ഭാഗമായി. നീണ്ട ആത്മകഥകളിൽനിന്ന് ചില ഭാഗങ്ങൾ മാത്രം പ്രസിദ്ധീകരിച്ചു. ഫെമിനിസ്റ്റുകളുടെ ജീവിതരേഖ അവതരിപ്പിച്ചു. പ്രധാനപ്പെട്ട ചിന്തകരുടെ സംഭാവനകള ഫെമിനിസ്റ്റ് കാഴ്ച്ചപ്പാടിൽ നിന്നും പുനർവായന നടത്തുന്ന പഠനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കെ.ആർ.ഗൗരിയമ്മ, സി.കെ. ജാനു, ദേവകി നിലയങ്ങോട്, പി.വത്സല എന്നിവരുടെ ജീവചരിത്രങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലക്ഷ്മി സെയ്ഗാൾ, കമലാദാസ്, സാറാ ജോസഫ് എന്നവരുമായുള്ള അഭിമുഖങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം പ്രസിദ്ധീകരണങ്ങളിലൂടെ പ്രാദേശിക ചരിത്രത്തെ അടയാളപ്പെടുത്തലും ഒരു നൂറ്റാണ്ടുകാലത്തെ ജീവിതത്തെ ഡോക്യുമെന്റ് ചെയ്യലുമാണ് നടന്നത്. സ്ത്രീകളും അധികാരവും എന്ന വിഷയത്തിന്റെ പല തലങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്യുന്ന പഠനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾ അധികാരവുമായി നടത്തുന്ന പരസ്പരധാരണകൾ, കേരളത്തിലെ മരുമക്കത്തായ സമ്പ്രദായത്തിൽ കാരണവരിലൂടെ സ്ഥാപിക്കപ്പെടുന്ന ആണധികാരം, സമകാലിക മലയാളസാഹിത്യത്തിലെ അധികാരബന്ധങ്ങളുടെ ചിത്രീകരണം എന്നിവ ഈ കാഴ്ചപ്പാടിൽനിന്നുകൊണ്ട് ജേണലിൽ ചർച്ച ചെയ്ത വിഷയങ്ങളാണ്.




സ്ത്രീകളുടെ ആരോഗ്യം ജേണൽ പ്രാമുഖ്യം കൊടുത്ത മറ്റൊരു മേഖലയാണ്. 1850 മുതൽ സമകാലികം വരെ ആരോഗ്യരംഗത്ത് സ്ത്രീകൾ നടത്തിയ ഇടപെടലുകളെ കുറിച്ചുള്ള പഠനങ്ങളുടെ പ്രസിദ്ധീകരണം ജേണലിന് വലിയ അംഗീകാരം നേടിത്തന്നു. പ്രത്യുൽപ്പാദനവും കുട്ടികളുടെ ആരോഗ്യവും, ഗർഭച്ഛിദ്രം ചെയ്യാനുള്ള അവകാശത്തിന്റെ നിയമവശങ്ങൾ, എയ്ഡ്സ്/ എച്ച്.ഐ.വി.എന്നിവയെ സംബന്ധിച്ചുള്ള സ്ത്രീകളുടെ കാഴ്ച്ചപ്പാട്, ലൈംഗിക തൊഴിലാളികൾക്ക് വേണ്ടിയുള്ള ആരോഗ്യനയം, മാനസികാരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്നവിവേചനം എന്നിവയെല്ലാം ചർച്ച ചെയ്യുന്ന പഠനങ്ങൾ ജേണലിൽ ഇടം നേടുന്നുണ്ട്. ക്ലാസ്മുറികളിലും ജൻഡർ ട്രെയിനിംഗ് പ്രോഗ്രാമുകളിലും ഈ മെറ്റീരിയലുകൾ വ്യാപകമായി ഉപയോഗിക്കപ്പെട്ടു. യു.കെ.യിലെ സ്ത്രീപ്രസാധകരുടെ The New Venture Award 2004 ൽ സംയുക്തയെ തേടിയെത്തുന്നുണ്ട്.

പ്രസാധകസ്ഥാപനങ്ങൾക്കുള്ളിൽ നിലനിൽക്കുന്ന കേന്ദ്രീകൃത അധികാരഘടനയെ പൊളിക്കാനുള്ള ശ്രമങ്ങളും സ്ത്രീപ്രസാധകരിൽ ചില സംരംഭകർ നടത്തുന്നുണ്ട്. ചീഫ് എഡിറ്റർ, എഡിറ്റർ തുടങ്ങിയ പദവികളെ സ്ഥിരമായി ഒരാളിൽ നിക്ഷിപ്തമാക്കാതെ അത് ഗ്രൂപ്പിലെ ഓരോ അംഗങ്ങളും ഏറ്റെടുത്തുകൊണ്ട് അത്തരമൊരു പദവിയുടെ അധികാരസ്വഭാവത്തെ ഇല്ലാതാക്കുന്നു. ഉള്ളടക്കനിർണയനവും പ്രൂഫ് വായനയും എഡിറ്റിംഗും എല്ലാം അംഗങ്ങൾ ഒരുമിച്ചിരുന്ന് നിർവഹിക്കുന്ന രീതിയും പിന്തുടർന്നുകൊണ്ട് ഇതിനെ കൂടുതൽ ജനാധിപത്യപരമാക്കുകയും ചെയ്തു. സംയുക്തയുടെ പ്രഖ്യാപിതനയം തന്നെ പ്രസിദ്ധീകരണസ്ഥാപനങ്ങളിലെ പിതൃദായകഘടനയിലുള്ള അധികാരബന്ധങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് ജനാധിപത്യപരമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ്. മെറ്റീരിയൽ തെരെഞ്ഞെടുക്കുക, എഡിറ്റിംഗ്, പ്രൂഫ് റീഡിംഗ് തുടങ്ങി ജേണലുകൾ തപാൽ വഴി അയക്കുന്നതുവരെ അംഗങ്ങൾ കൂട്ടമായി ചെയ്തു. ഒരു കൂട്ടമായ ഉത്തരവാദിത്തബോധം വിമൺ ഇനിഷ്യേറ്റീവിന്റെ അംഗങ്ങൾക്കിടയിൽ ഉണ്ടായിരുന്നു. തുല്യതാബോധവും വിമർശനാത്മക ചിന്തയുമാണ് സംയുക്തയ്ക്ക് പിറകിലെ പ്രചോദനമെന്ന് ജയശ്രീ പറയുന്നു.

കോർപ്പറേറ്റുകളുടെ വിപണിയിലെ കുത്തകവൽകരണത്തെ ചെറുക്കുകയും മറികടക്കുകയും ചെയ്യുക എന്നത് സ്ത്രീപ്രസാധകർ നേരിടുന്ന പ്ര

ധാനപ്പെട്ട വെല്ലുവിളിയാണ്. സ്വന്തമായി പ്രിന്റിംഗ് പ്രസ് തുടങ്ങുകയും വിതരണവും വിൽപനയും സ്വയം ഏറ്റെടുത്തുകൊണ്ടും സ്വന്തമായി വിപണികൾ കണ്ടെത്തിയുമാണ് ഈ വെല്ലുവിളിയെ അതിജീവിക്കാൻ ശ്രമിക്കുന്നത്. സൗഹൃദങ്ങളുടെയും സമാനഹൃദയരുടെയും സാമ്പത്തികമായ പിന്തുണയും ബാങ്ക് വായ്പകളുമാണ് പലരുടെയും മൂലധനത്തിന് അടിസ്ഥാനം. അത്രമേൽ പ്രതിസന്ധികൾക്കിടയിലും തങ്ങളുടെ രാഷ്ട്രീയനിലപാട്



കൈവിടാതെയും ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെയുമാണ് സ്ത്രീപ്രസാധകർ മുന്നോട്ടുപോകുന്നത്. സംയുക്തയും ബദൽ മൂലധനമാർഗങ്ങളിലൂടെത്തന്നെയാണ് ആരംഭിക്കുന്നത്. ഏഴംഗങ്ങളും 1000 രൂപ വീതം എടുക്കാൻ തീരുമാനിക്കുകയും അങ്ങനെ ശേഖരിച്ച 7000 രൂപ മൂലധനത്തിലാണ് കളക്ടീവ് പ്രവർത്തനമാരംഭിക്കുന്ന്.

ജേണലിന് ഫണ്ട് നൽകുന്നത് കേരള വനിതാ വികസന കോർപ്പറേഷനാണ്. കേരളത്തിലെ സർവകലാശാലകളിൽ ഗവേഷണം നടത്തുവർക്ക് പുതിയ ഗവേഷണമേഖലകൾ തുറന്നുകൊടുക്കുന്നതിന് സംയുക്തയുടെ പ്രവർത്തനങ്ങൾക്കായിട്ടുണ്ട്. ജേണൽ ഉയർത്തിപ്പിടിക്കുന്ന അന്തർവൈജ്ഞാനിക സമീപനം ഗവേഷകർക്ക് വലിയ സാധ്യതകളാണ് നൽകുന്നത്. സ്ത്രീപ്രശ്നങ്ങളിലെ ഗവേഷണത്തിന് പ്രാമുഖ്യം കൊടുക്കുമ്പോഴും പീസ് സ്റ്റഡീസ്, ഫിലിം സ്റ്റഡീസ്, കൾച്ചറൽസ്റ്റഡീസ്, സെക്ഷ്വാലിറ്റി സ്റ്റഡീസ്, പോപുലർ സ്റ്റഡീസ് തുടങ്ങി ധാരാളം ഡിസിപ്ലിനുകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പഠനങ്ങൾ ജേണലിന്റെ ഭാഗമാകുന്നുണ്ട്. ജേണലിന്റെ പോളിസി എന്ന നിലയ്ക്ക് അധികം ശ്രദ്ധിക്കാതെ പോകുന്ന പ്രാദേശികഭാഷകളുടെ എഴുത്തുകാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്ന നിലപാട് സ്വീകരിച്ചു. ഇത് കൂടുതൽ എഴുത്തുകാരെക്കുറിച്ച് അറിയുന്നതിനും പഠനം നടത്തുന്നതിനും ഗവേഷകർക്ക് ഉപയോഗപ്രദമാകുന്നുണ്ട്. അതുപോലത്തന്നെ വിവർത്തനരംഗത്തും പ്രാഗൽഭ്യം തെളിയിക്കാനുള്ള അവസരങ്ങൾ ഇത് നൽകുന്നുണ്ട്. സർവകലാശാലകളുടെ സിലബസ്സിൽ മുഖ്യധാരാ എഴുത്തുകാരെ കൂടാതെ അരികുവൽക്കരിക്കപ്പെട്ട എഴുത്തുകാരുടെ കൃതികളും കൂടി ഉൾപ്പെടുത്താൻ തുടങ്ങി. ഗവേഷകർക്കും അക്കാദമികരംഗത്തും എഴുത്തിന്റെ മേഖലയിലുമെല്ലാം പ്രവർത്തിക്കുന്നവർക്കായി സ്കോളർ – ഇൻ– റസിഡൻസ് പ്രോഗ്രാമുകളും സംയുക്ത നടത്തുന്നുണ്ട്. കവടിയാറിലെ ജവഹർനഗറിൽ, താമസിച്ചുകൊണ്ട് ഗവേഷണപ്രവർത്തനങ്ങൾ നടത്താനായി ഒരു റസിഡൻസ് സംവിധാനം സംയുക്ത ഒരുക്കിയിട്ടുണ്ട്. ജേണലിന്റെ പ്രിന്റഡ് വേർഷൻ നിർത്തിയെങ്കിലും പുസ്തക പ്രസാധകരംഗത്ത് സംയുക്ത സജീവമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

ശ്രീദേവി കെ.നായരും ലൈല അലക്സും വിവർത്തനം ചെയ്ത ടി. പത്മനാഭന്റെ കഥകൾ Stories:T.Padmanabhan എന്ന പേരിൽ സംയുക്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. Women and Development, Women and Health, Women and Culture, Environmental Studies എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത് സംയുക്തയുടെ ഭാവി പരിപാടിയിൽ ഉൾപ്പെടുന്നതാണ്. ഇന്ന്, ഇന്ത്യക്കകത്തും പുറത്തും വലിയ തോതിൽ ഉദ്ധരിക്കപ്പെടുന്ന, പിയർ റെവ്യൂഡ്, ഇൻഡക്സ്ഡ് ജേണലാണ് സംയുക്ത. ജി.എസ്.ജയശ്രീ, ശ്രീദേവി കെ. നായർ, ബിനി എസ്.സജിൽ, എസ്. ദേവിക, രാജശ്രീ ആർ. ഡോ.എസ്.ദിവ്യ, ഡോ.ആര്യ അയ്യപ്പൻ,ഡോ.ലക്ഷ്മി സുകുമാർ എന്നിവരാണ് നിലവിൽ സംയുക്തയെ നയിക്കുന്നത്. കേരളത്തിന്റെ വൈജ്ഞാനികമേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഭാവുകത്വപരിണാമത്തിൽ സംയുക്ത: എ ജേണൽ ഓഫ് വിമൺ സ്റ്റഡീസ് വഹിച്ച പങ്ക് കൂടുതൽ പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്.

**റഫറൻസ്**


Deepa Nair, Role of Independent Indian Women Run Publishing Houses
https://www.researchgate.net/publication/340023664_ROLE_OF_INDEPENDENT_INDIAN_WOMEN_RUN_PUB LISHING_HOUSES
https://samyuktaresearchfoundation.org/
"When We Dared to Publish: Experiences of an Editor" Interview with G.S. Jayasree (Unpublished)

വഴിത്താരകൾ

**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക



# സ്ത്രീകൾ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ



ഡിജിറ്റൽ മാധ്യമങ്ങൾ അവകാശ സമരങ്ങളുടെ രൂപഭാവങ്ങളെ പാടേ മാറ്റി മറിച്ച കാലത്താണ് നാമിന്നു ജീവിക്കുന്നത്. സമീപകാലത്തു കേരളം കണ്ട നിർണായക സമരങ്ങളാണ് ദീപമോഹനനും അനുപമ ചന്ദ്രനും നടത്തിയത്.അവർ അവലംബിച്ച മുഖ്യമായ സമരരീതികൾ പരിചിതമായിരുന്നെങ്കിലും ഡിജിറ്റൽ മാധ്യമങ്ങളിലൂടെ ആശയ പ്രചാരണത്തിന് കൈവന്ന വേഗത്തിനും, ആഗോളതലത്തിൽ തന്നെ ഇവർക്ക് രണ്ടുപേർക്കും കിട്ടിയ പിന്തുണക്കും ഊർജത്തിനും ഇത് വരെ കാണാത്ത ഒരു ചടുലത അനുഭവപ്പെട്ടിരുന്നു. അതിൽ നവമാധ്യമങ്ങളുടെ പങ്കു ചെറുതല്ല.

ആക്ടിവിസവും അവകാശ സമരങ്ങളും മാധ്യമ രൂപങ്ങളും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകൾ മാധ്യമ വളർച്ചയുടേയും സമര ചിത്രങ്ങളുടേയും അനിവാര്യ ഘടകങ്ങളാണ്. അത് പോലെ തന്നെ ഗാഢമാണ് സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള പ്രക്ഷോഭങ്ങളും സ്ത്രീ പ്രസാധന സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധങ്ങളും. പുസ്തകങ്ങളുടെ ചരിത്രത്തിൽ സ്വാതന്ത്ര്യ സമരങ്ങളുടേയും വിമോചനപ്രസ്ഥാനങ്ങളുടേയും പങ്കു വളരെ വലുതാണ്. പരസ്പരം പോഷിപ്പിച്ചു കൊണ്ടാണ് വായനയും സമരങ്ങളും നിർണ്ണായകങ്ങളായ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. നവീനങ്ങളായ ആശയങ്ങൾക്കും പുതുസ്വപ്നങ്ങൾക്കും വിത്ത് പാകിയിട്ടുള്ളത്. സമാനമനസ്കരുമായുള്ള സംവാദങ്ങൾ ചലനാത്മകമാവുന്നത് പുസ്തകങ്ങളിലൂടെയാണ്.ഇത് വരെ വെളിച്ചം കാണാത്ത സ്ത്രീ അനുഭവങ്ങളെ പ്രസിദ്ധീകരിച്ചു കൊണ്ട് ഇന്ത്യൻ സ്ത്രീ പ്രസാധന രംഗത്തിനു നാന്ദി കുറി


ച്ച ഉർവശി ബുട്ടാലിയയും റിതു മേനോനും തങ്ങളുടെ  കാളി ഫോർ വിമൻ എന്ന പ്രസിദ്ധീകരണ സംരംഭത്തെ കുറിച്ച് ഓർക്കുമ്പോൾ അത് ഇന്ത്യൻ സ്ത്രീപ്രസ്ഥാനത്തിന്റെ ചരിത്രം കൂടിയാകുന്നു.ഇന്ത്യൻ സ്ത്രീപ്രസ്ഥാനത്തിന്റെ അതിർത്തികൾക്കപ്പുറത്തേക്കും ആ ചൈതന്യം പ്രവഹിക്കുന്നു. ഒരു ഗാരേജിൽ 1984 ൽ ഇങ്ങിനെയൊരു കൂട്ട് സംരംഭം തുടങ്ങുമ്പോൾ  റിതുവിനും ഉർവശിക്കും ആകെ ഉണ്ടായിരുന്ന കൈമുതൽ തികഞ്ഞ സ്ത്രീപക്ഷ രാഷ്ട്രീയ ബോധ്യവും ആത്മവിശ്വാസവും മുഖ്യധാരാപ്രസിദ്ധീകരണശാലകളിലുള്ള ചെറിയൊരു പ്രവൃത്തി പരിചയവും മാത്രമായിരുന്നു.

ആ കഥയെ ഹൃദ്യമായി അവതരിപ്പിക്കുന്ന  ഡോക്യുമെന്ററി സിനിമയാണ് അനുപമ ചന്ദ്രയും ഉമാ തനുക്കുവും ചേർന്നു ഒരുക്കിയ 'The Books We Made. ലളിതവും സരളവുമായ ആഖ്യാനം പുത്തൻ പ്രതീക്ഷകളുടേയും  നവോൻമേഷത്തിന്റേയും കഥ പറയുന്നതിനൊപ്പം ഒരു വിലപ്പെട്ട ചരിത്രത്തെക്കൂടി ആലേഖനം ചെയ്യുകയാണ്.  പ്രസാധന ചരിത്രത്തിന്റെ അരികുകളിൽ മാത്രം ഇടം കിട്ടാൻ സാധ്യതയുള്ള ചരിത്രം.പക്ഷെ റിതു  മേനോൻ അരികുദേശങ്ങളെ കാണുന്നത് അധികാര കേന്ദ്രങ്ങളിൽ നിന്നും  ബഹുദൂരം  അകലത്തിൽ നിൽക്കുന്ന  കരുത്തിന്റേയും നിശിതമായ വിമർശന ബുദ്ധിയുടേയും ഇടം കൂടി ആയിട്ടാണ്.ഒരു മണിക്കൂറും  എട്ടു മിനിറ്റും ദൈർഘ്യമുള്ള ഈ സിനിമ 'കാളി' എന്ന സ്ഥാപനത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ പ്രേക്ഷകരെ കൂട്ടി കൊ




ണ്ടുപോകുമ്പോൾ,നമ്മൾ മറ്റൊരു പൊളിച്ചെഴുത്തിനു കൂടി സാക്ഷികളാവുന്നു. ഒരു വ്യക്തിയിലേക്ക്  ചുരുക്കപ്പെടുന്ന  'എഴുത്തുകാരി' എന്ന സ്വത്വത്തിൽ നിന്ന് സ്ത്രീ കൂട്ടായ്മകളുടെ സംഘടിത വികാരം എങ്ങിനെ എഴുത്തിനെ ഒരു കൂട്ടായ പ്രക്രിയയാക്കി എന്ന് കൂടി ഉർവശിയുടെ ഓർമകളിലൂടെ നമ്മൾ അറിയുന്നു. ഈ  സിനിമയിൽ തന്നെ ഉൾപ്പെടുത്തിയിട്ടുള്ള ബേബി ഹാൾഡറുടെ തെളിച്ചമാർന്ന വാക്കുകൾ ഈ നിലപാടിനെ വ്യക്തമായി ആവിഷ്കരിക്കുന്നു. ' എന്റെ കഥ മറ്റു സ്ത്രീകളുടേയും കഥയാണ്.ഒരു  എഴുത്തുകാരിയാണെന്നു സ്വയം വിചാരിച്ചാൽ എനിക്ക് പിന്നെ എഴുതാൻ  കഴിയില്ല."

കാളി ഫോർ വിമൻ എന്ന പേര് വെറുമൊരു പ്രസിദ്ധീകരണശാലയുടെ പേരല്ല.അതിന്റെ സ്ഥാപകരായ ഉർവശി ബുട്ടാലിയയും റിതു മേനോനും കേവലം രണ്ടു പുസ്തക കച്ചവടക്കാരുമല്ല.എഴുപതുകളിലും എൺപതുകളിലും ദില്ലിയിൽ വിദ്യാർത്ഥിനികളായിരിക്കെ തെരുവിൽ തങ്ങൾ നടത്തിയ പ്രക്ഷോഭങ്ങളുടെ, പങ്കെടുത്ത പ്രതിഷേധ മാർച്ചുകളുടെ ചൂടിൽ നിന്നാണ് പ്രസാധനരംഗത്തേക്കു വീറോടെയും വാശിയോടെയും ഈ രണ്ടു യുവതികൾ എത്തിച്ചേരുന്നത്.നിലനിൽക്കുന്ന ജ്ഞാനവ്യവസ്ഥയിൽ സ്ത്രീഅനുഭവങ്ങളുടെ, സ്ത്രീകളുടെ വിമർശനപരമായ കാഴ്ചപ്പാടിന്റെ അഭാവമാണ് മറ്റൊരു അറിവുലോകത്തെ വായനക്കാരിലേക്കെത്തിക്കാൻ അവരെ പ്രേരിപ്പിച്ചത്.എൺപതുകളിലും തുടർന്നും വിവിധ അക്കാദമിക മേഖലകളിൽ നടന്ന ഫെമിനിസ്റ്റ് പഠനങ്ങൾ വെളിച്ചം കണ്ടത് അങ്ങിനെയാണ്. 'കാളി' യിലൂടെയാണ് ഒരു വലിയ ജ്ഞാനശേഖരം ഗവേഷകരിലേക്കെത്തുന്നത്. 'കാളി' സമൂഹത്തിൽ, സംസ്കാരത്തിൽ രാഷ്ട്രീയമായി ഇടപെടുക തന്നെയായിരുന്നു.സൗത്ത് ഏഷ്യൻ ഫെമിനിസം എന്ന ഒരു ഭൂമികയെ തന്നെ സൃഷ്ടിച്ചെടുത്ത അറിവുത്പാദനമായിരുന്നു കാളിയുടേത്. ഫെമിനിസ്റ്റ് പാണ്ഡിത്യത്തിലെ വളരെ തിളക്കമേറിയ അധ്യായങ്ങൾ വായനക്കാരിലേക്കെത്തിച്ചതു കാളിയാണെന്നു മാത്രമല്ല; ഒരു പുതിയ വായനക്കാരിയെ , കാഴ്ചപ്പാടിനെ സൃഷ്ടിക്കുക കൂടി ചെയ്തു,


റിതു മേനോൻ

ആത്മാർത്ഥതയോടെ,അർപ്പണബോധത്തോടെ -ഒരു സാമ്പത്തിക ഭദ്രതയുമില്ലാതെ. സ്ത്രീധനത്തിനെതിരെ സമരങ്ങൾ  ആസൂത്രണം ചെയ്യുമ്പോഴും പോസ്റ്ററുകൾ നിർമിക്കുമ്പോഴും സ്ത്രീകളുടെ സവിശേഷമായ അനുഭവങ്ങളെ കുറിച്ചുള്ള പുസ്തങ്ങളുടെ, പുസ്തക രൂപത്തിലുള്ള അറിവുകളുടെ അസാന്നിധ്യത്തിൽ നിന്നാണ് മറ്റൊരു പ്രസാധന സാധ്യതയെ കുറിച്ചുള്ള അന്വേഷണം ശക്തമാകുന്നത്.സ്ത്രീധന വിരുദ്ധ സമരങ്ങ

ളിൽ പങ്കെടുത്ത ദില്ലിയിലെ രോഷാകുലരായ വിദ്യാർത്ഥിനികൾ ഈ സാമൂഹ്യ കീഴ്വഴക്കത്തിന്റെ ഉറവിടം തേടിയപ്പോൾ,അതിനെതിരെ ഉണരുന്ന അവബോധത്തെ വിശദീകരിക്കുവാൻ ശ്രമിക്കുമ്പോൾ, അതിനു ഉപോൽബലകമായി ഒരു പുസ്തകം പോലും ലഭ്യമായിരുന്നില്ല എന്നത് ഇത്തരമൊരു സംരംഭത്തിന് പ്രേരണയായി മാറുകയായിരുന്നു.

'കാളി'യുടെ പ്രവർത്തനങ്ങൾക്ക് സവിശേഷതകൾ ഏറെ ഉണ്ടായിരുന്നു. റിതു മേനോൻ തങ്ങളുടെ വ്യതിരിക്തമായ സമീപനങ്ങളെക്കുറിച്ച് വാചാലയാകുന്നു. "ഭിന്നകലകളെ പരസ്പരം വേർപെടുത്തി നിർത്താൻ ഞങ്ങൾ ഒരുക്കമായിരുന്നില്ല. ഒരു പക്ഷെ ആദ്യമായി ഒരു നർത്തകിയെ കൊണ്ട് ലോഗോ ഡിസൈൻ ചെയ്തവർ ഞങ്ങളായിരിക്കും." ചന്ദ്രലേഖ ആയിരുന്നു ആ നർത്തകി. വിപണിക്ക് വലിയ പ്രിയമില്ലാതിരുന്ന കവിതാസമാഹാരങ്ങളെ കാളി ആകർഷകമാക്കിയത് പ്രതിഭാശാലികളായ ഫോട്ടോഗ്രാഫർമാർ എടുത്ത സ്ത്രീ പോർട്രെയ്റ്റുകൾ കവിതാപുസ്തകങ്ങളുടെ ഭാഗമാക്കിയിട്ടാണ്.

പബ്ലിക് സർവീസ് ബ്രോഡ്കാസ്റ്റിംഗ് ട്രസ്റ്റിന്റെ ഓപ്പൺ ഫ്രെയിം സിനിമ പരമ്പരയുടെ ഭാഗമായി നിർമിക്കപ്പെട്ട ചിത്രത്തിൽ പുസ്തകങ്ങൾ ബഹുവിധ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. 1984 ൽ തുടങ്ങി 2003 ൽ സുബാൻ, വുമൺ അൺലിമിറ്റഡ് എന്ന രണ്ടു സ്ഥാപനങ്ങളായി പിരിയുന്നത് വരെയുള്ള ചരിത്രം ഒരുപാടു സ്ത്രീ ഗവേഷകരുടെ, എഴുത്തുകാരുടെ, അനുഭവകുറിപ്പുകളും അഭിമുഖങ്ങളും കൊണ്ട് മിഴിവുറ്റതാകുന്നു.ഗൃഹാതുരത്വത്തെക്കാളേറെ മുന്തി നില്കുന്നത് ഭാവിയെ കുറിച്ചുള്ള സ്വപ്നങ്ങളാണ്.കടലാസുകളിലൂടെ, ഡയറികളിലൂടെ, ബ്ളാക് ആൻഡ് വൈറ്റ് ചിത്രങ്ങളിലൂടെ, കൈയ്യെഴുത്തുകളിലൂടെ പ്രസാധനത്തിന്റെ മാന്ത്രികത ക്യാമറ ഒപ്പിയെടുക്കുന്നു. 'കാളി'ക്ക് ശേഷം 'സുബാനി'ലൂടെ പുറത്തിറങ്ങിയ എഴുത്തിലൂടെയും സിനിമ യാത്ര ചെയ്യുന്നുണ്ട്.വാക്കുകൾ അതിർത്തികൾ കടക്കുമ്പോൾ ഒരു സാധാരണ ഡോക്യുമെന്ററി സിനിമയുടെ പഴകിയ ശൈലികളെയും അതിരുകളെയും ക്രിയാത്മകമായി ഈ ചിത്രം അതിലംഘിക്കുന്നു.

പുസ്തകങ്ങൾ കുമിഞ്ഞു കൂടുന്ന, ചിതറി തെറിക്കുന്ന, തുളുമ്പി തൂവുന്ന ഇടുങ്ങിയ അകങ്ങളിൽ നിന്നും അത് ബംഗ്ലാദേശി അതിർത്തികളിലെ നദികളിലൂടെ ഒഴുകുന്ന വഞ്ചികളിലേക്കും, പെൺകുട്ടികളുടെ ആരവങ്ങൾ മുഴങ്ങുന്ന കളിക്കളങ്ങളിലേക്കും സഞ്ചരിക്കുന്നു.ഇതുവരെ നമ്മൾ അഭിസംബോധന ചെയ്യാതിരുന്ന പ്രസിദ്ധീകരിക്കാതിരുന്ന യുദ്ധത്തിന്റെ സ്ത്രീമുഖങ്ങളെ ഷഹീൻ അഖ്തരുടെ 'തലാഷി'ലൂടെ സുബാൻ വെളിപ്പെടുത്തിയപ്പോൾ ,ബേബി ഹാൾഡറുടെ ആത്മകഥയിലൂടെ മറ്റു പെൺകുഞ്ഞുങ്ങളോടൊത്തു കളിക്കാൻ നിറവയറുമായി മൈതാനത്തിലെത്തുന്ന ഒരു പന്ത്രണ്ടു വയസ്സുകാരിയുടെ കഥ പറഞ്ഞപ്പോൾ ഇതുവരെ കാണാത്ത ക്രൗര്യങ്ങളുടെ ആകാശങ്ങളിലേക്ക് നമ്മൾ കൺതുറക്കുകയായിരുന്നു. ബേബി ഹാൾഡറുടെ അപഹരിക്കപ്പെട്ട ബാല്യത്തെ ഭാവനാത്മകമായ ശബ്ദമിശ്രണത്തിലൂടെ സംവിധായകർ നിർവഹിക്കുമ്പോൾ അതൊരു ആർദ്രമായ ഓർമ്മയും നീറ്റലുമായി ബാക്കി നിൽക്കുന്നു.

രണ്ടു സ്ത്രീകൾ ചേർന്നുണ്ടായ ഈ പ്രഥമ സംരഭത്തിന് പടിഞ്ഞാറു ഒരുപാടു മാതൃകകൾ ഉണ്ടായിരുന്നെങ്കിലും ഇന്ത്യൻ സാംസ്കാരിക/രാഷ്ട്രീയ സന്ദർഭവും പ്രസാധന സന്ദർഭവും തികച്ചും വ്യത്യസ്തമായിരുന്നു. പോസ്റ്ററുകൾ, സമര ദൃശ്യങ്ങൾ, 'കാളി' ഇറക്കിയ ഡയറികൾ, ഷീബ ഛാഛിയെ പോലുള്ളവരുടെ ഓർമ്മകൾ എല്ലാം


ഉർവശി ബുട്ടാലിയ

ചേർന്നു ദൃശ്യസമ്പന്നമായ ഈ ഡോക്യൂമെന്ററിയിൽ നിറയുന്നത് ഊഷ്മളമായ സൗഹൃദങ്ങളും,സൗമ്യമായ നിർബന്ധങ്ങളും,പ്രസാധകരും എഴുത്തുകാരും തമ്മിലുള്ള ഉരസലുകളും,ചെറിയൊരു തളർച്ചക്ക് ശേഷം വീണ്ടും പൂവിടുന്ന സ്നേഹബന്ധങ്ങളും ഒക്കെയാണ്.അതിലേറെ പ്രധാനം സുദൃഢമായ, പതറാത്ത നിലപാടുകളാണ്.ആണധികാരത്തിനെതിരെയുള്ള രോഷം മാത്രമല്ല ഈ സിനിമയെ മെനഞ്ഞെടുക്കുന്ന വികാരം.മറ്റൊരു ലോകത്തിനായുള്ള സ്വപ്നവും മോഹവും കരുതലും തുന്നിച്ചേർത്തു നെയ്തെടുത്ത അമൂല്യമായ ഈ ചിത്രത്തിലെ ഓരോ ഫ്രെയിമിലും ഊറി നിൽക്കുന്നത് സ്നേഹത്തിന്റെ,കൂട്ടുത്തരവാദിത്തത്തിന്റെ ഉറപ്പും മധുരിമയുമാണ്.

ഉപ്പും മുളകും



ഗീത

# ഇന്ദിര ടീച്ചറെ ഓർക്കുമ്പോൾ



ആരാണ് ഇന്ദിര ടീച്ചർ? എന്തിനവരെ സവിശേഷമായി ഓർക്കണം? ഇങ്ങനെയൊരു സംശയം ചിലർക്കെങ്കിലും തോന്നാം. പക്ഷേ സ്ത്രീ വിമോചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെങ്കിലും, സ്ത്രീകളുടെ പ്രസാധന സംരംഭങ്ങളെ അടയാളപ്പെടുത്താൻ ശ്രമിക്കുന്നവരെങ്കിലും ഇന്ദിര ടീച്ചറെ ഓർമ്മിച്ചേ മതിയാകൂ. കാരണം കേരളത്തിലെ സ്ത്രീ മുന്നേറ്റ ചരിത്രത്തിലെ ദീപ്തമായ ഏടുകളിലൊന്നാണ് ഇന്ദിര ടീച്ചർ.

നവോത്ഥാന കാലത്തെ മഹിളാ / വനിതാ സമാജങ്ങൾക്കു ശേഷം ആധുനികതയുടെ അവസാന ഘട്ടങ്ങളിൽ കേരളത്തിൽ സ്വതന്ത്ര സ്ത്രീ പ്രസ്ഥാനങ്ങൾ രൂപപ്പെട്ടു. മാനുഷി, പ്രചോദന തുടങ്ങിയവ. ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ അനുബന്ധ സംഘടനകളായിരുന്നില്ല ഇവ. സ്ത്രീകൾക്കു സവിശേഷമായി പ്രശ്നങ്ങളുണ്ടെന്നും അവ സവിശേഷമായിത്തന്നെ പരിഹരിക്കേണ്ടതുണ്ടെന്നും ഉള്ള ബോധ്യത്തിൽ നിന്നാണ് ഇവയുടെ പ്രവർത്തനം ചിട്ടപ്പെട്ടത്. ആദ്യഘട്ടത്തിൽ പൊതു സമൂഹം ഇത്തരം സ്ത്രീ കൂട്ടായ്മകളോടും അവരുന്നയിച്ച പ്രശ്നങ്ങളോടും അവരുടെ പ്രവർത്തനശൈലിയോടും ശക്തമായ എതിർപ്പു പ്രകടിപ്പിച്ചു. കുടുംബം തകർക്കാൻ ഇറങ്ങിപ്പുറപ്പെട്ട അച്ചടക്കമില്ലാത്ത സ്ത്രീകളായി ഇവരെ കുറ്റപ്പെടുത്തുകയും ഒറ്റപ്പെടുത്തുകയും ചെയ്തവരാണ് ഇവിടത്തെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ പോലും. എങ്കിലും സ്വന്തം അജണ്ടയുമായി ഈ സ്ത്രീ കൂട്ടായ്മകൾ മുമ്പോട്ടു പോവുക തന്നെ ചെയ്തു.

1980 കളുടെ ഉത്തരാർദ്ധത്തിലാണ് പട്ടാമ്പി ശ്രീ നീലകണ്ഠ സംസ്കൃത കോളെജിൽ മാനുഷി രൂപപ്പെട്ടത്. 1985ൽത്തന്നെ അനൗദ്യോഗിക യോഗങ്ങൾ നടക്കുകയും 1986 ൽ മാനുഷി വാവന്നൂരിൽ സ്ത്രീകളുടെ ഒരു കൂട്ടായ്മ വിളിച്ചു ചേർക്കുകയും ചെയ്തു. കേരളത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള നൂറോളം സ്ത്രീകൾ ആ യോഗത്തിൽ പങ്കെടുത്തു

അത് ഒരു ചരിത്ര സംഭവം തന്നെയായിരുന്നു. സ്ത്രീകൾക്കു സവിശേഷമായി പ്രശ്നങ്ങളുണ്ടെന്നംഗീകരിക്കുകയും അവ സവിശേഷമായിത്തന്നെ പരിഹരിക്കണമെന്നഭിപ്രായമുണ്ടാവുകയും ചെയ്ത ഒരു യോഗമായിരുന്നു അത്.

മാനുഷിയുടെ പ്രത്യേകത കോളെജ് ക്യാംപസിൽ നിന്ന് രൂപപ്പെട്ട ഒരു കൂട്ടായ്മയായിരുന്നു അതെന്നതാണ്. സാറാ ജോസഫ്, ഇന്ദിര, സുമംഗലക്കുട്ടി, പാർവതി എന്നീ നാല് അധ്യാപികമാരുടെ നേതൃത്വത്തിൽ വിദ്യാർഥികൾ അണിനിരക്കുകയും ഏറ്റെടുക്കുകയും ചെയ്ത പ്രസ്ഥാനമാണ് മാനുഷി. എറണാകുളം തൊട്ട് വടക്കോട്ടുള്ള ജില്ലകളിൽ പലയിടത്തും നാടകങ്ങളും പാട്ടുകളും പ്രസംഗങ്ങളുമായി ഈ അധ്യാപികമാരും വിദ്യാർ

**മാനുഷിയെ നയിച്ച നാല് അധ്യാപിക മാരിൽ ഒരാളായിരുന്നു ഇന്ദിര ടീച്ചർ. മുടി പിന്നിയിട്ട്, സാരിത്തുമ്പ് പിന്നിലൂടെ മുമ്പിലേക്കെടുത്തു പിടിച്ചാണ് ഇന്ദിര ടീച്ചർ കോളജിൽ നടക്കുക. പ്രസാദാത്മ കമായ സാന്നിധ്യം. അഗാധമായ പ്രത്യ യശാസ്ത്രബോധം. കൂസലില്ലായ്മ, നിർഭയത്വം ഇതൊന്നും ടീച്ചറെക്കുറിച്ചു പറഞ്ഞാൽ അതിശയോക്തി ആകില്ല.' അകത്തും പുറത്തും നിരന്തര പ്രതിപ ക്ഷം" എന്നാണ് സാറാ ജോസഫ് ഇന്ദി ര ടീച്ചറുടെ പ്രവർത്തനങ്ങളെ അടയാ ളപ്പെടുത്തുന്നത്. തന്റെ ധീരമായ നില പാടുകളുടെ ബലം കൊണ്ട് ഇന്ദിര ടീ ച്ചർ മാനുഷിയെ സദാ താങ്ങി നിർത്തി ക്കൊണ്ടിരുന്നു. മാനുഷിയുമായി ബ ന്ധപ്പെട്ട ഓരോ പെൺകുട്ടിയെയും അ ടുത്തറിഞ്ഞ് ചേർത്തു പിടിച്ചു.**

ഥികളും സഞ്ചരിച്ചു. സ്ത്രീധന പ്രശ്നം ഉന്നയിച്ചു കൊണ്ട് ബസ് സ്റ്റാന്റുകളിലും ക്യാംപസുകളിലും അവർ ബോധവത്കരണം നടത്തി. സ്ത്രീകളനുഭവിച്ചുകൊണ്ടിരുന്ന ദൈനന്ദിന പ്രശ്നങ്ങളിലൂടെ സ്ത്രീവാദ രാഷ്ട്രീയത്തിന്റെ പ്രത്യയശാസ്ത്ര പ്രശ്നങ്ങൾ ഉന്നയിക്കുകയായിരുന്നു മാനുഷി ചെയ്തത്. അതിനവർ മാനുഷി എന്ന ഒരു പ്രസിദ്ധീകരണം പുറത്തിറക്കി. നവോത്ഥാന കാലത്തെ ലക്ഷ്മീബായി, ശാരദ മാസികകളുടെ ആധുനികോത്തര തുടർച്ചയായിരുന്നു മാനുഷി എന്ന പ്രസിദ്ധീകരണം. രണ്ടു ലക്കങ്ങൾക്കു ശേഷം അതു നിന്നു പോയി.

1986, 1987, 1988 കാലങ്ങളിൽ പട്ടാമ്പിക്കോളെജിനേയും പരിസരങ്ങളെയും ഇളക്കി മറിച്ചു കൊണ്ട് മാനുഷി പ്രവർത്തിച്ചു. പിന്നീട് അതു നിശബ്ദമായി. മാനുഷി എന്ന പേരിൽ ഔദ്യോഗികമായ ഒരു സംഘടന ബാക്കിയായില്ലെങ്കിലും അന്നത്തെ മാനുഷിയുടെ പ്രവർത്തനങ്ങൾ കേരളത്തിന്റെ പൊതുമണ്ഡലത്തിൽ ദൂരവ്യാപകമായ ഗുണഫലങ്ങൾ ഉണ്ടാക്കി. പിൽക്കാലത്ത് പട്ടാമ്പി കോളെജിലൂടെ കടന്നുപോയ ഒരോ സ്ത്രീയിലും അത് ഊർജസ്രോതസ്സായി വർത്തിച്ചു. അബോധത്തിൽ ആഴത്തിൽ വേരൂന്നിയ സംസ്കാരമായി മാറാൻ മാനുഷിയുടെ കുറച്ചു കാലത്തെ പ്രവർത്തനം തന്നെ ധാരാളമായിരുന്നു.

ആ മാനുഷിയെ നയിച്ച നാല് അധ്യാപികമാരിൽ ഒരാളായിരുന്നു ഇന്ദിര ടീച്ചർ. മുടി പിന്നിയിട്ട്, സാരിത്തുമ്പ് പിന്നിലൂടെ മുമ്പിലേക്കെടുത്തു പിടിച്ചാണ് ഇന്ദിര ടീച്ചർ കോളജിൽ നടക്കുക. പ്രസാദാത്മകമായ സാന്നിധ്യം. അഗാധമായ പ്രത്യയശാസ്ത്രബോധം. കൂസലില്ലായ്മ, നിർഭയത്വം ഇതൊന്നും ടീച്ചറെക്കുറിച്ചു പറഞ്ഞാൽ അതിശയോക്തി ആകില്ല.' അകത്തും പുറത്തും നിരന്തര പ്രതിപക്ഷം" എന്നാണ് സാറാ ജോസഫ് ഇന്ദിര ടീച്ചറുടെ പ്രവർത്തനങ്ങളെ അടയാളപ്പെടുത്തുന്നത്. തന്റെ ധീരമായ നിലപാടുകളുടെ ബലം കൊണ്ട് ഇന്ദിര ടീച്ചർ മാനുഷിയെ സദാ താങ്ങി നിർത്തിക്കൊണ്ടിരുന്നു. മാനുഷിയുമായി ബന്ധപ്പെട്ട ഓരോ പെൺകുട്ടിയെയും അടുത്തറിഞ്ഞ് ചേർത്തു പിടിച്ചു. അവരെല്ലാം ഒരേ സ്വരത്തിൽ പറയുന്നത്, എത്ര കാലം കഴിഞ്ഞു കണ്ടാലും യാതൊരു പരിചയക്കേടും വിടവുമില്ലാതെ നിർത്തിയേടത്തു നിന്ന് ടീച്ചറോടു സംസാരിക്കാൻ കഴിയുമായിരുന്നു എന്നാണ്. മാനുഷിക്കാലത്തിനു ശേഷം ടീച്ചർ കോളെജിൽ അത്ര സജീവമായിരുന്നില്ല. എങ്കിലും ഇംഗ്ലീഷ് അധ്യാപികയായിരുന്ന അവർ പട്ടാമ്പിയിലെ ഇംഗ്ലീഷ് - ഹിസ്റ്ററി വിഭാഗത്തിലെ സജീവത തന്നെയായിരുന്നു.

കാൻസറിനെ അതിജീവിച്ച ടീച്ചറെഴുതിയ പുസ്തകമാണ് പ്രവാസിയുടെ മകൾ. പിന്നീട് പെയ്ൻ ആൻറ് പാലിയേറ്റിവ് കെയറിന്റെ പ്രവർത്തനങ്ങളിൽ ടീച്ചർ മുഴുകി. റിട്ടയർമെന്റിനു ശേഷം ടീച്ചർക്ക് സ്ട്രോക്കു വന്നു. അതിൽ നിന്നും കരകയറി. പിന്നീട് ക്രമേണ ടീച്ചർ പിൻ വാങ്ങിത്തുടങ്ങി. അങ്ങനെ 2021 ഡിസംബർ 6 ന് പുലർച്ചക്ക് ടീച്ചർ ഈ ലോകം വിട്ടു പോയി.

കേരളീയ പൊതുമണ്ഡലത്തെ സ്ത്രീപക്ഷമാക്കുന്നതിന് സജ്ജമായ മാനുഷിയുടെ അമരക്കാരികളിൽ ഒരാളായ പ്രിയപ്പെട്ട ഇന്ദിര ടീച്ചർക്ക്, പില്ക്കാലത്ത് മാനുഷിയുടെ ഊർജം രക്തവും മാംസവുമായി മാറിയ ഒരുവളുടെ

പിങ്ക് സല്യൂട്ട്
പിങ്ക് സല്യൂട്ട്
പിങ്ക് സല്യൂട്ട്



**സംഗീത ദാമോദരൻ**
ഗവേഷക വിദ്യാർത്ഥി
ഇംഗ്ലീഷ് വിഭാഗം
കോഴിക്കോട് സർവ്വകലാശാല

# പ്രസാധകരംഗത്തെ നവ സ്ത്രീ മുന്നേറ്റങ്ങൾ

പ്രസാധക രംഗത്തെ സ്ത്രീ സാന്നിധ്യങ്ങളെ കുറിച്ച് ഏറെയൊന്നും ചർച്ച ചെയ്തു കേട്ടിട്ടില്ല. അതുകൊണ്ട് തന്നെ പുതുമ തോന്നുന്ന ഒരു ചർച്ചാ വിഷയവുമാണത്. നിലനിൽക്കുന്ന പുരുഷാധിപത്യ പ്രവണത വച്ച് വിലയിരുത്തുമ്പോൾ മറ്റു പല മേഖലകളേയും പോലെ തന്നെ ഇതര ലിംഗത്തിൽ ഉള്ള സാധ്യതയെ പോലും തള്ളിക്കളയും വിധം സാധാരണീകരിച്ചു പോയ ഒന്നായിട്ടാണ് വേണം പ്രസാധക രംഗത്തേയും വിലയിരുത്താൻ. എന്തുകൊണ്ടായിരിക്കാം പ്രസാധക രംഗം ഇവ്വിധം പുരുഷകേന്ദ്രീകൃതമായിരിക്കുക എന്ന് ചിന്തിക്കുമ്പോൾ സാമൂഹിക വും സാംസ്കാരിക വും സാമ്പത്തികവുമായ ഒട്ടനവധി കാര്യങ്ങളിലേക്കാണ് ചെന്നെത്തുക. എല്ലാത്തിലുമുപരിയായി എഴുത്തിന്റെ ചരിത്ര വഴിയിൽ സ്ത്രീ എപ്രകാരമായിരുന്നു രേഖപ്പെടുത്തപ്പെട്ടിരുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്. മറ്റു പല മേഖലകളെയും പോലെ തന്നെ എഴുത്തിന്റെ ലോകവും സ്ത്രീകൾക്ക് അപ്രാപ്യവും അന്യവുമായി മാറിയത് ഒരു ഷോവനിസ്റ്റിക് അജണ്ട ആയി കരുതാവുന്നതാണ്. സ്ത്രീ എഴുതുമ്പോൾ അത് എന്ത് തന്നെയായാലും സ്ത്രീയുടെ പരിപ്രേക്ഷ്യത്തിലുള്ള ചരിത്ര രേഖയായി കണക്കാക്കാവുന്നതാണ്. അതുവരേയുണ്ടായിരുന്ന ചരിത്രങ്ങളെ നിരാകരിക്കുന്നതായിട്ടാണ് സ്ത്രീ എഴുത്തുകളിൽ കാണാൻ സാധിക്കുക. അതുവരെ നമ്മൾ കണ്ടതെല്ലാം പുരുഷന്റെ വീക്ഷണത്തിലൂടെ വന്ന അനുഭവ ലോകങ്ങളാണ്. അങ്ങിനെ നോക്കുമ്പോൾ ആൺ കോയ്മ ചമയ്ക്കുന്ന ചട്ടക്കൂടിനകത്ത് രൂപീകൃതമാകുന്ന വ്യവഹാര നിർമിതികളുടെ പൊളിച്ചെഴുത്തായി മാറാറുണ്ട് പലപ്പോഴും സ്ത്രീ രചനകൾ. ഇക്കാരണങ്ങൾ കൊണ്ടൊക്കെയാവാം സ്ത്രീ എഴുത്തുകൾ അരികുകളിലേക്ക് നീക്കപ്പെട്ടിട്ടുണ്ടായിരിക്കുക.

പത്തൊൻപതാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ പ്രത്യേക സാമൂഹിക ഘടനയ്ക്കകത്ത് എഴുത്തുകാരിയായ സ്ത്രീയോടുള്ള സമീപനത്തിലുള്ള ആശങ്കയാവാം പിൽകാലത്ത് ആംഗലേയ സാഹിത്യത്തിലെ അനിഷേധ്യ സാന്നിധ്യങ്ങളായ ബ്രോണ്ടി സഹോദരിമാർ, ആൻ, എമിലി, ഷാർലെറ്റ് എന്ന തങ്ങളുടെ പേരുകൾ മറച്ചു വച്ച് ക്യൂറർ ബെൽ, എല്ലിസ് ബെൽ, ആക്ടൻ ബെൽ എന്ന പുരുഷ നാമങ്ങളിൽ നോവലുകളും കവിതകളും എഴുതിയിരുന്നത്. ജോർജ് എലിയറ്റ് എന്ന പേരിൽ എഴുതേണ്ടി വന്ന മേരി ആൻ ഇവാൻസ് (1819 1880) ആണ് മറ്റൊരുദാഹരണം. എന്തിനേറെ പറയുന്നു ഹാരി പോട്ടർ കൃതികളിലൂടെ ലോകം ആഘോഷിക്കുന്ന എഴുത്തുകാരിയായ ജെ. കെ റൗളിംഗിന്റെ തുടക്കകാലം ഇത്തരം ആശങ്കകൾ നിറഞ്ഞതായിരുന്നു. ഒരു സ്ത്രീ എഴുതിയ മാന്ത്രിക കഥകൾ ആൺകുട്ടികൾ എപ്രകാരം സ്വീകരിക്കും എന്നതായിരുന്നു ആ ആശങ്കയ്ക്ക് പിന്നിൽ. പബ്ലിഷറുടെ ആവശ്യപ്രകാരം ജൊവാൻ റൗളിംഗ് എന്ന സ്വന്തം പേരിന് പകരം ജെ. കെ റൗളിംഗ് എന്ന് പുനർനാമകരണം നടത്തുകയായിരുന്നു. എന്നാൽ പിൽകാലത്ത് അവരുടെ തന്നെ ക്രൈം നോവൽ സീരീസിനും ഇത്തരത്തിൽ എഴുത്തുകാരിയുടെ



ബ്രോണ്ടി സഹോദരിമാർ

ഐഡന്റിറ്റി മറച്ചു വയ്ക്കേണ്ടി വന്നിട്ടുണ്ട്. എന്ത് ന്യായീകരണമായാലും റോബർട്ട് ഗാൽബ്രൈത് എന്ന പുരുഷനാമത്തിലാണ് അവയോരോന്നും പ്രസിദ്ധീകൃതമായത് എന്നതും ശ്രദ്ധിക്കേണ്ടതാണ്.

ഇന്ത്യൻ പശ്ചാത്തലത്തിൽ സ്ഥിതി ഏറെയൊന്നും വിഭിന്നമല്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് യാത്രാവിവരണങ്ങളെഴുതിയ ബംഗാളി സ്ത്രീകളിൽ ചിലരെങ്കിലും സ്വന്തം പേര് ഉപയോഗിക്കാതിരിക്കാൻ ശ്രദ്ധിച്ചിരുന്നതായി സോമദത്ത മൊണ്ഡൽ നിരീക്ഷിയ്ക്കുന്നുണ്ട്. പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ സ്ത്രീകൾ എഴുതിയ യാത്രാവിവരണങ്ങൾ കത്തുകളുടെയും ഡയറിയുടെ രൂപത്തിലുള്ളവയുമായിരുന്നു. തങ്ങൾ ഇത് ഒരിക്കലും പ്രസിദ്ധീകരിക്കാൻ വേണ്ടി എഴുതിയവയല്ല എന്ന് ദ്യോതിപ്പിക്കും വിധമായിരുന്നു അവരുടെ രചനകൾ എന്ന കാൾ തോംസന്റെ നിരീക്ഷണം ഇതോട് ചേർത്ത് വായിക്കാവുന്നതാണ്. വ്യവസ്ഥാപിതമായ ചട്ടക്കൂടിനുള്ളിൽ നിന്ന് വേണം സ്ത്രീ രചനകൾ നടത്താൻ എന്ന വ്യവക്ഷയായിരുന്നിരിക്കും ഇത്തരത്തിലുള്ള എഴുത്തുകൾക്കാധാരം. അതിന് പുറത്തു കടന്നവർ നിശിതമായി വിമർശിക്കപ്പെടുകയും കളിയാക്കലുകൾക്ക് വിധേയരാവുകയും ചെയ്തു എന്ന് സൂസൻ ബസ്സ്നറ്റ് തന്റെ 'യാത്ര എഴുത്തും ജെൻഡറും' എന്ന ലേഖനത്തിൽ നിരീക്ഷിക്കുന്നുണ്ട്. കേരളത്തിന്റെ പശ്ചാത്തലത്തിലും സ്ഥിതി ഏതാണ്ട് ഇതുപോലെ തന്നെയായിരുന്നു. യാത്രാവിവരണം പോലെ പുരുഷന്റെ കുത്തകയായിരുന്ന സാഹിത്യശാഖയിൽ സ്ത്രീ നടത്തിയ കാൽവയ്പുകൾക്ക് പലപ്പോഴും സ്വന്തം പേര് ഉപയോഗിച്ചിരുന്നില്ല. മലയാളി യുവതി, പെൺകിടാവ്, മുത്തശ്ശി, വീട്ടമ്മ എന്ന് തുടങ്ങി മിസ്സിസ് എന്ന സംജ്ഞക്ക് പിന്നിലായിരുന്നു തുടക്കകാലത്ത് പല സ്ത്രീകളും എഴുതിയിരുന്നത്.

എഴുത്തിന്റെ ലോകത്ത് ചുവടു വയ്പുകൾ നടത്തിയെങ്കിലും ക്രൂരമായ വിമർശനങ്ങളെ നേരിടാൻ സാധിക്കാതെ സ്വജീവൻ തന്നെ കളയേണ്ടി വന്ന രാജലക്ഷ്മി മലയാള സാഹിത്യ ചരിത്രത്തിൽ തീരാവേദനയായി നിലനിൽക്കുന്നു. ഇത് സാഹിത്യ രംഗത്തെ മാത്രം പ്രത്യേകതയായി കാണക്കാക്കാൻ ആവില്ല. കാരണം, അത്തരത്തിൽ ഇതര മേഖലയിൽ ചുവടു വയ്പുകൾ നടത്തിയ സ്ത്രീകൾ അതിശക്തമായ എതിർപ്പുകൾ ആണ് നേരിടേണ്ടി വന്നത്. വിഗതകുമാരൻ എന്ന ചലച്ചിത്രത്തിൽ അഭിനയിച്ചത് കൊണ്ട് ദളിത് സമുദായത്തിൽ നിന്നുള്ള പി. കെ റോസിക്ക് സ്വന്തം നാട് വിട്ട് പലായനം ചെയ്യേണ്ടി വന്നതും ലജ്ജിപ്പിക്കുന്ന ചരിത്രമാണ്.

പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മുതുപളനി എന്ന ദേവദാസിയായ പണ്ഡിത കവയിത്രിയുടെ 'രാധികാ സാന്ത്വനം' എന്ന കൃതിയെ അതിന്റെ പൂർണ്ണ രൂപത്തിൽ പുനഃപ്രസിദ്ധീകരിക്കാൻ ബാംഗ്ലൂർ നാഗരത്നമ്മ എന്ന വിദുഷിയായ കലാകാരി നടത്തിയ നിയമ യുദ്ധങ്ങൾ സ്ത്രീ എഴുത്തുകളോടുള്ള പൊതുസമീപനമാണ് വെളിവാക്കുന്നത്. ഒരു സ്ത്രീ എഴുതിയ കൃതിയിലെ സഭ്യമല്ലാത്ത ഉള്ളടക്കമായിരുന്നു പ്രധാന തടസ്സമായി നിന്നത്. പക്ഷെ അക്കാലത്ത് തന്നെ പ്രസിദ്ധീകൃതമായ പുരുഷ രചനകൾക്ക് ഇതൊന്നും ബാധകമായിരുന്നില്ല എന്ന് സൂസി താരുവും കെ ലളിതയും ചേർന്ന് പ്രസിദ്ധപ്പെടുത്തിയ ഇന്ത്യൻ സ്ത്രീ രചനകളുടെ ആന്തോളജിയിൽ സൂചിപ്പിക്കുന്നുണ്ട്. സ്ത്രീ എങ്ങിനെ എഴുതണം, ഇന്നതേ എഴുതാവൂ എന്ന ശാഠ്യങ്ങൾ ഏതാണ്ട് എല്ലാ സമൂഹങ്ങളിലും ഒരു പോലെ തന്നെയായിരുന്നു എന്ന് വേണം മനസ്സിലാക്കാൻ.

സാമ്പ്രദായിക ചുറ്റുവട്ടങ്ങൾക്ക് വെളിയിലുള്ള ഒന്നിനെയും അത്ര പെട്ടെന്നൊന്നും സമൂഹം ഉൾക്കൊള്ളില്ല എന്ന് മാത്രമല്ല ഏറ്റവും നിന്ദ്യവും പരിഹാസ്യവുമായി മാറ്റാറുമുണ്ട്. അത് കൊണ്ട് തന്നെ പുരുഷാധിപത്യ വ്യവസ്ഥ കല്പിച്ച് കൊടുത്ത വേഷങ്ങൾക്കപ്പുറം ചുവടുവയ്പുകൾ നടത്തുന്നത് തികച്ചും വെല്ലുവിളികൾ നിറഞ്ഞതാവുന്നു എന്നതാണ് ഇത്തരത്തിലുള്ള ഓരോ സംഭവവും സൂചിപ്പിക്കുന്നത്.


എഴുത്തിന്റെ മേഖല ഇത്രത്തോളം വെല്ലുവിളികൾ നിറഞ്ഞതായിരുന്നെങ്കിൽ പ്രസാധക രംഗം എത്രത്തോളം പുരുഷ കേന്ദ്രീകൃതമാണ് എന്ന് ഊഹിക്കാവുന്നതേയുള്ളൂ. എക്കാലവും ജെന്റിൽ മാൻസ് പ്രൊഫഷൻ ആയിട്ടാണ് പ്രസാധകരംഗത്തെ കരുതി പോന്നത്. അതുകൊണ്ട് തന്നെ സ്ത്രീ പ്രസാധക എന്ന പദവി ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ് എന്ന വ്യക്തം. പ്രസിദ്ധീകരണ രംഗത്തെ സ്ത്രീ സാന്നിധ്യങ്ങളെ കുറിച്ചുള്ള അന്വേഷണം ആദ്യം ചെന്നെത്തുക എലിസബത്ത് തിമോത്തി (1700–1757) എന്ന അമേരിക്കൻ വനിതയിലാണ്. തന്റെ ഭർത്താവിന്റെ വിയോഗശേഷം അദ്ദേഹം ഏർപ്പെട്ടിരുന്ന കരാർ പ്രകാരമുള്ള പ്രസിദ്ധീകരണ ജോലികൾ അവർ തുടരുകയായിരുന്നു. പക്ഷെ അപ്പോഴൊക്കെയും തന്റെ പ്രായപൂർത്തിയാകാത്ത മകൻ പീറ്റർ തിമോത്തിയുടെ പേരിലാണ് അവർ ജോലികൾ തുടർന്നത്.

പ്രസാധക രംഗം സ്ത്രീക്ക് ഒരിക്കലും സുഗമമായ പാതയായിരുന്നില്ല.കുറഞ്ഞ വേതനത്തിൽ ക്ലറിക്കൽ തസ്തികളിൽ പലപ്പോഴും അധിക സമയ ജോലി ചെയ്ത് തെളിയിക്കേണ്ടത് അവരുടെ ആവശ്യമായിരുന്നു. ജീവിതവും ജോലിയും കൃത്യമായി ബാലൻസ് ചെയ്തു സ്ത്രീകൾ പിടിച്ചു നില്ക്കുക

തന്നെ ചെയ്തു എന്നതിന്റെ തെളിവുകളാണ്, ഇന്ന് ഉന്നത തസ്തികകളിൽ സ്ത്രീകൾ പ്രസാധകരംഗത്ത് എത്തിച്ചേർന്നത്. അത്തരത്തിൽ ധീരമായ ചുവടുവയ്പുകൾ നടത്തിയ സ്ത്രീകൾ അനവധിയാണ് എന്ന് കാണാൻ കഴിയും. സാമ്പ്രദായിക ചിട്ടവട്ടങ്ങളോട് നിരന്തരം കലഹിച്ച് തന്നെയാണ് സ്ത്രീകൾ പുരുഷന്റെ മാത്രം കുത്തകയായിരുന്ന പ്രസിദ്ധീകരണ രംഗത്ത് തങ്ങളുടേതായ ഇടം നേടിയെടുത്തിരിക്കുന്നത്. Women in Publishing, Oral History എന്ന തലക്കെട്ടിൽ https://www.womeninpublishinghistory.org.uk/ എന്ന വെബ്സൈറ്റിൽ 70, 80, 90 കാലഘട്ടങ്ങളിലെ പ്രസിദ്ധീകരണ രംഗത്തെ സ്ത്രീ മുന്നേറ്റങ്ങളെ ഡോക്യുമെന്റ് ചെയ്യുന്നുണ്ട്.

ഗീത നസീർ എഴുതിയ 'വനിതാ മാധ്യമപ്രവർത്തന ചരിത്രം' (2019) എന്ന ലേഖനത്തിൽ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക ഇടത്തിൽ ശക്തമായ ഇടപെടലുകൾ നടത്തിയ സ്ത്രീകളെ പരിചയപ്പെടുത്തുന്നുണ്ട്. പ്രത്യക്ഷത്തിൽ നിർദോഷം എന്ന് തോന്നിയേക്കാവുന്ന തികച്ചും സ്ത്രീവിരുദ്ധവും സമൂഹവിരുദ്ധവുവുമായ ശൈലികളെ ഏറെ എതിർപ്പുകൾ നേരിട്ടാണ് മാധ്യമ രംഗത്തെ സ്ത്രീകൾ ചെറുത്ത് തിരുത്തലുകൾ വരുത്തിയത് എന്ന് ഗീത നസീർ എഴുതുന്നുണ്ട്.സാമൂഹിക മാറ്റത്തിലേക്കുള്ള വലിയ ചുവടുവയ്പുകളായി തന്നെ ഇത്തരത്തിലുള്ള മാറ്റിയെഴുതുകളെ കാണേണ്ടതുണ്ട്.സ്ത്രീയുടെ സ്വയം നിർണയാവകാശങ്ങളെ തന്നെ റദ്ദ് ചെയ്യുന്ന തരത്തിലുള്ള റിപ്പോർട്ടിങ്ങിലെ ശാഠ്യങ്ങൾ, നിഷ്ഠകൾ ഒക്കെയും ഇത്തരത്തിൽ സ്ത്രീ മാധ്യമപ്രവർത്തകർ ചോദ്യംചെയ്തിട്ടുണ്ട്.വ്യവസ്ഥകൾക്കുള്ളിലെ ഇതരപക്ഷങ്ങൾ അങ്ങിനെ വെളിച്ചം കാണുകയാണ്. ഏതൊരു സമൂഹത്തിലുംമാധ്യമ രംഗം അതിന്റേതായ പങ്ക് വഹിക്കുന്നതായി കാണാം. അങ്ങിനെ നോക്കുമ്പോൾ സമൂഹത്തെ നവീകരിക്കുന്നതിൽ കൃത്യമായ പങ്ക് വഹിക്കുന്നുണ്ട് മാധ്യമ രംഗത്തെ സ്ത്രീകൾ.

ഇന്ത്യൻ പശ്ചാത്തലത്തിൽ നോക്കുകയാണെങ്കിൽ ഉർവ്വശി ബൂട്ടാലിയയെ പോലുള്ള ക്രാന്തദർശികളായ സ്ത്രീകൾ ഈ രംഗത്ത് എടുത്ത് പറയേണ്ടുന്ന പ്രവർത്തനമാണ് നടത്തുന്നത്. റിതു മേനോനുമായി ചേർന്ന് 1984 –ൽ രൂപം കൊടുത്ത കാളി ഫോർ വിമെൻ എന്ന ഫെമിനിസ്റ്റ് പ്രസിദ്ധീകരണ സംരംഭം വിസ്മൃതിയിലാണ്ടു പോയ പല സ്ത്രീ രചനകളെയും ചരിത്രത്തേയും അരികു ജീവിതങ്ങളുടേയും വീണ്ടെടുപ്പുകൾ നടത്തിയതായി കാണാം. ഇത്തരത്തിൽ അവരുടെ തന്നെ പ്രസിദ്ധീകരണ ഉദ്യമമായ സുബാൻ ബുക്സ് മികച്ച രീതിയിൽ തന്നെ ഇടപെടലുകൾ നടത്തുന്നു. പ്രസിദ്ധീകരണ ഭീമന്മാരുടെ ഇടയിലാണ് ഈ നേ




ട്ടം എന്നത് ഏറെ ശ്രദ്ധേയമാണ്. Yoda Press സ്ഥാപക അർപ്പിത ദാസ്, തൂലിക ബുക്ക്സ് സ്ഥാപക രാധിക മേനോൻ തുടങ്ങി എടുത്ത് പറയാൻ ധാരാളം സ്ത്രീകൾ ഇന്ന് പ്രസിദ്ധീകരണ രംഗത്ത് വിജയഗാഥ രചിക്കുന്നു.

സ്ത്രീ എഴുത്തുകളെ കുറിച്ച് പറയുമ്പോൾ ഒഴിവാക്കാൻ പാടില്ലാത്ത പേരാണ് ഇസ്മത് ചുഗ്തായ് (1915–1991)എന്ന ഉറുദു സാഹിത്യകാരിയുടേത്. തന്റെ ദി ക്വിൽറ്റ് (1942) എന്ന ചെറുകഥ പ്രസിദ്ധീകരിക്കുന്നതിലൂടെ വ്യവസ്ഥക്കകത്തു വലിയ വിപ്ലവം തന്നെ സൃഷ്ടിക്കുന്നുണ്ട് അവർ . എന്നാൽ ഇതേ കാരണം കൊണ്ട് തന്നെ പിൽകാലത്ത് അവർക്ക് കോടതി കയറേണ്ടി വന്നു എന്നതും ചരിത്രം. പൊതുസമൂഹത്തിന് സഭ്യമല്ലാത്ത കാര്യത്തെ മടികൂടാതെ എഴുതി പ്രസിദ്ധീകരിച്ചു എന്നതാണ് അവരിൽ ആരോപിക്കപ്പെട്ട കുറ്റം. ഇത്തരത്തിലുള്ള സംഭവം വിരൽ ചൂണ്ടുന്നത് സമൂഹത്തിൽ നിലനിൽക്കുന്ന ജീർണതകളിലേക്കും അസഹിഷ്ണതകളിലേക്കുമാണ്. സ്ത്രീയായത് കൊണ്ട് മാത്രമാണ് ഇത്തരം ഒരു അനുഭവം ചുഗ്തായിക്ക് നേരിടേണ്ടി വന്നത് എന്നത് തികച്ചും വ്യക്തവുമാണ്. അവിടെയാണ് ഫെമിനിസ്റ്റ് പ്രസിദ്ധീകരണങ്ങളും, പ്രസാധകരും പ്രസക്തമാവുന്നത്. സമൂഹത്തെ മാറി ചിന്തിക്കാൻ പ്രേരിപ്പിക്കു




ന്നതാണ് ഫെമിനിസം മുന്നോട്ട് വയ്ക്കുന്ന പാഠങ്ങൾ.

ഒരുകാലത്ത് പുരുഷന്മാരുടെ മാത്രം മേഖല എന്ന് വിശേഷിപ്പി ച്ചിരുന്ന പ്രസാധക മേഖലയിൽ ഉടമസ്ഥത കൈയ്യാളുന്നതിലൂടെയും അതത് സ്ഥാപനങ്ങളിൽ നിർണായക സ്ഥാനം വഹിക്കുന്നതിലൂടെയും ശക്തമായ സാന്നിദ്ധ്യമാവുകയാണ് ഇന്ന് സ്ത്രീകൾ. ഫെമിനിസത്തിന്റെ തത്വശാസ്ത്രങ്ങൾ കൊണ്ട് അടിസ്ഥാനപ്പെടുത്തിയ ജൗയഹശെലൃ പോലുള്ള വലിയ തട്ടകം ഈ മേഖലയിലെ സ്ത്രീ നേട്ടത്തിന്റെ എടുത്തുപറയത്തക്ക ഉദാഹരണമാവുകയാണ്. ലോകത്തിന്റെ വിവിധ കോണുകളിലുള്ള സ്ത്രീ പ്രസാധകരുടെ ഒരു കൂട്ടായ്മയാവുകയാണ് പബ്ലിഷർ. പ്രസാധക രംഗത്തെ ഉച്ചനീചത്വങ്ങളേയും, ലിംഗപരമായ വേർതിരിവുകളേയും സംബോധന ചെയ്യുവാനൊക്കെ കൂടി ഉള്ള ഒരു ഇടമായി വേണം പബ്ലിഷർ എന്ന ഉദ്യമത്തെ കരുതുവാൻ.

ആഫ്രിക്ക, ജപ്പാൻ, ടർക്കി, ലെബനൻ, ഇസ്താംബുൾ തുടങ്ങി വിവിധങ്ങളായ ദേശത്തു നിന്നുള്ളവർ ഭാരവാഹിത്വം വഹിക്കുന്ന കൂട്ടായ്മ ആവുന്നതോടെ പ്രസിദ്ധീകരണ രംഗത്തെ ഏകശിലാഘടനയുടെ പൊളിച്ചെഴുത്തും ആവുന്നുണ്ട്. തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ദേശം, സംസ്കാരം എന്നിവയിൽ എവ്വിധമെല്ലാം ഇടപെടലുകൾ നടത്താം എന്ന് ഈ സ്ത്രീകളുടെ പ്രവർത്തനം വച്ച് വിലയിരുത്താവുന്നതാണ്. ലെബനൻ പോലുള്ള കലാപ പൂരിതമായ രാജ്യത്ത് പ്രവർത്തിക്കുന്ന ഷെറീൻ ക്രെയ്ദിഷ് എന്ന പ്രസാധക തന്റെ ഓരോ ദിവസവും വെല്ലുവിളികൾ നിറഞ്ഞതാണ് എന്ന് പറയുന്നുണ്ട്. എഴുത്തുകാരിയായ മൈൻ സോയ്സൽ എന്ന ഇസ്താംബുൾ പബ്ലിഷർ സാഹിത്യത്തിലൂടെ ആശയങ്ങളെ പുതുതലമുറയിലേക്ക് എത്തിക്കേണ്ടതിന്റെയും അങ്ങിനെ തലമുറകളെ പാകപ്പെടുത്തേണ്ടതിനെയും ആവശ്യകതയിലൂന്നിയാണ് തന്റെ പ്രവർത്തനം എന്ന് വ്യക്തമാക്കുന്നുണ്ട്.

മുൻകാലങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായ പല വിഷയങ്ങളേയും ഇന്ന് സംബോധന ചെയ്യാൻ സാധിക്കുന്നുണ്ട്. അപ്രധാനം എന്ന് തള്ളിക്കളഞ്ഞ പലതിനെയും മുഖ്യധാരയിലേക്ക് കൊണ്ടുവരാനും ചർച്ചകൾക്ക് വഴിതെളിക്കാനും ഇതുപോലുള്ള സംരഭങ്ങൾക്ക് സാധ്യമാവുക തന്നെ ചെയ്യും. വെല്ലുവിളികൾ ഏറെ നിറഞ്ഞ പ്രസാധക രംഗത്തെ ഒരു ബിസിനസ്സ് പോലെ കൃത്യമായി കൈയടക്കത്തോടെ നിയന്ത്രിക്കുവാൻ ഈ സ്ത്രീകൾ ഓരോരുത്തരും ശ്രദ്ധിക്കുന്നുണ്ട്. എല്ലാറ്റിലുമുപരിയായി വ്യത്യസ്തതകളെ ആഘോഷിക്കാനും ലിംഗ വർഗ്ഗ ഭേദമന്യേ എഴുത്തിനേയും വായനയേയും ശക്തമായ സാധ്യതയായി കണ്ട് അതിൽ കൂടി ലോകത്തെ കൂടുതൽ നവീകരിക്കുവാൻ തങ്ങളാലാവും വിധം.

## References


https://womeninpublishing.org/

https:/www.womeninpublishinghistory.org.uk/

https://www.keralawomen.gov.in/ml/history?page=3

Tharu, Susie and K. Lalita. Introduction. Women's Writing from 600 B.C. To the Present Volume II: The Twentieth Century, Oxford University Press, 1993

Thompson, Carl. Travel Writing, Routledge, 2011

Banssett, Susan. "Travel Writing and Gender." The Cambridge Companion to Travel Writing, edited by Peter Hulme and Tim Youngs. Cambridge University Press, 2002

Mondal, Somadatta. "Mapping the Female Gaze: Women's Traveli-f-i Writing from Colonial Bengal." Indian Travel Narratives, edited by Somadatta Mondal. Rawat Publications, 2010

പെൺപക്ഷം

അജിത കെ.



# കർഷക സമരത്തിന്റെ വിജയം ഒരു ചരിത്ര സംഭവം


കഴിഞ്ഞ നവംബറിൽ പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ കർഷകർ മാസങ്ങൾക്കുമുമ്പ് കേന്ദ്ര പാർലമെന്റ് പാസാക്കിയ മൂന്ന് കാർഷിക പരിഷ്കരണ നിയമങ്ങൾക്കെതിരെ ആരംഭിച്ച സമരം, ഇന്ന് നരേന്ദ്ര മോദി -അമിത്ഷാ സർക്കാരിന്റെ പൂർണ്ണ പരാജയത്തിൽ എത്തിനിൽക്കുകയാണ്.

ഇന്ത്യയിലെ സാധാരണ ജനങ്ങൾ ആശ്രയിക്കുന്ന ഭക്ഷ്യ വിതരണ സമ്പ്രദായത്തിന്റെ നട്ടെല്ലൊടിക്കുന്നതും ഇന്ത്യയിലെ അംബാനി, അദാനി തുടങ്ങിയ വമ്പൻ കോർപ്പറേറ്റുകൾക്ക് രാജ്യത്തിന്റെ ഭക്ഷ്യമാർക്കറ്റ് പൂർണമായും തീറെഴുതിക്കൊടുക്കുന്നതുമായ ഈ കാർഷിക നിയമങ്ങൾക്കെതിരായി ഐതിഹാസികമായ, താരതമ്യം പോലുമില്ലാത്ത ത്യാഗങ്ങളടങ്ങിയ ധീരവും തുടർച്ചയായുള്ളതുമായ ദില്ലി ചലോ കർഷകസമരം നമുക്കൊക്കെ ഒരു പുതിയ തിരിച്ചറിവ് നൽകിയിരിക്കുന്നു. നീതിയുക്തമായ, ജനകീയമായ ആവശ്യങ്ങൾ മുൻനിർത്തി തുടർച്ചയായ നിശ്ചയദാർഢ്യത്തോടു കൂടിയ സമരം ചെയ്താൽ, അത് നേരിട്ട് ബാധിക്കുന്ന വിഭാഗത്തിന്റെ മുഴുവൻ ജാതി- മത -ലിംഗ ഭേദമില്ലാത്ത ഒറ്റക്കെട്ടായ പിന്തുണയുണ്ടെങ്കിൽ ഏത് സ്വേച്ഛാധികാരിയായ ഭരണാധിപനും കീഴടങ്ങേണ്ടി വരുമെന്ന് ഈ സമരം നമ്മെ പഠിപ്പിച്ചു. 2014 മുതൽ ഇന്ത്യക്കുമേൽ പതിച്ച ആ കൂരിരുട്ടിന്റെ കരാളഹസ്തങ്ങൾ മനസ്സുറപ്പോടെ തട്ടിമാറ്റി ജനാധിപത്യത്തിന്റെ, ജനനീതിയുടെ വെളിച്ചം പരത്താനുള്ള കവാടം തുറക്കാൻ ഈ സമരത്തിന് കഴിഞ്ഞു. ഉത്തർപ്രദേശ്, ഹരിയാന, പഞ്ചാബ് സംസ്ഥാനങ്ങളിൽ വരാനിരിക്കുന്ന തെരഞ്ഞെടുപ്പിലെ വിജയത്തിനു വേണ്ടിയാണ് ഈ പിന്മാറ്റം മോഡി നടത്തിയതെന്ന് നമുക്കറിയാം. പക്ഷേ, അതുകൊണ്ട് തന്നെ വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ ബിജെപിയെ തറപറ്റിക്കണമെന്ന തീരുമാനത്തിൽ കർഷക സംഘടനകൾ ഉറച്ചുനില്ക്കുകയാണ്. ബംഗാളിലും ഇന്ത്യയിലെ മറ്റിടങ്ങളിലും ഉണ്ടായതു പോലെ ഒരു തിരിച്ചടി നൽകാൻ തന്നെയാണ് കർഷകരുടെ തീരുമാനം. രണ്ടാം സ്വാതന്ത്ര്യ സമരത്തിന്റെ ഈ കാഹളം നമ്മൾ ഇന്ത്യയിലെ സാധാരണ ജനങ്ങൾ ഏറ്റെടുക്കാൻ ഇനി ഏറെ താമസം വരില്ല. ഈ സവർണ്ണ ഹിന്ദുത്വഫാസിസ്റ്റ് ഭരണം അവസാനിപ്പിച്ചേ തീരൂ. ഇത് നമ്മുടെ നിലനില്പ്പിന്റെ പ്രശ്നമാണ്. കോർപറേറ്റുകൾക്ക് തീറെഴുതിക്കൊടുത്ത ബാങ്കിങ്ങ്, റെയിൽവെ, വ്യോമഗതാഗതം, പെട്രോളിയം ഉല്പന്നങ്ങൾ, ഇലക്ട്രിസിറ്റി തുടങ്ങിയ എല്ലാ നിർണായക മേഖലകളും പോലെ ഭക്ഷ്യമേഖല തകർക്കാനുള്ള തീരുമാനം തകർത്ത കർഷക വിപ്ലവ സംഘടനകൾക്ക് എല്ലാവിധ ഐക്യദാർഢ്യവും!





മീന
ഇംഗ്ലീഷ് സാഹിത്യ ബിരുദ വിദ്യാർത്ഥി, ചെന്നൈ



കൃഷ്ണ
ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥി, നാടക പ്രവർത്തക, ചെന്നൈ



പ്രേമ രേവതി

# 'മൈത്രി'ക്കായൊരു പ്രസാധനം

*താങ്കളുടെ ഇതുവരെയുള്ള യാത്രയെ കുറിച്ച് വായനക്കാരോട് പങ്കുവെയ്ക്കാമോ?*

ഞാൻ ജനിച്ചത് അരക്കോണം എന്ന ഒരു ചെറിയ പട്ടണത്തിലാണ്. കുഞ്ഞുന്നാളിൽ തെറ്റായ പല കാരണങ്ങളും കൊണ്ട് ഞാൻ സന്തുഷ്ടയായിരുന്നില്ല; അമ്മ ജോലിക്കു പോകുന്നത് എനിക്ക് ഇഷ്ടമല്ലായിരുന്നു, കൂട്ടുകൂടാൻ ഞാൻ എന്നും പിന്നിലായിരുന്നു . എല്ലാകാലവും എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ എന്റെ പുസ്തകങ്ങളായിരുന്നു. ചിത്രപുസ്തകങ്ങൾ മുതൽ ക്ലാസിക്കുകൾ വരെയുള്ള ഒരുപാട് പുസ്തകങ്ങൾ അച്ഛൻ വാങ്ങിത്തരുമായിരുന്നു. എഴുത്തിനെക്കുറിച്ച് അധികമൊന്നും അറിയില്ലെങ്കിലും എഴുത്തുകാരി അല്ലെങ്കിൽ ഒരു വക്കീൽ ആകണമെന്നായിരുന്നു എന്റെ ആഗ്രഹം. കുടുംബത്തിലെല്ലാവരും എഞ്ചിനീയർമാരും മറ്റു ശാസ്ത്രവിഭാഗങ്ങളിൽ പെട്ടവരുമായതുകൊണ്ടു ഇംഗ്ലീഷ് സാഹിത്യം പഠിക്കാനുള്ള എന്റെ ആഗ്രഹത്തെ ആരും പ്രോത്സാഹിപ്പിച്ചില്ല. മറ്റുവിഷയങ്ങളെ അപേക്ഷിച്ചു എളുപ്പമെന്നു തോന്നിയതുകൊണ്ടാണ് ഗണിതം എടുത്തത്. അന്നെനിക്ക് ഇന്നത്തെ ധൈര്യമില്ലായിരുന്നു. അതുകൊണ്ടു എല്ലാവരെയുംപോലെ ഒരു ഓഫീസ് ജോലി തിരഞ്ഞെടുത്തു. ആദ്യത്തെ ജോലി സൺ ടീവിയിലെ പത്രപ്രവർത്തകയായിട്ടായിരുന്നു. ആ ജോലിയിൽ ഏഴുവർഷക്കാലം തുടർന്നു. ജീവിതകാലം മുഴുവൻ ഒരേ ജോലി ചെയ്യുന്നതിന്റെ മടുപ്പ് അന്നേ ഞാൻ മുൻകൂട്ടി കണ്ടിരുന്നു. അതിനുശേഷം സിനിമയിൽ പ്രവർത്തിക്കാൻ തുടങ്ങി. അക്കാലത്താണ് തമിഴ്നാട്ടിലെ സുനാമി സംഭവിച്ചത്. സഹായപ്രവർത്തനത്തോട് അനുബന്ധിച്ചാണ് നാഗപട്ടണത്തിൽ എത്തുന്നത്. അന്ന് അവിടെ കണ്ട കാഴ്ചകൾ എന്നെ ഒരുപാട് സ്വാധീനിച്ചു. പട്ടികവർഗ്ഗത്തിൽപെട്ട കുട്ടികൾക്ക് ഒരു സ്കൂൾ തുടങ്ങാനായാണ് താത്കാലികമായി നാഗപട്ടണത്തിൽ താമസം തുടങ്ങിയത്. പക്ഷേ അവിടെ കണ്ടുമുട്ടിയ കുട്ടികൾ എന്റെ ജീവിതത്തിന്റെ ഗതി തന്നെ മാറ്റി. 'വാനവിൽ' കുട്ടികൾതന്നെ സ്കൂളിന് നൽകിയ പേരാണ്. അതിനുശേഷം സിനിമയി



ലേക്കു തിരിച്ചുപോവാൻ ശ്രമിച്ചെങ്കിലും എന്റെ ശരിയായ ജീവിതകർമം കുട്ടികളുടെകൂടെയാണെന്നു മനസ്സിലാക്കി നാഗപട്ടണത്തിലേക്കു മടങ്ങി. വാനവിൽ ഇന്ന് പട്ടികവിഭാഗത്തിൽ പെട്ടവരുടെ വിദ്യാഭ്യാസത്തിനും, ജീവിതമാർഗത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്.

*പ്രസിദ്ധീകരണത്തിലേക്കു എത്തുന്നതെങ്ങനെയാണ്? 'മൈത്രി'യെ കുറിച്ച് പറയാമോ?*


പത്രപ്രവർത്തനത്തോട് അനുബന്ധിച്ചു എഴുത്തിലേക്ക് കടന്നിരുന്നു. അതോടൊപ്പംതന്നെ തുടർച്ചയായിട്ടല്ലെങ്കിലും എന്നെ വളരെയേറെ സ്വാധീനിച്ച മറ്റുപലവിഷയങ്ങളെക്കുറിച്ചും എഴുതിയിരുന്നു. തമിഴിൽ ലിംഗസമത്വത്തെയും ലൈംഗിക ചൂഷണത്തെയും കുറിച്ച് അധികമൊന്നും ആരും എഴുതിയിരുന്നില്ല. ആ കുറവുനികത്താൻ ഞാൻ ശ്രമിച്ചിരുന്നു. ഭാഷ വിവർത്തനത്തിലും പ്രവർത്തിച്ചിട്ടുണ്ട്. അധികാരശ്രേണിയിൽ തുല്യത വരുത്താനുള്ള കഴിവ് വിവർത്തനത്തിനുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. എഴുത്ത് എനിക്കൊരു ലഹരിയാണ്, എന്നാൽ എല്ലാവർക്കും അതിലേക്കു എത്തിച്ചേരാൻ കഴിയില്ല. അതിൽ മാറ്റം വരുത്താനാണ് മൈത്രിയിലൂടെ ഞങ്ങൾ ശ്രമിക്കുന്നത്. വേണ്ടുവോളം എഴുതപ്പെടാത്തതായ ഒരുപാട് വിഷയങ്ങളുണ്ട്. കേൾക്കപ്പെടാത്തതായ ഒരുപാട് സ്ത്രീശബ്ദങ്ങൾ നമുക്കുചുറ്റുമുണ്ട്. അവർക്ക് ഒരുപാട് പറയാനുമുണ്ട്. പ്രാദേശിക ഭാഷകളിലെ അത്തരം ശബ്ദങ്ങൾ പുറത്തുകൊണ്ടുവരാൻ ശ്രമിക്കുന്ന സ്ത്രീപക്ഷപ്രസിദ്ധീകരണശാലയാണ് മൈത്രി. ചരിത്രകാരിയും അടുത്ത സുഹൃത്തുമായ വി ഗീതയോടൊപ്പമുള്ള ചർച്ചകളിലൂടെയാണ് മൈത്രിയുടെ ആശയം രൂപംകൊണ്ടത്.

*വാനവിൽ സ്കൂളിനെക്കുറിച്ച് പറയാമോ ? ലോക്ക്ഡൗൺ കാലത്ത് എങ്ങനെയാണ് പ്രവർത്തനങ്ങൾ മുൻപോട്ടു കൊണ്ടുപോയത്?*

കഴിഞ്ഞ രണ്ടു വർഷങ്ങൾ പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. നരികുരവർ, ബൂം ബൂം മട്ടുകാരാർ എന്നീ വിഭാഗങ്ങളിലുള്ള പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾ ദിവസവേതനത്തിനു ജോലി ചെയ്യുന്നവരാണ്. അവരുടെ വരുമാനത്തിന്റെ ഏറിയ പക്ഷവും കാട്ടിൽനിന്നും മറ്റും ശേഖരിക്കുന്ന വസ്തുക്കളിൽനിന്നുമാണ്. ഇവരിൽ ഏറെപ്പേരും കോറോണ ലോക്ഡൗണിന്റെ രണ്ടാംദിവസം മുതൽ വരുമാനം നഷ്ടപ്പെട്ടവരാണ്. ഈ അനിശ്ചിതാവസ്ഥയിൽ കുട്ടികൾക്കായി വാനവിൽ തുറക്കേണ്ടത് അത്യാവശ്യമായിരുന്നു. അതിനായി ലോക്ക്ഡൗണിന്റെ തുടക്കത്തിൽ തന്നെ ഞങ്ങൾ തയ്യാറെടുത്തിരുന്നു. തമിഴ്നാട് എമ്പാടുമുള്ള ബൂം ബൂം മട്ടുകാരാർ വിഭാഗവുമായി ചേർന്നു ഞങ്ങൾ പ്രവർത്തിച്ചു. കുട്ടികളുമായി ഞങ്ങൾ തുടർന്നും പ്രവർത്തിച്ചു. ദിവസേന എട്ടുമണിക്കൂർ ക്ലാസുകൾ ഇല്ലായിരുന്നുവെങ്കിലും കളികളിലും മറ്റും അവരെ ഏർപ്പെടുത്തുകയും അതിലൂടെ ശുചിത്വപാലന പ്രക്രിയകളെ പറ്റി പഠിപ്പിക്കുകയും ചെയ്തു. കുട്ടികളുടെ താല്പര്യവും ഉത്സാഹവും ഞങ്ങളെ ഒരുപാട് പ്രോത്സാഹിപ്പിച്ചു. വാനവിൽ വളർത്തുന്നത് കുട്ടികളെ മാത്രമല്ല, അവരുടെ കുടുംബങ്ങളെയുംകൂടിയാണ്.

*മൈത്രി പ്രസിദ്ധീകരിച്ച പുസ്തകങ്ങളെ കുറിച്ച് പറയാമോ? എങ്ങനെയാണ് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നത്?*

മൈത്രി ഇന്നും ഒരു ചെറിയ സംരംഭമാണ്. ഞങ്ങൾ സ്ഥാപകർ തന്നെയാണ് തൊഴിലാളികളും. ഞാൻ സ്ത്രീപക്ഷ മുന്നേറ്റത്തിനു വർഷങ്ങളോളം പ്രവർത്തിച്ചിരുന്നു. പ്രസിദ്ധീകരണവും എനിക്ക് അതുപോലെയാണ്. അംബേദ്കർ പക്ഷം ചേർന്ന സംരംഭമായാണ് ഞങ്ങൾ തുടക്കം കുറിച്ചത് . മൈത്രി ആദ്യമായി പ്രസിദ്ധീകരിച്ചത് ലക്ഷ്മിഅമ്മയുടെ 'ലക്ഷ്മി എന്നും പയനി' എന്ന





തമിഴ് പുസ്തകം ആയിരുന്നു. ഒരു ബ്ലോഗ് രൂപത്തിൽ ഘട്ടങ്ങളായാണ് ലക്ഷ്മിയമ്മ എഴുതിത്തുടങ്ങിയത് . മൈത്രി തുടങ്ങും മുൻപ് അഞ്ചു ഭാഗങ്ങളോളം പ്രസിദ്ധീകരിച്ചിരുന്നു. ആദ്യമായി വാ

യിച്ചപ്പോൾ എനിക്ക് അത്ഭുതമാണ് തോന്നിയത്. സ്ത്രീകൾ ഉൾപ്പെടുന്ന ഇടതുപക്ഷ നേതാക്കൾ അവരുടെ ജീവിതത്തെപ്പറ്റി മുൻപും എഴുതിയിട്ടുണ്ട്. എന്നാൽ ആദ്യമായിട്ടായിരുന്നു ഒരു നേതാവിന്റെ ഭാര്യയും, കമ്മിറ്റി അംഗവുമായ ഒരു സ്ത്രീ തന്റെ ദൈനംദിന ജീവിതത്തെപ്പറ്റി എഴുതുന്നത്. അവരുടെ എഴുത്തുശൈലി അനായാസമായി വിരോധാഭാസം ഉൾപ്പെടുത്തുന്നതാണ്. സ്കൂൾ പൂർത്തിയാക്കാത്ത, ജീവിതത്തിന്റെ ഏറിയ ഭാഗവും ഫാക്ടറി തൊഴിലാളിയായി ജോലിചെയ്ത ഒരു പാർട്ടി പ്രവർത്തകയുടെ ആദ്യപുസ്തകത്തിനു ഇത്രയേറെ മൂല്യമുണ്ടെന്നു അവർ പോലും വിശ്വസിച്ചിരുന്നില്ല. ആ പുസ്തകം പുറം ലോകം കാണേണ്ടത് എന്റെ കൂടി ആവശ്യമായിരുന്നു. എഴുത്തു പൂർത്തിയാക്കിയതിനുശേഷം ലക്ഷ്മിയമ്മ വിളിച്ചപ്പോൾ പ്രസിദ്ധീകരണം എന്ന ചിന്ത ഉടലെടുക്കുന്നതേയുണ്ടായിരുന്നുള്ളു. ഒരു തരത്തിൽ ആ പുസ്തകം ഞങ്ങളെ തിരഞ്ഞെടുക്കുകയായിരുന്നു. പിന്നീട് ദക്ഷിണേന്ത്യയിലെയും മഹാരാഷ്ട്രയിലെയും ദളിത് യുവതികളുടെ കവിതാസമാഹാരം 'ഖൈർലാൻജിയിൻ കാലത്തിൽ കാതൽ' പ്രസിദ്ധീകരിച്ചു. ഇതൊരു ബഹുഭാഷാ വിവർത്തന സംരംഭമായിരുന്നു. അവസാനമായി പ്രസിദ്ധീകരിച്ച പുസ്തകം, 'മുതൽ പെൺകൾ,'കൗമാരക്കാരായ പെൺകുട്ടികൾക്കു വേണ്ടിയാണ്. വിവിധ മേഖലകളിൽ സ്ത്രീസാന്നിധ്യത്തിനു തുടക്കമിട്ടവരെ കുറിച്ചുള്ള ഉപന്യാസശേഖരം വളർന്നു വരുന്ന പെൺകുട്ടികൾക്കു പ്രചോദനമാകുമെന്നു പ്രതീക്ഷിക്കുന്നു. തമിഴ്നാട് വനിതാകമ്മീഷന്റെ ആദ്യ ചാൻസലർ വസന്തദേവിയുടെ ജീവിതാനുഭവങ്ങൾ, അംബേദ്കറിനെ സംബന്ധിച്ചുള്ള പുസ്തകങ്ങളുടെ വിവർത്തനങ്ങൾ, എന്നിവയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

*സമൂഹം എന്ന നിലയിൽ, സ്ത്രീകളെ നമ്മൾ പലപ്പോഴും കുടുംബം അല്ലെങ്കിൽ ജോലി, ഏതെങ്കിലും ഒന്ന് മറ്റൊന്നിനു മേലെ തിരഞ്ഞെടുക്കാൻ ആണ് പഠിപ്പിക്കാറ്. താങ്കൾ പുരുഷ മേൽക്കോയ്മ വാഴുന്ന , സിനിമ, പത്രപ്രവർത്തനം പോലുള്ള ഒരുപാട് മേഖലകളിൽ ജോലിചെയ്തിട്ടുണ്ട്. എന്നെങ്കിലും ഇഷ്ടമില്ലാത്ത തീരുമാനങ്ങൾ എടുക്കാൻ നിർബന്ധിതയായിട്ടുണ്ടോ?*

എനിക്ക് വേണ്ടെന്നുതോന്നിയ കാര്യങ്ങൾ ചെയ്യാതിരിക്കാനുള്ള സ്വാതന്ത്ര്യം പണ്ടേയുണ്ടായിരുന്നു. യാഥാസ്ഥിതിക ചിന്തപുലർത്തുന്ന സ്ത്രീയായിരുന്നെങ്കിലും എന്റെ അമ്മ വിദ്യാഭ്യാസത്തിനും ജോലിസംബന്ധമായും പുറത്തുപോകുന്നത് പണ്ടേ പ്രോത്സാഹിപ്പിച്ചിരുന്നു. അഭിപ്രായവ്യത്യാസങ്ങൾ ഏറെയുണ്ടായിരുന്നുവെങ്കിലും അമ്മ ഒരിക്കലും എന്നെ എന്റെ താല്പര്യങ്ങളിൽനിന്നും പിൻതിരിപ്പിച്ചിട്ടില്ല. എന്നാലും കുടുംബജീവിതത്തിലെ ചില തീരുമാനങ്ങൾ തെറ്റായിപ്പോയെന്നു പിൽകാലത്ത് തോന്നിയിട്ടുണ്ട്. ഞാൻ ഒരിക്കൽ വിവാഹിതയായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നസമയത്തു വിവാഹം ഉചിതമായിത്തോന്നി. ഇന്നാലോചിക്കുമ്പോൾ ആ തീരുമാനത്തിനുള്ള കാരണങ്ങൾ ശരിയായിരുന്നുവെന്നു തോന്നുന്നില്ല. ഞാൻ എന്നും സ്വന്തം തീരുമാനങ്ങൾക്ക് മുൻതൂക്കം കൊടുത്തിട്ടുണ്ട്. അതിനാൽ ധാരാളം സുഹൃദ്ബന്ധങ്ങളും മറ്റും നഷ്ടമായിട്ടുമുണ്ട്. ആ കാര്യത്തിൽ ഞാൻ എന്റെ അമ്മയെ പോലെയാണ്.



തമിഴ് പ്രസിദ്ധീകരണമേഖല വളരെ അസംഘടിതമാണ്. മറ്റു മേഖലകൾ പോലെ പുരുഷമേധാവിത്വം ഇവിടെയും അനുഭവപ്പെടുന്നുണ്ട്. പുസ്തകങ്ങളെക്കുറിച്ചു മാത്രമല്ല, സ്ത്രീകളെക്കുറിച്ചും ഇവർക്ക് ധാരാളം അഭിപ്രായങ്ങളുണ്ട് . പുരുഷശബ്ദങ്ങളുടെയത്ര സ്ഥാനം ലഭിക്കുന്നില്ലെങ്കിലും ശക്തമായ കാഴ്ചപ്പാടുള്ളവരാണ് ഞങ്ങളും. എന്നിരുന്നാലും പലയിടങ്ങളിൽനിന്നും ഒരുപാട് സഹായം ലഭിച്ചിട്ടുണ്ട്. മേളകളിലും ഓഫീസുകളിലും സ്ത്രീകൾക്കുള്ളയിടം ചുരുങ്ങിയതാണ്. അത് മാറേണ്ടിയിരിക്കുന്നു.

*സ്ത്രീകൾക്ക് പുസ്തക പ്രസിദ്ധീകരണ മേഖലയിൽ ഉള്ള സാധ്യതകളെക്കുറിച്ച് പറയാമോ?*

പൊതുവെയുള്ള കാഴ്ചപ്പാട് പ്രസിദ്ധീകരണം യാന്ത്രികമായ ഒരു പ്രവർത്തിയാണ് എന്നാണ്. എന്നാൽ ഒരു പുസ്തകം തയ്യാറാക്കുന്നത് അതിനു

ജീവൻ കൊടുക്കുന്നതുപോലെയാണ്. തീർച്ചയായും എഴുത്തുകാർക്കാണ് ഇതിൽ ഏറ്റവുംകൂടുതൽ പ്രാധാന്യം. പക്ഷേ ഒരു പുസ്തകം ചിട്ടപ്പെടുത്തുന്നതിൽ ഒരുപാടുപേർക്കു പങ്കുണ്ട്. താല്പര്യമുള്ളവരോട് പറയാൻ എനിക്ക് ഒന്നേയുള്ളു: ഇവിടെ കിട്ടുന്ന സംതൃപ്തിയും സന്തോഷവും വേറെതന്നെയാണ്. വായനയും എഴുത്തും അറിഞ്ഞാൽ മാത്രം പോരാ, ശക്തമായ ഒരു നിലപാട് പ്രസാധക എന്ന കടമയ്ക്കു അത്യാവശ്യമാണ്. ഭാഷയ്ക്കും ഏറെ പ്രാധാന്യമുണ്ട്. ബിരുദങ്ങൾക്കല്ല, മറിച്ച് ഒരു നല്ലപുസ്തകത്തെ തിരിച്ചറിയാനുള്ള കഴിവിനാണ് ഇവിടെ പ്രാധാന്യം. ഇന്ന് പുസ്തകം കടലാസ്സിൽ നിന്നും നമ്മുടെ വിരൽത്തുമ്പിലേക്കു എത്തിയിരിക്കുന്നു. അതിനാൽ സാങ്കേതിക പ്രാവീണ്യമുള്ള യുവതലമുറയ്ക്കു ഇവിടെ മികച്ച ഭാവിയുണ്ട്. പുറംമോടി നോക്കി പുസ്തകം തിരഞ്ഞെടുക്കരുത് എന്നു പറയുമെങ്കിലും, കലയും, കലാകാരും പുസ്തകങ്ങളുടെ വലിയ ഭാഗം തന്നെയാണ്.

*താങ്കൾ എൽ.ജി.ബി.ടി.ക്യു വിഭാഗത്തെ പിന്തുണക്കുന്ന വ്യക്തിയാണല്ലോ . മറ്റു മാധ്യമങ്ങളെ അപേക്ഷിച്ചു പ്രസിദ്ധീകരണം എങ്ങനെയാണ് അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ ശബ്ദം ഉയർത്താൻ വഴിയൊരുക്കുന്നത്?*

എൽ.ജി.ബി.ടി.ക്യു+ വിഭാഗങ്ങളെക്കുറിച്ചു ഇനിയും ഏറെ എഴുതപ്പെടാനുണ്ട്. മൈത്രി ഈ കുറവ് നികത്താൻ ശ്രമിക്കുകയാണ്. പ്രാദേശികഭാഷകളിലും ഇവ എഴുതപ്പെടേണ്ടിയിരിക്കുന്നു. അവരുടെ ജീവിതാനുഭവങ്ങൾ വായിക്കുമ്പോൾ സമൂഹത്തിൽ നമുക്കുള്ള സ്ഥാനത്തേയും അതുകൊണ്ടു വരുത്താൻ കഴിയുന്ന മാറ്റങ്ങളെയും കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. വിരലിലെണ്ണാവുന്ന പുസ്തകങ്ങളേ തമിഴിൽ ഈ വിഭാഗങ്ങളെ കുറിച്ച് എഴുതപ്പെട്ടിട്ടുള്ളു. തീർച്ചയായും ഇന്ന് ഇവരോടുള്ള സ്വീകാര്യത വർദ്ധിച്ചിട്ടുണ്ട്. പതിനഞ്ചു വർഷം മുൻപ് രേവതിയുടെ പുസ്തകം 'വെള്ളയ് മൊഴി' അമാനുഷികമായിരുന്നു. എന്നാൽ ഇന്നത് ഒരുപാട് ശബ്ദങ്ങൾക്ക് പുറത്തുവരാനുള്ള പ്രചോദനമായി മാറിയിരിക്കുന്നു. ഇന്ന് ആ വിഭാഗങ്ങൾക്ക് പുറത്തും ഇത്തരം പുസ്തകങ്ങൾക്ക് ഒരുപാട് വായനക്കാരുണ്ട്. രേവതിയുടേത് പോലെ ഒരുപാട് കഥകൾ നമുക്ക് ഇനിയും കേൾക്കാനുണ്ട്. അതിനുള്ള ഇടം നമ്മൾ നിർമ്മിക്കേണ്ടതുണ്ട്.


*പ്രസിദ്ധീകരണ മേഖലയിൽ നിന്നുള്ള വ്യക്തിയെന്ന നിലയിൽ വായന ഇന്നും പലർക്കും കൈയെത്തിപ്പിടിക്കാൻ കഴിയാത്ത ആഡംബരം ആണ് എന്ന് തോന്നുന്നുണ്ടോ?*

ഞാൻ താമസിക്കുന്നത് നാഗപട്ടണത്തിലാണ്. ഇവിടെ ഒരു പുസ്തകശാലപോലും ഇല്ല. എന്നാൽ കഴിയുന്ന രീതിയിൽ പുസ്തകങ്ങൾ സമ്മാനിക്കാൻ ഞാൻ ശ്രമിക്കാറുണ്ട്. ചെന്നൈയിൽ ഇത് വളരെ എളുപ്പമായിരുന്നു. എന്നാൽ നാഗപട്ടണം പോലുള്ള ഒരിടത്തു പുസ്തകങ്ങൾ വരുത്താൻ ഏറെ ബുദ്ധിമുട്ടുണ്ട്. പലപ്പോഴും മൈത്രിയുടെ പുസ്തകങ്ങൾ തന്നെ സമ്മാനിക്കേണ്ടിവന്നിട്ടുണ്ട്. നാഗപട്ടണത്തിന്റെ അവസ്ഥ ഇതാണെങ്കിൽ ബാക്കി മുപ്പത്തിരണ്ട് ജില്ലികളുടെ അവസ്ഥ നമുക്ക് സങ്കല്പിക്കാവുന്നതേയുള്ളു. നമ്മുടെ കോളേജ് പാഠ്യപദ്ധതികളിൽ തന്നെ പുസ്തകങ്ങളുടെ എ




ണ്ണവും, അവയുടെ ലഭ്യതയും ചുരുങ്ങിയതാണ് . ഇത് മാറേണ്ടിയിരിക്കുന്നു. വായനാശീലം വേണോ വേണ്ടയോ എന്നത് യുവതലമുറയുടെ തീരുമാനമാണ്. എന്നാൽ അതിനാദ്യം പുസ്തകങ്ങളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. ഒരു ജനതയെ തന്നെ മാറ്റി മറിക്കാനുള്ള കഴിവ് പുസ്തകങ്ങൾക്കുണ്ട്.



ഡോ.ജാൻസി ജോസ്

# പെണ്ണ് ജീവിക്കട്ടെ

ജീവിക്കുന്നിടത്തോളം സുഖിച്ചു ജീവിക്കണം എന്നതാണ് ജീവിതത്തെക്കുറിച്ച് ചിലരുടെയെങ്കിലും കാഴ്ചപ്പാട്. സുഖം എന്നാൽ സുഖിച്ചു ജീവിക്കുക എന്നതാണ് അവർ അർത്ഥമാക്കുന്നത്. എന്നാൽ അതാണോ സുഖം?. അസുഖം ഇല്ലാത്ത അവസ്ഥക്കല്ലേ സുഖം എന്നു പറയേണ്ടത്?. അസുഖം വരുന്നത് ശരീരത്തിനുമാത്രമാണോ? മനസ്സിന്റെ കാര്യം ആരു ഗണിക്കുന്നു? ഇതൊന്നും നമ്മുടെ വിഷയമല്ല തന്നെ. പണമുള്ളവർക്കു മാത്രം ജീവിക്കാൻ പറ്റുന്ന ഇക്കാലത്ത് പണമുണ്ടാക്കാനുള്ള വ്യഗ്രതയിലാണ് എല്ലാവരും. പണമുണ്ടാക്കുകയും അത് തോന്നുമ്പോൾ തോന്നുന്നതിന് ചെലവാക്കുകയും ചെയ്യുന്നിടത്തോളം സുഖം മറ്റൊന്നുമില്ല.

ഒരു പഠനത്തിന്റെ ഭാഗമായി വിവാഹിതരായ സ്ത്രീകളോട് സംസാരിക്കാനിടയായതിൽ നിന്നാണ് സുഖത്തെക്കുറിച്ച് പറയാനിടവന്നത്. മിക്കവരും പറഞ്ഞത് സുഖമെന്തെന്ന് അവർ അറിഞ്ഞിട്ടില്ല എന്നതാണ്. അവർ അർഥമാക്കുന്ന സുഖം മുകളിൽ പറഞ്ഞ സുഖമല്ല കേട്ടോ.മന:സുഖം തന്നെയാണ്.വിവാഹത്തിനു ശേഷം ആരുമല്ലാതായ അനുഭവമാണ് അവർ പറഞ്ഞത്. അമ്മ പറഞ്ഞു തന്ന നേർവഴികളും മര്യാദകളും ഭർതൃഗൃഹത്തിൽ വന്നപ്പോൾ തെറിച്ച വഴികളും മര്യാദക്കേടുമായി.ചെറുപ്പം മുതൽ ഇഷ്ടമില്ലാതെ വശമാക്കിയ നല്ല ശീലങ്ങൾ ദുഷിച്ചവയായി. അപ്പോൾ പിന്നെ എന്താണ് പെണ്ണിനെ പഠിപ്പിക്കേണ ശീലങ്ങൾ? കണ്ടും കേട്ടും അനുഭവിച്ചും പെണ്ണു തന്നെ പഠിച്ചാൽ മതിയോ? അതു മതി.അതാണ് ശരി. അങ്ങനെ വന്നാൽ ഒരു പെണ്ണും അപമാനിതയാവില്ല. ഒരു പെണ്ണിന്റെ ജീവിതവും തകരില്ല. ഒരു പെണ്ണും കൊല ചെയ്യപ്പെടില്ല, ഒരു പെണ്ണും ആത്മഹത്യ ചെയ്യില്ല. അവൾക്ക് ജീവിതാനുഭവങ്ങൾ ഉണ്ടാവണം. അനുഭവത്തിൽ നിന്ന് അവൾ പാഠം പഠിക്കണം.പാഠത്തിൽ നിന്ന് അവൾ ജീവിതം പഠിക്കും. ജീവിതാനും ജീവിപ്പിക്കാനും പഠിക്കും. അപ്പോൾ പിന്നെ അങ്ങനെയാവട്ടെ അല്ലേ?.



**ആർ.പാർവതി ദേവി**
രാഷ്ട്രീയ പ്രവർത്തക,
ഗ്രന്ഥകാരി,
കേരള പി.എസ്.സി.
അംഗം




# വിമൻപോയിന്റ് : ഒരു ബദൽ പരീക്ഷണം

ആഗോളവത്കൃത മാധ്യമങ്ങൾ ലാഭകേന്ദ്രീകൃതമാകുകയും 'ഉത്തരവാദിത്വമില്ലാത്ത അധികാരസ്ഥാപനങ്ങൾ' ആയി മാറുകയും ചെയ്തതാണ് ബദൽ മാധ്യമം എന്ന ആശയത്തിനിടയാക്കിയത്. പ്രാന്തവത്കൃതവിഭാഗങ്ങളുടെ ഉച്ചഭാഷിണി ആകുന്നതിനു പകരം അധികാര കേന്ദ്രങ്ങളുടെ ചുമട് താങ്ങികളാണ് ഇന്നത്തെ മുഖ്യധാരാ മാധ്യമങ്ങൾ. വിപണിയുടെ താളത്തിനൊത്തു തുള്ളുന്ന പാവകൾ മാത്രം. ചൂഷണവും അസമത്വവും നേരിടുന്നവരെ മുന്നോട്ടുനയിക്കുക എന്നത് മാധ്യമങ്ങളുടെ കാര്യപരിപാടിയിൽ ഇല്ല.നിലനിൽക്കുന്ന ചൂഷണാധിഷ്ഠിത വ്യവസ്ഥിതി അതെ പോലെ നിലനിർത്തുകയാണ് ലാഭകരം എന്ന് മാധ്യമ മുതലാളിക്ക് അറിയാം. അതുകൊണ്ടു ജനങ്ങൾ ഭരണകൂടത്തെ ചോദ്യം ചെയ്യുന്ന തരത്തിലേക്ക് വളരുന്നത് തടയേണ്ടത് മാധ്യമങ്ങളുടെ കൂടി ആവശ്യമാണ്.

ഈ പശ്ചാത്തലത്തിലാണ് ലിംഗനീതിയോടുള്ള മാധ്യമങ്ങളുടെ സമീപനം വിമർശനാത്മകമായി വിലയിരുത്തേണ്ടത്. പൂർണമായും സ്ത്രീവിരുദ്ധത ആണ് മലയാള മാധ്യമങ്ങളുടെ മുഖമുദ്ര. ഗുണത്തിലും ഗണത്തിലും സ്ത്രീകളും ട്രാൻസ് ജെൻഡർ വിഭാഗങ്ങളും മാധ്യമങ്ങൾക്ക് പുറത്താണ്. അകത്തുള്ളവർ ആകട്ടെ നിരന്തരം അതിക്രമങ്ങൾക്ക് ഇരയാകുന്ന കർതൃത്വം ഇല്ലാത്ത ചരക്കുകൾ മാത്രം .


ഇതിലുള്ള പ്രതിഷേധം എന്ന തരത്തിൽ കൂടിയാണ് ഞങ്ങൾ കുറച്ചു സ്ത്രീകൾ womenpoint .in 2017 മാർച്ചിൽ ആരംഭിച്ചത്. സ്ത്രീകൾക്കായുള്ള മലയാളത്തിലെ ആദ്യസമ്പൂർണ വെബ്സൈറ്റ് ആണിത്. ഡിജിറ്റൽ ഇടം സ്ത്രീകൾക്ക് ഭയപ്പാടില്ലാതെ ഉപയോഗിക്കുവാൻ കഴിയുക എന്നതും ഞങ്ങളുടെ ലക്ഷ്യമാണ്.

സ്ത്രീകളുടെ നേട്ടങ്ങളും മുന്നേറ്റങ്ങളും സമരങ്ങളും വാർത്ത വിഭാഗത്തിൽ പ്രാധാന്യത്തോടെ കൊടുക്കുക, അതിക്രമങ്ങൾ സംബന്ധിച്ച വാർത്തകൾ പൈങ്കിളിവൽക്കരിക്കാതെ നൽകുക എന്നിവയും ഞങ്ങൾ ശ്രദ്ധിക്കുന്നു . വാർത്തയോടുള്ള സമീപനം സ്ത്രീപക്ഷമായിരിക്കും എന്ന് സാരം.


കാഴ്ചപ്പാട് എന്ന വിഭാഗം സ്ത്രീകൾക്ക് സ്വതന്ത്രമായി അഭിപ്രായം പറയാനുള്ളതാണ് . വട്ടമേശ സ്ത്രീകളുടെ സംവാദ വേദിയാണ്. ലിംഗനീതി സംബന്ധിച്ച ഗൗരവമുള്ള ചർച്ചകൾ ഇവിടെ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷ.

ഡേറ്റ യുടെ അഭാവം നമ്മൾ പലപ്പോഴും അഭിമുഖീകരിക്കുന്നതാണ്. അത് പരിഹരിക്കുവാനും ശ്രമിക്കുന്നുണ്ട്. സ്ത്രീകൾക്ക് അവരുടെ എല്ലാ രചനകളും സൂക്ഷിച്ചു വെക്കാൻ ഇവിടെ സാധിക്കും.

ഇത്തരത്തിൽ എല്ലാ അർത്ഥത്തിലും സ്ത്രീകളുടെ പൂർണമായ ഒരു ഡിജിറ്റൽ ഇടം ആയാണ് വുമൺ പോയന്റ് ആരംഭിച്ചത്. അഞ്ചു വർഷം ആയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അത് പ്രതീക്ഷിച്ച വേഗതയിൽ മുന്നോട്ടു പോയിട്ടില്ല. കേരളത്തിലെ എല്ലാ സ്ത്രീകൾക്കും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ഏറെ വൈകാതെ womenpoint.in മാറുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.



സതി അങ്കമാലി



**ഷബാന നസ്റിൻ**
പത്രപ്രവർത്തക,
ആക്ടിവിസ്റ്റ്

# ഗൂസ്ബെറി : ചവർപ്പിൽ നിന്ന് മാധുര്യത്തിലേക്കുള്ള പ്രസാധക യാത്ര

*സതി അങ്കമാലിയുടെ പ്രസാധനത്തിലേക്കുള്ള വരവ് അതെങ്ങനെയായിരുന്നു? അതിനെ സതി എന്ന രാഷ്ട്രീയ പ്രവർത്തക എങ്ങനെ നോക്കിക്കാണുന്നു?*

ഒരു സ്ത്രീ പ്രസാധനത്തിലേക്ക് വരിക എന്ന് പറയുന്നത്  വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്, സാംസ്കാരിക രംഗത്ത് നിൽക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ പ്രത്യേകിച്ചും. പ്രസാധന രംഗമാണ് എനിക്ക് ഒരു ബിസിനസ് സംരംഭം തുടങ്ങാനായിട്ട് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. എന്റെ ഇതുവരെയുള്ള

ജീവിതത്തിന്റെ എൺപത് ശതമാനവും ഞാൻ എന്തിനു വേണ്ടിയാണോ ചെലവഴിച്ചത് എന്നു പരിശോധിച്ചാൽ അത് എഴുത്തും, വായനയും, പുസ്തകവും അല്ലെങ്കിൽ സാമൂഹികവും, സാംസ്കാരികവുമായ ഇടപെടൽ ഒക്കെ ആണ് .അതാണ് നമുക്ക് ഒരുപാട് ആനന്ദം തരുന്നത്, അല്ലെങ്കിൽ അക്കാര്യത്തിൽ സവിശേഷമായ ഒരു സന്തോഷമുള്ളത് കൊണ്ടാണ് നമ്മൾ അതു തന്നെ തുടരുന്നത്.ആയത് കൊണ്ട് തന്നെ, നമ്മളിത് വരെ സഞ്ചരിച്ചിട്ടുള്ള വഴിയിൽ എന്റെ പാഷൻ എന്ന് ഞാൻ മനസ്സിലാക്കുന്നത് പ്രസാധനം തന്നെയാണ്.

രണ്ടാമത്തെ കാരണമെന്ന് പറയുന്നത്, മലയാള സാംസ്കാരികത എന്ന് പറയുന്നത് ഒരു സവർണ്ണ-ഹൈന്ദവ സാംസ്കാരികതയാണ്.  അതിനോട് ഏറ്റുമുട്ടിയും പരിക്കേൽപ്പിച്ചും, തിരുത്തിയും തന്നെയാണ് ദലിത്. ആദിവാസി - പിന്നാക്ക -ട്രാൻസ്ജെൻഡർ-ഡിസേബിൾഡ് രാഷ്ട്രീയം ഇന്ന് ഉയർന്നു വന്നിട്ടുള്ളത് . പക്ഷെ, അത് കൃത്യമായി സ്ഥാപിച്ചെടുക്കണമെങ്കിൽ നമ്മളതിൽ നേരിട്ട് ഇടപെടേണ്ടതും അത്തരം പൊളിറ്റിക്കൽ ഏജൻസികളുടെ സാഹിത്യവും ആത്മകഥകളും ,ജീവിതാനുഭവങ്ങളും വരേണ്ടതുമുണ്ട്. ആധുനിക ജനാധിപത്യബോധം അത് ആവശ്യപ്പെടുന്നുണ്ട്. കാരണം സമത്വം പോലെ തന്നെ അവസരസമത്വവും ജനാധിപത്യസങ്കൽപത്തിൽ അനിവാര്യമാണ്. അത് പുസ്തകം പോലെത്തന്നെ സിനിമയും, നാടകവും, ഷോർട്ട് ഫിലിംസും സംഗീതവും റീലുകളും ഉൾപ്പെട്ടതും മറ്റുപലതരത്തിലുമുള്ള ഇടപെ

ടലുകളിലൂടെയും മാത്രമാണ് സാധിക്കുക. ഒരു വ്യക്തി എന്ന നിലയിൽ എനിക്ക് ഇതെല്ലാം കൂടി ചെയ്യാൻ പറ്റില്ലല്ലോ? ഏറ്റവും ഇഷ്ടമുള്ള മേഖല എന്ന നിലയിലാണ് ഞാൻ ഈ പുസ്തക പ്രസാധനത്തെ നോക്കിക്കാണുന്നത്.

മൂന്നാമത്തെ കാരണമെന്നത് ഇത് വരേയും നമ്മുടെ കീഴാള രാഷ്ട്രീയത്തിന്റെ ഭാഗമായി നിന്നിട്ടുള്ള മനുഷ്യരിൽ ഭൂരിഭാഗവും സോഷ്യോ - പൊളിറ്റിക്സ് മാത്രമാണ് സംസാരിച്ചു കൊണ്ടിരുന്നത്. എന്നാൽ ഇതിനപ്പുറത്തേക്ക് നമ്മളൊരു സോഷ്യോ- എക്കണോമിക്സിനെ പറ്റി ചിന്തിക്കുകയും, പ്രാവർത്തികമാക്കുകയും അല്ലെങ്കിൽ ഒരു സ്ത്രീ, ഒരു ദലിത് സ്ത്രീ എന്ന നിലയിൽ സാമ്പത്തിക സ്വാതന്ത്ര്യം കൈവരിക്കുകയും ചെയ്യേണ്ടതുണ്ട്,സ്വാതന്ത്ര്യം എന്ന് പറഞ്ഞാൽ സാമ്പത്തികമായും സ്വാതന്ത്രരാവുക എന്നൊരു അർത്ഥമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം കേരളത്തിലെ സ്ത്രീകളുടെ അവസ്ഥയൊക്കെ ഈ സമ്പത്തുമായിട്ട് കൂടി ബന്ധപ്പെട്ടതാണ്, നമ്മളൊക്കൊ വിചാരിക്കുന്ന പല കാര്യങ്ങളും, ഗൗരവമുള്ള കാര്യങ്ങൾ പോലും ചെയ്യാൻ പറ്റാതെ പോകുന്നത് സാമ്പത്തിക പ്രതിസന്ധികൊണ്ടാണ്.അത് നമ്മൾ ഇനിയെങ്കിലും തിരിച്ചറിയേണ്ടതും

സാമൂഹ്യാവബോധം പോലെ തന്നെ സാമ്പത്തികാവബോധവും ഉണ്ടാകേണ്ടതുമുണ്ട്. സാമ്പത്തികമായി സ്വതന്ത്രരാവുക എന്ന് പറയുമ്പോൾ നമുക്ക് ആനന്ദം കണ്ടെത്താൻ പറ്റുന്ന കാര്യങ്ങൾ ചെയ്തുകൊണ്ട് തന്നെയാവുക എന്നതാണല്ലോ. പുസ്തകം ചെയ്യുക എന്ന് പറയുമ്പോൾ അതെന്റെ ആഗ്രഹവും സ്വപ്നവും അതേ സമയം അതൊരു വിപ്ലവവും കൂടെയാണ്. ഭാഷക്കും അക്ഷരങ്ങൾക്കും അധികാരമുണ്ടെന്നും ഞാൻ മനസിലാക്കിയിട്ടുണ്ട്. പുസ്തകത്തിന്റെ മണം എന്നാൽ അറിവിന്റേയും ജീവിതത്തിന്റേയും മണമാണെന്നാണ് തോന്നിയിട്ടുള്ളത്. അതുകൊണ്ട് തന്നെയാണ് പ്രസാധനം തിരഞ്ഞെടുത്തത്.

ഒരു ദലിത് സ്ത്രീ സംരംഭകയാവുകയെന്നാൽ വളരെ എളുപ്പമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അത് സംഭവിക്കേണ്ടതുണ്ട്. നമ്മുടെ പരിമിതികളെ മറികടക്കുകയും സ്വപ്നങ്ങളെ മുറുകെ പിടിക്കേണ്ടതുമുണ്ട്. നമ്മൾ അനുഭവിക്കുന്ന അവസ്ഥക്ക് മാറ്റം വരണമെങ്കിൽ ആദ്യം നമ്മൾ തന്നെ സ്വയം മാറാൻ തയ്യാറാവണം.

ആന്തരികമായി നമ്മൾ മാറാതെ ബാഹ്യമായ ഒന്നിലും മാറ്റം വരുത്താൻ നമുക്ക് കഴിയില്ല എന്നൊരു കാര്യം കൂടിയുണ്ട്. അത് എനിക്ക് ചുറ്റുമുള്ള, നമ്മുടെ പിന്നാലെ വരുന്ന മറ്റ് സ്ത്രീകളെക്കൂടി പ്രചോദിപ്പിക്കും, ഒരേ സമയം നമ്മൾ സാമൂഹികമായും സാംസ്കാരികമായും ഇടപെടുമ്പോൾ തന്നെ സാമ്പത്തികമായ കാര്യങ്ങളിൽ കൂടി നമ്മൾ സ്വയം ഉത്തരവാദിത്വം കാണിക്കേണ്ടതുണ്ട്.

***ആദ്യമായി ഓറ മാഗസിനിലൂടെ ഒരു പ്രസാധക സംഘത്തിന്റെ ഭാഗമാകുമ്പോൾ ഓറ ഉയർത്തിപ്പിടിച്ച രാഷ്ട്രീയത്തെ സതി അങ്കമാലി എങ്ങനെ നോക്കിക്കാണുന്നു?***

ഓറ മാഗസിൻ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന ജനജാഗ്രതിയിൽ നിന്ന് പ്രസിദ്ധികരിക്കുന്ന ഒന്നാണ്.

മതപൗരോഹിത്യം ഉപേക്ഷിച്ച് , ഇടതുപക്ഷ ആഭിമുഖ്യത്തോടെ സാധാരണ ജനങ്ങളിലേക്ക് ഇറങ്ങി വരികയും അവർക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്ത അലോഷ്യസ് ഫെർണാണ്ടസ് നേതൃത്വം കൊടുത്ത ഒരു പ്രസാധകസംഘം ആയിരുന്നു ഓറ. സഖാവ് കുഞ്ഞുമോൾ അദ്ദേഹത്തിന്റെ ജീവിതസഖിയും കൂട്ടുകാരിയുമായിരുന്നു. കുഞ്ഞുമോൾ ചേച്ചിയായിരുന്നു അതിന്റെ മാനേജർ. എഡിറ്റോറിയലിലും ഉണ്ടായിരുന്നു.

കീഴാള രാഷ്ട്രീയവും സവിശേഷമായി സ്ത്രീകളുടെയും കുട്ടികളുടെയും രാഷ്ട്രീയവും ഉയർത്തിപ്പിടിച്ചു കൊണ്ടാണ് അതിന്റെ പ്രവർത്തനം 'മാധ്യമം സാമൂഹ്യമാറ്റത്തിന് ' എന്നതാണ് ഓറ മാഗസിന്റെ ആപ്തവാക്യം അത്

അക്ഷരാർത്ഥത്തിൽ അങ്ങനെ തന്നെയായിരുന്നു അതെന്നെ വലിയ രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. ഓറയ്ക്കകത്ത് എനിക്ക് ഉണ്ടായിട്ടുള്ളത് ഒരു വോളിന്ററി എക്സ്പീരിയൻസ് ആയിരുന്നു സാലറി ബേസിൽ ആയിരുന്നില്ല. 2013 മുതൽ മൂന്നു വർഷക്കാലം ഞാൻ ഓറയുമായി സഹകരിച്ചിട്ടുണ്ട്.

അട്ടപ്പാടിയിലെ വംശഹത്യ നടക്കുമ്പോൾ (വംശഹത്യ എന്ന് തന്നെയാണ് ഞാൻ അതിനെ പറയുന്നത്) 42 കുട്ടികൾ മരിച്ച സംഭവത്തിൽ കേന്ദ്രമന്ത്രി അരുൺ ഷൂരി അടക്കം അഞ്ച് മന്ത്രിമാർ അട്ടപ്പാടി സന്ദർശിച്ച ദിവസങ്ങളിൽ ഞാൻ അവിടെ പോയി തായ്ക്കുലം സംഘം എന്ന ആദിവാസിസ്ത്രീ സംഘടനയുടെ പ്രസിഡണ്ട് കാളി ചേച്ചിയുടെ വീട്ടിൽ ഒരാഴ്ചയോളം താമസിക്കുകയും, അവരുടെ ഇന്റർവ്യൂ എടുക്കുകയും , ഊരുകൾ സന്ദർശിക്കുകയും ചെയ്തു, ആ സംഘടനയുടെ സെക്രട്ടറി ആയിരുന്ന മരുതിചേച്ചി വളരെ കൃത്യമായി അവിടെ നടക്കുന്ന അഴിമതികളെക്കുറിച്ചും അവകാശലംഘനങ്ങളെക്കുറിച്ചും പറഞ്ഞു.

നിരവധി ആദിവാസി അമ്മമാരും കുട്ടികളും സ്ത്രീകളും അനുഭവിക്കുന്ന പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുവാനും ഇന്റർവ്യൂ ചെയ്യാനുമൊക്കെ പറ്റിയിട്ടുണ്ട്. ഓറയ്ക്ക് വേണ്ടിയാണ് പോയത്. ആ ഇന്റർവ്യൂയിലൂടെ ഒരുപാട് ആളുകൾക്ക് അവി

ടെ നടക്കുന്ന യാഥാർത്ഥ കാര്യങ്ങൾ ജനങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ പറ്റിയിട്ടുണ്ട്. അതിനു ശേഷം സി.കെ. ജാനു ചേച്ചി, സണ്ണി എം.കപിക്കാട്, കെ.കെ. കൊച്ച് എന്നിങ്ങനെ നിരവധി പേരെ ഇന്റർവ്യൂ ചെയ്യാനും പറ്റിയിട്ടുണ്ട്.

ഡി.റ്റി.പി. മുതൽ പ്രിന്റിംഗും മാർക്കറ്റിംഗ് വരെ എല്ലാറ്റിലും റോൾ ഉണ്ടായിരുന്ന പ്രസന്നേട്ടനും, ഡെൽസണും വളരെ ആത്മാർത്ഥതയുള്ളവരും കൃത്യമായ രാഷ്ട്രീയ നിലപാടുള്ളവരുമായിരുന്നു. അവരോടൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞത് വളരെ നല്ല അനുഭവമായിരുന്നു.

2013 മാർച്ചിൽ ഗസ്റ്റ് എഡിറ്റർ ആയിട്ടാണ് ഞാൻ ജോയിൻ ചെയ്യുന്നത്.പിന്നീടാണ് ആർട്ടിക്കിൾസ് ഒക്കെ എഴുതുന്നത്.അതുവരെ കവിതകൾ മാത്രമായിരുന്നു. അക്കാദമിക് സ്പെയ്സിലുള്ള ഒരുപാട് പേർ ഓറയോട് സഹകരിക്കുന്നുണ്ട്. അതുപോലെത്തന്നെ ഏറ്റവും സാധാരണ മനുഷ്യരെയും അത് വലിയ നിലയിൽ ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ടുതന്നെ ഏറ്റവും സാധാരണമായ ഒരു ഭാഷയിൽ എഴുതാനും, അല്ലെങ്കിൽ അവരുമായി കമ്മ്യൂണിക്കേറ്റ് ചെയ്യാനും, അവരുടെ സ്നേഹവും,അവരുടെ രാഷ്ട്രീയവും ഒക്കെ തിരിച്ചറിയാനും പലതരം ക്ലാസുകളും,ക്യാമ്പുകളും ഒക്കെ അവിടെ നടക്കുമായിരുന്നു. അതൊക്കെ രാഷട്രീയ-സാമൂഹ്യ പരമായ തിരിച്ചറിവുകൾക്ക് കാരണമായിട്ടുണ്ട്. ഇപ്പോൾ വന്നിട്ടുള്ള അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ പരീക്ഷക്ക് വേണ്ടി എനിക്ക് മാധ്യമരംഗത്തെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ആവശ്യമായി വന്നു. ഒരു ദലിത് സ്ത്രീയെ സംബന്ധിച്ച് മാധ്യമരംഗത്തെ ജോലി എന്ന് പറയുന്നത് ഈ കാലത്ത് പോലും വളരെ അന്യമാണ്, നമുക്കത് അപ്രാപ്യമാണ്. അതായത് അവിടെയൊക്കെ ജാതി, നിറം, ലിംഗപദവി ഇതൊക്കെ ഘടകമാണ്. അതിന്റെ മുൻപിൽ ജേർണലിസം പോസ്റ്റു ഗ്രാജ്വേഷനൊക്കെ പ്രയോറിട്ടിയിൽ താഴെയാണ്.അപ്പോഴാണ് പി.എസ്.സി മൂന്ന് വർഷത്തെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ചോദിക്കുന്നത്. അത്തരത്തിലൊരു സർട്ടിഫിക്കറ്റ് ഇപ്പോൾ പോലും മുഖ്യധാരാ മാധ്യമങ്ങൾക്കകത്ത് നിന്ന് എത്ര ദലിതർക്ക് കിട്ടിയിട്ടുണ്ടാവും? ഒന്നോ രണ്ടോ അല്ലെങ്കിൽ ആർക്കും തന്നെ കിട്ടാതെ ഇരിക്കുമ്പോഴാണ് ഓറ മാഗസിൻ അങ്ങനെ ഒരു സർട്ടിഫിക്കറ്റ് എനിക്ക് തന്നത്. അതിൽ സന്തോഷം മാത്രമല്ല അഭിമാനവുമുണ്ട്, കാരണം അതെന്റെ സാമൂഹ്യവും - രാഷട്രീയവും - സംസ്ക്കാരികവുമായ ഇടപെടലിന്റെ ഡോക്യുമെന്റാണ്.

*നിലവിലെ മുഖ്യധാരാ പ്രസാധകരെപ്പറ്റി സതി അങ്കമാലിക്ക് പറയാനുള്ളത്?*

മുഖ്യധാരാ പ്രസാധകരെപ്പറ്റി പറയുമ്പോൾ മറ്റു കാര്യങ്ങളെ കുറിച്ച് ഒന്നും ഞാൻ പറയുന്നില്ല, ഞാൻ ഇടപെടുന്ന,നിരന്തരം സംസാരിക്കുന്ന, സംവദിക്കുന്ന വിഷയങ്ങൾ ദലിതരുടെ, സ്ത്രീകളുടെ, ക്വിയർ വ്യക്തികളുടെ, കുട്ടികളുടെ വിഷയങ്ങളാണ്. അതുകൊണ്ടു അത്തരത്തിലുള്ള പുസ്തകങ്ങളെയും, മുഖ്യധാര മാധ്യമങ്ങളുടെ നയങ്ങളെയും പറ്റി പറയാമെന്ന് കരുതുന്നു.എല്ലാ മാധ്യമങ്ങൾക്കും അവരവരുടേതായ പോളിസികൾ ഉണ്ടാവും,ബിസിനസ് എന്ന നിലയിൽ അതൊക്കെ വേണ്ടി വരും.എന്നാൽ അതൊന്നും സാമൂഹ്യനീതിയെ ഇല്ലായ്മ ചെയ്തുകൊണ്ടാവരുത്. പലതരത്തിലുള്ള ചിന്താധാരകൾ ഉയർത്തിയ സംവാദങ്ങളും ചർച്ചകളും വായനയും, എഴുത്തും പ്രഭാഷണങ്ങളുംതന്നെയാണ് മനുഷ്യരുടെ അവബോധത്തിൽ മാറ്റമുണ്ടാക്കിയത്.ഒരു രാഷ്ട്രീയവും സ്വാഭാവികമായി ഉണ്ടായി വന്നതല്ല. ബോധപൂർവ്വമായ ,നിരന്തരമായ പലതരം ഇടപെടലിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ടതാണ്. അതിനെ മുന്നോട്ട് എടുക്കാനുള്ള ബാധ്യത മാധ്യമങ്ങൾക്ക് ഉണ്ട്. അത്തരത്തിൽ ദലിത്പക്ഷരാഷ്ട്രീയത്തെ മുന്നേറ്റത്തെ ,അവരുന്നയിക്കുന്ന പൊളിറ്റിക്കൽ കണ്സ്റ്റ്യനെ പ്രസാധകർ സപ്പോർട്ട് ചെയ്യുകയാണ് വേണ്ടത് . എന്നാൽ, എല്ലാതരത്തിലും ദലിത് രാഷ്ട്രീയത്തെ ഇല്ലായ്മ ചെയ്യുന്ന പണിയാണ് വർഷങ്ങളായി ഇവർ ചെയ്തു കൊണ്ടിരിക്കുന്നത്. പ്രത്യക്ഷത്തിൽ നമുക്കത് മനസ്സിലാവില്ല. ദലിതം എന്ന പ്രത്യേക കാറ്റഗറി തിരിച്ചു കൊണ്ട് അല്ലെങ്കിൽ ഒരു സപ്ലിമെന്ററി പോലെ ദലിത് എഴുത്തുകാരുടേയും ബുദ്ധിജീവികളുടേയും കവികളുടേയും പുസ്തകങ്ങൾ ഇവർ പ്രസിദ്ധീകരിക്കും

ഇതിന്റെ ആയിരം കോപ്പിയോ, അഞ്ഞൂറ് കോപ്പിയോ അടിക്കുകയും കോപ്പിറൈറ്റ് അവർക്കാവുകയും ചെയ്യും.എന്നാൽ പിന്നീട് നമ്മൾ ഈ പുസ്തകങ്ങൾ ഇവരുടെ തന്നെ പുസ്തകമേളകളിലോ, ഷോപ്പുകളിലോ അന്വേഷിക്കുമ്പോൾ അതിന്റൊരു പൊടിപോലും നമുക്ക് കിട്ടാതെ പോകുകയും ചെയ്യുന്ന ഒരു അവസ്ഥയുണ്ട്.ഒരു ഉദാഹരണം പറയാം. നിലവിലുള്ള പൊതുബോധ സൗന്ദര്യശാസ്ത്രത്തെ സൈദ്ധാന്തികമായി വിശകലനം ചെയ്തു കൊണ്ട് ഇന്ത്യൻ സവർണ സാംസ്കാരിക ബോധത്തെ കൃത്യമായി തിരുത്തിക്കുറിക്കുന്ന ഒരു പുസ്തകമാണ് ഡോ: പ്രദീപൻ പാമ്പിരിക്കുന്നിന്റെ 'ദലിത് സൗന്ദര്യശാസ്ത്രം' 2017ൽ പ്രസിദ്ധികരിച്ച ആ പുസ്തകത്തിന്റെ എത്രയോ പതിപ്പ് ഇറങ്ങേണ്ട സമയം കഴിഞ്ഞു. ആ പുസ്തകമൊക്കെ നമുക്ക് കിട്ടാത്ത ഒരു അവസ്ഥയുണ്ട്. പ്രിന്റ് ഓൺ ഡിമാൻഡ് ഒക്കെ എത്രമാത്രം ഉണ്ടായിട്ടും അത് നമുക്ക് കിട്ടാനില്ല ,അവരത് ചെയ്യുന്നില്ല. ആ ബുക്ക് എന്റെ കൈയ്യിൽ നിന്ന് വാ

ങ്ങി എത്രയോ പേർ ഫോട്ടോസ്റ്റാറ്റ് എടുത്തിട്ടുണ്ട്. പുസ്തകമേളയൊക്കെ നടക്കുമ്പോഴും ദലിത് പുസ്തകങ്ങൾ എന്ന കാറ്റഗറിയൊന്നും ഉണ്ടാവില്ല. പുരാണഗ്രന്ഥങ്ങൾ മുതൽ അമർ ചിത്രകഥകൾ വരെ വളരെ ഭംഗിയായി ഡിസ്പ്ലേ ചെയ്യും .എന്നാൽ വിദ്യാഭ്യാസം നേടാൻ പോലും സമരം ചെയ്യേണ്ടി വന്ന ഒരു ജനതയുടെ എഴുത്തിനെയും ധൈഷണികതയെയും അവർ പിടിച്ചു വച്ചിട്ട്, ഈ പുസ്തകങ്ങൾ പ്രദർശിപ്പിക്കുന്ന ഒരു സ്ഥലം പോലും അവരുടെ സ്റ്റാളുകളിൽ ഇല്ലാതാവുകയും ചെയ്യും. ഏതെങ്കിലുമൊരു പുസ്തകത്തെപ്പറ്റി ചോദിക്കുമ്പോൾ ഏതെങ്കിലും ഒരു മൂലയിൽ നിന്ന് പൊടി തട്ടിയെടുക്കുകയും, അല്ലെങ്കിൽ നമ്മളെ കൂട്ടിക്കൊണ്ടു പോവുകയും ഈ കൂട്ടത്തിൽ എവിടെയെങ്കിലും കാണും നിങ്ങൾ നോക്കിക്കോളൂ എന്ന് പറയുകയും ചെയ്യും. മുഖ്യധാര പ്രസാധകർ ചെയ്യുന്ന ഇത്തരം കാര്യങ്ങളെ നമ്മൾ മനസിലാക്കേണ്ടതുണ്ട്. പ്രത്യേകിച്ച് ഇപ്പോഴും എഴുത്തും വായനയുമൊക്കെ ഏറ്റവും താഴെയുള്ള മനുഷ്യരിലേക്ക് എത്താത്ത കീഴാള സമൂഹത്തിൽ നിന്നുള്ള ആളുകൾ എഴുതുന്നത് ഇല്ലായ്മ ചെയ്യുമ്പോൾ. മുൻപ് ഇതൊക്കെ പ്രത്യക്ഷത്തിൽ തന്നെയായിരുന്നെങ്കിൽ ഇന്നത് പരോക്ഷമായിട്ടെങ്ങനെ നടപ്പിലാക്കാം എന്നൊരു സാങ്കേതികത അവർ വികസിപ്പിച്ചിട്ടുണ്ട്. അത് തിരിച്ചറിയുകയെന്നത് സാധാരണക്കാരേക്കാൾ ബുദ്ധിജീവികൾക്ക് ബാധ്യതയുണ്ട് എന്ന് ഞാൻ വിചാരിക്കുന്നു.

*പുതിയ പ്രസാധക സംഘങ്ങൾ തുടങ്ങാനിരിക്കുന്നവരോട് സതി ചേച്ചിക്ക് പറയാനുള്ളത്?*

സ്വന്തം നിലയിൽ , രാഷ്ട്രീയബോധ്യത്തോടെയും, വിശ്വാസത്തോടെയുമാണ് നമ്മൾ ഏതു കാര്യവും ആരംഭിക്കേണ്ടത്.അതിന് പണം ആവശ്യമുള്ള പോലെ തന്നെ പഠനവും, നിരീക്ഷണവും പ്രാക്ടീസും ആവശ്യമുണ്ട്. പ്രസാധകരായിരുന്ന നമ്മുടെ സുഹൃത്തുകളോടൊക്കെ നമ്മൾ സംസാരിക്കണം. ' തുടങ്ങുന്ന കാര്യത്തിന്റെ വിജയപരമായ, സാധ്യതകളും, പരിമിതികളും നമ്മൾ പഠിക്കണം. ഒന്നു ഞാൻ ഉറപ്പിച്ചു പറയുന്നു നമുക്കെല്ലാവർക്കും ഇവിടെ ഇടമുണ്ട്.

വലിയ മുടക്കുമുതൽ ഒന്നുമില്ലാതെ പ്രസാധനം തുടങ്ങാനുള്ള സാഹചര്യങ്ങൾ നമുക്കിന്ന് ഉണ്ട്.അതിനെ നമ്മൾ ഉപയോഗിക്കേണ്ടതുണ്ട്.

മറ്റൊന്ന് പ്രസാധകസംഘം ആവട്ടെ എവറസ്റ്റ് കീഴടക്കുന്നതാവട്ടെ നമ്മൾ ഒരു കാര്യം തീരുമാനിച്ചാൽ അത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തി നമുക്കുണ്ടാവണം,നമ്മൾ സ്വയം അതിൽ മുങ്ങി നിൽക്കാൻ തയ്യാറാവണം. പരിപൂർണ്ണമായി നമ്മൾ ഫോക്കസ്ഡ് ആവേണ്ടതുണ്ട്. ചിന്തയിലും ശ്വാസത്തിലുംഅത് തന്നെയായിരിക്കുക .

തീർച്ചയായും നമ്മൾ ലക്ഷ്യത്തിലെത്തി ച്ചേരും എന്ന് ഉറച്ച് വിശ്വസിക്കുക. പകരം നമ്മൾ ഇല്ലായ്മകളെ കുറിച്ച് പറയുകയും ജാതി തന്നെയാണ് എല്ലാത്തിനും കാരണം എന്ന് ചിന്തിക്കുകയും ചെയ്താൽ നമ്മൾ സാധ്യതകളെ മനസിലാക്കുന്നില്ല എന്നാണ്. അല്ലെങ്കിൽ നമ്മൾ അങ്ങനെ മാത്രം ആയിരിക്കുക എന്നത് ആധുനിക കാലത്തെ ജീവിതത്തിന് ചേർന്നതല്ല എന്ന് ഞാൻ പറയും. നമുക്ക് സാധ്യതകൾ ഉണ്ട് അത് തിരിച്ചറിയുകയും വേണ്ടവിധത്തിൽ ഉപയോഗിക്കുകയുമാണ് വേണ്ടത്.നിരന്തരമായി പരിശ്രമിക്കുക. സ്വയം സ്നേഹിക്കുകയും അഭിമാനിക്കുകയും ചെയ്യുക. നിർണ്ണായക തീരുമാനങ്ങളെടുക്കേണ്ടി വരുമ്പോൾ കൺസൾട്ടിംഗ് ആവശ്യമാണെങ്കിൽ അത് ചെയ്യണം. എടുത്ത തീരുമാനങ്ങൾ പ്രയോറിട്ടി അനുസരിച്ച് നടപ്പിലാക്കുക എന്നതാണ് വേണ്ടത്. അത്രയ്ക്ക് സ്നേഹരഹിതമല്ല ഈ ജനാധിപത്യവ്യവസ്ഥയും മനുഷ്യരും. നമ്മൾ അംഗീകരിക്കപ്പെടുന്നുണ്ട്, തിരിച്ചറിയപ്പെടുന്നുണ്ട്. അതിന്റെ സന്തോഷം മുന്നോട്ട് പോക്കിനുള്ള ഊർജ്ജം തരുന്നുണ്ട്.

*'ഗൂസ്ബെറി'യെ 'കുറിച്ച് ,അതിന്റെ രാഷ്ട്രീയത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്?*

ഗൂസ്ബെറി ബുക്സ് ആൻഡ് പബ്ലിക്കേഷൻ എന്നത് ഞാനും എന്റെ സുഹൃത്ത് പ്രസന്നൻ ധർമ്മപാലനും കൂടിയുള്ള ഒരു പാർണർഷിപ്പ് ഫേം ആണ്. ഞങ്ങളുടെ പോളിസിയിൽ ഉൾപ്പെടുന്ന ഒരു പ്രധാന കാര്യം കീഴാള വ്യവഹാരങ്ങളെ ഡോക്യുമെന്റ് ചെയ്യുക എന്നതാണ്. 'സമകാലീനത സർഗാത്മകത, ജ്ഞാനരൂപീകരണം' എന്ന പരമ്പരയിൽ ഉൾപ്പെടുത്തി പത്ത് ദലിത്-ബഹുജൻ - ക്വിയർ വ്യക്തികളുടെ പുസ്തകൾ ചെയ്യുന്നുണ്ട്. ആ വിഭാഗത്തിലെ രണ്ട് ബുക്കുകൾ ആണ് രജനി പാലാമ്പറമ്പിൽ എഴുതിയ 'ആ നെല്ലിമരം പുല്ലാണ്' എന്ന ആത്മകഥയും, അലീന എഴുതിയ 'സിൽക്ക് റൂട്ട്' എന്ന കവിതാ സമാഹാരവും. അത് മലയാളി വായനക്കാർ രണ്ടു കൈയ്യും നീട്ടി സ്വീകരിച്ചു. വായനക്കാർക്കിടയിൽ അത് നല്ല നിലയിൽ ചർച്ച ചെയ്യപ്പെട്ടു. പ്രിയ വായനക്കാരോട് സ്നേഹവും നന്ദിയുമുണ്ട്. സോഷ്യൽ മീഡിയയിലും, പ്രിന്റ് മീഡിയയിലും വരുന്ന ഒരോ റിവ്യൂവും ഞങ്ങൾ ഹൃദയത്തോട് ചേർത്ത് പിടിക്കുന്നു .ദീർഘദൂരം പോവാനുള്ള കരുത്ത് അത് പകരുന്നുണ്ട്.

ഇപ്പോ ഇത്രയേ പറയുന്നുള്ളു. ബാക്കി ഞങ്ങൾ ഇറക്കുന്ന പുസ്തകങ്ങൾ പറയും.



**സരസ്വതി നാഗരാജൻ**
പത്രപ്രവർത്തക



വിവർത്തനം :
**ഗാർഗി ഹരിതകം**
പൊളിറ്റിക്കൽ
ആക്ടിവിസ്റ്റ്
എഴുത്തുകാരി

# ആദ്യ ഫെമിനിസ്റ്റുകളെത്തേടി
## സ്വാതന്ത്ര്യവാദിനി




ജെ. ദേവിക

നൂറ്റാണ്ടിലെ ആദ്യ പകുതിയിലുണ്ടായിരുന്ന ഫെമിനിസ്റ്റുകൾക്കായി അക്കാദമിക്- എഴുത്തുകാരി ജെ. ദേവിക ഒരു വെബ്സൈറ്റ് തുടങ്ങിയിരിക്കുന്നു.പ്രസംഗങ്ങൾ, ലേഖനങ്ങൾ, ചെറുകഥകൾ, ഉപന്യാസങ്ങൾ, ആത്മകഥയിലെ പ്രസക്തഭാഗങ്ങൾ തുടങ്ങിയ പലതും swatantryavaadini.in എന്ന ഈ പ്രത്യേകമായ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

‘ദുർവാശിക്കാരി, ആണത്തക്കാരി, ഒരിക്കലും നടക്കാത്ത ഓരോന്നിന് പുറകേ പായുന്ന ഇളക്കം പിടിച്ച ആത്മാവ്’ ഇങ്ങനെയൊക്കെയാണ് അന്നത്തെ തിരുവിതാംകൂർ ദിവാനായിരുന്ന എം. ഇ. വാട്ട്സ് തിരുവിതാംകൂറിൽ നിന്നുള്ള ലക്ഷ്മിക്കുട്ടി അമ്മയെപ്പറ്റി പറഞ്ഞത്. ആ മിടുക്കിയായിരുന്ന ചെറുപ്പക്കാരി ചെന്നൈയിലെ ക്വീൻ മേരി കോളേജിൽ പഠിപ്പിക്കുകയായിരുന്നെന്നോ അവിടന്ന് ലീവെടുത്ത് 1926ൽ ലണ്ടനിലേക്ക് ഉപരിപഠനത്തിനായി പോയതാണെന്നോ ഒന്നും വകവയ്ക്കാതെയാണയാൾ അവരെക്കുറിച്ച് ഇത്തരം ഒരഭിപ്രായം പറഞ്ഞതെന്ന് ജെ. ദേവിക ‘കഴിഞ്ഞ നൂറ്റാണ്ടിലെ ഇരുപതുകളിലുണ്ടായിരുന്ന ഫെമിനിസ്റ്റുകളെ അക്കാലത്തെ പുരുഷൻമാരും സ്ത്രീകളും എങ്ങിനെയാണ് കണ്ടത്’ എന്ന തന്റെ വെബ്സൈറ്റിലെ നോട്ട്സിൽ വ്യക്തമാക്കുന്നു.

‘സ്വാതന്ത്ര്യവാദിനി’ എന്ന അവരുടെ വെബ്സൈറ്റിലെ വൈവിദ്ധ്യമാർന്ന എഴുത്തുകളിലെ ഒരു മൊഴിമുത്താണിത്. ഇന്ന് കേരളത്തിൽ ആരാണ് ഫെമിനിസ്റ്റ്, അവർ എങ്ങനെയായിരിക്കണം, അവരുടെ സ്വത്വം എന്താവണം എന്നൊക്കെ ചർച്ചകൾ നടക്കുമ്പോൾ ഈ വെബ്സൈറ്റിലേക്ക് ഊളിയിടുന്നതും വിവേചനങ്ങൾക്കും പിതൃമേധാവിത്വത്തിനുമെതിരെ മുൻതലമുറകളിലെ സ്ത്രീകൾ നയിച്ച യുദ്ധങ്ങളെക്കുറിച്ച് അറിയുന്നതും ആവേശമുളവാക്കുന്നതാണ്.

20 ാം നൂറ്റാണ്ടിൽ, ഇരുപതുകൾ മുതൽ അൻപതുകൾ വരെ കേരളത്തിലുണ്ടായ സാഹിത്യത്തെ, ഫെമിനിസ്റ്റ് ചിന്തയെ ആഘോഷിക്കുന്ന, വിശകലനം ചെയ്യുന്ന, വിമർശിക്കുന്ന, ശേഖരിക്കുന്ന സ്ഥലമാണ് ‘സ്വാതന്ത്ര്യവാദിനി’ (ദേവികയുണ്ടാക്കിയ പുതിയ വാക്ക്). മൂർച്ചയുള്ള എഴുത്ത്, വിപ്ളവാത്മകമായ ചിന്താപദ്ധതി, ഉൾക്കാഴ്ചയുള്ള പുത്തൻ എഴുത്തുകൾ – ഇതെല്ലാമാണ് ഇവിടെ കാണുന്ന എഴുത്തുകളുടെ മുഖമുദ്ര.

2020 ഓഗസ്റ്റിൽ ലോക്ക്ഡൗൺ കാലഘട്ടത്തിൽ പത്തുദിവസത്തിനുള്ളിലാണ് ജെ. ദേവിക വെബ്സൈറ്റ് ഉണ്ടാക്കുന്നതും 120 ഓളം ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതും. ’ഒറ്റയ്ക്കാണ് ഒരു വെബ്

സൈറ്റ് ഉണ്ടാക്കാൻ പഠിച്ചതും മുഴുവൻ കാര്യങ്ങളും ചെയ്തതും. ഇത്രയും ചെയ്യാൻ കഴിഞ്ഞതിൽ എനിക്കുതന്നെ അത്ഭുതം തോന്നി!' തിരുവനന്തപുരത്തെ അവരുടെ വീട്ടിൽ നിന്നും ഫോണിലാണ് അവർ ഇത് പറഞ്ഞത്. അവിടെ സെന്റർ ഫോർ ഡെവലപ്മന്റ് സ്റ്റഡീസിൽ മുൻനിര അദ്ധ്യാപികയായി അവർ ജോലി ചെയ്തുവരുന്നു.

മിക്കവാറും ജെ. ദേവിക തന്നെ തർജമ ചെയ്തിട്ടുള്ള ചരിത്രം, കവിത, പ്രസംഗങ്ങൾ, ഫിക്ഷൻ, നിയമസഭാചർച്ചകൾ, ജീവചരിത്രങ്ങൾ, പെറ്റീഷനുകൾ, ഓർമ്മക്കുറിപ്പുകൾ, ആത്മകഥകൾ, വിമർശനങ്ങൾ തുടങ്ങിയ സെക്ഷനുകളായി തരം തിരിച്ചിട്ടുള്ള അപൂർവമായ എഴുത്തുകളാണ് വെബ്സൈറ്റിലുള്ളത്. കെ. ആർ. മീര, മനു എസ്. പിള്ള, ദർശന എസ്. മിനി, വിനിൽ പോൾ തുടങ്ങിയ എഴുത്തുകാരുടെയും പണ്ഡിതരുടെയും ലേഖനങ്ങളും വെബ്സൈറ്റിൽ ഇടം പിടിച്ചിട്ടുണ്ട്.

ജെ .ദേവിക എന്ന യുവഗവേഷകയ്ക്ക് അന്ന് ഇരുപതുകളിലെയും മുപ്പതുകളിലെയും ആദ്യകാല ഫെമിനിസ്റ്റുകളുടെ എഴുത്തുകളുടെ യഥാർത്ഥ കോപ്പികൾ കിട്ടാൻ ഉണ്ടായ കഷ്ടപ്പാടുകളെക്കുറിച്ച് അവരോർക്കുന്നു. 'അവരുടെ എഴുത്തുകൾ അത്രയ്ക്ക് അരികുവൽക്കരിക്കപ്പെട്ടിരുന്നു. ഈ എഴുത്തുകൾ കുടുംബത്തിലെ ആണുങ്ങളാരെങ്കിലും എഴുതിക്കൊടുത്തതാവും എന്നാണ് ഒരു പണ്ഡിതൻ അന്ന് അഭിപ്രായപെട്ടത്.' ഈ വിഷമസന്ധികളിൽ തളരാതെ, ആണാധിക്യമനോഭാവത്താലും സ്ത്രീകൾക്കിതൊന്നും കഴിയില്ല എന്ന മട്ടിലുമൊക്കെ നിരാകരിക്കപ്പെട്ട, അരികുകളിലേക്ക് തള്ളപ്പെട്ട കൂടുതൽ കൂടുതൽ എഴുത്തുകളെയും എഴുത്തുകാരികളെയും കണ്ടെത്താൻ ദേവികയ്ക്കു കഴിഞ്ഞു. എഴുതുന്നു എന്ന കാരണത്താലും അന്നത്തെ സമൂഹത്തിന്റെ യാഥാസ്ഥിതികതയോട് യുദ്ധം ചെയ്തതിനാലും വീടുകളിൽ നിന്ന് പുറത്താക്കപ്പെട്ട, അപമാനിക്കപ്പെട്ട, വ്യക്തിഹത്യ ചെയ്യപ്പെട്ട ആ ആദ്യകാല സ്ത്രീ ചിന്തകരുടെ, ആക്റ്റിവിസ്റ്റുകളുടെ മനസ്സുകളിലേക്ക്, ചിന്തകളിലേക്ക് ഈ വെബ്സൈറ്റ് നമ്മളെ നയിക്കുന്നു.

'മലയാളി സമൂഹത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്തുണ്ടായ സാമൂഹ്യമാറ്റത്തെ വൻ കടയൽ എന്നും മഹാതുറവി എന്നുമാണ് ഞാൻ വിളിക്കുന്നത്... നവോത്ഥാനം എന്നല്ല. അധസ്ഥിത സമുദായങ്ങളുടെ വിമോചനത്തിലേക്കുള്ള കുതിപ്പും അതേ സമയം അവരെ വേർപെടുത്തുന്ന പൊതുസമൂഹവും.' അവർ വെബ്സൈറ്റിൽ കുറിക്കുന്നു,

'അന്നത്തെ പ്രത്യേകതയെന്താണെന്നു വച്ചാൽ, രാഷ്ട്രീയ സാഹചര്യങ്ങളിൽ വ്യത്യസ്ഥരായിരുന്ന സ്ത്രീകൾ പോലും ഈ വ്യത്യസ്ഥതകൾ വകവയ്ക്കാതെ സ്ത്രീകളുടെ പൊതു നന്മയ്ക്കായി സംസാരിച്ചിരുന്നു എന്നതാണ് '.

സ്ത്രീ നിയമസഭാംഗങ്ങൾ, മിസ് കുമാരി എന്നറിയപ്പെട്ട ചലചിത്രനടി ത്രേസ്യാമ, കുലക്കുട്ടി അമ്മ, പ്രത്യക്ഷരക്ഷാ ദൈവ സഭയിലെ വൈദികയായിരുന്ന ദളിത് സ്ത്രീ, കശുവണ്ടിത്തൊഴിലാളിയും തൊഴിലാളി നേതാവുമായിരുന്ന ഗോമതി, രുക്മിണി അമ്മ ചന്ദ്രമതി തുടങ്ങിയ നഴ്സുമാർ, രാജകുടുംബങ്ങളിലെ ശക്തരായ സ്ത്രീകൾ, ആദ്യത്തെ വിദ്യാഭ്യാസ കുതുകികൾ തുടങ്ങി പലരേയും ദേവിക പരിചയപ്പെടുത്തുന്നു.

ആയിരത്തി തൊള്ളായിരത്തി അൻപതുകൾ വരെയുള്ള നിയമസഭാ സാമാജികരായ സ്ത്രീകളുടെ - ഡോ. മേരി പുന്നൻ ലൂക്കോസ് , തോട്ടക്കാട്ട് മാധവിയമ്മ, എലിസബത്ത് കുരുവിള, മിസ്സിസ് എ.ശങ്കരപ്പിള്ള ,മിസ്സിസ്സ് ജി.എം. ഡിസൂസ, എ.വി. കുട്ടിമാളു അമ്മ, അന്ന ചാണ്ടി, സി.സി. രുദ്രാണി, മീനാക്ഷി - പ്രസംഗങ്ങളും എഴുത്തുകളും കുറിപ്പുകളും സ്ത്രീകൾ നൽകിയ സംഭാവനകളിലേക്കുള്ള കണ്ണു തുറപ്പിക്കലാണ്. ഇന്ന് സ്ത്രീകൾ അനുഭവിക്കുന്ന ഇടങ്ങൾ വെട്ടിത്തുറക്കാൻ പല സമരമുഖങ്ങളിൽ ഇവർ പൊരുതിയതിന്റെ ദൃഷ്ടാന്തം കൂടിയാണിത്. ' അവരുടെ പാതകൾ കുറ്റമറ്റതായിരുന്നില്ല. പല തെറ്റുകളും അവർക്ക് സംഭവിച്ചു.പക്ഷേ അതൊന്നും അവർ ചെയ്ത വിലയേറിയ പ്രവർത്തികളെ ചെറുതാക്കുന്നില്ല ' - ദേവിക പറയുന്നു.

കത്തുകൾ, ചെറുകഥകൾ, ഉപന്യാസങ്ങൾ, പത്രക്കുറിപ്പുകൾ , പ്രസംഗശകലങ്ങൾ, ദേവികയുടെ തന്നെ എഴുത്തുകളിലും പുസ്തകങ്ങളിൽ നിന്നുമുള്ള ഭാഗങ്ങൾ ഒക്കെയാണ് പുതുപാത തുറക്കുന്ന ഈ സംരംഭത്തിന്റെ സ്രോതസ്സുകൾ. സമന്വയത്തിന്റെയും അപഗ്രഥനത്തിന്റെയും സമീപന ശേഷികൾ ഉൾക്കൊള്ളുന്ന കേരളത്തിലെ സ്ത്രീജീവിതങ്ങളെ നോക്കിക്കാണാനുള്ള ഒരു വിസ്തൃതസുന്ദര കാഴ്ചയാണീ വെബ്സൈറ്റ് . 'സൈറ്റിന്റെ സൗന്ദര്യാത്മകവശത്തിൽ ഞാൻ ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു. പല വായനക്കാരും ഇതെക്കുറിച്ച് പ്രതേകിച്ചു എടുത്തു പറയുകയും ചെയ്തു' - ദേവിക കൂട്ടിച്ചേർത്തു.

ചരിത്രത്തിലെ വിട്ട ഭാഗങ്ങൾ പൂരിപ്പിക്കുമ്പോൾ, മറ്റു സ്ത്രീകളും ഇവരെക്കുറിച്ചെഴുതാൻ മുന്നിട്ടിറങ്ങുമെന്ന് ജെ. ദേവിക പ്രതീക്ഷിക്കുന്നു. അറിയപ്പെടുന്നവരും അല്ലാത്തവരുമായ, പിതൃമേധാവിത്തത്തിന്റെ ചങ്ങലകൾ ഭേദിച്ചതിന് വളരെയധികം നഷ്ടങ്ങളും ത്യാഗങ്ങളും സഹിച്ചോ, അത് സാധിക്കാതെ തിരിച്ച് ചങ്ങലകളിലേക്ക് തിരികേ പോവുകയോ ചെയ്തവർ... 'ഈ ശക്തരായ സ്ത്രീകളെ, അവരുടെ നിശ്ചയദാർഢ്യത്തിന്റെ ധൈര്യത്തെ, അവരുടെ സംഭാവനകളെ ഓർക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്' എന്ന് ജെ. ദേവിക ഉറപ്പിച്ചു പറയുന്നു.

*കടപ്പാട് : 'ദ ഹിന്ദു', 03 ഒക്ടോബർ*

ചർച്ചാവിഷയം



സൗമ്യ മോഹൻ
ഗവേഷക വിദ്യാർത്ഥി
സോഷ്യോളജി വിഭാഗം
കേരള യൂണിവേഴ്സിറ്റി

# സമത :


## ലിംഗ നീതിക്കായുള്ള പ്രസാധന കൂട്ടായ്മ




കേരളത്തിലെ പ്രസിദ്ധീകരണങ്ങൾക്ക് വലിയ ചരിത്രമാണുള്ളത്. ഇതിൽത്തന്നെ സ്ത്രീകൾ പ്രസാധകരായ പ്രസിദ്ധീകരങ്ങൾ നാമമാത്രമായി പല കാലഘട്ടങ്ങളിലായി ഉണ്ടായിട്ടുള്ളതാണ് . ബി കല്യാണിയമ്മ പ്രസാധകയായ ശാരദ (1913 ) മുതൽ ആണ് തുടക്കം എന്ന് കാണാം. ഈ മാസികകളുടെ എല്ലാം പിറവിക്ക് കാരണമായത് സങ്കുചിതമായ പൊതുമണ്ഡലങ്ങളും പൊതുഇടങ്ങളുടെ ലഭ്യതക്കുറവും ആണെന്നതാണ് വസ്തുത. ഗാർഹികപീഡനം, സ്ത്രീധനം, ബഹുഭാര്യത്വം, ശൈശവവിവാഹം തുടങ്ങിയ സാമൂഹിക വിഷയങ്ങളിലൂന്നിയാണ് പ്രശ്നവൽക്കരിച്ചിരുന്നതെങ്കിലും അതിന്റെ കാതൽ പൊതുഇടങ്ങളിലെ അലഭ്യതയിലാണ്, തുറന്നു പറച്ചിലുകളില്ലാത്ത പുരുഷകേന്ദ്രീകൃത വ്യവസ്ഥിതികളിലാണ്. ജർമൻ തത്വചിന്തകനും സാമൂഹിക ശാസ്ത്രജ്ഞനുമായ ജൂർഗൻ ഹേബർമാസിന്റെ സൈദ്ധാന്തിക നിരീക്ഷണങ്ങളിലൊന്നായ പൊതുഇടം (public sphere ) പൊതുസമൂഹത്തിനും രാഷ്ട്രത്തിനും ഇടയിൽ പ്രവർത്തിക്കുന്ന ഒന്നായി നിലകൊള്ളുന്നു. പൊതുതാല്പര്യ വിഷയങ്ങളെ സംബന്ധിച്ച വിമർശനാത്മക ചർച്ചകൾ നടക്കുന്ന ഇടങ്ങൾ അദ്ദേഹം മുന്നോട്ടു വയ്ക്കുന്നത് കോഫിഷോപ്പുകളിലൂടെയാണ് . The Structural Transformation of the Public Sphere (1962 ) എന്ന പുസ്തകത്തിൽ പൊതുമണ്ഡലങ്ങളിലെ ചർച്ചകളിലൂടെയുള്ള രാഷ്ട്രീയ വിശകലനങ്ങൾ യൂറോപ്യൻ രാജ്യങ്ങളിൽ നടന്നിരുന്നതായി പറയുന്നു . ഈ ചർച്ചകൾ സാമൂഹിക സ്ഥലങ്ങൾക്കും മാധ്യമങ്ങൾക്കും വഴിവച്ചു. പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യ ശതകത്തിൽ ലണ്ടൺ നഗരത്തിൽ മൂവ്വായിയിരത്തോളം കോഫീ ഹൗസുകൾ ഉണ്ടായിരുന്നെന്നും അവിടങ്ങളിലെ നിത്യസന്ദർശകർ ചർച്ചചെയ്തിരുന്നത് സാഹിത്യവും രാഷ്ട്രീയവും വർത്തമാനപത്രങ്ങളിലെ വാർത്തകളും ആയിരുന്നെന്നും ഹേബർമാസ് നിരീക്ഷിക്കുന്നു. ഇത് കലാനിരൂപണത്തിനുള്ള പ്രസിദ്ധീകരണങ്ങളും പംക്തികളും നിലവിൽ വരുത്തുന്ന സാഹിതീയ പൊതുമണ്ഡലങ്ങളിലേക്ക് വഴിവച്ചു. എന്നാൽ ഹേബർമാസ് അവതരിപ്പിച്ച രാഷ്ട്രീയ പൊതുമണ്ഡലത്തിൽ സ്ത്രീകൾക്ക് ഇടമുണ്ടായിരുന്നില്ല. സ്ത്രീ പൊതുമണ്ഡലത്തിന് പുറത്തു നിലനിന്നു.

പൊതുഇടങ്ങളെ സ്ത്രീ, പുരുഷ ഇടങ്ങളാക്കി യഥാക്രമം തരംതിരിച്ചു എഴുത്ത്, പ്രസാധനം, പത്രങ്ങൾ, ആനുകാലികങ്ങൾ, സംവാദങ്ങൾ, സമാജങ്ങൾ മുതലായ അഭിപ്രായവേദികളില്ലാതാക്കിയതും സ്ത്രീപക്ഷ എഴുത്തുകളിലേക്കും പ്രസിദ്ധീകരണങ്ങളിലേക്കും പിൽക്കാലത്തു കേരളത്തിലെ സ്ത്രീകൾ എത്തിച്ചേർന്നതിന്റെ ആവശ്യകത അടിവരയിടുന്നു. 1932 ലെ സാഹിത്യപരിഷത്തിന്റെ പൊതുസമ്മേളനത്തിൽ കേരളത്തിൽ നിന്ന് ഒരു സ്ത്രീയെപ്പോലും പങ്കെടുപ്പിച്ചില്ല (മിനി സു




കുമാർ ,ദേവിക ജെ ,2008 ) എന്ന നിരീക്ഷണം നോക്കിയാൽ ഇത് വ്യക്തമാകും (കെ ർ. സജിത ).ഇന്ന് കാണുന്ന എഴുത്തുകളിൽ പാർശ്വവത്കൃത സ്ത്രീകൾ, ദളിതർ തുടങ്ങിവരുടെ ഇടത്തെ സ്ഥാപിക്കാനായി സ്ത്രീകൾ നടത്തുന്ന ശ്രമങ്ങൾ അർഹിക്കപെടുന്നതാണ്. അത് ഉറപ്പിക്കുന്ന ലിംഗപദവികേന്ദ്രീകൃത സ്ത്രീമാസികകളും പ്രസാധകക്കൂട്ടായ്മകളും വിഷയമാക്കേണ്ടതുണ്ട്.

കേരളത്തിൽ സ്ത്രീ പ്രസിദ്ധീകരണങ്ങളുടെ ചരിത്ര പശ്ചാത്തലം പരിശോധിക്കുമ്പോൾ സ്ഥലകാലങ്ങൾക്കു വളരെ പ്രസക്തിയുണ്ട്.1974 ലെ ഹെൻറി ലെഫ്ബർന്റെ (ഫ്രഞ്ച് സൈദ്ധാന്തികൻ) ഗ്രന്ഥം സ്ഥലത്തിന്റെ നിർമ്മിതി (Production of Spaces ) ഈ ആശയത്തെ ഉൾക്കൊള്ളുന്നു. സാമൂഹിക ജീവിതത്തിന്റെ നിർമ്മിതിയായിട്ടാണ് സ്ഥലനിർമ്മിതി അദ്ദേഹം കാണുന്നത്. സ്ഥലത്തിന്റെ നിലനില്പിനെ ആവിഷ്കരിക്കുന്ന സങ്കൽപനത്തിൽ രണ്ടു തരത്തിലുള്ള സ്ഥലങ്ങളെ പരാമർശിക്കുന്നു. പ്രതിനിധാത്മക സ്ഥലവും (Representational space) സ്ഥല പ്രതിനിധാനവും (Representations of space ).മനുഷ്യർ തങ്ങളുടെ അനുഭവങ്ങളിൽ ജീവിക്കുന്നതും ഭാവനാത്മകമായ മൂല്യങ്ങൾ നൽകുന്നതുമാണ് പ്രതിനിധാത്മക സ്ഥലം.ഇവിടെ പ്രതിനിധാത്മക മൂല്യങ്ങളുടെ വേരുകൾ ചരിത്രത്തിലാണ്.മിത്തും ചരിത്രവും മുതൽ സ്മരണയും സമരവും വരെ ഉള്ള അനുഭവസ്ഥലം. സ്ഥലപ്രതിനിധാനങ്ങൾ (Representations of Space ) ആണെങ്കിൽ അമൂർത്തമായി വിഭാവനം ചെയ്യപ്പെടുന്ന സ്ഥലമായി വിശേഷിപ്പിക്കാം, വിഭാവിത സ്ഥലം (conceived Space). ഭൂപടങ്ങളിലും കെട്ടിടങ്ങളിലും തെളിയുന്ന ചിഹ്നരൂപമുള്ള സ്ഥലം.സ്ഥലപ്രതിനിധാനങ്ങൾ പ്രത്യയശാസ്ത്രങ്ങളുടെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു.നാനാതരാം നിർമിതികളായി അധികാരവ്യവസ്ഥ ഇടപെടുന്നത് സ്ഥലപ്രാധിനിത്യകളിലൂടെയാണ് (സുനിൽ.പി ഇളയിടം,2020 ).കേരളത്തിലെ സ്ത്രീകൾ വിവിധ തരത്തിലുള്ള സാമൂഹിക പ്രശ്നങ്ങളുടെ പ്രതീകാത്മക സ്ഥലങ്ങളിൽ നിന്ന് സമരം ചെയ്താണ് ഇന്ന് കാണുന്ന പൊതുഇടങ്ങൾ സൃഷിച്ചിട്ടുള്ളത്.ചരിത്രപരമായി ബന്ധിപ്പിക്കുന്ന സ്ഥലപ്രതിനിധാനമാകട്ടെ അധികാരം, ആണ്കോയ്മ തുടങ്ങിയവയിൽ സമപ്പെട്ടു കിടക്കുന്ന വ്യവസ്ഥാപിത നിർമ്മിതിയാണ് സ്ത്രീകൾക്ക് നൽകിയിട്ടുള്ളത്.അത്തരം സ്ഥലനിർമിതികളുടെ അതിർത്തികൾ ഭേദിച്ചു കൊണ്ടാണ് നിലവിലെ ചോദ്യങ്ങളുന്നയിക്കുന്ന, അനുഭവങ്ങൾ എഴുതുന്ന, അവ പ്രസിദ്ധീകരിക്കുന്ന സാമൂഹിക ക്രമത്തിലേക്ക് വളർന്നിട്ടുള്ളത്.

### സമകാലിക സ്ത്രീ പ്രസാധന സാന്നിധ്യം ; കേരളത്തിൽ

സ്ത്രീകൾ സ്ത്രീവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ചുരുക്കം ചില പ്രസാധകക്കൂട്ടായ്മകളാണ് കേരളത്തിലുള്ളത്. സമത, സംഘടിത എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ എറണാകുളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഗൂസ്ബെറി തുടങ്ങിയവും സംഘടനാ നേതൃത്വങ്ങൾ പ്രസിദ്ധീകരിക്കുന്ന സ്ത്രീഎഴുത്തുകളും കേരളത്തിൽ രാഷ്രീയ സാമൂഹിക വിഷയങ്ങളിൽ ഇടപെടുകയും പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയുന്നുണ്ട്. കോഴിക്കോട് ആസ്ഥാനമാക്കി 1993 ൽ പ്രവർത്തനം ആരംഭിച്ച സംഘടനയാണ് അന്വേഷി. അന്വേഷി വിമൻസ് കൗൺസിലിങ് സെന്ററിന്റെ പ്രസിദ്ധീകരണം ആണ് സംഘടിത. അതിനും മുൻപ് ആരംഭിച്ച സംഘടന ആണ് സമത. പ്രധാനമായും രണ്ടു ഘട്ടങ്ങളിലായാണ് സമതയുടെ പ്രവർത്തന മേഖല വരുന്നത്. ഒരു തിയേറ്റർ ഗ്രൂപ്പ് ആയിട്ടു 1988 ൽ പ്രവർത്തനം ആരംഭിച്ചു 1994 വരെയുള്ള ആദ്യ ഘട്ടം. തൃശൂർ കേരളവർമ്മ കോളേജ് ലെ അധ്യാപികയായിരുന്ന ഉഷാകുമാരി കൺവീനർ ആയികൊണ്ട് കേരള ഇലക്ട്രിസിറ്റി ബോർഡ് ലെ മെമ്പർ ആയിരുന്ന വിജയമ്മ തുടങ്ങിയവരുമായി ചേർന്ന് കുട്ടികളുടെ ഒരു ഗ്രൂപ്പ് ഉണ്ടാക്കിക്കൊണ്ടാണ് സമത സ്ഥാപിക്കപ്പെടുന്നത്. നാടകചരിത്രത്തിൽ തന്നെ സ്ത്രീ സാന്നിധ്യം ഉറപ്പുവരുത്തുന്നതിന് തുടക്കം മുതൽ ശ്രമിച്ചിട്ടുള്ള സംഘടനയായി സമത നിലകൊണ്ടു. സി എസ് ചന്ദ്രിക, സജിത മഠത്തിൽ തുടങ്ങിയ വ്യക്തികൾ എഴുത്തും നാടകവും വിഷയമാക്കി സമതയുടെ പരിപാടികളുടെ ഭാഗമായി വന്നത് സമതയുടെ ഭാഗമായിട്ടായിരുന്നു. ഇത്തരത്തിൽ സ്ത്രീകളുടെ ഇടങ്ങൾക്ക് വഴിവച്ചെങ്കിലും തൊണ്ണൂറ്റിനാലിൽ പ്ര

വർത്തനം നിർത്തിവച്ചു.പിന്നീട് ശാസ്ത്രസാഹിത്യപരിഷത്ത് ഈ പേരിൽ കലാജാഥകളൊക്കെ സംഘടിപ്പിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടം ആരംഭിക്കുന്നത് 2010 നവംബർ ഒന്നിന് തൃശ്ശൂരിൽ ഇരുപത്തി ഒൻപത് സ്ത്രീകൾ അടങ്ങുന്ന പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് ആയിട്ട് Samatha Collective for Gender എന്ന പേരിലാണ്. കേരള യൂണിവേഴ്സിറ്റിയിൽ ലൈബ്രറി സയൻസ് വിഭാഗത്തിൽ റീഡർ ആയി വിരമിച്ച ലളിത ലെനിൻ ചെയർപേഴ്സണും മാനേജിങ് ട്രസ്റ്റിയായി ഉഷാകുമാരിയും നേതൃത്വം വഹിച്ചു. സമത നിരവധി പ്രവർത്തന തലങ്ങൾ വിഭാവനം ചെയ്യുന്നുണ്ട്. പ്രസിദ്ധീകരണ രൂപത്തിലുള്ളതാണ് ഒന്ന്. ചരിത്രത്തിൽ അടയാളപ്പെടുത്താതെ പോയ സ്ത്രീകളെക്കുറിച്ചുള്ള നിരീക്ഷണം. മറ്റൊന്ന് കേരളത്തിന്റെ സമരമുഖങ്ങളിൽ ഉണ്ടായിരുന്ന സ്ത്രീകൾക്ക് പെൻഷൻ നൽകുന്നതാണ്. ഡോക്യുമെന്റ്ഷന് സെന്ററുകൾ, അടയാളപ്പെടുത്താതെ പോയ സ്ത്രീകളെ സമൂഹത്തിനു പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടത്തുന്നു. ഇതിൽ നിന്നും ആണ് ഒരു പ്രസാധക കൂട്ടായ്മ എന്ന രീതിയിലേക്ക് വികസിപ്പിച്ചെടുക്കുന്നത്. നിലവിൽ 78 പുസ്തകങ്ങൾ സമത പ്രസിദ്ധീകരിച്ചിരിക്കുന്നു. നവോഥാനപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ച കെ ദേവയാനിയുടെ 'ചോരയും കണ്ണീരും നനഞ്ഞ വഴികൾ' ആണ് ആദ്യ പ്രസിദ്ധീകരണം. കുട്ടികൾക്കായി 'കാട്', 'മഴയും മഞ്ഞും' തുടങ്ങി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പല മേഖലകളിൽ സംഭാവനകൾ നൽകി മരണമടഞ്ഞ പ്രതിഭകളുടെ ഓർമക്കായി നൽകുന്ന ജ്വാല അവാർഡ്, ജൈവ ജാഗ്രത, ജൈവ സ്മൃതി,ജൈവ കീർത്തി എന്നിങ്ങനെ നാല് അവാർഡുകൾ വർഷവും നൽകുന്നു. ഇതിൽ ജ്വാല വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീകൾക്ക് മാത്രമായി നൽകുന്നു.

ഇങ്ങനെ പ്രസാധന രംഗത്തും തൽഫലമായി പ്രസിദ്ധീകരങ്ങണളിലും ഉള്ള ശ്രമങ്ങൾ ലിംഗത്വ നീതിയുടെ രൂപങ്ങളാണ്.എങ്കിൽ കൂടി എവിടെയാണ് സമത, സംഘടിത തുടങ്ങിയ സ്ത്രീ പ്രസാധനക്കൂട്ടായ്മകൾ പ്രസക്തമായി വരുന്നത് എന്ന് പരിശോധിച്ചാൽ ലിംഗസമത്വം വേണ്ടത്ര രീതിയിൽ നടപ്പിലാകാത്ത, സ്ത്രീ ഇടപെടലുകൾ അടയാളപ്പെടുത്താത്ത സമൂഹത്തെ മനസിലാക്കിക്കൊണ്ടാണ് എന്ന തിരിച്ചറിവ് ലഭിക്കും. 2021 ലെ ദേശീയ ഫാമിലി ഹെൽത്ത് സർവ്വേ ഫലത്തിൽ കേരളത്തിലെ 52% വരുന്ന സ്ത്രീകൾ (ഭാര്യമാർ) ഭർത്താക്കന്മാരാൽ അടിക്കപ്പെടുന്നത് ന്യായീകരിക്കുന്നവരാണെന്ന് ശ്രദ്ധിക്കണം. വിദ്യാസമ്പന്നരായ കേരളത്തിലെ സ്ത്രീകൾ ഇങ്ങനെ ഒരു ചിന്താഗതി വച്ചുപുലർത്തുന്നവരാണെങ്കിൽ ലിംഗനീതി എന്ന ആശയം ഏതർത്ഥത്തിൽ നടപ്പിൽ വരും എന്ന് സംശയിക്കണം. നമ്മുടെ വിദ്യാഭ്യാസ പദ്ധതികളിലെ പാളിച്ചകൾ കൂടി അപ്പോൾ കണക്കിലെടുക്കേണ്ടി വരും.ഇങ്ങനെ വരുമ്പോൾ സ്ത്രീ പ്രസാധകരുടെ ചുമതല കുറേക്കൂടി വ്യക്തവുമാണ്.

പുരുഷാധിപത്യ ഇടത്ത് സ്വഭാവികമെന്നപോൽ അടിച്ചേല്പിക്കുന്ന അസമത്വങ്ങളാണ് സർവ്വേ റിപ്പോർട്ട് വിലയിരുത്തുന്നത്. ഇവിടെ സ്ത്രീയിടം നിർവചിക്കുന്നതും പുരുഷയിടങ്ങളിൽ നിന്നാണ്. ശബരിമല വിഷയം വന്നപ്പോൾ അതുവരെ ഉണ്ടായിരുന്ന കുലസ്ത്രീ നിർവചനം മാറിമാറിഞ്ഞത് ഇതിൻ പ്രകാരമാണ്. വ്യവസ്ഥിതിക്കനുസരിച്ചു ആചാരാനുഷ്ഠാനങ്ങൾ പിന്തുടരുന്ന, സമൂഹത്തിന്റെ ഇച്ഛകൾക്ക് തൃപ്തി വരുത്തുന്ന സ്ത്രീകൾ വീട്ടിടങ്ങളുമായി ബന്ധപ്പെട്ടു കിടന്നിരുന്നവരാണ്. എന്നാൽ ഇത് ആചാര സംരക്ഷണാർത്ഥം പൊതു നിരത്തിൽ ഇറങ്ങി സമരം ചെയ്യുന്ന സ്ത്രീയും കുലസ്ത്രീകളായി നിർവചിക്കുന്നിടത്തേക്ക് മാറുന്നു. ആവശ്യങ്ങൾക്കനുസരിച്ച് സാമൂഹികഘടനയിൽ മാറ്റം വരുന്നു. അപ്പോൾ ആരാണ് സ്ത്രീയിടങ്ങൾ വിഭാവനം ചെയ്യുന്നത്? സ്ത്രീകൾ കൂടിയല്ലേ എന്ന് പറയുമ്പോൾ കാതലായ ഭാഗം മുൻപ് സൂചിപ്പിച്ച കാലങ്ങളായുള്ള അനവസരത്തിലും ആവശ്യമായ ഇടം മാത്രം കൊടുക്കുന്നിടത്തുമാണ് എന്ന് കാണാം. അതിൽ തന്നെ ഒരു പറ്റം സ്ത്രീകൾ കരുതുന്നത് ഇതാണ് ശരി എന്ന രൂപത്തിലുമാണ്. Class for itself എന്ന് ചൂഷിത വിഭാഗത്തിന് തോന്നിയപ്പോഴാണല്ലോ വിപ്ലവം സാധ്യമായതെന്ന് മാർക്സ് പോലും ഉദ്ധരിച്ചത്. ആ അർത്ഥത്തിൽ സ്ത്രീകൾ തന്നെ പറയേണ്ടുന്ന ആവശ്യകത ഉള്ളടിത്തു നിന്നാണ് ഈ പ്രസാധനകൂട്ടായ്മകൾ തങ്ങളുടെ പ്രസക്തി ഉറപ്പിക്കുന്നത്. അതിനായി സ്ഥലകാല നിർമിതികൾക്കതീതമായി പൊതുഇടങ്ങളുടെ രൂപീകരണത്തിലേക്ക് പ്രസാധകക്കൂട്ടായ്മകൾ നയിക്കപ്പെടേണ്ടതുണ്ട്. പെൺപെരുമ അക്ഷരാർത്ഥത്തിൽ സ്ഥാപിക്കപ്പെടുക തന്നെ വേണം.


ഉഷാകുമാരി ടീച്ചർ

**റഫറൻസ്**


സജിത കെ.ആർ ; *സ്ത്രീ മാസികകളുടെ ചരിത്ര സഞ്ചാരങ്ങൾ*

ഹേബർമാസ് (1962) ; *The Structural Transformation of the Public Sphere*

ലെഫ്ബർ (1974 ); *Production of Spaces*

സുനിൽ പി ഇളയിടം (2020 ); *ഖബർ* (അവതാരിക )

ശാസ്ത്രം



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# ബഹിരാകാശ സ്വപ്നങ്ങൾ കൈയെത്തിപ്പിടിച്ച യാപിങ്



"ബഹിരാകാശത്തെ അദൃശ്യമായ തടസ്സങ്ങൾ മറികടക്കുകയെന്ന വെല്ലുവിളിയിൽ വിജയിച്ചെങ്കിലും ഭൂമിയിലെ വിവേചനം എന്നെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്നു" സ്പേസ് വാക്ക് നടത്തിയ ആദ്യ ചൈനീസ് വനിത എന്ന നിലയിൽ ചരിത്രത്തിലേക്ക് നടന്നുകയറിയ വാങ് യാപിങ്ങിന്റെ വാക്കുകളാണിത്. ചൈനയുടെ ബഹിരാകാശനിലയമായ ടിയാൻഗോങ് ബഹിരാകാശ നിലയത്തിലേക്കുള്ള യാത്രയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടതു മുതൽ മാധ്യമങ്ങളുടെ ശ്രദ്ധ വാങ്ങിലേക്ക് തിരിഞ്ഞു. മേയ്ക്കപ്പിനെക്കുറിച്ചും സാനിറ്ററി പാഡിനെക്കുറിച്ചും ബഹിരാകാശത്തെ ആർത്തവചക്രത്തെക്കുറിച്ചും ഒക്കെയായിരുന്നു മിക്ക ഇന്റർവ്യൂകളിലും അവർ അഭിമുഖീകരിക്കേണ്ടി വന്ന ചോദ്യങ്ങൾ! പിന്നെ ആറുമാസത്തെ ബഹിരാകാശ ദൗത്യത്തിലായിരിക്കുമ്പോൾ അഞ്ചുവയസ്സുകാരി മകൾ തനിച്ചായിപ്പോവില്ലേ എന്ന ആശങ്കച്ചോദ്യവും. അതേസമയം രണ്ട് പുരുഷ സഹയാത്രികരുടെ മക്കളെക്കുറിച്ച് ഇത്തരം ആകുലത നിറഞ്ഞ ചോദ്യങ്ങളൊന്നും ഉയർന്നതുമില്ലെന്ന് വാങ് പറയുന്നു.

1980-ൽ ചൈനയിലെ ഷാൻഡോങ് പ്രവിശ്യയിൽ യാൻടായ് നഗരത്തിൽ ഒരു സാധാരണ കർഷക കുടുംബത്തിലാണ് വാങ് യാപിങ്ങിന്റെ ജനനം. യാൻടായ് യിഴോങ് ഹൈസ്ക്കൂൾ, ചാങ്ചൺ ഫ്ലൈറ്റ് കോളേജ് , ഏവിയേഷൻ യൂണിവേഴ്സിറ്റി ആന്റ് ഫ്ലൈറ്റ് സ്ക്കൂൾ എന്നിവിടങ്ങളിലായിരുന്നു പഠനം. വുഹാൻ എയർഫോഴ്സിൽ പൈലറ്റ് ആയിരിക്കുന്ന സമയത്ത് ഭൂകമ്പ രക്ഷാപ്രവർത്തനങ്ങളിലും ബീജിങ് ഒളിമ്പിക്സിനു മുന്നോടിയായി കൃത്രിമ മഴ പെയ്യിക്കാനുള്ള ക്ലൗഡ് സീഡിങ്ങിലുമൊക്കെ വാങ് മുൻ നിരയിലുണ്ടായിരുന്നു. 2010-ൽ എയർഫോഴ്സിൽ ക്യാപ്റ്റൻ ആയിരിക്കുന്ന സമയത്താണ് ചൈനയുടെ ബഹിരാകാശ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. 2012-ലെ ഷെൻഷൂ -9ബഹിരാകാശദൗത്യത്തിലേക്ക് വാങ്ങിന്റെ പേരും പരിഗണിക്കപ്പെട്ടെങ്കിലും ഒടുവിൽ ലിയു യാങ് ആണ് അതിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. 2013-ൽ ഷെൻഷൂ 10 ദൗത്യത്തിൽ ബഹിരാകാശപ്പറക്കലിന് അവസരം ലഭിച്ചത് വാങ്ങിനെ സംബന്ധിച്ച് സ്വപ്നസാക്ഷാൽക്കാരം തന്നെയായിരുന്നു.

2021-ഷെൻഷു-13 ദൗത്യത്തിൽ ടിയാൻഗോങ് ബഹിരാകാശനിലയത്തിലേക്കുള്ള യാത്രയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടതോടെ രണ്ടുതവണ ബഹിരാകാശയാത്ര നടത്തുന്ന ആദ്യ ചൈനീസ് വനിതയെന്ന റെക്കോർഡും വാങ്ങിനു സ്വന്തമായി. ഷായ് ജിഗാങ്, യേ ഗ്വാങ്ഫു എന്നിവർക്കൊപ്പം ബഹിരാകാശനിലയത്തിന്റെ അറ്റകുറ്റപ്പണികൾ, നിർമ്മാണപ്രവർത്തനങ്ങൾ, വിവിധ പരീക്ഷണങ്ങൾ തുടങ്ങി വെല്ലുവിളികളും സാഹസികതയും നിറഞ്ഞ നിരവധി കാര്യങ്ങളാണ് ഈ ദൗത്യത്തിൽ പൂർത്തിയാക്കാനുള്ളത്. ആറര മണിക്കൂർ നീണ്ട ബഹിരാകാശനടത്തിലൂടെ സ്പേസ് വാക്ക് നടത്തുന്ന ആദ്യ ചൈനീസ് വനിത എന്ന നേട്ടത്തിനും ഉടമയായി വാങ്. പാതിയാകാശത്തിന് അർഹരായ സ്ത്രീകളെ ബഹിരാകാശദൗത്യങ്ങളിൽ നിന്നും ഇനിയും അകറ്റി നിർത്താൻ ആവില്ലെന്ന് വാങ്ങിനെപ്പോലുള്ളവരുടെ നേട്ടങ്ങൾ ലോകത്തോടു വിളിച്ചു പറയുന്നു.


AVT
QUALITY YOU CAN TRUST
SINCE 1925
Select
Nature's Cup
AVT
PREMIUM
Green tea